പഴയന്നൂർ ഗ്രാമപഞ്ചായത്ത്



വികസനറിപ്പോർട്ട്

1996

ചീഫ് എഡിറ്റർ

ശ്രീ. ചി എ ജോബ് –ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്.

എഡിറ്റർ

ശ്രീ. എൻ വാസുദേവൻ.

എഡിറ്റോറിയൽ ബോർഡ്.

ശ്രീമതി ഇ ഉഷാദേവി

ശ്രീ. ഇ എൻ വാസുദേവൻ

ശ്രീ. എ എം. ബഷീർ

ശ്രീ. ചി കെ മുരളീധരൻ

ശ്രീ. ടി ആർ അയ്യപ്പൻ

ശ്രീ. ടി ശശീന്ദ്രൻ

ശ്രീ. എം. ചന്ദ്രകുമാർ

ശ്രീ. സജി തോമസ്

ശ്രീ. എം. ചി വർഗ്ഗീസ്

ശ്രീമതി കെ കെ ലീലാവതി

കോസ്റ്റ് ഫോർഡിന്റെ സഹായത്തോട് കൂടി തയ്യാറാക്കിയത്.

ഒന്പതാം പദ്ധതി

ജനകീയ പദ്ധതി

ജനകീയ ആസൂത്രണ പ്രസ്ഥാനം


വികസന റിപ്പോർട്ട്


പഴയന്നൂർ ഗ്രാമപഞ്ചായത്ത്

1996

HYDROMETEOROLOGICAL MAP OF PAZHAYANNUR WATERSHED

TOTAL AREA	1,263 ha
AVERAGE ANNUAL RAINFALL	3,074 mm
TOTAL RAINWATER	38·82 MCM
RUNOFF 65 %	25·23 MCM
GROUND WATER RECHARGE	2·35 MCM
GROUND WATER DRAFT	0·16 MCM
UNUSED GROUND WATER	2·19 MCM





വികസന റിപ്പോർട്ട്

ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന്.

പി. എ. മൊഹമ്മു, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്.

പാരമ്പര്യ ആസൂത്രണ രീതിയിൽനിന്നും വ്യത്യസ്തമായി ആസൂത്രണ പ്രക്രിയ വികേന്ദ്രീകരിക്കുകയും ജനകീയവൽക്കരിക്കുകയും ചെയ്തിരിക്കുന്നത് ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി നമ്മുടെ സംസ്ഥാനത്താണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ വരുന്ന അഞ്ചു വർഷങ്ങളിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന് തീരുമാനിക്കുവാനും അവ നടപ്പിലാക്കുവാനും ഉള്ള അധികാരം ഇതിലൂടെ നമുക്ക് കൈവന്നിരിക്കുകയാണ്. ഇതിന്റെ ഭാഗമായി നമ്മുടെ ഗ്രാമപഞ്ചായത്തിൽ വലിയ ജനപങ്കാളിത്തത്തോടെ നടന്ന വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളും വിവിധ വികസന മേഖലകളിൽ നില നിൽക്കുന്ന പ്രശ്നങ്ങളും അവയുടെ പരിഹാര മാർഗങ്ങളും കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങൾക്കിടയിലുള്ള നിസ്സംഗത മാറ്റിയെടുക്കുവാനും വികസന പ്രവർത്തനങ്ങളിലെ ജനപങ്കാളിം വർദ്ധിപ്പിക്കുവാനും കഴിയുമെന്ന ആത്മവിശ്വാസം ഇത് നൽകുന്നു.


ജനകീയആസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്നിട്ടുള്ള പ്രവർത്തനങ്ങൾ ജനങ്ങളുടേയും ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും ആത്മാർത്ഥമായ സഹകരണത്തിന്റെ ഫലമായി നമ്മുടെ പഞ്ചായത്തിൽ വിജയിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസന റിപ്പോർട്ട് വികസന സെമിനാറിൽ അവതരിപ്പിക്കുകയും ആവശ്യമായ ഭേദഗതികൾ വരുത്തി അംഗീകാരം നല്കുകയും ചെയ്യും. നമ്മുടെ ഗ്രാമത്തിന്റെ സമഗ്ര വികസനത്തിനുള്ള ഈ ആധികാരിക രേഖയ്ക്ക് ഏറെ പ്രസക്തിയും പ്രാധാന്യവുമുണ്ട്. വിവിധ മെഖലകളിലെ ആസൂത്രണത്തിന് ആധാര ശിലയായ ഈ വികസന റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന്റെ ചരിത്രരേഖകൂടിയായി മാറുകയാണ്.

ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സമസ്ത മേഖലകളിലേയും പ്രഗൽഭരും ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും സഹായിച്ചിട്ടുണ്ട്. കോസ്റ്റ്ഫോർഡ് ഡയറക്ടർ ശ്രീ റ്റി. ആർ. ചന്ദ്രദത്ത് മാസ്റ്ററുടെ സഹായംഎടുത്തുപറയത്തക്കതാണ്.


നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ വികസന സെമിനാറിൽ വിശദമായ ചർച്ചകൾക്കും നിർദേശങ്ങൾക്കുമായി ഈ വികസന രേഖ ഇവിടെ സമർപ്പിക്കുകയാണ്.

പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ വികസന സെമിനാറിന് ആശംസകൾ.



ശ്രീ. കെ രാധാകൃഷ്ണൻ


ബഹു. കേരള സംസ്ഥാന പട്ടിക ജാതി / പട്ടിക വർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രി



ശ്രീ. എസ് അജയകുമാർ, എം. പി

പഴയന്നൂർ ഗ്രാമപഞ്ചായത്ത്


ഭരണസമിതിയംഗങ്ങൾ



ടി. ശശീന്ദ്രൻ,
സെക്രട്ടറി



ഇ. ഉഷാദേവി, വാർഡ് 7
വൈസ് പ്രസിഡന്റ്




ഇ. എൻ വാസുദേവൻ
സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ
വാർഡ് 11




ശോഭനാ രാജൻ
വാർഡ് 1




വി. ജി കുട്ടൻ
വാർഡ് 2




പി. കെ മുരളീധരൻ
വാർഡ് 3



എ. എം ഷെഹീർ
വാർഡ് 4




രാമകൃഷ്ണൻ നായർ
വാർഡ് 5



ടി. ആർ അയ്യപ്പൻ
വാർഡ് 6



നീലിക്കുട്ടി
വാർഡ് 8



പി. എസ് സുലൈമാൻ
വാർഡ് 9




സുശീല ടീച്ചർ
വാർഡ് 10



വത്സല
വാർഡ് 13

മുൻ പ്രസിഡന്റുമാർ




ആച്ചാട്ടിൽ നാരായണൻകുട്ടി മേനോൻ

1954



സി എസ് സുകുമാരൻ


1974, 79



എം പി വർഗ്ഗീസ്

1988






കോടത്തൂർ ലിഫ്റ്റ് ഇറിഗേഷൻ കനാൽ



കള പറിക്കുന്ന കർഷകത്തൊഴിലാളികൾ



വെള്ളപ്പാറ വാട്ടർ ടാങ്ക്




കോടത്തൂർ ക്വാറി




ചീരക്കുഴി ഡാം



പരമ്പരാഗത ഓട്ടുപാത്ര നിർമ്മാണം




പഴയന്നൂർ ഭഗവതി ക്ഷേത്രത്തിലെ നിറമാല ദൃശ്യം




തേനാഴി കുളം



പരമ്പരാഗത കുട്ടനെയ്ത്ത്



പഴയന്നൂർ 110 കെ.വി. സബ്സ്റ്റേഷൻ



പുരയിടങ്ങളാക്കപ്പെടുന്ന നെൽപ്പാടങ്ങൾ

ഉള്ളടക്കം

ആമുഖം.

പെതുവിവരണങ്ങളും ഭരണപരമായ ചരിത്രവും.

സാമൂഹിക ചരിത്രപശ്ചാത്തലം

ഭൂപ്രകൃതി.

ജൈവ ഗ്രാമസങ്കല്പം.

കൃഷിയും ജലസേചനവും.

മൃഗസംരക്ഷണവും മത്സ്യബന്ധനവും.

വ്യവസായം.

ഗതാഗതവും ഊർജ്ജവും

കുടിവെള്ളവും പൊതുജനാരോഗ്യവും.

വിദ്യാഭ്യാസം

പാർപ്പിടവും സാമൂഹ്യക്ഷേമവും.

സംസ്കാരം.

വനിത

സഹകരണ മേഖല.

പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം.

വിഭവ സമാഹരണം.

വികസന റിപ്പോർട്ട് തയ്യാറാക്കിയ ഗ്രൂപ്പ്

I പ്രാഥമികമേഖല

1. ഇ. എൻ. വാസുദേവൻ
2. ശോഭനാ രാജൻ
3. സുശീല ടീച്ചർ
4. വി. ജി. കുട്ടൻ
5. രാമകൃഷ്ണൻ നായർ
6. പി. എസ്സ്. സുലൈമാൻ
7. കെ. പി. ശോഭ – കൃഷിഓഫീസർ
8. റാഫി പോൾ – ക്ഷീരവികസന ആഫീസർ
9. ഡോ. ചെറിയാൻ – വെറ്റിനറി ഡോക്ടർ പഴയന്നൂർ
10. ഡോ. തങ്കച്ചൻ – വെറ്റിനറി ഡോക്ടർ എളനാട്
11. അസിസ്റ്റന്റ് എൻജിനീയർ – മൈനർ ഇറിഗേഷൻ ചേലക്കര
12. സേതുമാധവൻ – വില്ലേജ് ആഫീസർ പഴയന്നൂർ
13. തങ്കവേലു – വില്ലേജ് ആഫീസർ വടക്കേത്തറ
14. ജെ. ബി. പിള്ള –വില്ലേജ് ആഫീസർ–ഇൻ ചാർജ്, എളനാട്
15. എൻ. കെ. ബേബി

II. ദ്വിതീയമേഖല.

1. പി. എ. ബാബു
2. ഇ. ഉഷാദേവി
3. എ. എം. ബഷീർ
4. പി. കെ. മുരളീധരൻ
5. റ്റി. ശശീന്ദ്രൻ
6. എം. പി. വർഗ്ഗീസ്
7. എൻ. വാസുദേവൻ
8. എം. പത്മകുമാർ
9. സജി തോമസ്
10. അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിസിറ്റി തിരുവില്വാമല
11. അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ മേജർ സെക്ഷൻ ചേലക്കര
12. ഓവർസീയർ P.W.D. ചേലക്കര

III. തൃതീയമേഖല

1. നീലിക്കുട്ടി
2. വത്സല
3. റ്റി. ആർ. അയ്യപ്പൻ
4. എൻ വാസുദേവൻ
5. രാംകുമാർ എം. ടി – കാർഷിക സഹകരണ ബാങ്ക്, പഴയന്നൂർ
6. ഹെഡ്മിസ്ട്രസ് – ജി. എച്ച്. എസ് പഴയന്നൂർ
7. ഹെഡ്മിസ്ട്രസ് – MLKAM H.S, എളനാട്
8. ഹെഡ്മിസ്ട്രസ് – AL.PS, വടക്കേത്തറ
9. ഹെഡ്മിസ്ട്രസ് – AL.PS, കുന്നത്തറ
10. ഹെഡ്മിസ്ട്രസ് – AL.PS, കല്ലേപ്പാടം
11. ഹെഡ്മിസ്ട്രസ് – L.PS, പൊറ്റ.
12. ഹെഡ്മിസ്ട്രസ് – A L.PS,വെന്നൂർ.
13. ഹെഡ്മിസ്ട്രസ് – AL.PS,എളനാട്
14. ഹെഡ്മിസ്ട്രസ് – GUPS എളനാട്
15. മെഡിക്കൽ ഓഫീസർ –P.H.C. എളനാട്
16. മെഡിക്കൽ ഓഫീസർ – ഹോമിയോ ഡിസ്പെൻസറി എളനാട്
17. മെഡിക്കൽ ഓഫീസർ – ആയുർവേദ ഡിസ്പെൻസറി, പഴയന്നൂർ
18. മെഡിക്കൽ ഓഫീസർ – സർക്കാർ ആശുപത്രി, പഴയന്നൂർ
19. ACDPO, ICDS, പഴയന്നൂർ
20. ലീലാവതി
21. K C ജോർജ്ജ്
22. ഗിരിജാ വല്ലനേ
23. സിജി ജോൺ
24. സി. പി രാജൻ
25. എം. ഐ ജോസഫ്.
26 വി ഇ ഒ . പഴയന്നൂർ
27. ഹെഡ്മിസ്ട്രസ് –GLPS വടക്കേത്തറ

ആമുഖം

1950 കളിൽ ആരംഭിച്ച ആസൂത്രണ പ്രക്രിയയുടെ കഴിഞ്ഞ നാല് ദശാബ്ദകാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ രാഷ്ട്രം വിഭാവനം ചെയ്ത ദാരിദ്രനിർമ്മാർജ്ജനം, തൊഴിലില്ലായ്മ പരിഹരിക്കുക എന്നീ മുഖ്യമായ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുവാൻ കഴിഞ്ഞില്ല എന്നുമാത്രമല്ല മറ്റ് അടിസ്ഥാന പ്രശ്നങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, കുടിവെള്ളപ്രശ്നം, കൃഷി, വ്യവസായം തുടങ്ങിയ മേഖലകളിൽ പരിമിതങ്ങളായ നേട്ടങ്ങളെ കൈവരിക്കുവാൻ കഴിഞ്ഞുള്ളൂ എന്നതാണ് സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത്. പദ്ധതികളത്രയും വിഭാവനം ചെയ്തതിനനുസൃതമായ വളർച്ചാ നിരക്ക് കൈവരിക്കാനായില്ല എന്നതിന് മുഖ്യമായ ചില കാരണങ്ങളുണ്ട്. നാളിതുവരെ മുകൾത്തട്ടിൽനിന്നും പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയുമാണ് ചെയ്തിരുന്നത്. ഓരോ പ്രദേശവും ഓരോ മേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്നോ അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നോ കണക്കിലെടുക്കാതെ ഉദ്യോഗതലത്തിൽ ആവിഷ്കരിക്കപ്പെട്ടതുകൊണ്ടാണ് ഈ പദ്ധതികൾക്ക് ഉദ്ദേശിച്ച ഫലങ്ങൾ ഉണ്ടാകാതിരുന്നത്. ഈ പോരായ്മ മനസ്സിലാക്കിയാണ് ഇന്നത്തെ കേരള സർക്കാർ ആസൂത്രണ പ്രക്രിയയിൽ സാധാരണ ജനങ്ങളെ ഭാഗഭാക്കാക്കുവാൻ തീരുമാനിച്ചത്. ഗ്രാമഗ്രാമാന്തരങ്ങളിലെ ജനങ്ങളുടെ ആശയാഭിലാഷങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അവരുടെ അറിവും വിഭവശേഷിയും ഉപയോഗിച്ച് പുതിയൊരു വികസന സംസ്ക്കാരം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കിയെടുക്കുകയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ കേരള സർക്കാർ ചെയ്തിരിക്കുന്നത്.

ഒൻപതാം പദ്ധതിയുടെ വികേന്ദ്രീകൃത ആസൂത്രണപ്രവർത്തനത്തിന്റെ ഭാഗമായി 1996 ജൂലൈ മാസം 20 ാം തിയതി തൃശൂർ മുൻ ജില്ലാ കലക്ടർ ശ്രീ. രാജീവ് സദാനന്ദനും കോസ്റ്റ് ഫോർഡ് ഡയറക്ടർ ശ്രീ ടി. ആർ ചന്ദ്രദത്തും പങ്കെടുത്ത ഏകദിന ശില്പശാല പഴയന്നൂർ പഞ്ചായത്തിൽ നടന്നു. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുഴുവൻ വീടുകളുടേയും ഇപ്പോഴത്തെ സ്ഥിതി വിവരക്കണക്ക് മനസ്സിലാക്കുന്നതിനുള്ള സർവ്വെ പ്രവർത്തനം നടത്താനും, വിവിധ വികസന തുറകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഗ്രാമസഭക്ക് മുന്നോടിയായി നടത്തുവാനും തീരുമാനിച്ചു.
ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പഞ്ചായത്ത് തലപ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം ചിങ്ങം ഒന്നിന് (17-08-96 ന്) പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ വെച്ച് ബഹു. ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി. എ ബാബു അവർകൾ നിർവഹിച്ചു.

തുടർന്ന് പഞ്ചായത്തിന്റെ 13 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. വമ്പിച്ച ജനപങ്കാളിത്തമുണ്ടായിരുന്ന ഈ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങളെ വിവിധ സെക്ടറുകളിലായി തരം തിരിച്ച് പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ചു.

13-9-96 ന് 9-ാം പദ്ധതിയുടെ ഭാഗമായിട്ടുള്ള LRP ഒന്നാം ഘട്ട പരിശീലനത്തിൽ പഞ്ചായത്തിലെ 13 വാർഡുകളിൽ നിന്നുമായി ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരുമായി 93 ആളുകൾ പങ്കെടുത്തു.

തുടർന്ന് വിവിധ തുറകളിലെ വിദഗ്ധന്മാരെ വിളിച്ച് ചേർത്ത് ഗ്രാമസഭകളിൽ നിന്ന് കിട്ടിയ നിർദ്ദേശങ്ങളുടെ സാധ്യതകളെ സംബന്ധിച്ച് വിലയിരുത്തി. എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കാമെന്ന് പഠിക്കാൻ ചുമതലപ്പെടുത്തുകയും വിവിധ ഓഫീസുകളിൽ നിന്നുള്ള ദ്വിതീയ വിവരശേഖരണത്തിനുള്ള കോർ ഗ്രൂപ്പ് CORE GROUP രൂപീകരിക്കുകയും ചെയ്തു.

28-10-96 ന് LRP ന്റെ 2 ാം ഘട്ട പരിശീലന പരിപാടി നടത്തി. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നുമായി നൂറോളം ആളുകൾ ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി.

29/10/96 ന് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതി നാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി പഞ്ചായത്ത് മെമ്പറും സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാനുമായ ശ്രീ. ഇ. എൻ വാസുദേവന്റെ നേതൃത്വത്തിൽ പഞ്ചായത്ത് മെമ്പർമാരും മുൻ പഞ്ചായത്തു പ്രസിഡണ്ട് ശ്രീ എം. പി വർഗീസും ലോക്കൽ റിസോഴ്സ് പേഴ്സൺസും ഉൾപ്പെടുന്ന പഠനഗ്രൂപ്പ് പഞ്ചായത്തിന്റെ വടക്കേ അറ്റമായ ചീരക്കുഴി പുഴയുടെ തീരത്തു നിന്നും ജനശ്രദ്ധയാകർഷിക്കുന്ന വാദ്യഘോഷ അകമ്പടിയോടു കൂടി 16 കി.മീ സഞ്ചരിച്ച് പഞ്ചായത്തിന്റെ തെക്കെ അറ്റമായ തൃക്കണായ വെച്ച് സമാപിച്ചു.

പഞ്ചായത്തു മെമ്പർ ശ്രീ.. എ. എം ബഷീറിന്റെ നേതൃത്വത്തിൽ മെമ്പർമാരും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പഞ്ചായത്ത് തല ജോ. കൺവീനർ ശ്രീ. പത്മകുമാറും ലോക്കൽ റിസോഴ്സ് പേഴ്സൺസും പങ്കെടുത്തുകൊണ്ടുള്ള പഠനഗ്രൂപ്പ് പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയായ കായംപൂവ്വത്ത് നിന്നും ആരംഭിച്ച് കിഴക്കെ അതിർത്തിയായ പ്ലാഴി വരെ 8 കി.മീ. സഞ്ചരിച്ച് വിവരങ്ങൾ ശേഖരിച്ചു.

ഈ രണ്ട് പഠന പര്യടനത്തിലൂടെ ഒട്ടേറെ പുതിയ കാര്യങ്ങൾ കണ്ടെത്തുവാനും ഒൻപതാം പദ്ധതി ജനകീയപദ്ധതി എന്ന ആശയം ജനഹൃദയങ്ങളിലേ ക്കെത്തിക്കുവാനും ഇത് സഹായകമായി.

ജനങ്ങളുടെ ആശയാഭിലാഷങ്ങൾ സഫലീകരീക്കുന്നതിനുള്ള ഒരു മഹത് സംരംഭമായി ഒൻപതാം പദ്ധതി മാറിയിരിക്കുകയാണ്.

പഞ്ചായത്തിലെ മുഴുവൻ വീടുകളും സന്ദർശിച്ച് ശേഖരിച്ചിട്ടുള്ള പ്രാധമിക വിവരങ്ങളും ഗ്രാമസഭകളിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങളും പഞ്ചായത്തിലെ വിവിധ ഓഫീസുകളിൽ നിന്നും കിട്ടിയിട്ടുള്ള ദ്വിതീയ വിവരങ്ങളും രണ്ട് പഠന ഗ്രൂപ്പുകൾ നടത്തിയിട്ടുള്ള പഠന പര്യടനത്തിൽ നിന്നും ലഭിച്ചിട്ടുള്ള അറിവുകളും വിദഗ്ദന്മാരും വിദഗ്ദ സംഘങ്ങളും നൽകിയിട്ടുള്ള റിപ്പോർട്ടുകളും എല്ലാം സമഗ്രമായി അപഗ്രഥിച്ചു കൊണ്ടുമാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഗ്രാമ പഞ്ചായത്തിന്റെ പൊതുവിവരണവും ഭരണപരമായ ചരിത്രവും.

ഗ്രാമ പഞ്ചായത്തിന്റെ പേര്	പഴയന്നൂർ
ഉൾപ്പെട്ട വില്ലേജുകൾ	പഴയന്നൂർ, വടക്കേത്തറ, എളനാട്, വെന്നൂർ
വിസ്തീർണ്ണം	59.03 ച. കി. മീ
അതിരുകൾ	
	വടക്ക് – ഗായത്രി പുഴ
	തെക്ക് – റിസർവ് ഫോറസ്റ്റ്
	കിഴക്ക് – കണ്ണമ്പ്ര–പുതുക്കോട് പഞ്ചായത്ത്
	പടിഞ്ഞാറ് – ചേലക്കര, കൊണ്ടാഴി പഞ്ചായത്ത്
ജനസംഖ്യ	36460
	സ്ത്രീകൾ 18952
	പുരുഷന്മാർ 17508
സാക്ഷരതാ നിരക്ക്	85 %
വാർഡുകളുടെ എണ്ണം	13
വനിതാ സംവരണം	5 ജനറൽ : 4
	പട്ടികജാതി വനിതാ : 1
ജനറൽ	7
പട്ടികജാതി	1
പ്രസിഡണ്ട്	പി. എ ബാബു.
വൈസ് പ്രസിഡണ്ട്	ഇ ഉഷാദേവി
സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ	ഇ എൻ വാസുദേവൻ.
താലൂക്ക്	തലപ്പിള്ളി
ബ്ലോക്ക് പഞ്ചായത്ത്	പഴയന്നൂർ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ.	1. ശ്രീജയൻ
	2. പി. സി അപ്പുണ്ണി
	3. സുലൈമാൻ
ജില്ല	തൃശൂർ
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	തിരുവിലാമല
ജില്ലാ പഞ്ചായത്ത് മെമ്പർ	ഇ വേണുഗോപാലമേനോൻ.
നിയമസഭ	ചേലക്കര
ലോകസഭ	ഒറ്റപ്പാലം

ഭരണപരമായ ചരിത്രം

1954 നാണ് പഴയന്നൂർ ഗ്രാമ പഞ്ചായത്ത് സ്ഥാപിതമായത് എന്നാണ് പഞ്ചായത്തിലെ രേഖകൾ പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത്. 1954 ഏപ്രിൽ മാസത്തിൽ നിലവിലുണ്ടായിരുന്ന ഭരണസമിതിയുടെ പ്രസിഡണ്ട് ശ്രീ. ആച്ചാട്ടിൽ നാരായണൻ കുട്ടി മേനോൻ ആയിരുന്നു. സർവ്വശ്രീ. സി. എം. ശങ്കരനാരായണൻ നായർ, എം. രാമൻകുട്ടി നായർ, കെ ശങ്കുണ്ണി മേനോൻ, കെ ബാലകൃഷ്ണ മേനോൻ, പി. വി വെങ്കിട പരമേശ്വരയ്യർ എന്നിവർ ഭരണസമിതി അംഗങ്ങളായിരുന്നു.

1961 ഡിസംബർ 16-ാം തിയതി മുതൽ ശ്രീ. പി. വി വെങ്കിട പരമേശ്വരയ്യർ പ്രസിഡന്റും സർവ്വശ്രീ. കെ ഗോപാലൻ നായർ, എൻ. എ അപ്പുട്ടി സാഹിബ്, പി നാരായണൻ നായർ, കെ.ശങ്കുണ്ണിമേനോൻ എന്നിവർ ഭരണസമിതി അംഗങ്ങളുമായിരുന്നു.

1963 ൽ പുതിയ പഞ്ചായത്ത് നിയമപ്രകാരം നടന്ന തിരഞ്ഞെടുപ്പിനെ തുടർന്ന് അതേ വർഷം ഡിസംബർ മാസത്തിൽ ശ്രീ. കെ ശങ്കുണ്ണി മേനോൻ പ്രസിഡന്റായും ശ്രീ. സി. എസ് സുകുമാരൻ വൈസ് പ്രസിഡന്റായും പുതിയ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. ഈ ഭരണസമിതിയിലെ മറ്റംഗങ്ങൾ സർവ്വശ്രീ ചെന്താമര പിഷാരടി, വി. കുഞ്ഞിരാമൻ നായർ, വി. പരമേശ്വരനെഴുത്തശ്ശൻ, പി പ്രഭാകര മേനോൻ, പി. എൻ വെങ്കിട്ടരാമൻ, പി. എം നീലകണ്ഠൻ, വി കുട്ടൻ എന്നിവരായിരുന്നു. 1964ൽ ശ്രീമതി. ഈശ്വരി അമ്മാളെ വനിതാ പ്രതിനിധിയായി കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്തു.

1974 ഫെബ്രുവരി മാസം 19-ാം തീയ്യതി ശ്രീ സി. എസ് സുകുമാരനെ 1പസിഡന്റായി തെരഞ്ഞെടുത്തു.

1979 ൽ തെരഞ്ഞെടുപ്പ് നടന്ന് പുതിയ ഭരണ സമിതി നിലവിൽ വന്നു. ശ്രീ സി. എസ് സുകുമാരനായിരുന്നു പ്രസിഡന്റ്. ശ്രീ. ടി മുകുന്ദൻ വൈസ് പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടു. സർവ്വശ്രീ പി. എം അബ്ദുൾ കാദർ, എം വിജയൻ, എം. ആർ കൃഷ്ണൻ, കെ രാധാകൃഷ്ണൻ നായർ, എം ശശികുമാർ, കെ. ആർ ജനാർദ്ദനൻ, പി നാരായണമേനോൻ, ശ്രീമതി കെ. പി ലൂസി എന്നിവരായിരുന്നു മറ്റ് മെമ്പർമാർ.

1988 ഫെബ്രുവരി മാസത്തിൽ നടന്ന തെരഞ്ഞെടുപ്പിലൂടെ ശ്രീ എം. പി വർഗ്ഗീസ് പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് സ്ഥാനത്ത് അവരോധിക്കപ്പെട്ടു. ശ്രീമതി സി. എം ഈശ്വരി അമ്മാൾ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. സർവ്വശ്രീ. ടി ഹൈദ്രുമാൻ, പി. കെ മുരളീധരൻ, പി സേതുമാധവൻ, സി. എസ് സുകുമാരൻ, പി ശ്രീകുമാർ, അബൂബേക്കർ, പി.ബി ഹരിദാസ്, ടി മുകുന്ദൻ, പി. സി അപ്പുണ്ണി, ശ്രീമതി കമലം എന്നിവർ അംഗങ്ങളായിരുന്നു.

1995 സെപ്തംബറിൽ പഞ്ചായത്ത് രാജ് നിയമപ്രകാരം നടന്ന പ്രഥമ തെരഞ്ഞെടുപ്പിലൂടെ ഇപ്പോഴത്തെ ഭരണസമിതി നിലവിൽ വന്നു.

സാമൂഹികചരിത്രം

"പഴമയുടെ പെരുമയും", "വിപ്ലവത്തിന്റെ വീര്യവും" കൊണ്ട് സമ്പന്നമായ പഴയന്നൂരിലെ സാധാരണക്കാരായ ഗ്രാമീണ ജനതയുടെ സമൂലമായ പുരോഗതിയ്ക്ക് ഇടയാക്കുന്ന ഈ വികസന റിപ്പോർട്ടിന്റെ ഊർജ്ജം നാളിതുവരെ നാം താലോലിച്ചുപോന്ന ഉയർന്ന ചിന്താധാരയുടേയും ഒരുമയുടേയും സാംസ്ക്കാരിക പൈതൃകത്തിന്റെയും വറ്റാത്ത ഉറവകളാണ്.

പഴയ തഞ്ചാവൂർ രാജവംശത്തെ കൊങ്ങന്മാർ അവരുടെ കൊട്ടാരത്തിലെ മധുവിഭാഗ തലൈവന് ജന്മാവകാശം നൽകിയ സ്ഥലമാണ് ഇവിടമെന്ന് പറയപ്പെടുന്നു. മധുവില്പനക്കാരന് "പഴയ"നെന്നാണ് തമിഴിൽ പറയുക. ഇങ്ങനെ "പഴയനു" ജന്മാവകാശമായി നല്കിയ ഈ "ഊരി"ന്റെ പേര് "പഴയന്നൂര്" എന്നും പിന്നീടത് പഴയന്നൂർ ആയതെന്നും സ്ഥലനാമചരി ഉദ്ഘോഷിക്കുന്നു. ഏതായാലും, പഴയ കൊശവംപുത്തൂരിനു നേർ കിഴക്കാണ് പ്രകൃതി ദത്തമായ പാലക്കാടൻ ചുരം സ്ഥിതിചെയ്യുന്നത്. പഴയകാലത്ത് വൃദ്ധിക്ഷയം വന്ന കൊച്ചി രാജാവ് പുരാണപുരി (കാശി) യിൽ ഭജനമിരുന്നു മടങ്ങുമ്പോൾ പഴയ പള്ളിപ്പുറത്തപ്പന്റെ സമീപത്തായി "തന്റെ ഇഷ്ടദേവതയെക്കൂടി പ്രതിഷ്ഠിച്ചുവെന്നും അങ്ങിനെ പുരാണപുരിയാണ് ഇന്നത്തെ പഴയന്നൂരെന്ന് വിശ്വസിക്കുന്നതിന് മതിയായ തെളിവാണ് കൊച്ചി രാജ്യത്തെ പരദേവതയും രാജ്യചിഹ്നവും പഴയന്നൂർ ക്ഷേത്രവുമായുള്ള ബന്ധം.

ആദിദ്രാവിഡ സംസ്ക്കാരവുമായി അഭേദ്യമായ ബന്ധമുള്ള പ്രദേശമാണ് പഴയന്നൂരെന്ന് ദേവീ സങ്കല്പത്തിൽ നിന്നും സുവ്യക്തമാണ്. ടിപ്പുവിന്റെ പടയോട്ടം പഴയന്നൂരിലെത്തിയപ്പോൾ സ്ത്രീകളുടെ ചെറുത്തുനില്പിനുമുമ്പിൽ ടിപ്പുവിന്റെ പടയാളികൾ പരാജയപ്പെട്ടുവെന്നും അതേസമയം എളനാട് ഭാഗം വാണിരുന്ന തേനാഴി മഠക്കാർ പടയോട്ടം ഭയന്ന് എല്ലാം ഇട്ടെറിഞ്ഞു പോയെന്നുമാണ് വാമൊഴികൾ. അതാനാലാണത്രേ എറനാട് എന്നും പിന്നീടതു ലോപിച്ച് എളനാട് എന്നും അറിയപ്പെടാൻ തുടങ്ങിയത്. ഏതായാലും ഈ പ്രദേശത്തുള്ള കുട്ടാടൻതോട്ടിൽ നിന്നും ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കണ്ടെടുത്ത യുദ്ധോപകരണങ്ങളും കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളും ഇതിന് മതിയായ തെളിവായി കണക്കാക്കപ്പെടുന്നു.

ജന്മിമാരുടെയും നാടുവാഴി തമ്പുരാക്കന്മാരുടെയും കൊടിയ മർദ്ദക വാഴ്ചയിൽ നിന്നും പഴയന്നൂരിനും മോചനം ലഭിച്ചിരുന്നില്ല. അവശ ജനവിഭാഗങ്ങളും തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും എല്ലാ രംഗത്തുനിന്നും അകറ്റപ്പെട്ടിരുന്നു. സവർണ്ണ ജൻമി മേധാവിത്വം ഇവരെയെല്ലാം നികൃഷ്ടജീവികളെ പോലെ കരുതി നാട്ടിൽനിന്നും കാട്ടിലേക്ക് ആട്ടിയോടിക്കപ്പെട്ടിരുന്ന കാലം. കർഷകന്റെയും കർഷകതൊഴിലാളിയുടെയും ഭാഗധേയം ഭൂപ്രഭു-ജന്മി പ്രഭൃതികൾ നിശ്ചയിച്ചിരുന്ന കാലം. ബ്രിട്ടീഷുകാരുടെ കിരാത ഭരണത്തിന് ആളും അർത്ഥവും നൽകി സേവിച്ചുപോന്ന ഭൂപ്രഭുക്കളും ജന്മിമാരും ജന മുന്നേറ്റം കണ്ട് വിറളി പൂണ്ടു. മിനിമം കൂലിക്കും പതത്തിനുമുള്ള സമരങ്ങൾ പഴയന്നൂരിന്റെ വയലേലകളിൽ മാറ്റൊലികൊണ്ടു. കർഷക തൊഴിലാളികളും കമ്മ്യൂണിസ്റ്റു പാർട്ടി പ്രവർത്തകരും ഒറ്റ തിരിച്ച് ആക്രമിക്കപ്പെട്ടു.

സ്വാതന്ത്ര്യ സമരത്തിന്റെ കാഹളദ്വനി പഴയന്നൂരെന്ന കൊച്ചു ഗ്രാമത്തെയും ഗ്രസിച്ചു. ശ്രീ. ആച്ചാട്ടിൽ നാരായണൻകുട്ടി മേനോൻ, താഴത്തെക്കളം ശ്രീ. രാധാകൃഷ്ണൻ നായർ, ശ്രീ. ആച്ചാട്ടിൽ കുഞ്ഞികൃഷ്ണമേനോൻ തുടങ്ങിയവർ വിവിധ പ്രസ്ഥാനങ്ങളുടെ സജീവ പ്രവർത്തകരായിക്കൊണ്ട് പ്രവർത്തിച്ചുപോന്നു.

ശ്രീ. ആച്ചാട്ടിൽ നാരായണൻകുട്ടി മേനോൻ, തന്റെ വിദേശത്തുള്ള ജോലി ഉപേക്ഷിച്ചാണ് സാമൂഹിക-രാഷ്ട്രീയ രംഗത്തേക്ക് വന്നത്. സ്വാതന്ത്ര്യ സമരത്തിന്റെ സന്ദേശം പഴയന്നൂരിലെങ്ങും എത്തിക്കുന്നതിൽ ശ്രീ. ആച്ചാട്ടിൽ നാരായണൻകുട്ടി മേനോൻ വഹിച്ച പങ്ക് പ്രഥമഗണനീയമാണ്.

സവർണ്ണ-ഭൂപഭു-ജന്മി മേധാവിത്വം കൊടികുത്തി വാണിരുന്ന അക്കാലത്ത് മേലാളന്മാരുടെ ചെയ്തികളെ ചോദ്യം ചെയ്യുവാൻ ധൈര്യപ്പെട്ടു കൊണ്ടാണ് 20 കാരനായ താഴത്തെക്കളം ശ്രീ. രാധാകൃഷ്ണൻ നായർ സാമൂഹിക അനീതിക്കെതിരെ കർഷക തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനായി ഇറങ്ങി തിരിച്ചത്. ഒരു ജന്മികുടുംബത്തിൽ ജനിച്ചു വളർന്ന ശ്രീ രാധാകൃഷ്ണൻ നായർ ജന്മിമാർക്കെതിരെ നടത്തിയ പോരാട്ടങ്ങൾ ഉജ്ജ്വലങ്ങളായ അദ്ധ്യായങ്ങളാണ്. എളനാട്, കുമ്പളക്കോട്, കോടത്തൂർ തുടങ്ങി പഴയന്നൂരിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന കർഷകതൊഴിലാളി സമരങ്ങൾ 1957-ലെ ശ്രീ. ഇ .എം. ശങ്കരൻ നമ്പൂതിരിപ്പാട് ഗവണ്മെണ്ട് നടപ്പിലാക്കിയ ഭൂപരിഷ്ക്കരണ നിയമത്തിലൂടെ വിജയത്തിലെത്തുകയും പാട്ടക്കുടിയാൻ പ്രശ്നം പരിഹരിച്ച് ഭൂസമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണം നടപ്പിൽ വരികയും ചെയ്തു.

പഴയന്നൂർ പഞ്ചായത്തിലെ കർഷക-കർഷക തൊഴിലാളി സമരത്തിന്റെ ഈറ്റില്ലമായിരുന്നു എളനാട്. അവശ-അസംഘടിത തൊഴിലാളികളെ ബോധവത്ക്കരിക്കുന്നതിലും സംഘടിപ്പിക്കുന്നതിലും മറ്റേവരേയും അസൂയാലുവാക്കുന്നതായിരുന്നു രക്തസാക്ഷി ശ്രീ. സി. വി. ദാമോദരന്റെ പ്രവർത്തന ശൈലി.

ധീര രക്തസാക്ഷികളുടെയും മഹാന്മാരായ നേതാക്കന്മാരുടെയും സ്മരണ പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ ചരിത്രത്തിൽ എന്നും പ്രശോഭിക്കപ്പെടും.

പഴയന്നൂരിന്റെ ഭൂപ്രകൃതി

തൃശ്ശൂർ ജില്ലയുടെ കിഴക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന ഹരിതഭംഗിയാർന്ന ഭൂപ്രദേശമാണ് പഴയന്നൂർ. കിഴക്ക് പാലക്കാട് ജില്ല. വടക്ക് ഭാഗത്തായി തൃശൂർ ജില്ലയിൽ പെടുന്ന തിരുവിലാമല പഞ്ചായത്ത്. വടക്ക് കിഴക്കൻ അതിർത്തിയിലൂടെ ഒഴുകുന്ന ഗായത്രി നദി ഭാരതപുഴയുമായി ചേർന്ന് പൊന്നാനിയിൽ വെച്ച് കടലിൽ ലയിക്കുന്നു.

വനഭംഗി നിറഞ്ഞ മലകൾ. മയിലാടും കുന്നുകളും വന്യജീവികളും പാറക്കെട്ടുകളും നിറഞ്ഞതാണ് പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങൾ. തേക്കും റബറും വെച്ച് പിടിപ്പിച്ച കുന്നിൻ ചെരിവുകൾ. തെങ്ങും കവുങ്ങും വാഴയും ഫലവൃക്ഷങ്ങളും തിങ്ങി നിറഞ്ഞ സമതല ഭൂമി. വിശാലമായ നെല്പാടങ്ങൾ. ചെറുതും വലുതുമായ നാല്പതോളം കുളങ്ങളും തോടുകളും കിണറുകളും ഉൾപ്പെടെ സമൃദ്ധമായ ജലസംഭരണികൾ. ഈ വിശാലമായ പ്രദേശത്തെ മണ്ണിനും സമസ്ത ജീവജാലങ്ങൾക്കും സസ്യാവരണങ്ങൾക്കും ജീവൻ നൽകുന്ന ജല സ്രോതസ്സുകൾ.

59.03 ചതുരശ്ര കി.മീറ്ററാണ് ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി. ജന സാന്ദ്രത 588/കി. മീറ്ററാണ്. സമുദ്രനിരപ്പിൽ നിന്നും 30 മുതൽ 220 മീറ്റർ വരെ ഉയർന്ന കുന്നുകളാണുള്ളത്. പാറ, ചെങ്കല്ല്, ചെമ്മണ്ണ്, കറുത്ത മണ്ണ്, കളിമണ്ണ് എന്നിവയാണ് ഇവിടത്തെ മണ്ണിനങ്ങൾ. ഭൂമിയുടെ സവിശേഷതകൾ പട്ടിക ഒന്നിൽ നിന്നും മനസ്സിലാക്കാം.

പഴയന്നൂർ പഞ്ചായത്ത് – കുന്നുകൾ, ചരിവുകൾ

AREA	59.03 Sq. Km
ALTITUDE	30 - 220 M above MSL
RELIEF	190 M
HILL RELIEF	60 - 170 M
LAND SLOPE	1.5 - 10 & 50 - 80

കാലാവസ്ഥ

കാർഷിക കാലാവസ്ഥാ മേഖലയിൽ ഉയർന്ന പ്രദേശത്താണ് പഴയന്നൂർ ഉൾപ്പെടുന്നത്. 1901 മുതൽ 1950 വരെ 3,096 mm മഴ പ്രതിവർഷം ലഭിച്ചിരുന്നു. 1901 മുതൽ 1980 വരെ ലഭിച്ചിട്ടുള്ള പ്രതിവർഷ ശരാശരി മഴ 3,074 മില്ലീ മീറ്ററാണ്. 1991 ൽ പഴയന്നൂരിൽ ലഭിച്ചത് 2,972 മില്ലീമീറ്റർ മഴയാണ്. ഭൂപ്രകൃതിയിൽ വന്ന മാറ്റങ്ങൾക്കനുസൃതമായി മഴ കുറയുന്നതായി കാണാവുന്നതാണ്. കാലാവസ്ഥയുടെ സാങ്കേതിക കണക്കുകൾ താഴെ കൊടുക്കുന്നു.

തെക്കുപടിഞ്ഞാറൻ കാലവർഷം	64% ജൂൺ – സെപ്തംബർ
വടക്കുകിഴക്കൻ കാലവർഷം	20% ഒക്ടോബർ – നവമ്പർ
വസന്തകാലം	30.3°/23.5°C
ഉഷ്ണകാലം	31.4°/26.0° c with 86/55%
വെയിൽ	5.6h / day –വാർഷിക ശരാശരി
കാറ്റ്	5.5km / –വാർഷിക ശരാശരി
അന്തരീക്ഷ സാന്ദ്രത	87/62% –വാർഷിക ശരാശരി

മനുഷ്യ നിർമ്മിത വരൾച്ച താഴെ പറയുന്ന കാര്യങ്ങളിൽ നിന്നും പ്രകടമാകും.

ഫെബ്രുവരിയിൽ മണ്ണിന്റെ ഈർപ്പം പൂർണ്ണമായും ഇല്ലാതാകുന്നു. മാർച്ച് മാസത്തിൽ മണ്ണ് വെടിച്ച് കീറി ഉഷ്ണക്കാറ്റ് വീശുന്നു. താമസിച്ചെത്തുന്ന മഴക്കാലം മഴ തുടങ്ങിയാലാവട്ടെ, പെട്ടന്ന് അപ്രത്യക്ഷമാകുന്നു.

നല്ല മഴ ലഭിക്കുന്ന പ്രദേശമായിട്ടും മണ്ണിന്റെ ഈർപ്പം നഷ്ടപ്പെടുന്നതിന്റെ കാരണങ്ങളെന്ത് ?. മരങ്ങൾ തത്വദീക്ഷയില്ലാതെ നശിപ്പിക്കപ്പെടുന്നു. കുന്നിൻ ചെരിവുകളിലെ തട്ടുകൾ നശിച്ചു വെള്ളം കുത്തിയൊലിച്ചു മണ്ണൊലിപ്പ് വർദ്ധിക്കുകയും നീർചാലുകളുടെ ആഴം കുറയുകയും ചെയ്യുന്നു. വരമ്പു പിടിപ്പിച്ചുള്ള കൃഷി സമ്പ്രദായം കുറയുന്നു അതിരികളിൽ മരം വച്ചു പിടിപ്പിക്കുന്നില്ല.

ഇതിനെല്ലാം പുറമെ മഴവെള്ളം സംഭരിക്കുന്നതിൽ പരമ്പരാഗത രീതികൾ ഇല്ലാതാവുകയും ഭൂഗർഭ ജല വിനിയോഗ തോത് വളരെയധികം കുറവായും കാണുന്നു.

മണ്ണ്

ഭൂമിയുടെ അടിത്തട്ടിൽ ക്വാർട്ടർനറി (Quarternary Age) കാലഘട്ടത്തിലെ ചെങ്കല്ലുകളും ആർക്കിയൻ കാലത്തെ (Archian Age) ചാർണോക്കൈറ്റ്സ് (Charnokites) ഇനത്തിൽപ്പെട്ട പാറകളുമാണുള്ളത്. ചെങ്കൽപാളികൾ നനയുമ്പോൾ മൃദുവാകുന്നതും ഉണങ്ങുമ്പോൾ ഉറപ്പുള്ളതുമാകുന്നു. വളരെയധികം സുഷിരങ്ങളുള്ള ചെങ്കല്ലുകളിലൂടെ വെള്ളം എളുപ്പത്തിൽ കടന്നുപോകുന്നു. ചെങ്കൽ കലർന്ന മണ്ണാണ് ധാരാളമായി ഈ പ്രദേശത്ത് കാണുന്നത്. കനത്ത മഴ, കുത്തനെയുള്ള ചെരിവുകൾ, മിതോഷ്ണകാലാവസ്ഥ, തുടങ്ങിയവയാണ് ഇത്തരം മണ്ണുണ്ടാവാനുള്ള കാരണങ്ങൾ. തവിട്ടു നിറം കലർന്ന ചുവപ്പും മഞ്ഞനിറം കലർന്ന ചുവപ്പുമാണ് മണ്ണിന്റെ നിറങ്ങൾ. പൊടിമണ്ണു മുതൽ ചെളി കലർന്ന തരം വരെയുള്ള മേൽമണ്ണ്. ഇവയിൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസിയം എന്നീ മൂലകങ്ങൾ വളരെ കുറവാണ്. ജൈവവസ്തുക്കളുടെ അളവും കുറവാണ്. അമ്ലാംശം കൂടുതലുള്ള മണ്ണിന്റെ P^H അളവ് 5.0 മുതൽ 6.5 വരെയാണ് ഈ അമ്ലാംശം കൂടുതലുള്ള ചെങ്കൽ കലർന്ന മണ്ണ് കനമുള്ളതാണെങ്കിലും മണ്ണൊലിപ്പ് കാരണം കുന്നിൻ മുകളിലും ചെരിവിലും വളരെ മിനുസമാർന്ന് കാണുന്നു. കമ്പോസ്റ്റ് വളവും കുമ്മായവും ഈ മണ്ണിനെ വളക്കൂറുള്ളതാക്കും. അമ്ലം ഉണ്ടാക്കുന്ന കൃത്രിമ വളങ്ങൾ ഈ മണ്ണിന് തീരെ യോജിച്ചതല്ല.

ജലം

ഭാരതപ്പുഴയുടെ പോഷകനദിയായ ഗായത്രി നദി പഞ്ചായത്തിന്റെ വടക്കുകിഴക്കൻ അതിർത്തിയിലൂടെ ഒഴുകുന്നു. പ്രകൃതിദത്ത നീർച്ചാലുകളും തോടുകളും വളരെയേറെ പഞ്ചായത്തിലുണ്ട്. വനനശീകരണത്തിന്റേയും മണ്ണൊലിപ്പിന്റേയും ഫലമായി വേനൽകാലത്ത് ഇവയിൽ പലതും വറ്റിപ്പോകാറുണ്ട്. പ്രകൃകിദത്തമായ നീർച്ചാലുകളേയും തോടുകളേയും മാത്രം ആശ്രയിച്ചുകൊണ്ടുള്ള കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനു കർഷകർ ഇപ്പോൾ മടി കാണിക്കുന്നു. വേനൽകാലത്ത് കുടിവെള്ളത്തിന് പോലും പല പ്രദേശങ്ങളിലും ദൗർലഭ്യം അനുഭവപ്പെടുന്നു.

എങ്കിലും ഭൂഗർഭജലം കൊണ്ട് സമൃദ്ധമാണ് പഴയന്നൂർ. 30 സെന്റ് മുതൽ 3 ഏക്കർ വരെ വ്യാസമുള്ള 29 കുളങ്ങളും (മൊത്തം 29.05 ഏക്കർ) 58 പൊതു കിണറുകളും പഞ്ചായത്തിലുണ്ട്. ഇതിന് പുറമെ സ്വകാര്യ കിണറുകളും കുഴൽ കിണറുകളും ധാരാളമായുണ്ട്. വേനൽകാലത്തും വെള്ളം ലഭിക്കുന്ന പ്രധാന ജലസ്രോതസ്സുകളാണിവ. കുളങ്ങളേയും കിണറുകളേയും സംബന്ധിച്ച വാർഡ് തിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാം.

പട്ടിക മൂന്ന്.

പഴയന്നൂർ ഗ്രാമ പഞ്ചായത്ത് കുളങ്ങളേയും കിണറുകളേയും സംബന്ധിച്ച വിവരങ്ങൾ.

കുളങ്ങളുടെ എണ്ണം–വിസതീർണ്ണത്തിനനുസരിച്ച് സെന്റിൽ

വാർഡ്	20–30	30–50	50–100	100–200	200–300	കിണർ
I	-	-	1	-	-	7
II	-	1	1	-	-	8
III	-	-	-	-	-	2
IV	-	-	2	-	-	4
V	2	2	-	1	-	6
VI	-	1	-	1	-	-
VII	-	1	1	-	-	10
VIII	-	-	2	1	1	3
IX	-	1	2	2	-	4
X	-	-	-	-	-	8
XI	-	1	-	-	-	2
XII	3	-	1	-	-	-
XIII	1	-	-	-	1	4
ആകെ	6	7	10	5	2	58

ഭൂഗർഭജല വകുപ്പിന്റെ കണക്കു പ്രകാരം 72.15 ദശലക്ഷം ക്യു. മീ. ഭൂഗർഭ ജലമാണ് പഞ്ചായത്ത് പ്രദേശത്തുള്ളത്. ഇതിൽ നിന്നും ജലസേചനത്തിനും മറ്റാവശ്യങ്ങൾക്കുമായി വർഷത്തിൽ 61.33 ദശലക്ഷം ക്യൂബിക് മീറ്റർ ജലം ഉപയോഗിക്കുവാൻ കഴിയും.

പട്ടിക നാല്.

പഴയന്നൂർ ഗ്രാമ പഞ്ചായത്ത്.
ഭൂഗർഭജല സമ്പത്ത്.

1.	പ്രതിവർഷം നിറയ്ക്കാവുന്ന ഭൂഗർഭജലം	72.15
2.	കാർഷിക ആവശ്യങ്ങൾക്ക് പ്രതിവർഷം ഉപയോഗിക്കാനാവുന്ന ഭൂഗർഭജലം	61.33 (MCM)
3.	31–391 ലെ കണക്കു പ്രകാരം ഉപയോഗിക്കുന്ന ജലം.	4.26 -6.09 (MCM)
4.	ഉപയോഗിക്കാതെ പോകുന്ന ഭൂഗർഭജലം	57.07 (MCM)
5.	ഭൂഗർഭജല ജലത്തിന്റെ ഉപയോഗത്തിലുള്ള ഇപ്പോഴത്തെ വളർച്ചാനിരക്ക്	6.95 (MCM)

* MCM - ദശലക്ഷം ക്യൂബിക് മീറ്റർ. *

ആധാരം–ഭൂഗർഭജല വകുപ്പ്.

1992 ലെ കണക്കു പ്രകാരം ഇവിടെ 4.26 മുതൽ 6.09 ദശലക്ഷം ക്യൂബിക് മീറ്റർ ഭൂഗർഭജലമാണ് പ്രതി വർഷം ഉപയോഗിക്കുന്നത്. 57.07 ദശലക്ഷം ക്യൂബിക് മീറ്റർ ഭൂഗർഭജലം പ്രതിവർഷം ഉപയോഗിക്കപ്പെടാതെ പോകുന്നു. ഭൂഗർഭജലവിനിയോഗത്തിന്റെ ഇപ്പോഴത്തെ

തോത് 6.95 ശതമാനമാണ്. ഈ വളർച്ചാനിരക്ക് തുടരുകയാണെങ്കിൽ വരുന്ന 5 വർഷങ്ങൾക്കുള്ളിൽ 15.05 ശതമാനമാകും. ഭൂഗർഭജലവകുപ്പ് പഞ്ചായത്തു പ്രദേശത്തെ വെള്ള (WHITE) മേഖലയിലാണുൾപ്പെടുത്തിയിരിക്കുന്നത്. മൊത്തം ജലത്തിന്റെ 65 ശതമാനത്തിൽ താഴെ ഉപയോഗിക്കുന്ന പ്രദേശങ്ങളാണ് ഈ മേഖലയിൽ ഉൾപ്പെടുന്നത്.

ഭൂഗർഭജലത്തിന്റെ ഉപയോഗത്തിന് യാതൊരു വിധ നിയന്ത്രണങ്ങളും ഈ മേഖലയിൽപെടുന്ന പ്രദേശങ്ങൾക്ക് ഏർപ്പെടുത്തിയിട്ടില്ല. ജലസ്രോതസ്സുകളെ ശാസ്ത്രീയമായി വിനിയോഗിക്കുകയാണെങ്കിൽ കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്കുള്ള ജലസമ്പത്ത് പഞ്ചായത്തിൽ ലഭ്യമാണ്.

ഭൂവിനിയോഗം.

ആകെ 14,632.94 ഏക്കർ ഭൂമിയിൽ 6,772.33 ഏക്കർ പുരയിടവും 3,231.83 ഏക്കർ നിലവും 4,399.63 ഏക്കർ പുറമ്പോക്കുഭൂമിയും 229.15 ഏക്കർ തരിശുഭൂമിയുമാണ്

പട്ടിക 5. പഴയന്നൂർ പഞ്ചായത്തിലെ ഭൂവിനിയോഗം

വില്ലേജ്	ഭൂമിയുടെ വിസ്തീർണ്ണം - ഏക്കറിന്				
	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ
പഴയന്നൂർ	2486.92	1475.10	903.07	49.85	4914.94
വടക്കേത്തറ	1369.41	483.73	430.56	0.30	2284
എളനാട്	2413	967	1584	176	5140
വെന്നൂർ	503	306	1482	03	2294
ആകെ	6772.33	3231.83	4399.63	229.15	14632.94

ആധാരം: വില്ലേജ് ഓഫീസുകൾ

3403 പേർ 1 സെൻറിനും 10 സെൻറിനുമിടക്ക് ഭൂമിയുള്ളവരാണ്. 10 സെൻറിനും 25 സെൻറിനുമിടയ്ക്കു ഭൂമിയുള്ള 2694 പേരുണ്ട്. ഒരേക്കർ വരെ ഭൂമിയുള്ളവർ 3441 പേരാണ്. ഒരേക്കർ മുതൽ 5 ഏക്കർ വരെ ഭൂമിയുള്ള 1727 പേരും 5 ഏക്കറിനു മുകളിൽ 361 പേരുമാണുള്ളത്.

പട്ടിക 6 ഭൂഉടമസ്ഥതയെക്കുറിച്ചുള്ള വിവരങ്ങൾ

വില്ലേജ്	ഉടമസ്ഥരുടെ എണ്ണം						
	1- 10 സെന്റ്	10- 25 സെന്റ്	25- 50 സെന്റ്	50 - 100 സെന്റ്	1- 2 ഏക്കർ	2- 5 ഏക്കർ	5-ഏക്കറിനു മേൽ
പഴയന്നൂർ	1821	1143	641	484	391	272	120
വടക്കേത്തറ	1831	648	456	317	210	86	27
എളനാട്	543	688	487	650	351	267	186
വെന്നൂർ	208	215	241	165	115	35	28
ആകെ	3403	2694	1825	1616	1067	660	361

ആധാരം - വില്ലേജ് ഓഫീസുകൾ

മനുഷ്യശക്തി

1991 ലെ കനേഷുമാരി കണക്കനുസരിച്ചു പഞ്ചായത്തിലെ ആകെ ജനസംഖ്യ 34713 ആണ്. ഇതിൽ 16684 പുരുഷന്മാരും 18029 സ്ത്രീകളുമാണുള്ളത്. സ്ത്രീ പുരുഷ അനുപാതം 1080 ആണ്. (സംസ്ഥാന തലത്തിൽ ഇത് 1036 ഉം ജില്ലാതലത്തിൽ 1085 ഉം ആണ്.) വാസയോഗ്യമായ 6722 വീടുകളിലായി 6753 കുടുംബങ്ങൾ താമസിക്കുന്നു. ആറു വയസ്സു വരെ പ്രായമുള്ള 2548 ആൺകുട്ടികളും 2492 2875 പെൺകുട്ടികളുമുണ്ട്. ലിംഗാനുപാതം ആയിരത്തിൽ താഴെയാണെന്നുള്ള കാര്യം ഇവിടെ ശ്രദ്ധേയമാണ്. പട്ടിക ജാതിയിൽപെട്ട 2875 പുരുഷന്മാരും 2980 സ്ത്രീകളും പട്ടിക വർഗ്ഗത്തിൽ പെട്ട 105 പുരുഷന്മാരും 109 സ്ത്രീകളുമുണ്ട്. സാക്ഷരതയിൽ പുരുഷന്മാർ മുന്നിട്ട് നിൽക്കുന്നു. 12299 പുരുഷന്മാരും 11794 സ്ത്രീകളും സാക്ഷരരാണ്.

പഞ്ചായത്ത് തലത്തിൽ നടത്തിയ പ്രാധമിക വിവരശേഖരണത്തിൽ 1996 ലെ ജനസംഖ്യ 36460 ആയി ഉയർന്നതായി കാണാം. 17550 പുരുഷന്മാരും 18910 സ്ത്രീകളുമാണുള്ളത്. 1991 നും 1996 നും ഇടയിൽ ജനസംഖ്യ 5.031% വർദ്ധിച്ചിട്ടുണ്ട്.

പട്ടിക ഏഴ്... ജനസംഖ്യ 1996 ലെ പഞ്ചായത്ത് സർവെ.

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ
I	1489	1948	3437
II	1311	1419	2730
III	967	977	1944
IV	984	947	1931
V	1230	1332	2562
VI	1210	1353	2563
VII	1275	1180	2455
VIII	1323	1523	2846
IX	1261	1216	2477
X	1725	1847	3572
XI	1303	1322	2625
XII	1502	1616	3118
XIII	1970	2230	4200
ആകെ	17550	18910	36460

91 ലെ കാനേഷുമാരി കണക്കെടുക്കുമ്പോൾ പഞ്ചായത്തിൽ മൊത്തം 12 വാർഡുകളാണു ണ്ടായിരുന്നത്. പിന്നീട് മൂന്നാം വാർഡ് വിഭജിച്ച് രണ്ട് വാർഡുകളാക്കി. ഇപ്പോൾ പഞ്ചായത്തിൽ മൊത്തം 13 വാർഡുകളാണുള്ളത്. 1991 ലെ കാനേഷുമാരി കണക്കനുസരിച്ചുള്ള വാർഡുതല ജനസംഖ്യാ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക എട്ട് ... പഴയന്നൂർ പഞ്ചായത്ത് : ജനസംഖ്യവിവരങ്ങൾ (1991)

വാർഡ്	കുടുംബങ്ങളുടെഎണ്ണം	മൊത്തം ജനസംഖ്യ	പുരുഷന്മാർ	സ്ത്രീകൾ	0–6 വയസ്സു വരെ		പട്ടികജാതി		പട്ടികവർഗ്ഗം		സാക്ഷരർ	
					പുരു.	സ്ത്രീ	പുരു.	സ്ത്രീ	പുരു.	സ്ത്രീ	പുരു.	സ്ത്രീ
I	588	3140	1511	1629	228	228	247	242	14	17	1127	1082
II	563	2911	1372	1539	213	185	229	244	-	-	998	1037
III	767	3831	1844	1987	266	256	407	408	-	1	1423	1399
IV	556	2710	1276	1434	269	180	150	153	-	-	1038	1079
V	483	2610	1235	1375	201	207	115	133	-	-	950	920
VI	473	2569	1237	1332	175	160	239	157	-	-	958	902
VII	489	2533	1209	1324	207	216	214	198	18	21	800	754
VIII	430	2477	1208	1269	228	207	177	171	-	-	843	733
IX	535	2723	1331	1392	198	97	128	139	1	-	966	895
X	561	2851	1381	1470	206	210	180	194	-	-	967	895
XI	578	2936	1417	1519	232	231	485	501	65	68	977	920
XII	730	3422	1663	1759	225	215	304	340	7	2	1252	1178
ആകെ	6753	34713	16684	18029	2548	2492	2875	2980	105	109	12299	11794

തൊഴിൽ സേന

ജനസംഖ്യയിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരാണ്. മൊത്തം ജനസംഖ്യയുടെ 36.13 ശതമാനമാണ് തൊഴിലാളികളായിട്ടുള്ളത്. 7953 പുരുഷന്മാരും 4587 സ്ത്രീകളുമാണ് 91 ലെ കണക്കനുസരിച്ച് പ്രധാന തൊഴിലാളികളായിട്ടുള്ളവർ. ഇതിൽ നിന്നും സ്ത്രീകളുടെ തൊഴിലില്ലായ്മ വളരെ വ്യക്തമാണ്. വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവരെ കുറിച്ചുള്ള വിവരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക ഒൻപത്-

പഴയന്നൂർ പഞ്ചായത്ത് - തൊഴിൽ മേഖലയിലെ വിവരങ്ങൾ (1991)

നമ്പർ	തൊഴിൽ മേഖല	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1.	മൊത്തം തൊഴിലാളികൾ	7953	4587	12540
2.	കർഷകർ	1401	158	1559
3.	കർഷക തൊഴിലാളികൾ	3433	3763	7196
4.	മൃഗസംരക്ഷണം, തോട്ടം മുതലായ രംഗത്തു പണിയെടുക്കുന്നവർ-	354	24	378
5.	മൈനിംഗ്, ക്വാറിതൊഴിലാളികൾ	60	4	64
6.	കുടിൽ വ്യവസായ മേഖലയിലെ തൊഴിലാളികൾ	143	48	191
7.	ഉല്പാദന,സംസ്കരണ സേവന മേഖലയിലുള്ളവർ	552	136	688
8.	നിർമ്മാണ തൊഴിലാളികൾ	192	11	203
9.	വാണിജ്യം, കച്ചവടം	795	48	843
10.	ഗതാഗതം, വാർത്താവിനിമയം	476	10	486
11.	മറ്റു സേവനതുറകൾ	547	385	932
12.	നാമമാത്ര തൊഴിൽ ചെയ്യുന്നവർ	115	364	519
13.	തൊഴിൽ രഹിതർ	8576	13078	21654

1996 ലെ പഞ്ചായത്ത് തല സർവ്വെ പ്രകാരം തൊഴിലാളികളുടെ എണ്ണം 10867 ആണ്. ഇത് 96 ലെ ജനസംഖ്യയുടെ 29.81 % മാത്രമാണ്. 1991 നും 96 നും ഇടയിൽ തൊഴിലവസരങ്ങളുടെ കാര്യത്തിൽ 6.32% കുറവാണുണ്ടായിട്ടുള്ളത്. കാർഷിക മേഖലയിലെ തകർച്ച വിദേശത്തെ തൊഴിൽ സാദ്ധ്യതകൾ എന്നിവയുമായി ബന്ധപ്പെടുത്തി ഈ പ്രശ്നത്തെ ഗൗരവമായി പഠിക്കേണ്ടിയിരിക്കുന്നു.

പഠനപര്യടനം

കാർഷിക കാലാവസ്ഥ മേഖലയിലെ ഉയർന്ന പ്രദേശത്തുൾപ്പെട്ടതാണു പഴയന്നൂർ. 1989 ഹെക്ടർ സ്ഥലം കുന്നിൻപ്രദേശങ്ങളാണ്. റിസർവ് വനപ്രദേശങ്ങളും നെല്പാടങ്ങളുമടങ്ങുന്നതാണു ഭൂപ്രകൃതി. 30.10.96ൽ പഞ്ചായത്തിൽ രണ്ടു സംഘങ്ങളായി പഠന പര്യടനം നടത്തുകയുണ്ടായി. വടക്കുനിന്നു തെക്കോട്ടു 16 കിലോമീറ്ററും പടിഞ്ഞാറുനിന്നു കിഴക്കോട്ടു 8 കിലോമീറ്ററുമാണ് പടനസംഘങ്ങൾ സഞ്ചരിച്ചത്. മണ്ണു, ജലലഭ്യത തുടങ്ങിയവ വിവരണങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്. പഠനപര്യടനത്തിൽ കണ്ടെത്തിയ പ്രധാന സസ്യാവരണങ്ങളുടേയും അവയുടെ ശാസ്ത്രനാമവും ചുവടെ ചേർക്കുന്നു.


മറ്റു വൃക്ഷങ്ങൾ

പേര്	ശാസ്ത്രനാമം
വേപ്പ്	*Azadirachta indica*
പുളി	*Tamarindus indica*
കണികൊന്ന	*Cassia fistula*
ആല്	*Ficus religiosa*
പന	*Borassus Flabellifera*
ഒടുകു	*Clystanthus collinus*
ആടലോടകം	*Adotoda Vasica*
മുള്ളുവേങ്ങ	*Bridelia retusa*
മട്ടി	*Ailanthus Tryphysa*
പൂമരം	*Delonix regia*
വാക	*Albezzia spp*
ആവൽ	*Hdeptelia integrifolia*

വനം കുന്നിൻപ്രദേശം

വൃക്ഷങ്ങൾ	ശാസ്ത്രനാമം
തേങ്ങ	*Tectona grandis*
മുള	*Bambusa arundinacea*
ഊട്ടി	*Dalbergia latifolia*
ഇലവ്	*Bombax ceiba*
കാരിമരുത്	*Terminalia tomentosa*
വെള്ളമരുത്	*T.belerica*
മഞ്ഞമരുത്	*Adina cadifolia*
നെല്ലി	*Embilica officianalis*

നശിപ്പിക്കപ്പെട്ട വനപ്രദേശങ്ങളിൽ യൂക്കാലിപ്റ്റസ് (Ec hybrid & grandis) നട്ടുപിടിപ്പിച്ചിരിക്കുന്നു. കുന്നിൻ ചരിവുകളിൽ റബ്ബർ (Hevea brasilensis) തോട്ടങ്ങളാണ്ധികവും



കാഞ്ഞിരം	*Stechnos nuxvonica*
മഞ്ഞ പവുട്ട	*Morinda Tinactoria*
ഉങ്ങ്	*Pongamia Pinnata*
വേടി	*Dalbergia latifolia*
ശീമക്കൊന്ന	*Glyricidia Maculata*

നെല്പാടം

നെല്ല്	*Oriza sativa*
മരച്ചീനി	*Manihot esculenta*

പച്ചക്കറികൾ കത്തിരി, വെണ്ട, പാവയ്ക്ക, പടവലം, കുമ്പളം

പുരയിടം

ഇനം	ശാസ്ത്രനാമം
തെങ്ങ്	*Cocos nucifera*
കവുങ്ങ്	*Area catechu*
വാഴ	*Musa Spp*
പ്ലാവ്	*Artocarpus integrifolia*
മാവ്	*Mangifera indica*
കശുമാവ്	*Anacardium Occidentale*
കൈതച്ചക്ക	*Ananas comosus*
പപ്പായം	*Carica papaya*
കുരുമുളക്	*Piper migrum*

തോട്ട വിളകൾക്കിടയിൽ ഇടകൃഷിയായി മഞ്ഞൾ, ഇഞ്ചി, മരച്ചീനി, പച്ചക്കറികൾ മുതലായവ കൃഷി ചെയ്തിട്ടുണ്ട്.

പഠനപര്യടത്തിന് പങ്കെടുത്തവർ.

1. 30-10-96 ന് പഞ്ചായത്തിന്റെ പടിഞ്ഞാറ് കായാംപൂകത്ത് നിന്നും കിഴക്ക് പ്ലാഴി വരെ.

1. A. M ബഷീർ - കൺവീനർ
2. ഉഷാദേവി - വൈസ് പ്രസിഡണ്ട്
3. ശോഭനാ രാജൻ - മെമ്പർ
4. രാമകൃഷ്ണൻ നായർ - മെമ്പർ
5. T. R അയ്യപ്പൻ - മെമ്പർ
6. പത്മകുമാർ - ജോ. കൺവീനർ
7. K. M. അസീസ്
8. K രവീന്ദ്രൻ
9. K രാജൻ
10. സെബാസ്റ്റ്യൻ
11. K. K ഗോപി
12. K.K രാജൻ
13. കുഞ്ഞുണ്ണി
14. ബാലകൃഷ്ണൻ
15. N. E പരമേശ്വരൻ
16. അബ്ദുൾ റഹിമാൻ
17. മുഹമ്മതുകുട്ടി.

2. 30-10-96ൽ പഞ്ചായത്തിന്റെ വടക്കു ചീരക്കുഴി മുതൽ തെക്ക് തൃക്കണായ വരെ

1. E.N. വാസുദേവൻ - കൺവീനർ
2. P.S. സുലൈമാൻ - മെമ്പർ
3. നീലിക്കുട്ടി - ,,
4. വത്സല - ,,
5. സുശീല ടീച്ചർ - ,,
6. V. G. കുട്ടൻ. - ,,
7. P. K മുരളീധരൻ. - ,,
8. N. M. ശ്രീനിവാസൻ
9. N. കൃഷ്ണൻകുട്ടി.
10. K. T. വിജയൻ.
11. ശങ്കരൻ നായർ.
12. അച്ചുതൻ നായർ
13. രാമൻ കുട്ടി.
14. M. P. വർഗീസ് - മുൻ പഞ്ചായത്ത് പ്രസിഡന്റ്.
15. ജയകുമാർ.
16. K. M. രാജൻ
17. P. C. രാജൻ
18. ഹരിദാസൻ
19. ലക്ഷ്മണൻ
20. മുത്തുമുഹമ്മദ്
21. K. M. കൃഷ്ണൻകുട്ടി.
22. ബിനു.
23. ഏലിയാസ്.
24. സോമസുന്ദരൻ
25. P. K. ജനാർദ്ദനൻ
26. K. C. ജോർജ്ജ്
27. കമലം.

ജൈവ ഗ്രാമ സങ്കല്പം

കൃഷി, അനുബന്ധ മേഖലകളുടെ വികസനത്തിന് വേണ്ടി കോസ്റ്റ്ഫോർഡ് തയ്യാറാക്കിയ പദ്ധതി

പഴയന്നൂർ പഞ്ചായത്ത് നീർമറി വികസന പദ്ധതി

പഴയന്നൂർ പഞ്ചായത്തിലെ പ്രകൃതി ജൈവ വിഭവങ്ങളെ ശാസ്ത്രീയമായി പഠിച്ചു തയ്യാറാക്കിയ ഒരു റിപ്പോർട്ടാണിത്. പഞ്ചായത്തിലുൾപ്പെടുന്ന വടക്കേത്തറ, പഴയന്നൂർ എന്നീ വില്ലേജുകളിലെ 1263 ഹെക്ടർ പ്രദേശമാണ് പഠന വിധേയമാക്കിയത്. പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുള്ള അടിസ്ഥാന സമീപനമാണീ പദ്ധതി

നീർമറി പ്രദേശം (water shed)

മഴപെയ്തു ചരിവുകളിലൂടെ ചാലുകളിലൂടെ ഒഴുകി പോകുന്ന പ്രദേശങ്ങളെയാണ് നീർമറി പ്രദേശങ്ങളെന്നു പറയുന്നത്. ഉയർന്ന പ്രദേശങ്ങളിൽ മഴവെള്ളം തടഞ്ഞു നിർത്തിയാൽ താഴ്ന്ന പ്രദേശങ്ങളിലെ മണ്ണിന്റെ ഈർപ്പം നിലനില്ക്കുകയും സസ്യസമ്പത്തിന്റെ വളർച്ചയും ഉല്പാദനക്ഷമതയും വർദ്ധിക്കുകയും ചെയ്യും. ഇതു വളർത്തു മൃഗങ്ങൾക്കു കൂടുതൽ തീറ്റയുല്പാദിപ്പിക്കുന്നതിനും അവയുടെ വികസനത്തിനും സഹായിക്കും. കൃഷി മൃഗസംരക്ഷണം എന്നിവയിലൂടെ സമൂഹത്തിന്റെ സ്ഥായിയായ സാമ്പത്തിക വികസനത്തിനുള്ള ആക്കം കൂട്ടും. വേനൽക്കാല വരൾച്ച കുടിവെള്ളക്ഷാമം എന്നിവ ഇല്ലാതാക്കും നാനാവിധ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും കാർഷിക ഉല്പാദന വർദ്ധനവിലൂടെ പരിസ്ഥിതി സംതുലിതാവസ്ഥ നിലനിർത്തുകയും ചെയ്യും. ജനങ്ങളിൽ കൂട്ടായ്മ വളർത്തും. ദാരിദ്ര്യം ഇല്ലാതാക്കി സമ്പന്നമായ ജൈവഗ്രാമങ്ങളെ സൃഷ്ടിക്കുകയും ചെയ്യും.

പഞ്ചായത്തിലെ 1,2,3 വാർഡുകൾ വടക്കേ ത്തറ വില്ലേജും, 4,5 വാർഡുകൾ പഴയന്നൂർ വില്ലേജും ആണ്. ഈ അഞ്ചു വാർഡുകൾ ഉൾപ്പെട്ട 1263 ഹെക്ടർ ഭൂമിയാണ് പഴയന്നൂർ നീർമറി പ്രദേശം. 1996 ലെ സർവേ പ്രകാരം നീർമറി പ്രദേശത്തെ ജനസംഖ്യ 8430 ആണ്. ജനസാന്ദ്രത 6.7. ജനസംഖ്യയുടെ 17.2% പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പെടുന്നവരാണ്. സാക്ഷരതാശതമാനം 70.5%. ചരിത്രപരമായിതന്നെ മാതൃനിർവ്വിശേഷമായ സമൂഹമായതിനാൽ വികസന പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം സജീവമാണ്. കാലിത്തീറ്റയുല്പാദനം മോശമാണെങ്കിൽ കൂടി നീർമറി പ്രദേശത്ത്. 1,507 കന്നുകാലികളും 474 കറവ പശുക്കളും 495 ആടുകളും 209 വളർത്തു പക്ഷികളും ഉണ്ട്.


പട്ടിക ഒന്ന് ... ജനസംഖ്യ വിവരങ്ങൾ.

വിവരങ്ങൾ / വില്ലേജ്.	പഴയന്നൂർ	വടക്കേത്തറ	മൊത്തം
വിസ്തീർണ്ണം ...ഹെക്ടറിൽ	493	648+122 (Misc)	1,263
കുടുംബങ്ങൾ	614	996	1,610
ജനസംഖ്യ	3,257	5173	8,430
പുരുഷന്മാർ	1,556	2475	4,031
സ്ത്രീകൾ	1,701	2698	1,210
കുട്ടികൾ	489	721	618
ആൺകുട്ടികൾ	246	372	592
പെൺകുട്ടികൾ	243	349	1,428
പട്ടികജാതി	448	980	711
പുരുഷന്മാർ	221	490	717
സ്ത്രീകൾ	227	490	28
പട്ടികവർഗ്ഗം	9	19	12
പുരുഷന്മാർ	4	8	16
സ്ത്രീകൾ	5	11	5,951
സാക്ഷരർ	2,284	3667	3,009
പുരുഷന്മാർ	1,164	1845	2,942
സ്ത്രീകൾ	1,120	1822	


പട്ടിക രണ്ട് ... മൃഗങ്ങൾ

വിവരങ്ങൾ / വില്ലേജ്.	പഴയന്നൂർ	വടക്കേത്തറ	മൊത്തം
കന്നുകാലികൾ	597	1010	1607
കാള	122	129	251
കാളകുട്ടികൾ	61	117	178
പശു	164	257	421
പശുക്കുട്ടി	53	199	252
പോത്തു	82	120	202
പോത്തുക്കുട്ടി	79	135	214
എരുമ	21	32	53
എരുമക്കുട്ടി	15	21	36
ആടു	227	268	495
ആണാടു	14	26	40
ആണാടുകുട്ടികൾ	19	29	48
പെണ്ണാടു	144	160	304
പെണ്ണാടുകുട്ടികൾ	50	53	103
വളർത്തുപക്ഷികൾ	355	554	909

PRESENT LAND USE MAP OF PAZHAYANNUR WATERSHED



PHYSIOGRAPHIC MAP OF PAZHAYANNUR WATERSHED



ജല ബഡ്ജറ്റ്

മഴവെള്ളത്തിന്റേയും ഭൂഗർഭ ജലത്തിന്റേയും ബഡ്ജറ്റ് ചുവടെ ചേർക്കുന്നു.

a. നീർമറിയിലെ മഴവെള്ളം = വിസ്തീർണ്ണം X പെയ്തമഴ
= 1263 ഹെ X 3074 മി. മീ
= 12.63 X 10^6 X 3.074 ക്യു. മീ
= 38.25 MCM

b. നദിയിലേക്കുള്ള നീരൊഴുക്ക് = മഴവെള്ളം X 65 %
= 38.825 MCM X 0.65
= 25.236 MCM

പദ്ധതിപ്രദേശത്തു മുൻകാലങ്ങളിൽ 38 കുളങ്ങൾ മഴവെള്ളം ശേഖരിക്കുന്നതിനുണ്ടായിരുന്നു. ഇപ്പോഴത് 10 എണ്ണമായി കുറഞ്ഞു. ബാക്കിയുള്ളവയൊക്കെ അവഗണിക്കപ്പെട്ടു കിടക്കുന്നു.

c. ഉപരിതല ജലശേഖരണം = കുളങ്ങൾ X വിസ്തൃതി X ആഴം.
= 38 X 20 M X 15 M X 2M
= 0.022 MCM

d. ഭൂഗർഭജല പുനർശേഖരണം = വിസ്തീർണ്ണം X പൊന്നാനി ബേസിനിലെ ശരാശരി പുനർശേഖരണം.
= 12.63 X 10^6 X 186 മി.മീ
2.349 MCM (മൊത്തം മഴയുടെ 6%)

e. അടിയൊഴുക്ക് = 0.587 MCM (മൊത്തം മഴയുടെ 25%)

f. ഭൂഗർഭജല ഡ്രാഫറ്റ് = കിണറുകളുടെ എണ്ണം X ശരാശരി ഡ്രാഫറ്റ്
= 2 X 50 X 364 + 210 X 1.6 X 364
= 0.16 MCM

g. ബാഷ്പീകരണം = വിസ്തീർണ്ണം X PET X 0.8
= 12.63 X 10^6X1.4
= 17.682 MCM

h. ജലദൗർലഭ്യം = a-(b +c+d+g)
= 4.115 MCM

വേനൽക്കാല ഈർപ്പത്തിന്റെ കുറവിന്റെ കാരണമിതാണ്. അതിനായി പാഴായിപ്പോകുന്ന ജലത്തെ സംഭരിയ്ക്കാൻ കഴിയണം.

ജനങ്ങളുടേയും വളർത്തുമൃഗങ്ങളുടേയും ആവശ്യങ്ങളെന്തെന്നു വിലയിരുത്തുകയും ഇപ്പോഴുള്ള ഭൂവിനിയോഗ രീതിയും ഉല്പാദനവും കണക്കിലെടുത്ത് പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഭാവിഭൂവിനിയോഗം ആസൂത്രണം ചെയ്യുന്നതിനെയാണ് നീർമറി ബഡ്ജറ്റിംങ്ങ് എന്ന് പറയുന്നത്. പഴയന്നൂർ നീർമറി പ്രദേശത്ത് 1263 ഹെ. സ്ഥലത്ത് 8430 ആളുകളാണുള്ളത്. ജലം, പാൽ, മാംസം എന്നിവയുടെ ആഭ്യന്തര ഉത്പാദനം വളരെ കുറവാണ്. 1607 വളർത്തുമൃഗങ്ങൾ തീറ്റപ്പുല്ലിനും കാലിത്തീറ്റക്കും ദാരിദ്ര്യം അനുഭവിക്കുന്നു.

ജനങ്ങളുടെ നിത്യോപയോഗസാധനങ്ങളുടെ വാർഷികാവശ്യകണക്കു ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക മൂന്ന് - അവശ്യ ഭക്ഷണസാധനങ്ങളുടെ ആവശ്യകത.

മൊത്തം ജനസംഖ്യ 8430

ഇനം	ഒരാൾക്ക് ഒരു ദിവസം ആവശ്യമുള്ളത് - ഗ്രാം കണക്കിൽ	വാർഷികാവശ്യം ടൺ കണക്കിൽ
ധാന്യം	325	1000
പഴവർഗങ്ങൾ	100	308
കൊഴുപ്പു	050	154
പാൽ	250	770
പഞ്ചസാര	030	92
പയർ\പരിപ്പ്	100	308
പച്ചക്കറി	100	308
ഇലക്കറികൾ	100	308
ഇറച്ചി	100	308
മുട്ട	001	30.8 ലക്ഷം

ഇന്ധന ആവശ്യം= കുടുംബങ്ങളുടെ എണ്ണം ശരാശരി ആവശ്യകത

= 1610 50 കിന്റൽ പ്രതിവർഷം

= 8050 ടൺ.

മൊത്തം മൃഗസമ്പത്തിനെ 1670 പശു യൂണിറ്റുകളായി കണക്കാക്കാം. അവയ്ക്കു പ്രതിവർഷം ആവശ്യമായ തീറ്റയുടെ കണക്ക് ചുവടെ ചേർക്കുന്നു :

ദ്രാവകാഹാരം = 1670 @ 1 kg / d * 365 days + 270 ln
പാൽ തരുന്നതിന് @ 1 kg / d * 365 days
= 708 tons.

വയ്ക്കോൽ = 1670 @ 8 kg / d * 365 days = 4880 tons.

കന്നുകാലിത്തീറ്റ = 1670 @ 12 kg /d *365 days = 7320 tons.

തീറ്റപ്പുല്ല് 60% = 4392

പച്ചിലത്തീറ്റ 40% = 2928 tons.

ഭൂവിനിയോഗരീതി.

നീർമറി പ്രദേശത്തെ 22% ഭൂപ്രദേശം റിസർവ്വുവനവും 29% റബർ തോട്ടങ്ങളുമാകുന്നു. 25% സമതനപ്രദേശത്തു മിശ്രിത തോട്ടവിളകളുമാണ്. കൃഷിയോഗ്യ തരിശു കുറവാണ്.

പട്ടിക നാല് : ഭൂവിനിയോഗം (ഹെക്ടറിൽ)

വില്ലേജ് / ഉപയോഗം	പഴയന്നൂർ	വടക്കേത്തറ	കൊണ്ടാഴി & പാലക്കാട്	ആകെ
വിസ്തീർണ്ണം	493	648	52+70	1263
റിസർവ്വ് വനം	70	88	52+70	280
വില്ലേജ് വനപ്രദേശം	5	7	0	12
റബ്ബർ തോട്ടം	250	111	0	361
തോട്ടവിള	120	204	0	324
ഇരുപ്പു പാടം	112	140	0	252
പുരയിടങ്ങളിലെ ഭവനനിർമ്മാണ വി.	14	20	0	34

ഏറ്റവും നിർദ്ദോഷകരമായ വസ്തുത പടിഞ്ഞാറുള്ള റിസർവ്വ് വനഭൂമിയിൽ 10% ഉം കിഴക്കു റിസർവ്വ് വനഭൂമിയിൽ 60% ഉം വന നശീകരണം സംഭവിച്ചുണ്ട്. മഴവെള്ളം ശേഖരിക്കുന്നതിലുള്ള അനാസ്ഥ മൂലവും ചരിവുകളിലെ തട്ടുകൾ ശരിയായ രീതിയിൽ പരിപാലിക്കാത്തതു മൂലവും 65% മഴവെള്ളവും നീർമറി പ്രദേശത്തിനു പുറത്തേക്കൊഴുകി പോകുന്നു.

തോട്ടങ്ങളിലെ ഫലവൃക്ഷങ്ങളെ ശ്രദ്ധിക്കുന്നില്ല. സങ്കരവർഗ്ഗ നടീൽ വസ്തുക്കളുടെ ഉപയോഗവും കുറവാണ്. സമതലങ്ങളിൽ അതിരു പിടിക്കാത്തതിനാൽ മണ്ണൊലിച്ചു പറമ്പുകൾ കൃഷിയോഗ്യമല്ലാതാകുന്നു.

ഉല്പാദനം

നീർമറി പ്രദേശത്തെ പ്രതിവർഷ ഭക്ഷണ സാമഗ്രികളുടെ മൊത്തം ഉല്പാദനം 3500 ടൺ ആണ്. അവശ്യസാധനങ്ങളുടെ ഉല്പാദനതോത് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക അഞ്ച് :ഭക്ഷണ പദാർത്ഥങ്ങളുടെ ഉല്പാദനം.

വിള / വില്ലേജ്	പഴയന്നൂർ ഹെക്ടർ	വടക്കേത്തറ ഹെക്ടർ	ശരാശരിഉല്പാദനം ടൺ/ഹെക്ടർ	ആകെ ഹെ	ടൺ
നെല്ല്	224	280	2	504	1,008
മരച്ചീനി	6	8	20	14	280
തെങ്ങ്	70	100	10,000 എണ്ണം	170	17 ലക്ഷം
അടക്ക	22	27	20	49	980
നേന്ത്രപഴം	35	60	1800 കുലകൾ	95	1.7 ലക്ഷം
കശുവണ്ടി.	4	6	15	10	150
കുരുമുളക്	4000 കൊടികൾ	6000 കൊടികൾ	15 kg/ചെടി	10,000 കൊടികൾ	150
ഇഞ്ചി.	1	1	3	2	6
മഞ്ഞൾ.	6	8	12	14	168
പയർവർഗ്ഗങ്ങൾ	20	30	1	50	50
എള്ള്	1	1	1	2	2
റബ്ബർ	250	111	2	361	722
പച്ചക്കറികൾ	60	80	3	140	420

പഴവർഗ്ഗങ്ങൾ = 1.7 ലക്ഷം കുലകൾ @ 5 കിലോ = 850 ടൺ

പാലുല്പാദനം = 240 കറവ പശുക്കൾ * 2 ലിറ്റർ/ദിവസം* 365 ദിവസം
= 175 കി.ലി.

മാംസം = 300 ആടുകൾ @ 1 വർഷം പ്രായമായവ * 4 കിലോ
= 12 ടൺ

മുട്ട = 587 കോഴി @ 100 എണ്ണം / വർഷം = 5.8 ലക്ഷം

കാലിത്തീറ്റ

തവിട് – 1008 ടൺ @ 40% = 403 ടൺ

പയർവർഗ്ഗ ഉല്പന്നം = 50 ടൺ @ 20% = 10 ടൺ

പിണ്ണാക്ക് = 2 ടൺ + 17 ലക്ഷം തേങ്ങ = 150 ടൺ

വയ്ക്കോൽ = 1003 ടൺ @ 1 : 1 = 1000 ടൺ

പച്ചിലത്തീറ്റകൾ = 280 ഹെ വനം @ 4 ടൺ +
504 ഹെ നിലം @ 1 ടൺ = 1,684 ടൺ

ധാന്യങ്ങൾ, പഴവർഗ്ഗങ്ങൾ, കൊഴുപ്പ്, എന്നിവയൊഴിച്ചുള്ള അവശ്യഭക്ഷണപദാർത്ഥങ്ങൾ വളരെ കുറച്ചു മാത്രമേ ഉത്പാദിപ്പിക്കപെടുന്നുള്ളൂ. ഈ വസ്തുതയെ കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ല എന്നുള്ളതാണ് സത്യം.

പട്ടിക ആറ് ഭക്ഷണ സാഹചര്യങ്ങൾ

ഇനം	ആവശ്യകത	ഇപ്പോഴത്തെ ഉല്പാദനം	കൂടുതൽ/കുറവ്
ധാന്യം	1000	605	മരച്ചീനി കുറവ് നികത്തുന്നു
പഴവർഗ്ഗങ്ങൾ	308	850	542
കൊഴുപ്പ്,	154	170	16
പാൽ	770	175	-595
പഞ്ചസാര	92	000	-92
പയർ / പരിപ്പ്	308	190	-118
പച്ചക്കറികൾ	616	420	-196
ഇറച്ചി	308	12	-296
മുട്ട - ലക്ഷം	30.8	5.8	-25

ഇതിനു പുറമെ വേനൽക്കാലങ്ങളിൽ കുടിവെള്ള ക്ഷാമവും അനുഭവപ്പെടുന്നു.

ഭൂവിനിയോഗ ആസൂത്രണം

പഴയന്നൂർ നീർമറി പ്രദേശത്തു നിന്നും 65% മഴവെള്ളം നഷ്ടപ്പെടുന്നു. 93% ഭൂഗർഭജലം ഉപയോഗിക്കപ്പെടുന്നതുമില്ല. മഴവെള്ളത്തെ നീർമറി പ്രദേശത്ത് നിലനിർത്തിയാൽ ജല ദൗർലഭ്യം ഇല്ലാതാകുകയും ഉല്പാദന വർദ്ധനവ് ഉണ്ടാകുകയും ചെയ്യും. ആയതിനാൽ പ്രാധമികമായി ഊന്നൽ കൊടുക്കേണ്ടത്.

(1) മഴവെള്ളം സംഭരിക്കുവാൻ (2) ഭൂഗർഭജലത്തിന്റെ ഉപയോഗം കിണറുകളും മറ്റും കുഴിച്ചു വർദ്ധിപ്പിക്കുക (3) തട്ടുകളുടെ ചരിവുകൾ എതിർ ദിശയിൽ ഉയർത്തിയും അതിരുകൾ പിടിച്ചും, ബണ്ടുകൃഷി, അതിരു കൃഷി എന്നിവ വർദ്ധിപ്പിച്ചും മഴവെള്ളത്തെ തടഞ്ഞു നിർത്തുക.

ഇറച്ചി, പാൽ എന്നിവയുടെ കുറവു നികത്തുന്നതിനു വേണ്ടി റിസർവു വനങ്ങളിൽ ലഗൂമിനസ് പുല്ലിനങ്ങൾ വളർത്തുകയും പൊതു സ്ഥലങ്ങളിലും അതിരുകളിലും കാലിത്തീറ്റക്കാവശ്യമായ മരങ്ങൾ നട്ടുപിടിക്കുകയും ഇപ്പോഴുള്ള മൃഗസമ്പത്തു വളർത്തുകയും വേണം. ആട്, പന്നി, മുയൽ, താറാവ് എന്നിവയുടെ കൃഷിയും വളർത്തണം.

10 ഹെക്ടർ സ്ഥലത്ത് കരിമ്പു കൃഷി ചെയ്താൽ പഞ്ചസാരയുടെ ആവശ്യകത നേടിയെടുക്കാനാവും. ഇടകൃഷിയായി പയർ പരിപ്പു വർഗ്ഗങ്ങളുടെ കൃഷി ഇരട്ടിപ്പിച്ചാൽ പയറുല്പന്നങ്ങളുടെ കുറവു നികത്താനാവും. അടുക്കളത്തോട്ടങ്ങൾ പ്രോത്സാഹിപ്പിച്ചു സങ്കര വർഗ്ഗ വിത്തുകൾ കൃഷി ചെയ്തു പച്ചക്കറി ഉല്പാദനം ആവശ്യാനുസരണം ഉയർത്താനാവും. സങ്കര വർഗ്ഗ കോഴികളെയും താറാവുകളെയും വളർത്തി മുട്ടയുടെ ദൗർലഭ്യം ഇല്ലാതാക്കാം. ജൈവഗ്രാമ സങ്കല്പം പ്രാവർത്തികമാക്കണമെങ്കിൽ :

- മണ്ണിന്റെ വളക്കൂറു വർദ്ധിപ്പിക്കണം.
- കൃത്രിമ വളത്തെ ഉപയോഗം കുറക്കണം.
- ജൈവ വളത്തിന്റെ ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കണം
- ആരോഗ്യ പരിസരശുചിത്വ പരിപാലനം വേണം.
- ഉല്പാദനം ഇരട്ടിപ്പിക്കണം.

നീർമറി സംരക്ഷണ വികസന ആസൂത്രണം.

നീർമറി സംരക്ഷണത്തിന്റെ അടിസ്ഥാന ലക്ഷ്യം ഭൂമിയെ സസ്യാവരണം കൊണ്ടു നിറക്കുകയെന്നതണ്. ഇപ്പോൾ 70 ഓളം ഹെക്ടർ നീർമറി പ്രദേശം നശിച്ചു കഴിഞ്ഞിരിക്കുന്നു. മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾ കുറവാണ്. ചെരിവുകളിലെ തട്ടുകൾ പുറം തള്ളി തകർന്ന രീതിയിലാണ് പലയിടത്തും കാണാവുന്നത്. ഇത് മഴവെള്ളത്തിന്റെ കുത്തൊലിപ്പിനും അതുവഴി മണ്ണൊലിപ്പിനും കാരണമാകുന്നു. മണ്ണൊലിപ്പ് മൂലം ചാലുകൾ നികന്നു തുടങ്ങിയിരിക്കുന്നു. ഈ കാരണങ്ങളാൽ വേനൽക്കാലചൂട് വർദ്ധിപ്പിക്കുകയും കുടിവെള്ളക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. മഴവെള്ളത്തെ സംരക്ഷിച്ചും ഭൂഗർഭജലത്തെ ഉപയോഗിച്ചും മാത്രമേ ഇതിനു പരിഹാരം കാണാനാവു.

മണ്ണിന്റെ ഈർപ്പം നില നിർത്തണമെങ്കിൽ നശീകരണം സംഭവിച്ച വനപ്രദേശങ്ങളിൽ വീണ്ടും മരങ്ങൾ നട്ടുപിടിപ്പിക്കണം. അതിനു സഹായകരമായ രീതിയിലുള്ള മണ്ണുസംരക്ഷണ പ്രവർത്തനങ്ങളും നടത്തണം. കുന്നിൻചെരിവുകളിലെ തട്ടുകൾ സംരക്ഷിക്കപ്പെടണം. വെള്ളം കെട്ടിനിർത്തതക്കരീതിയിൽ തട്ടുകളുടെ അതിർത്തികൾ ഉയർത്തണം. സമതലപ്രദേശങ്ങളിലും അതിരുകളുണ്ടാക്കുകയും അതിരുകളിൽ മരം നട്ടുപിടിപ്പിക്കുകയും വേണം. ബണ്ടു പിടിച്ചുള്ള കൃഷിസമ്പ്രദായങ്ങൾ പ്രോൽസാഹിപ്പിക്കണം. ഉല്പാദനവർദ്ധനവിനായി അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗത്തിൽ വരുത്തുകയും കൃഷി ശരിയായ രീതിയിൽ നടത്തുകയും വേണം.

ഇവയൊക്കെയാണെങ്കിലും പുതിയ സങ്കേതങ്ങൾ ജനങ്ങൾ അംഗീകരിക്കണമെന്നില്ല. അവഗണിക്കപ്പെട്ട പരമ്പരാഗത സമ്പ്രദായങ്ങളെ പുനർസൃഷ്ടിക്കുകയും, പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കളെ പരമാവധി ഉപയോഗിക്കുക എന്നതാണ് ജൈവഗ്രാമ സങ്കല്പത്തിന്റെ അടിസ്ഥാനം.

പട്ടിക ഏഴ് : പഴയന്നൂർ പഞ്ചായത്തിൽ കൃഷിക്കനുയോജ്യമായ സങ്കരവർഗ്ഗ അത്യുല്പാദന വിത്തിനങ്ങൾ

ഇനം	വിത്തുകൾ
നെല്ല്	ത്രിവേണി, സ്വർണ്ണപ്രഭ, ഹ്രിസ്വ (70 ദിവസം)
മരച്ചീനി	ശ്രീപ്രകാശ്
തെങ്ങ്	CDO X T, AO X GB & WCT X GB
കവുങ്ങ്	സുമംഗള, ശ്രീമംഗള
വാഴ	പൂവൻ, കപ്പ, റോബസ്റ്റ്, സൺസിബാർ, മേൺസ് മറി, നാലിപൂവൻ, കദളി.
കശുമാവ്	മാടക്കത്ര 2 & H-3-=17
കുരുമുളക്	അജ്ഞന, സുഭാകര
ഇഞ്ചി	മാരൻ, വയനാട്, എറണാട്
മഞ്ഞൾ	ടുഗ്ഗിരള, സുഗന്ധം, സുവർണ്ണ
തുവരപയർ	SAI, ICPH 8, ജാഗ്രുതി
പെരും പയർ	ICP 11289 & 8098
ഉഴുന്നു	T 9 &TAU 2
നിലക്കടല	ICGS 37 & 44 , TG3 & TMV2
സോയാബീൻ	EC 2661, ബ്രാഗ് & മാക് 58
എലം	സൂര്യ, തിലോത്തമ
കൈതച്ചക്ക	KEW, രാജ്ഞി, മൗറിഷ്യസ്
പ്ലാവ്	സിംഗപ്പൂർ, മുട്ടംവരിക്ക
മാവ്	സങ്കരയിനം 45, 87 & 151
പപ്പായം	ഹണിഡ്യൂ & CO8
റബ്ബർ	RR 11 300, RRIM 605 & PB 86
പച്ചക്കറി	വെള്ളാപി കുള്ളാപള വിത്തുല്പാദന കേന്ദ്രം, ITC & ഇന്ത്യോ-അമേരിക്കൻ

വൃക്ഷങ്ങൾ

മരങ്ങൾ ആഹാരം, കൊഴുപ്പു, പഴം, കാലിത്തീറ്റ, വളം, നാരു തുടങ്ങി മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങൾക്കുള്ള പലതും നൽകുന്നു. മനുഷ്യനു ഹാനികരമായ കാർബൺഡയോക്സൈഡ് വലിച്ചെടുത്തു ജീവന്റെ നിലനിൽപിനാവശ്യമായ ഓക്സിജൻ പുറത്തുവിടുന്നു. പരിസ്ഥിതി സംതുലിതാവസ്ഥ നിലനിർത്തുന്നതിനു മരങ്ങൾക്കു സുപ്രധാന പങ്കാണുള്ളത്.

മരങ്ങളെ നശിപ്പിക്കുന്നതു മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുത്തുകയും ജലസംരക്ഷണം താറുമാറാക്കുകയും പ്രകൃതിസംതുലിതാവസ്ഥ ഇല്ലാതാക്കുകയും ചെയ്യും. പഴയന്നൂർ നീർമറിപ്രദേശത്തു മരങ്ങൾ നശിപ്പിച്ചതിന്റെ ഫലമായിട്ടാണു വളരെയധികം മഴ ലഭിക്കുന്നുണ്ടെങ്കിലും വരൾച്ച അനുഭവപ്പെടുന്നതും ഭൂപ്രകൃതിയിൽ മാറ്റങ്ങൾ സംഭവിച്ചതും. അതുകൊണ്ടു മണ്ണിൽ ഈർപ്പം നിലനിർത്തി പ്രാദേശികാവശ്യങ്ങൾക്കുപകരിക്കുന്ന മരങ്ങൾ നട്ടുപിടിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. മരങ്ങളുടെ വേരുകൾ മഴവെള്ളത്തെ തടഞ്ഞു ഭൂഗർഭജലപുനർശേഖരണത്തെ സഹായിക്കുകയും കാപ്പിലറി പ്രവർത്തനങ്ങളിലൂടെ മണ്ണിൽ ഈർപ്പം നിലനിർത്തുകയും ചെയ്യും. ഈ പ്രദേശത്തിനനുയോജ്യമായതും കർഷകർക്കു താത്പര്യമുള്ളതും പെട്ടെന്നു വളർത്തിയെടുക്കാവുന്നതുമായ വൃക്ഷങ്ങൾ ചുവടെ ചേർക്കുന്നു.

കർമ്മ പരിപാടി

കേന്ദ്ര ഗ്രാമ വികസന വകുപ്പിന്റെ കീഴിലുള്ള കപാർടിന്റെ ധനസഹായത്തോടെ തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കോസ്റ്റുഫോർഡ് എന്ന സന്നദ്ധസംഘടനയാണ് 20 ലക്ഷം രൂപ ചെലവു വരുന്ന പദ്ധതി പഴയന്നൂർ പഞ്ചായത്തിൽ നടപ്പാക്കുന്നത്. 1992 മുതൽ നടക്കുന്ന പുതിയ വീടു പുതിയ നാടു ഭവന നിർമ്മാണ പദ്ധതിയുടെ ഫലമായി ജനങ്ങളുടെയിടയിൽ കോസ്റ്റുഫോർഡിനു മഹത്തായ സ്ഥാനമാണുള്ളത്. അതുകൊണ്ടുതന്നെ ജനപങ്കാളിത്തത്തോടെ നീർമറി പദ്ധതി നടപ്പാക്കുന്നതിനുള്ള സഹകരണം ജനങ്ങളിൽനിന്നും കോസ്റ്റുഫോർഡിനു ലഭിക്കുന്നത്.

പരിപാടി നടപ്പാക്കുന്നതിനു മുന്നോടിയായി പദ്ധതിയെക്കുറിച്ചുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. നീർമറി പ്രദേശത്തെ വിവിധ മേഖലകൾ തിരിച്ചുള്ള സ്വയം സഹായ ഗ്രൂപ്പുകളെ സംഘടിപ്പിച്ചു കൊണ്ടിരിക്കുകയാണിപ്പോൾ.

പരിശീലനം.

50 തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ഗ്രാമീണ കൃഷിസമ്പ്രദായങ്ങളെക്കുറിച്ചു മൈരാട, കോസ്റ്റുഫോർഡ്, വിവിധ സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നല്കും. നഴ്സറി, ടിഷ്യുകൾച്ചർ, മിത്രകീട കമ്പോസ്റ്റുത്പാദനം, ജൈവവള ഉത്പാദനം, ഉപയോഗം തുടങ്ങിയ മേഖലകളിലായിരിക്കും പരിശീലനം നല്കുക.

മണ്ണ്, ഈർപ്പ സംരക്ഷണം.

നീരൊഴുക്കു നിയന്ത്രിക്കാൻ മരങ്ങളുപയോഗിച്ചുള്ള തടയണ, ബണ്ടു നിർമ്മാണം അതിരുകളിൽ മരം വച്ചു പിടിപ്പിക്കൽ, മഴവെള്ള സംഭരണികളും, ഭൂഗർഭ ജല പുനർശേഖരണ പ്രവർത്തനങ്ങളും നടപ്പാക്കൽ. നിലവിലുള്ള കുളങ്ങൾ അറ്റകുറ്റ പണികൾ നടത്തി സംരക്ഷിക്കുകയും പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്യും. കുന്നിൻ ചെരുവി

പോകാതിരിക്കത്തക്ക വിധത്തിൽ തട്ടുകളുടെ അതിരുകൾ ഉയർത്തുക എന്നീ പ്രവർത്തനങ്ങളാണു നടപ്പിലാക്കാൻ പോകുന്നത്.

കുളങ്ങളുടെ അറ്റകുറ്റ പണികൾ

ഇപ്പോഴുള്ള 38 കുളങ്ങളിലെ ചെളി വാരി വൃത്തിയാക്കിയാൽ 0.022 MCM ജലം സംഭരിക്കാനാവും. ഇരുപ്പുനിലങ്ങൾ മുപ്പുനിലങ്ങളാക്കി മാറ്റുന്നതിനും ചെറുകിട കൃഷിക്കുപകരിക്കുന്നതുമായ 135 കുളങ്ങൾ നിർമ്മിക്കുവാനുള്ള സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. 180 ക്യൂബിക് മീറ്റർ വെള്ളം സംഭരിക്കാൻ കഴിയുന്ന 10*6*3 M വ്യാസമുള്ള കുളങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്. മൊത്തം 0.024 MCM ജലം സംഭരിക്കാനാവും.

ജല നിർഗ്ഗമന ചാലുകളിൽ മരങ്ങൾ നട്ടുപിടിപ്പിച്ച് നീരൊഴുക്കിന്റെ വേഗത കുറയ്ക്കുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. വിറകു, കാലിത്തീറ്റ, പച്ചിലവളം, പഴവർഗ്ഗങ്ങൾ എന്നിവ ഉൽപാദിപ്പിക്കുന്ന 50,000 വൃക്ഷങ്ങൾ അതിരുകളിലും നിർഗ്ഗമന ചാലുകളിലും നടുന്നതാണ്.


തടയണകൾ

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള തടയണകൾ നിർമ്മിക്കുന്നതിനു കൂടുതൽ വൈദഗ്ദ്ധ്യവും പണവും ആവശ്യമാണ്. അരുവികളുടെയും ചാലുകളുടെയും കുറുകെ 20 സെ.മീ. അകലത്തിൽ നടാൻ കഴിയുന്ന മരങ്ങൾ നട്ടുപിടുപ്പിച്ചു വെള്ളത്തിന്റെ ഒഴുക്കിനെ നിയന്ത്രിക്കുന്ന ചെലവു കുറഞ്ഞ രീതിയാണ് മരങ്ങളുപയോഗിച്ചുള്ള തടയണ നിർമ്മാണം (vegetative water checks). മുള, മട്ടി, പൊടിഞ്ഞി, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങളുപയോഗിച്ചു തടയണ നിർമ്മിക്കാനാവും. 50 മരങ്ങൾ വീതമുള്ള 500 തടയണ നിർമ്മിക്കുവാനുദ്ദേശിക്കുന്നു.

ലഗൂമിനസ് പുൽകൃഷി.

മനുഷ്യനു കോഴിയിറച്ചിയെന്നപോലെ പ്രിയപ്പെട്ട ആഹാരമാണ് മൃഗങ്ങൾക്ക് ലഗൂമിനസ് പുല്ലിനങ്ങൾ. ഇവ മണ്ണിൽ നൈട്രജൻ ഉറപ്പിക്കുകയും മണ്ണിന്റെ ധാതുപുഷ്ടി വർദ്ധിപ്പിക്കുകയും ചെയ്യും.

ACTION PLAN MAP OF PAZHAYANNUR WATERSHED



		WATER HARVESTING
PADDY FIELDS	BUND CULTIVATION/HEDGING AND GRASSING	FARM PONDS & DUGWELLS
ORCHARDS	REWORKING OF BASINS AND RENOVATION OF MINOR BUNDING	PONDING & BOREWELLS
RUBBER PLANTATIONS	INVERSING TERRACES, BASINS & LEGUMINOUS COVER CROPPING	PONDING & BOREWELLS
RESERVED FOREST	GRADONI, BUNDING, HEDGING & GRASSING; AND GAP FILLING	PONDING

BOUNDARY PLANTATION — FODDERS, FERTILIZERS AND FUELS

BIOVILLAGE CONCEPT — BIOFERTIGATION, BIOPESTICIDING AND BIOFARMING

Table 8. Work Plan

Financial: In Rs. Lakhs

Sl.No.	Activity	Year									
		96-97		97-98		98-99		99-2,000		Total	
		Phy	Fin	Phy	Fin	Phy	Fin	Phy	Fin	Phy	Fin
1.	Administration		0.6		0.6		0.4		0.4		2.0
2.	Community Organisation-Formulation of WA, SHG, PRA etc	Sorts	0.6	Sorts	0.2	Sorts	0.1	Sorts	0.1	Sorts	1.0
3.	Training	30	0.6	10	0.2	10	0.2	Nil	Nil	50	1.0
4.	Soil & Moisture Conservation		2.6		6.0		2.8		1.9		13.3
	a. Tank repairs	4 Big	0.4	6	0.2	5	0.2	5	0.2	20	1.0
	b. Farm ponds	5 Big	2.0	50	1.0	35	0.7	50	1.0	140	4.7
	c. Continuous gradoni in RF	Forest Department carries out as supporting activity									
	d. Vegetative approaches	Nil	Nil	50 ha	0.2	100 ha	0.4	100 ha	0.4	250 ha	1.0
	e. Vegetative waterchecks	Nil	Nil	100	0.2	100	0.2	50	0.1	250	0.5
	f. Perennial legume grassing	100 ha	0.2	100 ha	0.2	50 ha	0.1	–	–	250 ha	0.5
	g. Inversing slopes of Terraces & Basins	Nil	Nil	400 ha	2.0	Nil	Nil	Nil	Nil	400 ha	2.0
5.	Groundwater Exploitation		Nil		2.2		1.2		0.2		3.6
	a. Borewells	Nil	Nil	5	1.0	Nil	Nil	Nil	Nil	5	1.0
	b. Dugwells	Nil	Nil	25	1.0	25	1.0	Nil	Nil	50	2.0
	c. Bhujal ponds	Nil	Nil	10	0.2	10	0.2	10	0.2	50	0.6
6.	Productive Systems		0.6		1.0		0.5		0.6		2.7
	a. Crop Management Hybrid/HYV Seed Kits & Fruit Seedlings, etc	Sorts	0.3	Sorts	0.3	Sorts	0.1	Sorts	0.1	Sorts	0.8
	b. Distribution of small animals	"	0.1	"	0.2	"	0.1	"	0.1	"	0.5
	c. Distribution of ducklings & chicks	"	0.1	"	0.2	"	0.1	"	0.1	"	0.5
	d. Distribution of fingerlings	"	0.1	"	0.1	"	0.1	"	0.2	"	0.5
	e. Self help activities - Cottage Ind.	Nil	Nil	"	0.2	"	0.1	"	0.1	"	0.4
	Total		5.0		8.0		4.0		3.0		20.0

N.B. : Expenditure saved at one place goes to WCF. In every activity, Beneficiaries are anticipated to contribute upto 50%. Perennial legume grassing should be done in RF and plantations by themselves.

ഈ പുൽകൃഷിമൂലം 0.4 ടൺ/ഹെക്ടർ എന്ന അളവിൽ മണ്ണൊലിപ്പു തടയാൻ കഴിയും. ബണ്ടുകളിലും അതിരുകളിലും തരിശു ഭൂമിയിലും ലഗുമിനസ് പുല്ലിനങ്ങൾ കൃഷി ചെയ്യാം. കന്നുകാലി വികസനത്തിനു ഈ കൃഷി സഹായകമാകും. പാൽ, ഇറച്ചി എന്നിവയുടെ ഉത്പാദനവും വർദ്ധിപ്പിക്കാനാവും.

ഭൂഗർഭ ജലം ചൂഷണം ചെയ്യൽ.

നീർമറി പ്രദേശത്തു ലഭ്യമായ 2.349 MCM വെള്ളം മാത്രമേ കിണറുകളുടെയും കുഴൽ കിണറുകളുടെയും സഹായത്താൽ ഇപ്പോൾ ഉപയോഗിക്കുന്നുള്ളു. ഇത് 7% മാണ്. കുടിവെള്ളത്തിനും കാർഷികാവശ്യത്തിനുമായി 5 കുഴൽ കിണറുകളാണ് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. ഒരു മണിക്കൂറിൽ 20 ക്യൂബിക് മീറ്റർ ജലം പമ്പു ചെയ്യാൻ കഴിയുന്നതാണ് ഓരോ കുഴൽ കിണറും 5 * 20 cu.m/h*20h പമ്പിംഗ് * 365 ദിനം എന്ന കണക്കിൽ 0.73 ശതശ ജലം ഒരു വർഷത്തിൽ ഉപയോഗപ്പെടുത്തുകയെന്നതാണു ലക്ഷ്യം.

ചെറുകിട കർഷകർക്കു ഇരുപ്പൂ മുപ്പൂ കൃഷിക്കുപയോഗിക്കുവാൻ സഹായകമാകുമാറ് 50 കിണറുകൾ കുഴിക്കുവാനാണുദ്ദേശിക്കുന്നത്. 3 മീ. വ്യാസവും 6 മുതൽ 10 മീ. വരെ ആഴവുമുള്ള 50 കിണറുകളിൽ നിന്നും പ്രതിവർഷം 0.5 MCM ഭൂഗർഭ ജലം ചൂഷണം ചെയ്യാനാവും. ഭൂഗർഭ ജലം പരമാവധി ഉപയോഗിച്ചാൽ മഴക്കാലത്തു പുനർശേഖരണം നടക്കുകയും അതുവഴി ഉപരിതല നീരൊഴുക്കു കുറയുകയും ചെയ്യും.

ഉല്പാദനപ്രക്രിയ

അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങളുടേയും കാർഷികാസൂത്രണത്തേയും കുറിച്ച് ഇതിനകം പ്രതിപാദിച്ചുകഴിഞ്ഞു. 10 ഹെക്ടർ സ്ഥലത്ത് കരിമ്പു കൃഷി ചെയ്യുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതാണ്. ആവശ്യാനുസരണമുള്ള വിത്തിനങ്ങൾ ഉത്പാദിപ്പിക്കുക, ജൈവവളപ്രയോഗത്തിലൂടെ മണ്ണിന്റെ ധാതുപുഷ്ടി വർദ്ധിപ്പിക്കുക, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക, കാർഷിക ഉപകരണങ്ങളുടേയും യന്ത്രങ്ങളുടേയും ഉപയോഗം വർദ്ധിപ്പിക്കുക തുടങ്ങിയവക്കുള്ള പദ്ധതികൾ ഉത്പാദനവർദ്ധനവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചിട്ടുണ്ട്.

മൃഗസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

കാർഷിക മേഖലയിലെ വളർച്ചയുടെ ഫലമായി കാലിത്തീറ്റയുടെ ഉത്പാദനം വർദ്ധിക്കും. അതിനനുസൃതമായുള്ള കന്നുകാലി വികസന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. പാൽ, ഇറച്ചി, മുട്ട, എന്നിവയുടെ ദൗർലഭ്യം ഇല്ലാതാക്കുകയെന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഇറച്ചി ഉത്പാദനത്തിന് പന്നി, ആട്, മുയൽ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കും. സങ്കരയിനം കോഴികളെ ധാരാളമായി വളർത്തി മുട്ടയുടെ ഉത്പാദനം വർദ്ധിപ്പിക്കും. നീർമറിയുടെ ഭാഗമായി നിലവിൽവരുന്ന ഏതാണ്ട് അമ്പതോളം കുളങ്ങളിൽ ശാസ്ത്രീയമായ മത്സ്യകൃഷി നടത്തുന്നതാണ്. സന്നദ്ധസംഘടനകൾ സ്വയം സഹായസമിതികൾ, തൊഴിൽരഹിത യുവതീയുവാക്കൾ എന്നിവരെ കോർത്തിണക്കികൊണ്ട് പ്രാദേശികാവശ്യമുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുവാനുള്ള വ്യവസായശൃംഖലകളെ നീർമറി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തേനീച്ച വളർത്തൽ, എണ്ണ ഉത്പാദനം, കാലിത്തീറ്റ ഉത്പാദനം, ചെടികളുടെ നേഴ്സറി, കയറുല്പന്നങ്ങൾ, വിപണനം തുടങ്ങിയ മേഖലകളാണ് കണ്ടെത്തിയിട്ടുള്ളത്. ഇവയ്ക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ പ്രാദേശികമായി ലഭ്യമാണ്. പഞ്ചായത്തിൽ നടപ്പാക്കുന്ന നീർമറി പദ്ധതിയുടെ ലഘുചിത്രം മാപ്പിൽ കൊടുത്തിരിക്കുന്നു..

കൃഷി

മൃഗസംരക്ഷണം
മത്സ്യബന്ധനം

കൃഷി

ഭൂപരിഷ്ക്കരണ നിയമം നിലവിൽ വന്നതോടെ കേരളത്തിൽ നിലനിന്നിരുന്ന ജന്മി കുടിയാൻ സമ്പ്രദായം തകരുകയും പുതിയൊരു കാർഷിക ബന്ധം ഉടലെടുക്കുകയും ചെയ്തു. മറ്റു പ്രദേശങ്ങളിലെന്നപോലെ പഴയന്നൂരിലും ജന്മിമാരിൽ നിന്നും കൃഷിഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്ന കുടിയാന്മാർ ചെറുകിട കർഷകരായി മാറി.

കാർഷിക രംഗത്ത് ഇവിടെ സംഭവിച്ച മാറ്റം സംസ്ഥാനത്താകമാനം നടന്ന മാറ്റങ്ങളുടെ ഭാഗമായിട്ടു വേണം കാണാൻ വിശാലമായ നെല്പാടങ്ങളിൽ കൃഷി ചെയ്തിരുന്ന പഴയ സമ്പ്രദായങ്ങൾക്കു മാറ്റങ്ങൾ വന്നു. ഭൂമി തുണ്ടവല്ക്കരിക്കപ്പെട്ടു. അതുവരെ നിലനിന്നിരുന്ന ജലസേചന രീതികളിൽ മാറ്റം വന്നു. കാർഷിക മേഖലയുടെ അവിഭാജ്യഘടകമായിരുന്ന മൃഗസമ്പത്തിനു നാശം സംഭവിച്ചുതുടങ്ങി. അതിന്റെ ഫലമായി ജൈവ വളത്തിന്റെ ഉല്പാദനം കുറഞ്ഞു. മേച്ചിൽ സ്ഥലങ്ങൾ കുറയുകയും കാലി തീറ്റയുടെ ഉല്പാദനത്തിൽ വന്ന തളർച്ചയും മൃഗങ്ങളുടേയും വളർത്തു പക്ഷികളുടേയും എണ്ണത്തിൽ ഗണ്യമായ കുറവുവരുത്തി. കൃഷി അനാകർഷകമായി. കാർഷികേതര വരുമാനമുള്ളവരുടെ കൃഷിഭൂമിയിൽ കൃഷിയിറക്കാതായി. ജീവിത സൂചികയിൽ വന്ന വർദ്ധനവിനനുസരിച്ചു കർഷക തൊഴിലാളികൾക്കു കൂലി ലഭിക്കാതായപ്പോൾ കാർഷികേതര തൊഴിലുകളിലേക്കവർ കുടിയേറേണ്ടിവന്നു.

കേരളത്തിന്റെ സവിശേഷമായ വികസന പ്രക്രിയയുടെ ഫലമായി കാർഷിക മേഖലയിൽ മറ്റൊരു പ്രതിസന്ധി കൂടി കടന്നു വന്നു. സേവന തുറകളിലേ വളർച്ചയും വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങളും പരമ്പരാഗതമായ തൊഴിലുകളുപേക്ഷിച്ചു വെള്ളക്കോളർ ജോലികളിലേക്കു പുതിയ തലമുറയെ ആകർഷിച്ചു. വിദേശ തൊഴിലവസരങ്ങൾ കേരളത്തിൽ പുതിയൊരു സമ്പദ് ഘടനക്കു രൂപം നല്കി. ഭൂമിയുടെ വില കൂടി. നെല്പാടങ്ങൾ നികത്തി പുരയിടങ്ങളാക്കാനുള്ള പ്രവണത വർധിച്ചു. ഭൂമി തന്നെ ക്രയവിക്രയ ചരക്കായി മാറി.

പഴയന്നൂരും സമീപ പഞ്ചായത്തുകളും പൊതുവെ കാർഷിക മേഖലകളാണ്. നെൽപാടങ്ങളും കവുങ്ങും തെങ്ങും, നേന്ത്രവാഴയും, കുരുമുളകും, കശുമാവും പ്ലാവും മാവും നാനാജാതി പച്ചക്കറികളും ഫലവൃക്ഷങ്ങളും വൻമരങ്ങളും നിറഞ്ഞുനിന്നിരുന്ന സമ്പുഷ്ടമായ ഭൂമിയായിരുന്നു ഇവിടെ. നാടൻ വിത്തിനങ്ങളും ജൈവവളങ്ങളും പ്രകൃതി ദത്തമായ രോഗപ്രതിരോധ രീതികളും ജലസേചന സമ്പ്രദായങ്ങളും പ്രാചീന കൃഷിയുടെ അടിസ്ഥാന ഘടകങ്ങളായിരുന്നു.

മൂപ്പു കുറഞ്ഞ അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ പ്രചരിച്ചതോടുകൂടി പഴയ വിത്തുകൾ ഉപേക്ഷിക്കപ്പെട്ടു. ജൈവവളത്തിനു പകരം രാസവളം ഉപയോഗിക്കാൻ തുടങ്ങി. കീടരോഗങ്ങൾ കൂടിയതനുസരിച്ച് കീടനാശിനികളുടെ ഉപയോഗവും വർദ്ധിച്ചു. നിലങ്ങൾ ഉഴുകുന്നതിനു ട്രാക്ടറും ടില്ലറും നിലവിൽവന്നു.

രാസവളങ്ങളുടേയും കീടനാശിനികളുടേയും ഉപയോഗം വർദ്ധിച്ചതോടുകൂടി മണ്ണിര മിത്രകീടങ്ങൾ എന്നിവ മണ്ണിൽനിന്നും അപ്രത്യക്ഷമാകാൻ തുടങ്ങി. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ പ്രചരിച്ചതോടെ വയ്ക്കോലിന്റെ ലഭ്യതയും കുറഞ്ഞു. കാലിത്തീറ്റയുടെ ആഭ്യന്തര ഉല്പാദനം കുറഞ്ഞു. കന്നുകാലികളെ വളർത്തുന്നതു ലാഭകരമല്ലാതായി. കൃത്രിമ വളങ്ങളുടേയും കീട്നാശിനികളുടേയും വിലയും അടിക്കടി ഉയർന്നുകൊണ്ടിരിക്കുന്നു. കാർഷിക മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികൾ ഇതൊക്കെയാണ്.

പഴയന്നൂർ ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം(ഹെക്ടറിൽ)
നിലം	1277
പുരയിടം	2303
പുറമ്പോക്ക്	826
കൃഷിയോഗ്യ തരിശ്	75
കൃഷിയോഗ്യമല്ലാത്തതരിശ്	826
ആകെ	5307

1277 ഹെക്ടർ നിലം 2303 ഹെക്ടർ പുരയിടം എന്നി വിടങ്ങളിലായി നെല്ലു, തെങ്ങു, റബ്ബർ എന്നിവയാണ് പ്രധാന കൃഷിയിനങ്ങൾ 114 ഹെക്ടർ സ്ഥലത്തു കവുങ്ങു കൃഷി നടത്തുന്നതായി രേഖകളിൽനിന്നും മനസ്സിലാക്കാം. 170 ഹെക്ടർ സ്ഥലത്തു മരച്ചീനി കൃഷി ചെയ്യുന്നു. കശു മാവു കൃഷിയുടെ വിസ്തീർണ്ണം 120 ഹെക്ടറാണ്. പച്ച ക്കറി, നാണ്യ വിളകൾ, ഫലവൃക്ഷങ്ങൾ ഓരോന്നും 100 ഹെക്ടറിൽ താഴെ മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. പഞ്ചാ യത്തിലെ വിള വിസ്തീർണ്ണവും ഉൽപാദനവും സംബ ന്ധിച്ച അടിസ്ഥാന വിവരങ്ങൾ പട്ടിക1 ൽ നിന്നും മനസ്സി ലാക്കാം.

പട്ടിക 1
വിള വിസ്തീർണ്ണവും ഉൽപാദനവും (Ref. അടിസ്ഥാന വിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ഉല്പാദന ക്ഷമത (ഹെക്ടറിൽ)
നെല്ല്(ഒന്നാം വിള)	1277Ha	2142.806Mt	1.678T
നെല്ല് (രണ്ടാം വിള)	1077Ha	1922.445Mt	1.785T
നെല്ല് (മൂന്നാം വിള)	-	-	-
പയർ	26ha	33.8MT	1.3T/Ha
എള്ള്	10Ha	10MT	
പച്ചക്കറികൾ	40Ha	200MT	5T/Ha
തെങ്ങ്	748Ha	44.5MT	23nuts/Palm
വാഴ	90Ha	382.5MT	4.25T/Ha
മരച്ചീനി	170Ha	2432.53MT	14.309T/Ha
കുരുമുളക്	35Ha	9,45MT	270Kg/Ha
പ്ലാവ്	50Ha	-	-
കശുമാവ്	120Ha	22.5MT	450Kg/Ha
മാവ്	100Ha	200MT	2T/Ha
റബ്ബർ	800Ha	320MT	400Kg/Ha
കവുങ്ങ്	114Ha	1254MT	11,000Ha

റബ്ബർ കൃഷി

ഏതാണ്ട് 150 വർഷം മുമ്പു തന്നെ പഴയന്നൂരിൽ റബ്ബർ കൃഷി ചെയ്തിരുന്നുവെന്നാണ് മനസ്സിലാക്കുന്നത്. വെള്ള പ്പാറ ശാസ്ത്രികൾ എന്ന കർഷകരാണ് ആദ്യമായി റബ്ബർ കൃഷിയിൽ ഏർപ്പെട്ടിരുന്നത്. ഗ്രാമപഞ്ചായത്തിൽ 7339.87 ഏക്കർ കൃഷിഭൂമിയാണ് ആകെ ഉള്ളത്. ഇതിൽ 2670.20 ഏക്കർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തുവരുന്നു. അത്യു ല്പാദന ശേഷിയുള്ള RRII 105 ആണ് പ്രധാനമായും കൃഷി ചെയ്തുവരുന്നത്. GI-1 600 തുടങ്ങിയ ഇനങ്ങളും കൃഷി ചെയ്തുവരുന്നുണ്ട്. ചെറുകിട റബ്ബർ കൃഷിക്കാർക്ക് റബ്ബർ ബോർഡിന്റെ ധന സഹായം ലഭിച്ചുവരുന്നു. ഗ്രാമ പഞ്ചാ യത്തിലെ പ്രധാനമായ നാണ്യ വിളയാണ് റബ്ബർ. റബ്ബർ കൃഷിയിൽനിന്നും ലഭിക്കുന്ന വരുമാനമാണ് പഞ്ചായ ത്തിന്റെ സമ്പദ്ഘടന യിലെ പ്രധാന ഘടകം. ശരാശരി അഞ്ചു കോടി രൂപയുടെ ക്രയവിക്രയം നടക്കുന്നു. എന്നാണ് കണക്കാക്കപ്പെടുന്നത്. റബ്ബറിന്റെ വിലയിലുണ്ടാ കുന്ന ഏറ്റക്കുറച്ചിലുകൾ ഗ്രാമപഞ്ചായത്തിന്റെ സമ്പദ് ഘടനയെ സാര മായി ബാധിക്കുന്നു.

കൃഷിഭവൻ

പഴയന്നൂർ പഞ്ചാ യത്തു കൃഷിഭവൻ 31.8.87ലാണ് നിലവിൽ വന്നത്. കൃഷിഭവനി ലൂടെ നടപ്പാക്കുന്ന പദ്ധ തികളാണ് ചുടുവട ചേർക്കുന്നത്.

നെൽകൃഷി വികസന പദ്ധതികൾ പുതിയ ഇനം വിത്തു കൾ കൂട്ടുകൃഷി ചെയ്യുന്നതിനായുള്ളതാണ്. അംഗീകൃത വിത്തുല്പാദന പദ്ധതി ഇതിനായി രജിസ്റ്റർ ചെയ്ത ഗ്രൂപ്പ്

പട്ടിക 2
തെങ്ങ്കൃഷിയെ സംബന്ധിച്ച വിവരങ്ങൾ
തെങ്ങ് എണ്ണം രോഗം ബാധിച്ച തെങ്ങ്

വാർഡ് നമ്പർ	തെങ്ങ്കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8	9	10	11
I	31.97	3000	2596	5596	-	200	500	120	100	920
II	87.84	5237	10135	15372	-	100	370	210	450	2030
III	54.80	4361	5230	9591	-	837	215	171	575	1798
IV	42.48	4315	3120	7435	-	536	410	87	127	1160
V	84.71	5267	9558	14825	-	634	343	187	636	1800
VI	20.22	2347	1192	3539	-	415	287	104	215	1021
VII	41.76	3106	4201	7307	-	421	186	88	175	870
VIII	35.73	1136	5117	6253	-	237	159	97	215	708
IX	104.57	8301	10000	8301	-	431	217	108	347	1103
X	39.69	2941	4006	6947	-	375	195	117	431	1118
XI	84.44	5793	8983	14778	-	1258	375	202	396	2231
XII	59.61	4817	5616	10433	-	897	436	196	575	2104
XIII	60.18	1119	9404	10523	-	920	347	176	437	1880

ഫാമിംഗ് സമിതികൾക്ക് കൃഷി വകുപ്പിൽനിന്നും സൗജന്യമായി നെൽവിത്ത് നല്കും. ശാസ്ത്രീയ കൃഷി നടത്തിയുണ്ടാക്കുന്ന നെൽവിത്ത് തുടർന്നു വരുന്ന കൃഷിക്കായി ഉപയോഗിക്കുന്ന പദ്ധതിയാണിത്. നെൽകൃഷിയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് സമിതികൾ മുഖേന 50% സബ്സിഡി നിരക്കിൽ ട്രാക്ടർ, ടില്ലർ മെതിയന്ത്രം എന്നിവ നൽകി വരുന്നു.

ഓരോ പൂവിലും നെൽകൃഷി ചെയ്യുന്നവർക്ക് സമിതി മുഖേന ഉത്പാദന ബോണസ് ഹെക്ടറിന് 250രൂപ എന്ന നിരക്കിൽ വിതരണം ചെയ്യുന്നു. നെൽകൃഷിക്കു മാത്രമായി ഉപയോഗിക്കുന്ന മോട്ടോറിന്റെ വൈദ്യുതി ചാർജ് സൗജന്യമാക്കിയിട്ടുണ്ട്. യന്ത്രവൽക്കരണവും ശാസ്ത്രീയ പരിചരണവും നടപ്പിലാക്കിയാൽ ഉത്പാദന ക്ഷമത ഇപ്പോഴുള്ള 2600 കിലോയിൽ നിന്നും 3500 കിലോയായി വർദ്ധിപ്പിക്കാനും കൃഷിചിലവിൽ ഹെക്ടറിന് 1000 രൂപയുടെ കുറവ് ഉണ്ടാക്കുവാനും സാധിക്കും.

തെങ്ങ്

തെങ്ങ് സമഗ്രനാളികേര വികസന പദ്ധതി

ഗ്രൂപ്പ് മാനേജ്മെന്റ് പദ്ധതിയുടെ ഭാഗമായി കേര സമിതി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. ചുരുങ്ങിയത് 30 സെന്റ് സ്ഥലം കൈവശമുള്ള കർഷകന് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാണ്. വായ്പാ ബന്ധിതമായോ അല്ലാതെയോ കിണറുകൾ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും 33 1/3 സബ്സിഡിയോ പരമാവധി 2500 രൂപയോ നല്കും. തെങ്ങിനെ മരുന്നു തളിക്കുന്നതിനായി ചവിട്ടുപമ്പിന് 1000 രൂപ സബ്സിഡിയും തെങ്ങു കയറ്റ യന്ത്രങ്ങൾക്ക് 50% സബ്സിഡിയോ ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതിക്ക് 50% സബ്സിഡിയോ പരമാവധി 10000 രൂപയോ നല്കും. കൂടാതെ പച്ചിലവളച്ചെടിയുടെ വിത്ത് 50% സബ്സിഡിയിൽ വിതരണം ചെയ്യുന്നു.

നടീൽ വസ്തുക്കൾ

1996ൽ കൃഷിഭവനിലൂടെ 30 t x d തെങ്ങിൽ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. ഒരു തെങ്ങിൽ നിന്നുള്ള നാളികേര ഉത്പാദനം 40 തേങ്ങയിൽനിന്നും 70 തേങ്ങയായി വർദ്ധിപ്പിക്കുവാനുള്ള പദ്ധതിയാണിത്.

കുരുമുളക്

കുറഞ്ഞത് 50 സെന്റ് കൃഷിഭൂമിയുള്ള കൃഷിക്കാർക്ക് പുതിയതായി കുരുമുളക് വച്ചു പിടിപ്പിക്കുന്നതിന് 3 വർഷത്തേക്ക് രാസവളങ്ങളും കീടനാശിനിയും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. കുരുമുളക് കൃഷി വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്.

നടീൽ വസ്തുക്കളുടെ വിതരണം

പദ്ധതി പ്രകാരം 12420 വേരുപിടിപ്പിച്ച കുരുമുളകു വള്ളികൾ കൃഷി ഭവനിലൂടെ 1996ൽ വിതരണം ചെയ്തിട്ടുണ്ട്. കുരുമുളക് കൃഷി വികസനത്തിനുള്ള വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിയാൽ കുരുമുളകുല്പാദനം ഹെക്ടറിന് 250 കിലോ ആയി വർദ്ധിപ്പിക്കുവാനാകും.

പട്ടിക 3

നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്	-	1263	30
കശുമാവ്	400	400	320
കുരുമുളക്	3500	9500	12420
കവുങ്ങ്	-	-	-

കവുങ്ങ് കൃഷി

കവുങ്ങ് കൃഷിയുടെ ഉത്പാദനക്ഷമതയെ ബാധിക്കുന്ന മഹാളിരോഗം നിയന്ത്രിക്കുന്നതിനായി സബ്സിഡി നിരക്കിൽ തുരിശ് വിതരണം ചെയ്യുന്നു. 1996ൽ കൃഷിക്കാർക്കായി വിതരണം ചെയ്തിട്ടുണ്ട്. ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ പമ്പ്സെറ്റ്, കിണർ എന്നിവയ്ക്ക് സബ്സിഡി കൂടാതെ ചവിട്ടുപമ്പ് 50% സബ്സിഡിയിൽ ലഭ്യമാക്കുന്നു. കവുങ്ങിന്റെ ഉത്പാദന ക്ഷമത 500 അടയ്ക്കയിൽ നിന്നും 700 അടയ്ക്കയായി വർദ്ധിപ്പിക്കുവാനുള്ള പദ്ധതിയാണിത്.

പച്ചക്കറി കൃഷി

വിദ്യാർത്ഥികളെ പച്ചക്കറിയിൽ താല്പര്യമുള്ളവരാക്കുന്നതിനുവേണ്ടി സൗജന്യമായി പച്ചക്കറി വിത്ത് വിതരണം ചെയ്തുവരുന്നു. പച്ചമുളക് കൃഷിക്കും പ്രോത്സാഹനം നൽകിവരുന്നു. ഈ കൃഷിക്ക് കൂടുതൽ പദ്ധതികൾ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. പച്ചക്കറി ഉത്പാദനം ഏകദേശം ഹെക്ടറിന് 2800 കിലോ ആയി വർദ്ധിപ്പിക്കുവാൻ സാധിക്കും.

പട്ടിക 4

രാസവള കീടനാശിനി വിപണനം

ക്രമ നമ്പർ	സ്ഥാപനത്തിന്റെപേര്	1993-94			1994-95			1995-96		
		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
		കി.ഗ്രാം.	ദ്രവം	ഖരം	കിഗ്രാം	ദ്രവം	ഖരം	കിഗ്രാം	ദ്രവം	ഖരം
1	2	3	4	5	6	7	8	9	10	11
	സഹകരണം സ്വകാര്യം	725T	106Lt	574Kg	425T 1055T	112Lt	1420Kg	391T 2000T	3Lt 140Lt	45Kg 1157Kg

ഫലവർഗ്ഗകൃഷി

ഫലവർഗ്ഗകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടീൽ വസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. ഈ സാമ്പത്തിക വർഷത്തിൽ 100 ഗ്രാമ്പൂ തൈകളും 20 കറുവാപ്പട്ട തൈകളും വിതരണം ചെയ്തു. കഴിഞ്ഞ വർഷം 100 ഒട്ടുമാവിൻ തൈകളും ചാമ്പ, പേര, നില്ലി, മാതളം എന്നീ തൈകളും വിതരണം ചെയ്യുകയുണ്ടായി.

പ്രത്യേകഘടക പദ്ധതി

പ്രത്യേക പദ്ധതി പ്രകാരം ഹരിജനങ്ങൾക്ക് കിണർ കുഴിക്കുവാൻ 6000/- രൂപ സബ്സിഡി. കോളനികളിൽ കാർഷികോപകരണങ്ങൾ പമ്പുസെറ്റുകൾ മുതലായവക്ക് കൂടുതൽ ധനസഹായം ലഭ്യമാണ്. ഹരിജനങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുവാൻ 8900 രൂപ സബ്സിഡി.

പട്ടിക 5
ദുരിതാശ്വാസ വിതരണം

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം				ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾ പൊട്ടൽ		
1993-94	-	-	-	-	-	
1994-95	64HA	-	-	-	596	Rs 33100
1995-96	-	-	-	-	-	

പ്രകൃതി ദുരിതാശ്വാസം

പ്രകൃതി ക്ഷോഭം മൂലം കാർഷിക വിളകൾ നഷ്ടപ്പെടുന്ന കൃഷിക്കാർക്ക് നഷ്ടപരിഹാരതുക നല്കുന്ന പദ്ധതിയാണിത്.

സുഗന്ധവിള വികസന പദ്ധതി

പദ്ധതി പ്രകാരം 25 സെന്റ് സ്ഥലത്ത് ഇഞ്ചി കൃഷി നടത്തുന്ന കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ കീടനാശിനി വിതരണവും കൃഷിക്ക് സാമ്പത്തിക സഹായവും നൽകുന്നു.

കൃഷിയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം

തെങ്ങുകൃഷിക്ക് പ്ലാസ്റ്റിക്കിന്റെ ഉപയോഗം

തെങ്ങുകൃഷിക്ക് ശാസ്ത്രീയമായി കണിക ജലസേചനം നടപ്പിലാക്കുവാൻ 50% സബ്സിഡി ഹെക്ടറൊന്നിനു പരമാവധി 15000/- രൂപയാണ് സബ്സിഡി. കണികജല സേചനം വഴി തെങ്ങിന്റെ ഉൽപാദനം ശരാശരി ഒരു തെങ്ങിന് 70 നാളികേരമായി വർദ്ധിപ്പിക്കാം. ഉദ്യാനകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഓർക്കിഡ് ആന്തൂറിയം കൃഷിക്കായി നഴ്സറി നിർമ്മിക്കുവാൻ 50% സബ്സിഡി.

വിള ഇൻഷ്വറൻസ്പദ്ധതി

നിശ്ചിത പ്രീമിയം അടച്ച് വിവിധ കാർഷിക വിളകൾ ഇൻഷർ ചെയ്യുന്ന കൃഷിക്കാർക്ക് വിളനാശം സംഭവിക്കുന്ന പക്ഷം ഇൻഷ്വറൻസ് ആനുകൂലം ലഭ്യമാക്കുന്നു.

യുവജന തൊഴിൽദാന പദ്ധതി പ്രകാരം കൃഷി ഭവനിൽനിന്നും അംഗത്വം നേടിയിട്ടുള്ള യുവജനങ്ങൾക്ക് വിവിധ കൃഷികൾക്കായി ആനുകൂല്യങ്ങൾ നൽകിവരുന്നു. മൃഗസംരക്ഷണ വകുപ്പ് ക്ഷീരോൽപ്പാദന വകുപ്പ് ഇവയിൽ നിന്നുള്ള പദ്ധതിയുടെ ആനുകൂല്യങ്ങൾക്കും ഇവർ അർഹരാണ്. ബയോഗ്യാസ് വികസന പദ്ധതി പ്രകാരം ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് സബ്സിഡിയും നൽകുന്നു.

മണ്ണുപരിശോധന

ശാസ്ത്രീയമായ വളപ്രയോഗം ഉറപ്പുവരുത്തുന്നതിന് കൃഷി വകുപ്പ് മുഖേന മണ്ണുപരിശോധന സൗജന്യമായി ചെയ്തുകൊടുക്കുന്നു. മണ്ണുപരിശോധനയുടെ ഫലത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയ വളപ്രയോഗത്തിലൂടെ അമിതമായതും അപര്യാപ്തവുമായ വളപ്രയോഗം ഒഴിവാക്കുവാൻ സാധിക്കും.

പട്ടിക 6
കാർഷികോപകരണങ്ങൾ

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ			മെതിയന്ത്രം	തെങ്ങുകയറ്റ യന്ത്രം	ഷോർട്ടബിൾ പമ്പുസെറ്റ്
	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാപ്സ്റ്റാക്ക് സ്പ്രെയർ	മറ്റുള്ളവ			
1	2	3	4	5	6	7	8	9	10
	7 Nos	-	130 Nos	30 Nos	159 Nos	6 Nos	1	6 Nos	189 Nos

നടപ്പുപദ്ധതികളുടെ അവലോകനം

തെങ്ങുകൃഷി വികസന പദ്ധതിപ്രകാരം 95-96ൽ ലഭിച്ച ഒരു ലക്ഷം രൂപ പഞ്ചായത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി തുടരേണ്ടതും പദ്ധതി വിഹിതം എല്ലാ വർഷവും കൃത്യസമയത്തു നല്കേണ്ടതുമാണ്.

നെൽകൃഷി വികസനം പ്രോത്സാഹിപ്പിക്കുവാനായി യന്ത്രവൽക്കരണം നല്ല രീതിയിൽ നടത്തുവാൻ കൊയ്ത്ത് മെതിയന്ത്രങ്ങൾ സബ്സിഡി നിരക്കിൽ ആവശ്യാനുസരണം ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ കുമ്മായം, കീടനാശിനികൾ ഇവ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം, വളപ്രയോഗം ശാസ്ത്രീയമായി ചെയ്യുന്നതിനു കർഷകനെ പരിശീലിപ്പിക്കണം. ഇതിന് ആവശ്യമായ ഫണ്ട് ലഭിക്കാറില്ല.

ഗ്രാമസഭ : പഞ്ചായത്ത് തല നിർദ്ദേശങ്ങൾ

1 കൃഷിഭവന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും വിപുലവുമാക്കേണ്ടതാണ്.

2 എളനാട് ഭാഗത്ത് കൃഷി ഭവന്റെ സബ്ബ് സെന്റർ സ്ഥാപിക്കേണ്ടതാണ്.

3 കൃഷിഭവൻ മുഖാന്തിരമുള്ള നടീവസ്തുക്കൾ, കീടനാശിനി എന്നിവയുടെ വിതരണം വിപുലീകരിക്കേണ്ടതാണ്.

4 സീഡ് ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി എല്ലാവിധ വിത്തിനങ്ങളും ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സംവിധാനം ഉണ്ടാകേണ്ടതാണ്. വിത്തുകളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

5 ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം കാര്യക്ഷമമാക്കേണ്ടതാണ്.

6 നെൽകൃഷി ലാഭകരമായി കൊണ്ടുപോകേണ്ടതിന് കൂട്ടുകൃഷി സമ്പ്രദായത്തിന് ഊന്നൽ കൊടുക്കേണ്ടതാണ്. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കണം. ഇതിനായി വായ്പ സൗകര്യം വിപുലപെടുത്തണം. കൂടാതെ രാസവള പ്രയോഗം മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം പ്രോത്സാഹിപ്പിക്കണം. പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം . ജൈവവളത്തിന് പ്രാധാന്യം കൊടുക്കേണ്ടതാണ്. ഇതിന് നിലവിലുള്ള സമിതികൾ മുഖാന്തിരം കംമ്പോസ്റ്റ് നിർമ്മാണം പ്രോത്സാഹിപ്പിക്കണം. പച്ചിലവള ചെടിയുടെ ഉപയോഗം വ്യാപകമാക്കണം.

7 നമ്മുടെ പഞ്ചായത്തിലേയ്ക്കു ആവശ്യമുള്ള നല്ലയിനം വിത്തുകൾ പാടശേഖരസമിതികൾ മുഖാന്തിരം ഉണ്ടാക്കി, സംഭരിച്ച് വിതരണം ചെയ്യുവാൻ വേണ്ട പ്രോത്സാഹനം കൊടുക്കേണ്ടതാണ്.

8 വൃക്ഷവിളകൾക്ക് പ്രാധാന്യം കൊടുത്ത് ഇടവിളകൾ പ്രോത്സാഹിപ്പിച്ച് ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികൾക്ക് രൂപകല്പന ചെയ്യണം.

9 കൃഷിയോഗ്യമായ തരിശു നിലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുവാൻ വേണ്ട പദ്ധതികൾ നടപ്പിലാക്കാം. കൂടാതെ നാണ്യവിളകൾക്ക് പ്രോത്സാഹനം കൊടുക്കേണ്ടതാണ്.

10 ജലസേചന ജലനിർഗ്ഗമന മാർഗ്ഗങ്ങൾ വിപുലപ്പെടുത്തേണ്ടതാണ്. ഇതിനായി നിലവിലുള്ള തോടുകൾ കുളങ്ങൾ മുതലായവ സംരക്ഷിച്ചു പാടശേഖരസമിതികൾ കേരസമിതി എന്നിവ മുഖാന്തിരം ജലസേചന ജലനിർഗ്ഗമന സൗകര്യങ്ങൾ വർദ്ധിപ്പിക്കാം.

11 മൂന്നാം വിള ഇറക്കാത്ത നെൽപാടങ്ങളിൽ പയറ് കൃഷി, എള്ള്, പച്ചക്കറി കൃഷി മുതലായവ പ്രോത്സാഹിപ്പിച്ച് ഉദ്പാദന ക്ഷമത വർദ്ധിപ്പിയ്ക്കാം. നൂതന കൃഷികളായ പൂകൃഷി, കൂൺകൃഷി, ഔഷധ സസ്യകൃഷി മുതലായവ വ്യാപിപ്പിക്കണം. ഇതിനായി ആദ്യപടി എന്ന നിലയിൽ ഈ കൃഷികൾ മഹിളാ സമാജങ്ങൾ പോലുള്ള സന്നദ്ധസംഘടനകൾ വഴി പ്രോത്സാഹിപ്പിക്കണം.

12 വാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകണം. ഇതിനായി നല്ലിയനം വാഴകന്നുകൾ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന്റെ ആവശ്യകതയ്ക്കു മുൻതൂക്കം നൽകണം.

13 വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്ക് വായ്പാ സൗകര്യങ്ങൾ വിവിധ ധനകാര്യ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കേണ്ടതിന് ഊന്നൽ നൽകേണ്ടതാണ്.

14 ചീരക്കുഴി പുഴയിൽ കോടത്തൂർ ഭാഗത്ത് കൂട്ടിലമുക്കിൽ ഒരു ബ്രിഡ്ജ് കം റഗുലേറ്റർ നിർമ്മിക്കുവാൻ ഏറ്റവും മുന്തിയ പരിഗണന നല്കേണ്ടതാണ്.

15 ചീരക്കുഴി ഡാമിന്റെ അടിക്കണ്ണ തുറക്കേണ്ടതും ഡാമിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുമാണ്. ചീരക്കുഴി ഡാമിൽനിന്നുള്ള മെയിൻ കനാൽ കാലാകാലം അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതും പഞ്ചായത്തിലെ ആവശ്യമായ വാർഡുകളിലെല്ലാം സബ്ബ് കനാലുകൾ പണിയുകയും നിലവിലുള്ള സബ്ബ് കനാലുകൾ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുമാണ്.

16 കോടത്തൂർ ലിഫ്റ്റ് ഇറിഗേഷന്റെ പമ്പ് ഹൗസിലെ കാര്യക്ഷമമല്ലാത്ത മോട്ടറുകൾ മാറ്റി പുതിയവ സ്ഥാപിക്കേണ്ടതാണ്.

വാർഡ് തല നിർദ്ദേശങ്ങൾ

1 1-ാം വാർഡിന്റെ പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് ഒഴുകുന്ന പുനം തോട് കെട്ടി സംരക്ഷിച്ചും ആവശ്യമായ സ്ഥലങ്ങളിൽ തടയണ നിർമ്മിച്ചും നെൽകൃഷിക്ക് വെള്ളം ലഭ്യമാക്കാം.

2 1-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന വെള്ളാർകുളം സംരക്ഷിച്ച് കൃഷിക്ക് വെള്ളം ലഭ്യമാക്കണം.

3 1-ാം വാർഡിൽ കല്ലംകുളത്ത് ഫോറസ്റ്റിൽനിന്നും ഒഴുകി വരുന്ന ജലം തടയണകെട്ടി സംരക്ഷിച്ചു നിർത്തി ജലസേചന സൗകര്യം മെച്ചപ്പെടുത്താവുന്നതാണ്.

4 2-ാം വാർഡിൽ ശ്മശാനം ലിഫ്റ്റ് ഇറിഗേഷൻ പണി പൂർത്തീകരിച്ചാൽ 168 ഏക്കർ സ്ഥലത്ത് ജലസേചന സൗകര്യം ലഭിക്കുന്നതാണ്.

5 2-ാം വാർഡിലുള്ള നാല് തടയണകൾ ഉപയോഗപ്രദമാക്കുക.

6 2-ാം വാർഡ് പാറക്കോട്ടുകുളം, സ്വർണ്ണകുളം എന്നിവ ആഴംകൂട്ടി സംരക്ഷിച്ച് ജലസേചന സൗകര്യം ഉണ്ടാക്കുക

7 3-ാം വാർഡിൽ വില്പാദ്രി പദ്ധതി II പ്രകാരം ജല സേചന സൗകര്യം മിച്ചഭൂമിയിലേക്ക് എത്തിക്കുക.

8 4-ാം വാർഡിലെ കോടത്തൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പോരായ്മകൾ പരിഹരിച്ച് പൂർണ്ണമായും ഉപയോഗപ്പെടുത്തുക

9 4-ാം വാർഡിലെ ശിവക്ഷേത്രകുളം കെട്ടി സംരക്ഷിച്ച് ജലസേചനസൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്.

10 5-ാം വാർഡിലെ കുട്ടാടൻ തോട് കെട്ടി സംരക്ഷിച്ച് ചെക്ക് ഡാമിന് ചീർപ്പ് ഇടുക.

11 5-ാം വാർഡിലെ തോടുകളുടെയും കനാലുകളുടേയും കയ്യേറ്റം ഒഴിപ്പിച്ച് ജലസംഭരണ ശേഷി വർദ്ധിപ്പിക്കുക

12 6-ാം വാർഡിലേക്ക് കോടത്തൂർ ലിഫ്റ്റ് ഇറിഗേഷനിൽ നിന്ന് ജലസേചനത്തിന് കനാൽ, സൗകര്യം വർദ്ധിപ്പിക്കുക.

13 6-ാം വാർഡിൽ കല്ലേപ്പാടം തോട് കുന്നംപുള്ളി തോട് എന്നിവകെട്ടി സംരക്ഷിച്ച് തടയണകൾ കെട്ടി ജലം സംഭരിച്ച് കൃഷിക്ക് ഉപയോഗപ്രദമാക്കേണ്ടതാണ്.

14 6-ാം വാർഡിലെ നീലിച്ചിറ, തേവർകുളം എന്നിവ കെട്ടിസംരക്ഷിച്ച് ജലസംഭരണശേഷി വർദ്ധിപ്പിക്കുക.

15 7-ാം വാർഡിൽ കില്ലേപ്പാടം തോടിന്റെ തോട്ടുപാലം പാറക്കടവ് എന്നീ ഭാഗങ്ങളിൽ തടയണകൾ കെട്ടി സംരക്ഷിക്കാവുന്നതാണ്.

16 8-ാം വാർഡിലെ തോണിക്കുണ്ട് എക്കാലത്തും വെള്ളം ലഭിക്കുന്ന ഒരു സ്രോതസ്സാണ്. അത് സംരക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

17 8-ാം വാർഡിലെ മൂന്ന് ഏക്കർ വലിപ്പമുള്ള ചെമ്പാകുളം ഒരു ഏക്കർ വലിപ്പമുള്ള ചേന്നാൻകുളം, ചുവന്നമണ്ണ് ചോല, എന്നിവ സംരക്ഷിക്കേണ്ടതാണ്.

18 8-ാം വാർഡിൽ മാട്ടിൻ മുകൾകുളം സംരക്ഷിച്ച് ജലസേചന സൗക്ര്യം വർദ്ധിപ്പിക്കേണ്ടതാണ്.

19 8-ാം വാർഡിലെ കൂച്ചിറ-ചെമ്മാട്ട് കുളമ്പ് തോട്ടിൽ തടയണകെട്ടി ജലസേചന സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

20 9-ാം വാർഡിലേക്ക് കോടത്തൂർ ലിഫ്റ്റ്ഇറിഗേഷന്റെ ഗുണം ലഭിക്കുമാറ് സംവിധാനം ഉണ്ടാകേണ്ടതാണ്.

21 9-ാം വാർഡിലെ നെല്ലുകുത്താംകുളം, പട്ടിയത്തുകുന്നുകുളം, പേഴം ചിറകുളം, നന്നാട്ടുകുളം എന്നിവ സംരക്ഷിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്.

22 9-ാം വാർഡിലെ പൊറ്റതോട്ടിൻ അറബി തങ്ങൾ ജാറം ഭാഗത്ത് തടയണ കെട്ടി ജലം സംഭരിക്കണം.

23 10-ാം വാർഡിലെ വെന്നൂർ കുഴിക്കല കുളമ്പിൽ നിന്നും ആരംഭിക്കുന്ന തോടിന്റെ ഇരുവശവും കെട്ടി പല ഭാഗങ്ങളിലായി തടണകൾ കെട്ടി ജലം സംഭരിക്കുക

24 10-ാം വാർഡിലെ ഞാറക്കൽ കുളമ്പിലെ ചെക്ക് ഡാമിന്റെ സംഭരണ ശേഷി കൂട്ടുക

25 10-ാം വാർഡിലെ ചെരിച്ചാം കുളമ്പ് പനംകുളമ്പ് എന്നീ വനപ്രദേശങ്ങളിൽ ചെക്ക് ഡാം നിർമ്മിച്ച് ജലം സംഭരിക്കാവുന്നതാണ്.

26 10-ാം വാർഡിൽ ചൂലിപ്പാടം തോട്ടിൽ ചെക്ക് ഡാം നിർമ്മിക്കുക. 11-ാം വാർഡിൽ ചേപ്പയിലും മാപ്പിള കുളമ്പിലുമുള്ള ഉപയോഗശൂന്യമായി കിടക്കുന്ന ചെക്ക് ഡാമുകൾ പ്രവർത്തന ക്ഷമമാക്കുക.

27 11- ാം വാർഡിൽ വനഭൂമിയിൽ ആനച്ചാലിലും ഊന്തിങ്ങൽ കുണ്ടിലും കുട്ടാടൻചിളയിലും ചെക്ക് ഡാമുകൾ നിർമ്മിക്കുക.

28 11-ാം വാർഡിൽ ചൂലിപ്പാടം, ആനച്ചാൽ ചേപ്പം, പരുത്തിപ്ര, മീനീക്ഷിപത്ത്, ചീപ്പാറ, മുത്തലാംകോട് എന്നിവിടങ്ങളിൽ തടയണകെട്ടുക.

29 12-ാം വാർഡിൽ തിരുമണികുളം, ചാക്കുളം കുതിരാൻകുളം എന്നിവ ആഴം കൂട്ടികെട്ടി സംരക്ഷിക്കേണ്ടതാണ്.

30 12-ാം വാർഡിൻ കിഴക്കംമുറി സ്വകാര്യ വ്യക്തിയുടെ കൈയ്യിലിരിക്കുന്ന പഞ്ചായത്തു കുളമായ കാട്ടുകുളം തിരിച്ചെടുത്ത് ആഴം കൂട്ടി സംരക്ഷിക്കേണ്ടതാകുന്നു.

31 12-ാം വാർഡിലെ കിഴക്കുംമുറി തോട്ടിൻ ചാളാത്തു കുളമ്പിലും എപ്പാറയിലും തടയണകൾ കെട്ടി വെള്ളം സംഭരിച്ച് ജലസേചനം ചെയ്യുക

32 12-ാം കാനാശ്ശേരി തോട്ടിൽ വാക്യപ്പാടത്ത് തടയണ കെട്ടുക

33 13-ാം വാർഡിൽ ഫോറസ്റ്റിലുള്ള തേനാഴിക്കുളം ആഴം കൂട്ടി കെട്ടി സംരക്ഷിച്ച് ജലസേചനം ഏർപ്പെടുത്തുക

34 13-ാം വാർഡിൽ മണ്ണൂത്തിപ്പാറ, പാത്രക്കല്ല് തൃക്കണായ ശീമാം കുളമ്പ്, കരിയാർകോട് തടയണ കെട്ടി ജലസേചന സൗകര്യം ഏർപ്പെടുത്തുക

35 പഞ്ചായത്തിലെ 8,9,10,11,12,13 എന്നീ വാർഡുകളിൽ കൃഷി ഇടങ്ങളിൽ കാട്ടുപന്നി മുതലായ വന്യമൃഗങ്ങൾ വ്യാപകമായ തോതിൽ കൃഷി നശിപ്പിക്കുന്നുണ്ട്. ഇവയിൽനിന്നും കൃഷി സംരക്ഷിക്കുന്നതിനുള്ള നടപടികൾ എടുക്കുക

മൃഗസംരക്ഷണം മത്സ്യബന്ധനം

ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനമുടക്കിൽ കൂടുതൽ സമ്പദ് വർദ്ധനവിന് ഉതകുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണമേഖല. മൃഗസംരക്ഷണമേഖലയ്ക്ക് കൂടുതൽ പ്രോത്സാഹനം നൽകുകയാണെങ്കിൽ ജൈവവളലഭ്യത കൂടുന്നതുനിമിത്തം, കാർഷിക മേഖലയും ഉൽപ്പാദനവും വർദ്ധിക്കും. മൃഗസംരക്ഷണമേഖലയുടെ വികസനം, പാൽ, മുട്ട, മാംസം എന്നീ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന വർദ്ധനവ്, വെറ്റിനറി സർവ്വീസിന്റെ വികസനം, ആധുനിക വൽക്കരണം, ആസൂത്രണം എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ്. കഴിഞ്ഞകാലയളവിൽ, പാലിന്റെ ഉൽപാദനത്തിലും ഉപഭോഗത്തിലും കൈവരിച്ച വളർച്ച അസൂയാവഹമാണ്. നാടൻ പശുക്കളുടെ ഉൽപ്പാദനം 30% മാത്രം വർദ്ധിച്ചപ്പോൾ ഉയർന്ന ജനിതകഗുണമുള്ള സങ്കരയിനം പശുക്കളിൽ നിന്നുള്ള ഉൽപ്പാദനം 80 % വരെ ഉയരുകയുണ്ടായി. കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവ് ജനിതക ഗുണമേന്മ വർദ്ധനവും ഉൽപ്പാദനക്ഷമതാ വർദ്ധനവും സാധ്യമാക്കാൻ നമുക്കുകഴിഞ്ഞു.

കോഴിയിറച്ചിയുടെയും കോഴിമുട്ടയുടെയും ആഭ്യന്തര ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിലധിഷ്ഠിതമായ ആഭ്യന്തര ഉൽപ്പാദനം ഇനിയും സാധിച്ചിട്ടില്ല. കേരളത്തിന്റെ മാംസോൽപ്പാദനത്തിനുള്ള മൃഗങ്ങളിൽ 85-90% അന്യസംസ്ഥാനങ്ങളിൽനിന്നാണ് വരുന്നത്. ക്രയവിക്രയം ചെയ്യുന്ന സമ്പത്തിന്റെ ഏറിയപങ്കും സംസ്ഥാനത്തിന്റെ പുറത്തുപോകുന്നു. അതുകൊണ്ട് സ്വയം പര്യാപ്തതക്കു തകുന്ന, അതിന് മുൻതൂക്കം നൽകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പക്ഷം, ഈ സമ്പത്ത്, ഗ്രാമീണ ഉൽപാദകന്റെ കൈകളിൽ എത്തിച്ചേരും.

നടപ്പാക്കാവുന്ന പദ്ധതികൾ

1. ശാസ്ത്രീയമാംസോൽപ്പാദന വിതരണ പദ്ധതി

അശാസ്ത്രീയവും വൃത്തിഹീനവുമായ ചുറ്റുപാടുകളിൽ മാടുകളെ കൊന്ന് ഇറച്ചിവിതരണം നടത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. ആയതിനാൽ ആധുനിക രീതിയിലുള്ള അറവുശാല പഞ്ചായത്തിൽ സ്ഥാപിച്ച്, ശാസ്ത്രീയരീതിയിൽ മാംസം ഉൽപ്പാദിപ്പിച്ച്, സംസ്കരിച്ച്, സംഘടിതമായ രീതിയിൽ വിതരണം ചെയ്യേണ്ടതാണ്. മാംസോൽപ്പാദന വിപണന സഹകരണ സംഘങ്ങൾ രൂപികരിച്ച് ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഈ അറവുശാല. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി പഞ്ചായത്തുതലത്തിൽ മാംസോൽപാദനത്തിനുവേണ്ടി യുള്ള കാളക്കുട്ടി പരിപാലന പദ്ധതിയും നടപ്പാക്കാവുന്നതാണ്. കൃത്രിമബീജസങ്കലനം വഴിയായി എളനാട് മൃഗാസ്പത്രിയുടെ പരിധിയിൽമാത്രം ഒരു വർഷം 250 കാളക്കുട്ടികൾ ജനിക്കുന്നു എന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ ബഹുഭൂരിപക്ഷവും ശരിയായ പരിചരണം ലഭിക്കാതെ വളർച്ച മുരടിക്കുകയോ, മരണപ്പെടുകയോ ആണ് ചെയ്യാറ്. ആസൂത്രിത സമീപനം വഴി, പാഴായിപ്പോകുന്ന ഈ സമ്പത്ത്, ഈ പ്രദേശത്തിന്റെ ആഭ്യന്തര ഉൽപ്പാദനവർദ്ധനവിനും, വരുമാന വർദ്ധനവിനുമുള്ള ഉപാധിയായി സ്വീകരിക്കാവുന്നതാണ്.

രണ്ടോ മൂന്നോ മാസം പ്രായമുള്ള 5 കാളക്കുട്ടികളെ തിരഞ്ഞെടുത്ത്, ആറുമാസം പ്രായമാകുമ്പോൾ വരിയുടച്ച് 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരമുള്ള 100 യൂണിറ്റ് തുടങ്ങിയാൽ പഞ്ചായത്തിലെ മാംസാവശ്യത്തിന്റെ ഏറിയ പങ്കും നിറവേറ്റാനാകും. അതോടൊപ്പം പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന ചെറുകിട നാമമാത്ര കർഷകരുടെ വരുമാനത്തിലും വർദ്ധനവുണ്ടാകുന്നതാണ്. പദ്ധതിപ്രകാരം വളർത്തുന്ന കാളക്കുട്ടികളെ ന്യായമായ വിലയ്ക്ക് കർഷകരിൽനിന്നും പഞ്ചായത്തിൽ സ്ഥാപിതമാകുന്ന മാംസോൽപാദന വിപണന സംഘത്തിൽ വാങ്ങി അറവുചെയ്ത്, ശാസ്ത്രീയരീതിയിൽ സംസ്കരിച്ച് പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിൽ സ്റ്റാളുകൾ തുടങ്ങി വിപണനം നടത്താവുന്നതാണ്.

2. ഒരു വീട്ടിൽ ഒരു പശു

പശുവളർത്തലിൽ താൽപര്യമുള്ള എല്ലാ ചെറുകിട നാമമാത്രകർഷ ാരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താ വുന്നതാണ്. ഈ പദ്ധതിപ്രകാരം ഓരോ കർഷകന്റെയും വരുമാനത്തിലും, പഞ്ചായത്തിന്റെ മൊത്തം പാലുൽപ്പാദനത്തിലും ഗണ്യമായ വർദ്ധനവ് വരുന്നതാണ്. ഉൽപ്പാദിപ്പിക്കുന്ന പാല് വിപണനം ചെയ്യുവാൻ നിലവിലുള്ള ക്ഷീര സംഘങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

3. തൊഴുത്തുകളുടെ ശാസ്ത്രീയ നിർമ്മാണം

ഗ്രാമപ്രദേശങ്ങളിൽ തൊഴുത്ത് നിർമ്മിക്കുന്നത് അശാസ്ത്രീയമായ രീതിയിലാണ്. തന്മൂലം തൊഴുത്ത് ശുചിയായി. സൂക്ഷിക്കാൻ കഴിയുന്നില്ല. ശുചിത്വമില്ലായ്മ നിരവധി കാലിരോഗങ്ങൾക്ക് വഴി തെളിയിക്കുന്നു. പ്രത്യേകിച്ച് അകിടു വീക്കം. ഇതുമൂലം പാലുൽപാദനത്തിൽ കുറഞ്ഞത് 10% എങ്കിലും കുറവുണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ചെറുകിട നാമമാത്രകർഷകരാണ്. ചതുരശ്ര അടിയ്ക്ക് നിർമ്മാണ ചിലവ് 40 രൂപ നിരക്കിൽ പരമാവധി 2000യ– രൂപവീതം ധനസഹായം നൽകാവുന്നതാണ്.

4. തീറ്റപ്പുൽകൃഷി

ലാഭകരമായ പാലുൽപാദനത്തിന്റെ പ്രധാനഘടകം തീറ്റപ്പുല്ലിന്റെ ലഭ്യതയാണ്. തീറ്റപ്പുൽ കൃഷിക്കായി മാത്രം സ്ഥലം മാറ്റി വയ്ക്കുക പ്രായോഗികമല്ലാത്തതിനാൽ ഇടവിള എന്ന നിലയിൽ തെങ്ങിൻതോപ്പുകളിലും മറ്റ് വൃക്ഷവിളകളുള്ള സ്ഥലങ്ങളിലും തീറ്റപ്പുൽകൃഷി തുടങ്ങാവുന്നതാണ്. തരിശായുള്ള നെൽപാടങ്ങളും മറ്റു സ്ഥലങ്ങളും ഇതിനായി ഉപയോഗിക്കാം. പദ്ധതിയുടെ നടത്തിപ്പിന് ക്ഷീരസംഘങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

5. പന്നി വളർത്തൽ

മാംസാവശ്യത്തിനായി, ഗുണമേന്മയുള്ളതും പെട്ടെന്ന് തൂക്കം വക്കുന്നതുമായ, 2 പന്നിക്കുഞ്ഞുങ്ങൾ ഉൾപ്പെടുന്നതാണ്. ഒരു യൂണിറ്റ്, വ്യാവസായിക കാർഷിക ഉൽപ്പന്നങ്ങളും ഹോട്ടലുകലിലെയും മാർക്കറ്റിലെയും അവശിഷ്ടങ്ങളും ഉപയോഗിച്ച് വളരെ ലാഭകരമായ രീതിയിൽ ചുരുങ്ങിയ മുതൽമുടക്കിൽ, കുറച്ച് കാലയളവുകൊണ്ട്, കൂടുതൽ ലാഭം തരുന്ന ഈ പദ്ധതി നടപ്പാക്കാവുന്നതാണ്.

6. സമ്പൂർണ്ണ പേവിഷ നിർമ്മാർജ്ജന പദ്ധതി

മൃഗങ്ങളിൽനിന്ന് മനുഷ്യരിലേക്ക് പകരുന്ന മാരകമായ വൈറസ് രോഗമാണ് പേ വിഷബാധ. ഈ രോഗം പകരുന്നത്, 95%വും പേ വിഷബാധയുള്ള നായ്ക്കളുടെ കടിയേറ്റാണ്. തെരുവുനായ്ക്കളെ നശിപ്പിക്കലും, വളർത്തുനായ്ക്കൾക്ക് പ്രതിരോധകുത്തിവയ്പ് നടത്തുകയുമാണ് ഈ രോഗം തടയാനുള്ള ഏകമാർഗ്ഗം, ആയതിനാൽ പേ വിഷ നിർമ്മാർജ്ജന പദ്ധതി വിജയകരമാക്കുന്നതിന് എല്ലാ വർഷവും നായ്ക്കളെ പ്രതിരോധകുത്തിവയ്പിന് വിധേയമാക്കേണ്ടതുണ്ട്. അതുകൊണ്ട് ഒരു തുടർപദ്ധതി എന്ന നിലയിൽ നിലവിലുള്ള സംവിധാനങ്ങൽ ഉപയോഗപ്പെടുത്തി, ഈ പഞ്ചായത്തിനെ പേ നിയന്ത്രണ പഞ്ചായത്താക്കി മാറ്റാവുന്നതാണ്.

7. മൃഗചികിൽസ

മൃഗാസ്പത്രിയിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. രോഗനിർണ്ണയത്തിനുള്ള ആധുനിക സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ്. ഈ മൃഗാസ്പത്രിയിൽ ഇതുവരെയും കറണ്ട് കണക്ഷനും, Water Connectionനും ലഭിച്ചിട്ടില്ലാത്തതിനാൽ, ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി ഉണ്ടാകേണ്ടതാണ്.

8 ആടുവളർത്തൽ പദ്ധതി

ചുരുങ്ങിയ ചെലവിൽ ലാഭകരമായി നടത്താവുന്ന ഒന്നാണ് ആടു വളർത്തൽ. നാല് പെണ്ണാടും ഒരു ആണാടും അടങ്ങുന്നതാണ് പദ്ധതിയിൽ വിഭാവം ചെയ്യുന്ന ഒരു യൂണിറ്റ്. ഈ വിധത്തിലുള്ള നൂറ് യൂണിറ്റ് ഈ വിധത്തിലുള്ള നൂറു യൂണിറ്റ് 5 വർഷം കൊണ്ട് ആരംഭിച്ചാൽ കർഷകരുടെ വരുമാനവും, പഞ്ചായത്തിന്റെ പാൽ ഉൽപാദനത്തിലും, മാംസ ഉത്പാദനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാവുന്നതാണ്.

9. കോഴിവളർത്തൽ

കോഴി ഇറച്ചിയുടെയും കോഴി മുട്ടയുടെയും ആഭ്യന്തര ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിലധിഷ്ഠിതമായ ആഭ്യന്തര ഉല്പാദനം ഇനിയും സാധിച്ചിട്ടില്ല. ആയതിനാൽ കോഴി ഇറച്ചിയുടെയും മുട്ടയുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

മുട്ടക്കോഴി വളർത്തൽ.

പഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിൽ 1000 മുട്ടക്കോഴികളുടെ ഒരു യൂണിറ്റ് തുടങ്ങാവുന്നതാണ്. ഇതിലേക്ക് ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെ സർക്കാർ ഫാമുകളിൽനിന്നും ലഭ്യമാക്കാവുന്നതാണ്. ഇങ്ങനെ മുട്ടക്കോഴികളെ വളർത്തി ഉത്പാദിപ്പിക്കപ്പെടുന്ന മുട്ട പഞ്ചായത്തിൽ തന്നെ വില്പന നടത്തുന്നതിനുള്ള വിപണന യൂണിറ്റ് ഈ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്താവുന്നതാണ്.

അടുക്കള മുറ്റത്തെ കോഴി വളർത്തൽ

കുറഞ്ഞ മുതൽ മുടക്കിലും സ്ഥല സൗകര്യത്തിലും നടത്താവുന്നതാണ്. അടുക്കള മുറ്റത്തെ കോഴി വളർത്തൽ. ഇതിലേക്ക് പഞ്ചായത്തിലെ താല്പര്യമുള്ള എല്ലാ കർഷകർക്കും 10 കോഴി കുഞ്ഞുങ്ങളെ വീതം നൽകാവുന്നതും ഉത്പാദിപ്പിപ്പിക്കപ്പെടുന്ന മുട്ടകൾ സംഭരിക്കുന്നതിനും, വിപണനം നടത്തുന്നതിനും ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഇതിലേക്ക് മഹിളാ സമാജങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

ഉയർന്ന ജനിതക ഗുണമുള്ള പശുകുട്ടികൾക്ക് ശരിയായ പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുകയും, ആദ്യ പ്രസവം 30 മാസത്തിനുള്ളിൽ സാധ്യമാക്കുകയും ചെയ്യാവുന്നതാണ്. ഇതിനായി

വെറ്റിനറി ഡോക്ടർമാരെങ്കിലും ഒരു മൃഗാസ്പത്രിയിൽ നിയമിക്കണം. ആവശ്യമായ മറ്റ് ജീവനക്കാരെ നിയമിക്കേണ്ടതാണ്. ആവശ്യമായ വാഹനങ്ങൾ നല്കി വെറ്റിനറി മോബൈൽ യൂണിറ്റ് ആരംഭിക്കേണ്ടതാണ്. ആവശ്യമായ ഔഷധങ്ങൾ മൃഗാസ്പത്രിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

8 കന്നുകാലി പ്രദർശനങ്ങൾ പഞ്ചായത്ത് തലത്തിലെങ്കിലും നടത്തേണ്ടതാണ്. കന്നുകാലികളെ വൃത്തിയിലും, ആരോഗ്യത്തോടെയും വളർത്തുന്നതിന് കർഷകരെ ബോധവാന്മാരാക്കുവാൻ ഇത് വളരെയധികം ഉപകരിക്കും. പ്രാദേശികമായി കിട്ടുന്ന തവിട്, കൊപ്ര പിണ്ണാക്ക്, പുളിങ്കുരു എന്നിവ ഉപയോഗിച്ച് കാലിത്തീറ്റ ഫാക്ടറി നിർമ്മിക്കേണ്ടതാണ്.

9 കോഴിവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്. അന്യ സംസ്ഥാനങ്ങളിൽനിന്നാണ് ഇപ്പോൾ കോഴിമുട്ട കൊണ്ടുവരുന്നത്. പഞ്ചായത്ത് അടിസ്ഥാനത്തിൽ മാത്രം ഒരു കോഴി വളർത്തൽ കേന്ദ്രം സ്ഥാപിക്കുന്ന പക്ഷം ഈ പഞ്ചായത്തിൽ തന്നെ വിറ്റഴിക്കാവുന്നതേയുള്ളൂ. ഒരുപാട് ആളുകൾക്ക് ഇതിനോടനുബന്ധിച്ച് പണി ലഭിക്കുകയും ചെയ്യും.

10 7-ാം വാർഡ് കാലിത്തീറ്റ ഫാക്ടറി ആരംഭിക്കേണ്ടതാണ്.

11 8-ാം വാർഡിലെ വളർത്തു മൃഗങ്ങൾക്ക് വ്യാപകമായി കണ്ടുവരുന്ന അകിടുവീക്കം കുളമ്പുരോഗത്തിനെതിരെയുള്ള പ്രതിരോധപ്രവർത്തനവും മൃഗസംരക്ഷണ വകുപ്പിന്റെ സാങ്കേതിക സാമ്പത്തിക സഹായങ്ങളും തൃപ്തികരമല്ല.

12 10-ാം വാർഡിൽ ക്ഷീരോല്പാദക സംഘത്തിൽ കീഴിൽ കൃത്രിമ ബീജസങ്കലന കേന്ദ്രം ആരംഭിക്കുക

13 മൃഗാസ്പത്രിയുടെ ഒരു സബ്ബ് സെന്റ് ആരംഭിക്കുക. ക്ഷീരോല്പാദക സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുക

14 11-ാം വാർഡിൽ കാലിത്തീറ്റ പ്രാദേശിക വിഭവങ്ങൾ സമാഹരിച്ച് നിർമ്മിക്കുക

15 മൃഗസംരക്ഷണവകുപ്പിന്റെ പ്രവർത്തനം വ്യാപിപ്പിക്കുകയും ഊർജ്ജസ്വരമാക്കുക

16 12-ാം വാർഡിൽ കൃഷി ഭവന്റെ ഒരു സബ്ബ് ഓഫീസ് ആരംഭിക്കുക

17 തരിശ് ഭൂമിയിൽ ജലസേചനം ചെയ്ത് പുൽകൃഷി ചെയ്യാവുന്നതാണ്.

18 ഉല്പാദന ചിലവുമായി തട്ടിച്ചുനോക്കുമ്പോൾ ആടുമാടുകളെ വളർത്തുന്നതും അനാകർഷകമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് പാലിന് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള പദ്ധതികൾ മൃഗസംരക്ഷണവകുപ്പും ക്ഷീരോല്പാദക സംഘങ്ങളും സംയുക്തമായി ആവിഷ്ക്കരിക്കേണ്ടതാണ്. വെറ്റിനറി ഡോക്ടർമാരുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കേണ്ടതാണ്

19 കന്നുകാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക

20 ആടുവളർത്തൽ കേന്ദ്രം ആരംഭിക്കുക

21 കോഴി വളർത്തൽ കന്നുകാലി വളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിക്കുക

22 13-ാം വാർഡ് മൃഗാസ്പത്രിയുടെ സേവനം ഉർജ്ജിതമാക്കുക തീറ്റ പുൽകൃഷി ആരംഭിക്കുക.

മത്സ്യബന്ധനം

ഗ്രാമപഞ്ചായത്തിൽ മത്സ്യബന്ധനരംഗത്ത് എടുത്തു പറയത്തക്ക പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല എന്നാൽ പരമ്പരാഗത രീതിയിൽ മത്സ്യബന്ധനം ചെയ്ത് ഉപജീവനം നടത്തുന്ന കുറച്ചു കുടുംബങ്ങൾ പഞ്ചായത്ത് അതൃത്തിയിലുണ്ട്. തണ്ടാടി, കുരുത്തി, കോരിവല എന്നിവ ഉപയോഗിച്ചാണ് ഇവർ മത്സ്യബന്ധനം നടത്തുന്നത്. ഇങ്ങിനെ സംഭരിക്കുന്ന മത്സ്യം പഞ്ചായത്തിനുള്ളിൽ തന്നെ വിറ്റഴിക്കുന്നു. ഉൾനാടൻ മത്സ്യ കൃഷിക്ക് വലിയ സാദ്ധ്യതകൾ പഞ്ചായത്തിൽ കാണുന്നുണ്ട്. 29 പഞ്ചായത്ത് കുളങ്ങൾ നിലവിലുണ്ട്. ഇവയുടെയെല്ലാം കൂടി വിസ്തീർണ്ണം 22 ഏക്കർ വരും. ഇതിൽ ബഹുഭൂരിഭാഗം കുളങ്ങളും വറ്റാത്തവയാണ്. ഈ കുളങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്ത് വൃത്തിയാക്കിയാൽ ശുദ്ധ ജല മത്സ്യ കൃഷി ചെയ്യാവുന്നതാണ്. സഹകരണ അടിസ്ഥാനത്തിൽ ഉൾനാടൻ മത്സ്യബന്ധനത്തിന് പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയാൽ തൊഴിലില്ലാത്ത യുവാക്കൾക്ക് തൊഴിൽ നല്കുന്നതിന് കഴിയുന്നതാണ്.

വിവിധ ഗ്രാമങ്ങളിൽനിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മത്സ്യബന്ധനരംഗത്ത് പഞ്ചായത്തിൽ നടപ്പിലാക്കാവുന്ന കാര്യങ്ങൾ ഇവയാണ്.

1-ാം വാർഡിലെ വെള്ളാർകുളത്തിൽ ശുദ്ധജല മാത്സ്യ കൃഷി ആരംഭിക്കാവുന്നതാണ്.

2-ാം വാർഡിലെ സ്വർണ്ണക്കുളം പാറക്കോട്ടുകുളം എന്നിവയിൽ ശുദ്ധജല മത്സ്യകൃഷി ചെയ്യാവുന്നതാണ്.

3-ാം വാർഡിലെ ചീരക്കുഴി ഡാമിൽ മത്സ്യകൃഷി ചെയ്യാവുന്നതാണ്.

4-ാം വാർഡിൽ ഗായത്രി പുഴയിൽ കൂട്ടിലമുക്കിൽ BCR കെട്ടി ശുദ്ധജല മത്സ്യകൃഷി ആരംഭിക്കാവുന്നതാണ്.

4-ാം വാർഡിൽ സാംബവ കോളനിക്ക് സമീപമുള്ള പഞ്ചായത്ത് കുളത്തിൽ ശുദ്ധജല മത്സ്യകൃഷി ചെയ്യാവുന്നതാണ്.

4-ാം വാർഡിലെ ശിവക്ഷേത്രത്തിനടുത്തുള്ള പഞ്ചായത്ത് കുളത്തിൽ ശുദ്ധജല മത്സ്യകൃഷി ആരംഭിക്കേണ്ടതാണ്.

5-ാം വാർഡിലെ പടിഞ്ഞാറെ ചിറയിലും കടമാൻകുണ്ട് ചോലയിലും ശുദ്ധജല മത്സ്യകൃഷി ചെയ്യാവുന്നതാണ്.

6-ാം വാർഡിലെ നീലിച്ചിറക്കുളം, തേവർകുളം കെട്ടി സംരക്ഷിച്ച് ശുദ്ധജല മത്സ്യകൃഷി ചെയ്യാവുന്നതാണ്.

7-ാം വാർഡ് മണലിക്കുളം, കുണ്ടൻകുളം നീലച്ചിറക്കുളം എന്നിവയിൽ ശുദ്ധജലമത്സ്യകൃഷി ചെയ്യാവുന്നതാണ്.

8-ാം വാർഡിൽ തോണിക്കുണ്ട് കുളത്തിൽ വേനൽകാലത്തും വെള്ളം സുലഭമാണ്. ഇവിടെ ശുദ്ധജല മത്സ്യകൃഷി

8-ാം വാർഡിൽ 3 ഏക്കറോളം വരുന്ന ചെമ്പാംകുളം സംരക്ഷിച്ച് മത്സ്യകൃഷി ചെയ്യാവുന്നതാണ്.

8-ാം വാർഡിൽ 1 ഏക്കറോളം വരുന്ന ചെന്നാംകുളം, പുഞ്ചപ്പാടം ചോല, ചെമ്പാട്ടുകുളമ്പ് തോട് എന്നീ മേഖലകളിൽ മത്സ്യകൃഷി ചെയ്യാവുന്നതാണ്

9-ാം വാർഡ് നെല്ലുകുത്തംകുളം പട്ടിയത്ത് കുന്ന് കുളം, പേഴിൻചിറകുളം, നന്നാട്ട് കുളം എന്നിവയിൽ ശുദ്ധ ജലമത്സ്യകൃഷി ആരംഭിക്കാവുന്നതാണ്.

11-ാം വാർഡിലെ പരുത്തിപ്രകുളം, രാമൻചെട്ടികുളം, മുത്തലാംകോട് കുളം, ചേപ്പക്കുളം കുട്ടാടൻ ചിക്കുളം എന്നിവയിൽ ശുദ്ധജല മത്സ്യകൃഷി ചെയ്യാവുന്നതാണ്.

12-ാം വാർഡിലെ കിഴക്കുംമുറി, കാട്ടുകുളം തിരുമണിക്കുളം ചാക്കുളം, കുതിരാൻകുളം എന്നിവയിൽ ശുദ്ധജല മത്സ്യകൃഷി ആരംഭിക്കാവുന്നതാണ്.

പശുക്കുട്ടികളെ തിരഞ്ഞെടുത്ത് ഗുണമേന്മയുള്ള കാലിത്തീറ്റ പകുതി വിലയ്ക്ക് നൽകിയും, പ്രതിരോധ കുത്തിവയ്പുകളും, വിര മരുന്നുകളും പകുതി നിരക്കിൽ ലഭ്യമാക്കിയും, ഇൻഷുറൻസ് സുരക്ഷ നൽകിയും നിലവിലുള്ള ക്ഷീര സംഘങ്ങൾ വഴി ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

ക്ഷീര വികസനം

56 **കാലിതീറ്റക്ക് ധനസഹായം നല്കുക**

കാലിതീറ്റയുടെ ക്രമാതീതമായ വിലവർദ്ധനവുകാരണം ക്ഷീരോല്പാദനം ലഭാകരമല്ലാത്തതുകൊണ്ട് സംഘം വഴി വിതരണം ചെയ്യുന്ന കാലിതീറ്റക്ക് ചാക്ക് 1ന് (50കി) 50 രൂപയെങ്കിലും ധനസഹായം നല്കുക

വൈക്കോൽ സംപുഷ്ടീകരണം

ക്ഷീരസംഘങ്ങളിലെ ഉൽപാദകർക്ക് വൈക്കോൽ യൂറിയ ചേർത്ത് സംപുഷ്ടീകരിക്കുന്നതിന് സഹായ ധനം നല്കുക

മീനെണ്ണ, വിരമരുന്ന്, മിനറൽ മിക്ച്ചർ എന്നിവ സംഘം വഴി സൗജന്യനിരക്കിൽ വിതരണം നടത്തുക

പഞ്ചായത്ത് തലത്തിൽ ഏറ്റവും നല്ല ക്ഷീരകർഷകനെ ആദരിക്കുക

ക്ഷീര കർഷകർക്ക് പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കുക

പ്രതിരോധ കുത്തിവെയ്പ്പുകൾ, കൃത്രിമ ബീജസങ്കലനം, കറവ മാടുകൾക്കുള്ള ഇൻഷുർ എന്നിവ സൗജന്യ നിരക്കിൽ ചെയ്തു കൊടുക്കുക

ക്ഷിരസംഘങ്ങൾ ഇല്ലാത്ത സ്ഥലത്ത് രണ്ടു വാർഡുകൾ പ്രവർത്തന പരിധിയായി സംഘങ്ങൾ രൂപീകരിക്കുക. ഉദാ: വെള്ളാർകുളം 1,5 എന്നീ വാർഡുകൾക്ക് കോടത്തൂർ 4,6,7 എന്നീ വാർഡുകൾക്ക്

കാലിത്തീറ്റനിർമ്മാണം

(കരട് പ്രൊജക്ട്) പ്രൊജക്ട് സ്വഭാവം

1. കന്നുകാലികൾക്കാവശ്യമായ നല്ലയിനം കാലിത്തീറ്റ നിർമ്മിച്ച് വിതരണം നടത്തുക

2. ക്ഷീരോല്പാദനം വർദ്ധിപ്പിക്കുക

3. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക

4. മിതമായ നിരക്കിൽ നല്ലയിനം കാലിത്തീറ്റ നിർമ്മിച്ച് വിതരണം നടത്തുക

5. മൃഗപരിപാലനത്തെ പ്രോത്സാഹിപ്പിക്കുക മുതലായവ

മൂലധനം

ഫാക്ടറിക്കാവശ്യമായ മൂലധനത്തിന്റെ പകുതി പദ്ധതി പ്രദേശത്തുള്ള അപ്കോസ് സംഘങ്ങളിൽ നിന്നും ഇതര സഹകരണ സ്ഥാപനങ്ങളിൽനിന്നും ഒഹരികളായി സ്വരൂപിക്കുക. ബാക്കി പകുതി സർക്കാർ ധനസഹായം നേടുക

തൊഴിവസരങ്ങൾ

അഭ്യസ്ഥ വിദ്യരായ അമ്പതോളം യുവതീയുവാക്കൾക്ക് പ്രത്യക്ഷമായും, നൂറ്റിയമ്പതോളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുവാൻ പദ്ധതി മുഖേന സാധിക്കുകയും തന്മൂലം അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും സാധിക്കുന്നു.

അസംസ്കൃത പദാർത്ഥങ്ങൾ:-

ഫാക്ടറി പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ഈ പ്രദേശത്ത് ചുരുങ്ങിയ നിരക്കിൽ ആവശ്യത്തിന് ലഭ്യമാക്കണം.

വൈദ്യുതി

ഫാക്ടറി പ്രവർത്തനത്തിനാവശ്യമായവൈദ്യുതി ലഭ്യമാണ്. (പഴയന്നൂർ 110Kv സബ്സ്റ്റേഷൻ പ്രവർത്തനക്ഷമമാകുന്നതോടു കൂടി വൈദ്യുതി ഒരു തടസ്സമാവുകയില്ല)

വിപണനം

പദ്ധതി പ്രദേശത്തുള്ള PLOS സംഘങ്ങൾ മുഖേനെയും, പൊതു വിപണിയിലൂടെയും ഈ ഫാക്ടറിയിൽ നിന്നും ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റ വിപണനം നടത്താനുള്ള സാധ്യതകൾ ഏറെയുണ്ട്.

പ്രതീക്ഷിക്കുന്ന ലാഭം

ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം നല്ലയിനം കാലിത്തീറ്റ ലഭിക്കുന്നു. പ്രതിവർഷം നല്ലൊരു സംഖ്യ ലാഭമായി ലഭിക്കുകയും ചെയ്യുന്നു.

ഗ്രാമസഭ നിർദ്ദേശങ്ങൾ

1 1-ാം വാർഡിൽ 460 പശുക്കളും 230 ആടി 150 60 മുയൽ എന്നിവ ഉണ്ട്. ഇവയ്ക്ക് ആവശ്യമായ പുല്ല് വൈക്കോൽ, മറ്റ് കന്നുകാലി ആഹാരം എന്നിവ മിതമായ നിരക്കിൽ ലഭിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പദ്ധതി ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

2 വളർത്തുമൃഗങ്ങളെ വാങ്ങുന്നതിന് പരമാവുധി സഹായങ്ങൾ നല്കേണ്ടതും വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുമ്പോൽ തിരിച്ചടവിനുള്ള ഘടുക്കളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുമാണ്.

3 വെറ്റിനറി ഡോക്ടറുടെ മുഴുവൻ സമയപ്രവർത്തനം ലഭ്യമാണ് ആവശ്യമായ വെറ്റിനറി ഡോക്ടർമാരെ നിയമിക്കേണ്ടതാണ്.

4 2-ാം വാർഡ് പ്രാദേശിക തലത്തിൽ കാലിത്തീറ്റ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക

5 3-ാം വാർഡ് സ്വന്തം പുരയിടങ്ങളിൽ തീറ്റപ്പുല്ല് വളർത്തുന്നതിന് കർഷകർക്ക് സബ്സിഡിയും മറ്റ് സാങ്കേതിക സഹായങ്ങളും ലഭ്യമാക്കേണ്ടതാണ്. വാർഡിലെ മിച്ചഭൂമി പ്രദേശത്തെ 9 ഏക്കർ സ്ഥലത്ത് സോഷ്യൽ ഫോറസ്റ്റാക്കി വേലി കെട്ടിതിരിച്ച് പുൽകൃഷിക്ക് ഉപയുക്തമാക്കുക

6 മൃഗസംരക്ഷണവകുപ്പിന്റെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ്.

7 4-ാം ക്ഷീരവ്യവസായ പരിപോഷണത്തിന് ശാസ്ത്രീയമായ രീതിയിൽ കന്നുകാലി വളർത്തലും, തീറ്റ പുൽകൃഷിയും ആരംഭിക്കാവുന്നതാണ്. പഞ്ചായത്തിലെ തരിശുഭൂമി തീറ്റപുൽകൃഷിക്കായി ഉപയോഗപ്പെടുത്താവുന്നതാണ് മൃഗസംരക്ഷണവകുപ്പുകളുടെ പോരായ്മകൾ പരിഹരിക്കേണ്ടതാണ്. മൂന്ന്

ദ്വിതീയ മേഖല

വ്യവസായം
ഊർജ്ജം
ഗതാഗതം
പാർപ്പിടം

വ്യവസായം

മുഖ്യമായും കാർഷീകമേഖലയായ പഴയന്നൂർ പഞ്ചായത്തിൽ പറയത്തക്ക വ്യവസായ സ്ഥാപനങ്ങൾ ഒന്നുമില്ല. കാർഷിക ഉൽപ്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് വളരെയധികം സാധ്യതയുണ്ട്.ഈറ, മുള എന്നിവ ഉപയോഗിച്ചുള്ള പരമ്പരാഗത സ്ഥാപനത്തെ ശക്തിപ്പെടുത്തേണ്ടതാണ്. വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ പാശ്ചാത്തല സൗകര്യങ്ങൾ പഞ്ചായത്തിലേർപ്പെടുത്തി ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതരുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് വ്യവസായ സംരംഭങ്ങൾ ഉണ്ടാക്കിയെടുക്കാവുന്നതാണ്. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ തയ്യാറായിവരുന്ന സംരംഭകർക്ക് ആവശ്യമായ ധനസഹായം നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ മുന്നോട്ടുവന്നാൽ പഞ്ചായത്തിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ഒരു ശൃംഖലതന്നെ ഉണ്ടാക്കിയെടുക്കാവുന്നതാണ്.

നിലവിലുള്ള വ്യവസായ യൂണിറ്റുകൾ

ക്രമ നമ്പർ	വ്യവസായ സ്ഥാപനത്തിന്റെ പേര്	എണ്ണം
1	ഫർണീച്ചർ നിർമ്മാണം	5
2	റൈസ്മിൽ	28
3	സോമിൽ	3
4.	ഓയിൽ മിൽ	4
5.	തുകൽ സംഭരണം	2
6.	വർക്ക്ഷോപ്പ്	2
7.	പെയിന്റ് നിർമ്മാണം.	2
8.	സോഡാഫാക്ടറി	4
9	പിൻറിങ്ങ് പ്രസ്സ്	3
10	ഓട്ടുപാത്ര നിർമ്മാണം	1
11.	കരകൗശല വസ്തു നിർമ്മാണം	1.
12.	ബീഡി വ്യവസായം.	4
13.	മൺപാത്ര നിർമ്മാണം.	1

കുട്ട നിർമ്മാണം

സ്വന്തമായി 4000 ച:അടി വിസ്തൃതിയുള്ള കെട്ടിട സൗകര്യമുള്ള പഴയന്നൂർ പട്ടികജാതി ഹാന്റി ക്രാഫ്റ്റ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ. ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിൽ പരമ്പരാഗത തൊഴിലാളികളായ 60 ഓളം ആളുകൾ കുട്ടനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു. അസംഘടിതമായ അമ്പതോളം കുടുംബങ്ങൾ പരമ്പരാഗത തൊഴിലായി കുട്ട, പനമ്പ് നിർമ്മാണം മുതലായവ സ്വീകരിച്ചിട്ടുണ്ട്.

കോഓപ്പറേറ്റീവ് സൊസൈറ്റിയിലെ കുട്ടനിർമ്മാണത്തിനാവശ്യമായ അസംസ്കൃത പദാർത്ഥമായ ഈറ കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷന്റെ അങ്കമാലി, ചാലക്കുടി ഡെപ്പോകളിൽ നിന്നാണ് ലഭിക്കുന്നത്. ഇവിടെ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാർ മുഖാന്തിരം സ്വകാര്യ മുതലാളിമാർക്കാണ് വിൽക്കപ്പെടുന്നത്.

പഴയന്നൂർ പഞ്ചായത്തിലെ റിസർവ് ഫോറസ്റ്റിൽ വളരുന്ന മുള അസംഘടിതരായ പരമ്പരാഗത തൊഴിലാളികൾക്ക് ഉപയോഗിക്കാൻ അനുവദിക്കുകയും, ഈറ വെച്ചു പിടിപ്പിക്കുകയും ചെയ്ത് ഈ മേഖലയെ ശക്തിപ്പെടു ത്തണം.

നൂൽനൂൽപ്പ് :

ഒട്ടനവധി കുടുംബങ്ങളും യുവതികളും നൂൽനൂൽപ്പ് ഒരു തൊഴിലായി സ്വീകരിച്ചിരിക്കുന്നു. നൂൽ നൂൽപ്പിനാവശ്യമായ പരുത്തി പുറമെ നിന്നാണ് കൊണ്ടുവരുന്നത്. ഇവർ ഉൽപ്പാദിപ്പിക്കുന്ന നൂലുകൾ പുറത്തുള്ള വസ്ത്രനിർമ്മാണ ഫാക്ടറികളിലേക്കാണ്

ചെരുപ്പ് നിർമ്മാണം:

മറ്റ് വ്യവസായം:

തൊഴിൽ ഫാക്ടറി

വ്യവസായ കേന്ദ്രത്തെ സഹായങ്ങൾ

1 ചെരിപ്പ് ഫാക്ടറി:

2 റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ

1 റബ്ബർ ഷീറ്റ്, ഒട്ടുപാൽ മുതലായവയുടെ നിർമ്മാണം

2 ടയർ, ട്രെയ്ൻ തുടങ്ങിയവ

3 റബ്ബർ ബലൂൺ, റബ്ബർ ബാൻഡ് തുടങ്ങിയവ

4 മറ്റേ റബ്ബർ, റബ്ബർ കൂടുകൾ തുടങ്ങിയവ

വ്യവസായം

മുഖ്യമായും കാർഷീകമേഖലയായ പഴയന്നൂർ പഞ്ചായത്തിൽ പറയത്തക്ക വ്യവസായ സ്ഥാപനങ്ങൾ ഒന്നുമില്ല. കാർഷിക ഉൽപ്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് വളരെയധികം സാധ്യതയുണ്ട്.ഈറ, മുള എന്നിവ ഉപയോഗിച്ചുള്ള പരമ്പരാഗത സ്ഥാപനത്തെ ശക്തിപ്പെടുത്തേണ്ടതാണ്. വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ പാശ്ചാത്തല സൗകര്യങ്ങൾ പഞ്ചായത്തിലേർപ്പെടുത്തി ചെറുകിട വ്യവസായ യൂണിററുകൾ സ്ഥാപിക്കാവുന്നതാണ്. അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതരുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് വ്യവസായ സംരംഭങ്ങൾ ഉണ്ടാക്കിയെടുക്കാവുന്നതാണ്. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ തയ്യാറായിവരുന്ന സംരംഭകർക്ക് ആവശ്യമായ ധനസഹായം നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ മുന്നോട്ടുവന്നാൽ പഞ്ചായത്തിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ഒരു ശൃംഖലതന്നെ ഉണ്ടാക്കിയെടുക്കാവുന്നതാണ്.

നിലവിലുള്ള വ്യവസായ യൂണിററുകൾ

ക്രമ നമ്പർ	വ്യവസായ സ്ഥാപനത്തിന്റെ പേര്	എണ്ണം
1	ഫർണീച്ചർ നിർമ്മാണം	5
2	റൈസ്മിൽ	28
3	സോമിൽ	3
4.	ഓയിൽ മിൽ	4
5.	തുകൽ സംഭരണം	2
6.	വർക്ക്ഷോപ്പ്	2
7.	പെയിന്റ് നിർമ്മാണം.	2
8.	സോഡാഫാക്ടറി	4
9	പിൻറിങ്ങ് പ്രസ്സ്	3
10	ഓട്ടുപാത്ര നിർമ്മാണം	1
11.	കരകൗശല വസ്തു നിർമ്മാണം	1.
12.	ബീഡി വ്യവസായം.	4
13.	മൺപാത്ര നിർമ്മാണം.	1

കൂട്ട നിർമ്മാണം

സ്വന്തമായി 4000 ച:അടി വിസ്തൃതിയുള്ള കെട്ടിട സൗകര്യമുള്ള പഴയന്നൂർ പട്ടികജാതി ഹാന്റി ക്രാഫ്ററ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ. ഓപ്പറേററീവ് സൊസൈററിയുടെ കീഴിൽ പരമ്പരാഗത തൊഴിലാളികളായ 60 ഓളം ആളുകൾ കൂട്ടനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു. അസംഘടിതമായ അമ്പതോളം കുടുംബങ്ങൾ പരമ്പരാഗത തൊഴിലായി കുട്ട, പനമ്പ് നിർമ്മാണം മുതലായവ സ്വീകരിച്ചിട്ടുണ്ട്.

കോഓപ്പറേററീവ് സൊസൈററിയിലെ കൂട്ടനിർമ്മാണത്തിനാവശ്യമായ അസംസ്കൃത പദാർത്ഥമായ ഈറ കേരള സ്റ്റേറ് ബാംബു കോർപ്പറേഷന്റെ അങ്കമാലി, ചാലക്കുടി ഡെപ്പോകളിൽ നിന്നാണ് ലഭിക്കുന്നത്. ഇവിടെ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാർ മുഖാന്തിരം സ്വകാര്യ മുതലാളിമാർക്കാണ് വിൽക്കപ്പെടുന്നത്.

പഴയന്നൂർ പഞ്ചായത്തിലെ റിസർവ് ഫോറസ്റ്റിൽ വളരുന്ന മുള അസംഘടിതരായ പരമ്പരാഗത തൊഴിലാളികൾക്ക് ഉപയോഗിക്കാൻ അനുവദിക്കുകയും, ഈറ വെച്ചു പിടിപ്പിക്കുകയും ചെയ്ത് ഈ മേഖലയെ ശക്തിപ്പെടുത്തണം.

നൂൽനൂൽപ്പ് :

ഒട്ടനവധി കുടുംബങ്ങളും യുവതികളും നൂൽനൂൽപ്പ് ഒരു തൊഴിലായി സ്വീകരിച്ചിരിക്കുന്നു. നൂൽ നൂൽപ്പിനാവശ്യമായ പരുത്തി പുറമെ നിന്നാണ് കൊണ്ടുവരുന്നത്. ഇവർ ഉൽപ്പാദിപ്പിക്കുന്ന നൂലുകൾ പുറത്തുള്ള വസ്ത്രനിർമ്മാണ ഫാക്ടറികളിലേക്കാണ്

കൊണ്ടുപോകുന്നത്. എന്നാൽ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന നൂലുകൾ ഇവിടെ തന്നെ ഉപയോഗിക്കുകയാണെങ്കിൽ ആയതിന് വേണ്ട ഒരു വസ്ത്ര നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക വഴി തൊഴിലാളികൾക്ക് ന്യായമായ പ്രതിഫലം ലഭിക്കുതിന് സഹായകരമാകും

ഓട്ടുപാത്ര നിർമ്മാണം:

പഞ്ചായത്തിലാകെ 40 ഓളം കുടുംബങ്ങൾ ഓട്ടു പാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഓട്ടു പാത്രങ്ങളും വിളക്കുകളുമാണ് പ്രധാനമായും ഉത്പാദിപ്പിക്കുന്നത്. ഇതിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ കോയമ്പത്തൂരിൽ നിന്നുമാണ് കൊണ്ടുവരുന്നത്.നിർമ്മാണ രംഗത്ത് നവീന രീതിയിലുള്ള യന്ത്രസാമഗ്രികളുടെ അഭാവവും വിദഗ്ദ തൊഴിലാളികളുടെ അഭാവവും വലിയൊരു പ്രശ്നമാണ്.

ബീഡി വ്യവാസായം:

കല്ലേപ്പാടം, പൊറ്റ, പാറയ്ക്കൽ തുടങ്ങിയ ഭാഗങ്ങളിൽ ധാരാളം ആളുകൾ ബീഡി നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു. 50 ഓളം കുടുംബങ്ങൾ പൂർണ്ണമായും 180 ഓളം കുടുംബങ്ങളിൽ ഭാഗികമായും ബീഡിനിർമ്മാണം ഒരു തൊഴിലായി സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഇലയും പുകയിലയും മറ്റു പ്രദേശങ്ങളിൽ നിന്നും ആണ് കൊണ്ടുവരുന്നത്. അതേ മുതലാളിമാരിലൂടെ തന്നെ വിപണനവും ചെയ്യപ്പെടുന്നതിലൂടെ തൊഴിലാളികളുടെ തൊഴിൽ ചൂഷണം ചെയ്യപ്പെടുന്നു. ഇത് ഒഴിവാക്കുവാൻ ബീഡി നിർമ്മാണ സഹകരണയൂണിറ്റ് പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിച്ച് പുകയിലയും മറ്റും എത്തിച്ച് കൊടുക്കുവാനും ഉത്പന്നം വിപണനം ചെയ്യുന്നതും സാധ്യമാക്കാവുന്നതാണ്.

പെയിൻറ് ഫാക്ടറി:

പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ രണ്ട് പെയിൻറ് നിർമ്മാണ യൂണിറ്റുകളാണുള്ളത്. ഇവ രണ്ടും SSI രജിസ്ട്രേഷനോടു കൂടി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നവയാണ്. രണ്ടു യൂണിറ്റുകളിലുമായി 15 പേർ തൊഴിൽ ചെയ്യുന്നുണ്ട്.

വ്യവസായ രംഗത്തെ സാധ്യതകൾ

1. കാലിത്തീറ്റ ഫാക്ടറി:

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്വകാര്യ മേഖലയിൽ 42 റൈസ് മില്ലുകളും ഓയിൽ മില്ലുകളും ഉൾപ്പെടും ഇതിൽ ഒരു മോഡേൺ റൈസ്മില്ലും ഉണ്ട്. നെല്ലുകുത്ത് കമ്പനികളിൽ നിന്നും, കൊപ്ര ആട്ടുമില്ലുകളിൽ നിന്നും ലഭിക്കുന്ന തവിട് ,തേങ്ങാപിണ്ണാക്ക് മുതലായവയും നാട്ടിൻപുറങ്ങളിൽ നിന്നും ലഭിക്കുന്ന പുളിങ്കുരു, കരിമ്പനക്കുരു മുതലായവയും അസംസ്കൃത പദാർത്ഥമായി ഉപയോഗപ്പെടുത്തി ചുരുങ്ങിയ ചെലവിൽ കാലിത്തീറ്റ നിർമ്മിക്കാവുന്നതും അതു വഴി കുറെയധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതും പരോക്ഷമായി ക്ഷീരവ്യവസായം അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യാവുന്നതാണ്. മേൽപറഞ്ഞ അസംസ്കൃത പദാർത്ഥങ്ങളെല്ലാം തന്നെ ഇപ്പോൾ പഞ്ചായത്തിനു വെളിയിലേക്ക് കൊണ്ടുപോയ്ക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു മോഡേൺ റൈസ്മില്ലും അതിനോടനുബന്ധിച്ച് നെല്ല് സംഭരിക്കാവുന്ന ഒരു സംഭരണ ഡിപ്പോകൂടി ഉൾപ്പെടുത്തുന്നത് വളരെയധികം പ്രയോജനപ്രദമാണ്.ആയത് മഴക്കാലത്ത് നെല്ല് കേടുകൂടാതെ സംഭരിക്കുന്നതിനും അതുവഴി കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും സാധിക്കും.

2. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ:

ഗ്രാമ പഞ്ചായത്തിൽ 800 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തുവരുന്നു. പ്രതിവർഷം 320 മെഗാ ടൺ ആണ് റബ്ബർ ഉത്പാദനം. നെല്ല് കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട കൃഷി റബ്ബറാണ്. ഹെക്ടറിന് ശരാശരി 400kg ആണ് ഉത്പാദനക്ഷമത. പഞ്ചായത്ത് പ്രദേശത്തുള്ള റബ്ബർപാലും റബ്ബർതടിയും ഉപയോഗിച്ച് വ്യവസായിക യൂണിറ്റുകൾക്ക് വളരെയധികം സാധ്യതകളുണ്ട്.

മേൽപറഞ്ഞത്രയും റബ്ബർ ഉത്പാദിപ്പിക്കുകയും, സംഭരിക്കുകയും ചെയ്യുന്നതിനാൽ ഒട്ടനവധി റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. ആയതിൽ പ്രധാനപ്പെട്ടവ.

1. റബ്ബർ ഫ്ളാപ്പ്, റ്റ്യൂബ് മുതലായവയുടെ നിർമ്മാണം.

2.പ്രീ ത്രെഡ്, ത്രെഡ് മുതലായവ.

3. റബ്ബർ ബലൂൺ, റബ്ബർ ബാൻറ് മുതലായവ.

4. ഫോം റബ്ബർ, റബ്ബർ കുഷ്യൻ തുടങ്ങിയവ.

പഞ്ചായത്ത് പ്രദേശത്ത് നിന്നും റബ്ബർപാൽ സംഭരിച്ച് ചാലിയാർ ലാറ്റക്സ് തുടങ്ങിയ കമ്പനികളിലേക്കാണ് പ്രധാനമായും കൊണ്ടുപോകുന്നത്. നമ്മുടെ പഞ്ചായത്തിൽ തന്നെ വിവിധ വ്യവസായ യൂണിറ്റുകളിലേക്ക് ഉപയോഗിക്കുക വഴി കർഷകന് ഉത്പന്നത്തിന് ന്യായമായ വില ലഭിക്കുന്നതിനും ധാരാളം കുടുംബങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനും അതുവഴി പഞ്ചായത്തിൻെറ മൊത്തം ഉന്നമനത്തിനും വഴിയൊരുക്കും. പഞ്ചായത്തുപ്രദേശത്തു നിന്നും സുലഭമായി ലഭിക്കുന്ന ചകിരി ഉപയോഗിക്കുക വഴി ഫോം റബ്ബറിന് ആവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാം ഇവിടെ തന്നെ ലഭ്യമാകുന്നതാണ്.

കൂടാതെ റബ്ബർ തടി ട്രീറ്റ് ചെയ്ത് വിവിധയിനം ഫർണീച്ചറുകൾ ഉണ്ടാക്കാവുന്നതാണെന്നും ആയത്

ദീർഘകാലം കേടുകൂടാതെ നിലനിൽക്കുമെന്നുള്ള വസ്തുതകൾ കണക്കിലെടുത്ത് ഈപ്രദേശത്തു നിന്നും റീപ്ലാന്റേഷനുവേണ്ടി മുറിച്ചു മാറ്റപ്പെടുന്ന റബ്ബർ മരങ്ങൾ ഉപയോഗിച്ച് ഒട്ടനവധിപേർക്ക് ജോലി സാധ്യതയുള്ള ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സാധ്യത ഈ പഞ്ചായത്തിലുണ്ട്. റബ്ബർ തടി കൂടാതെ മറ്റു ധാരാളം മരങ്ങൾ സുലഭമായി ലഭിക്കുന്ന ഈ പഞ്ചായത്തിൽ ഫർണീച്ചർ വ്യവസായത്തിന് അസംസ്കൃത പദാർത്ഥമായ മരം വളരെ എളുപ്പത്തിൽ സംഭരിക്കാവുന്നതാണ്. ഇപ്പോൾ ഈ പ്രദേശത്തെ മരങ്ങളെല്ലാം നിസാരവിലക്ക് കൃഷിക്കാരിൽ നിന്നും വാങ്ങി പഞ്ചായത്തിനു പുറത്തുള്ള വിവിധമില്ലുകളിലേക്കും ഫാക്ടറികളിലേക്കുമാണ് കൊണ്ടു പോകുന്നത്.

3. മെറ്റൽ ക്രഷിംങ്ങ് യൂണിറ്റ്:

ഒട്ടനവധി പാറക്കെട്ടുകൾ സ്ഥിതിചെയ്യുന്ന ഒരു പഞ്ചായത്തായതിനാൽ കരിങ്കല്ല്, മെറ്റൽ തുടങ്ങിയ സാധനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് പഞ്ചായത്തിൽ പാറക്കെട്ടുകൾ ധാരാളമുള്ള പ്രദേശങ്ങളിൽ ഒന്നോ രണ്ടോ മെറ്റൽ ക്രഷിംങ്ങ് യൂണിറ്റുകൾ ആരംഭിക്കുകയാണെങ്കിൽ അതുവഴി കൂടുതലായി തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതും കെട്ടിടനിർമ്മാണത്തിന് ഉപയോഗിക്കുന്ന കരിങ്കൽ, മെറ്റൽ, ചിപ്സ്, ഹോളോബ്രിക്സ് മുതലായവയുടെ ലഭ്യത സുഗമമാക്കുവാനും സാധിക്കും.

പഞ്ചായത്ത് പ്രദേശത്ത് ഒട്ടനവധി ഇഷ്ടിക നിർമ്മാണ കളങ്ങളുണ്ട്. ഇഷ്ടിക നിർമ്മാണത്തിന് അനുയോജ്യമായ മണ്ണ് ലഭ്യമായതിനാൽ ഈ വ്യവസായത്തിന് സാധ്യതകൾ ഒട്ടേറെയാണ്.

അതോടൊപ്പം തന്നെ മെറ്റലും ചിപ്സും ഉപയോഗിച്ചുകൊണ്ട് ഒട്ടേറെയാളുകൾ പരീക്ഷണാടിസ്ഥാനത്തിൽ ഹോളോബ്രിക്സ് ഉണ്ടാക്കിവരുന്നുണ്ട്. അത് ലാഭകരവും മണൽ ഉപയോഗിച്ചുണ്ടാക്കുന്ന കട്ടയെക്കാൾ ഉറപ്പുള്ളതുമാണ് എന്ന് തെളിഞ്ഞിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് ഇതിന് ധാരാളം സാധ്യതകൾ കാണുന്നുണ്ട്.

4. സ്പെഷലൈസ്ഡ് ഗാർമെന്റ് മേക്കിംങ്ങ്

ഒട്ടേറെ തയ്യൽപരിശീലനം നേടിയ യുവതീ യുവാക്കൾ തൊഴിൽരഹിതരായുള്ള നമ്മുടെ പഞ്ചായത്തിൽ റെഡിമെയ്ഡ് ഡ്രസ്സുകൾ ഉത്പാദിപ്പിക്കുന്ന ഒന്നോരണ്ടോ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങി ആയതിന്റെ മാർക്കറ്റിംങ്ങിനുവേണ്ട ശ്രദ്ധ ചെലുത്തുവാൻ സാധിച്ചാൽ വളരെയധികം തൊഴിൽരഹിതർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. ചുരിദാർ, മിഡി, നൈറ്റി, മുതലായ വസ്ത്രങ്ങളുണ്ടാക്കുവാൻ വനിതകളുടെ സഹകരണസംഘങ്ങൾ ആരംഭിക്കാവുന്നതാണ്.

5. ഇലക്ട്രോണിക്സ് – മിനി ഇലക്ട്രോണിക്സ് എസ്റ്റേറ്റ്

നമ്മുടെ നാട്ടിൽ അനുദിനം പ്രചാരമേറി കൊണ്ടിരിക്കുന്ന നിത്യോപയോഗ സാധനങ്ങളിൽ ഇലക്ട്രോണിക്സ് ഭൂരിഭാഗവും അന്യരാജ്യങ്ങളിൽ നിന്നും, സംസ്ഥാനങ്ങളിൽ നിന്നും അമിതവില കൊടുത്ത് വാങ്ങിക്കുകയാണ് ചെയ്യുന്നത്. എന്നാൽ മിക്ക ഉപകരണങ്ങളും ഒന്നൊന്നായി എടുത്ത് പരിശോധിച്ചാൽ അവയുടെയെല്ലാം നിർമ്മാണചെലവ് വളരെ കുറവാണ് എന്ന കാര്യം നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ഇലക്ട്രോണിക്സ് ഉപകരണങ്ങളെല്ലാം തന്നെ ഉണ്ടാക്കുന്നത് ചെറിയ ചെറിയ പാർട്ട്സുകൾ ഉപയോഗിച്ചാണ്. ആയത് വൻതോതിൽ സംഭരിച്ച് തൊഴിൽ വൈദഗ്ദ്യമുള്ള ഏതൊരാൾക്കുവേണമെങ്കിലും വലിയ മുതൽമുടക്കുകൂടാതെ തന്നെ ആരംഭിക്കാവുന്നതാണ് ഈ ഉപകരണങ്ങളുടെ നിർമ്മാണം. നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ഇലക്ട്രോണിക്സ് മേഖലയിൽ പ്രവർത്തിക്കുന്നത് വിരലിലെണ്ണാവുന്ന കുറെ സർവ്വീസ് സെൻറുകളും ഒന്നുരണ്ടു വൈൻഡിംങ്ങ് (S.S.I യൂണിറ്റ്) സെൻറുകളുമാണ്. ഒട്ടനവധി ഇലക്ട്രോണിക്സ് ഡിപ്ലോമയും ബിരുദവും നേടിയ തൊഴിൽവൈദഗ്ദ്യമുള്ള ധാരാളം യുവതീ യുവാക്കളുള്ള നമ്മുടെ പഞ്ചായത്തിൽ പഞ്ചായത്തടിസ്ഥാനത്തിലോ, സഹകരണാടിസ്ഥാനത്തിലോ, സ്വകാര്യ വ്യക്തികളുടെ പങ്കാളിത്തത്തോടുകൂടിയോ വിവിധ ഉപകരണങ്ങൾ നിർമ്മിക്കാവുന്ന വിപുലമായ ഒരു അസംബ്ലിംങ്ങ് യൂണിറ്റിനുമുള്ള സാധ്യത വളരെയേറെയാണ്. ഏറ്റവും കൂടുതൽ ആവശ്യകതയുള്ള ചില പ്രധാന ഉപകരണങ്ങൾ താഴെ പറയുന്നവയാണ്.

1. ടാപ്പിംങ്ങ് ലൈറ്റുകൾ - റീചാർജ്ജബിൾ
2. പവർകട്ട് സമയത്ത് ഉപയോഗിക്കാവുന്ന എമർജൻസി ലൈറ്റുകൾ.
3. വിവിധ ആവശ്യങ്ങൾക്കുപയോഗിക്കുന്ന ട്രാൻസ്ഫോർമറുകൾ.
4. സ്റ്റെപ് അപ്പ് ട്രാൻസ് ഫോർമറുകളും, സ്റ്റെബിലൈസറുകളും.
5. ഇലക്ട്രോണിക് ചോക്ക് (tube light application)
6. ടി വിയുടെ ആൻറിന
7. ബൂസ്റ്ററുകൾ
8. റീ ചാർജ്ജബിൾ ഫ്ലാഷ്ലൈറ്റ്.
9. കൊതുകു നിവാരിണി.
10. മാസ്റ്റർ ടെസ്റ്റർ (Multi purpuse -all in one tester)
11. റേഡിയോ
12. ആബ്ലിഫയർ, സ്റ്റീരിയോ മുതലായവ.

മേൽ വിവരിച്ച സാധനങ്ങൾ എല്ലാം തന്നെ വലിയ മുതൽമുടക്ക് കൂടാതെ നിർമ്മിക്കുവാൻ സാധിക്കുന്നതാണ്. ഇവക്കാവശ്യമായ ഇലക്ട്രോണിക്സ് പാർട്ട്സുകൾ ബാംഗ്ലൂർ, മദ്രാസ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വളരെ ചുരുങ്ങിയ നിരക്കിൽ ലഭ്യമാണ്. ഈ അനുകൂല സാഹചര്യങ്ങളെല്ലാം കണക്കിലെടുക്കുകയാണെങ്കിൽ മുകളിൽ വിവരിച്ച ഉപകരണങ്ങളെല്ലാം കൂടിയുള്ള ഒരു നിർമ്മാണ യൂണിറ്റ് അനിവാര്യമാണെന്ന കാര്യം തർക്കമില്ലാത്ത സംഗതിയാണ്. ആയതിനാൽ ഒരു മിനി ഇലക്ട്രോണിക്സ് എസ്റ്റേറ്റ് എന്ന ആശയം ഉൾകൊണ്ടുകാണ്ട് എല്ലാ ഉപകരണങ്ങളും കൂടി വിവിധ സെക്ഷനുകളിലായി ഏക മേൽക്കുരക്ക് കീഴിൽ ഉണ്ടാക്കാവുന്ന ഒരു നിർമ്മാണയൂണിറ്റ് ആരംഭിക്കുകയാണെങ്കിൽ അതിന്റെ വിജയ സാധ്യതയും കാര്യക്ഷമതയും വളരെ അധികമാണെന്ന മനസ്സിലാക്കാവുന്നതാണ്. ഒരു കേന്ദ്രീകൃത മാനേജ്മെൻറിന്റെ കീഴിലാകുമ്പോൾ മാർക്കറ്റിംങ്ങ് കൂടി ശ്രദ്ധിക്കുവാനും കേരളത്തിനകത്തും പുറത്തും സഹകരണ സംഘങ്ങൾ വഴിയും മറ്റും വിവിധ നിർമ്മാണ യൂണിറ്റുകൾക്ക് നൽകാവുന്നതുമാണ്. വിവിധ സ്റ്റെബിലൈസർ നിർമ്മാതാക്കൾ മഹിളാ സംഘടനകളേയും മറ്റും കമ്മീഷൻ വ്യവസ്ഥയിൽ നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ എത്തിച്ച് കൊടുത്ത് അവരെകൊണ്ട് ഉൽപന്നങ്ങൾ ഉണ്ടാക്കിപ്പിച്ചിട്ട് കമ്പനിയുടെ ബ്രാൻറും മുദ്രയും പതിച്ച് മാർക്കറ്റിലെത്തിക്കുകയാണ് ചെയ്യുന്നത്. അതായത് ഒട്ടനവധി ആളുകൾ ദിവസേന കൂറെയേറെ കുത്തക കമ്പനികൾക്ക് വേണ്ടി നിസ്സാരവേതനത്തിന് പണിയെടുത്ത് കൊണ്ടിരിക്കുന്നു എന്ന വസ്തുത മുകളിൽ സൂചിപ്പിച്ച ആശയത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നതാണ്. ഇലക്ട്രോണിക്സ് മേഖലയിലുള്ള കുതിച്ചുകയറ്റം ശ്രദ്ധിച്ചാൽ ഈ മേഖലയിലേക്കുള്ള കാൽ വെയ്പ് യാതൊരു കാരണവശാലും പാഴായിപോകില്ലായെന്ന് മനസ്സിലാക്കാം.

ദീർഘകാലം കേടുകൂടാതെ നിലനിൽക്കുമെന്നുള്ള വസ്തുതകൾ കണക്കിലെടുത്ത് ഈപ്രദേശത്തു നിന്നും റീപ്ലാന്റേഷനുവേണ്ടി മുറിച്ചു മാറ്റപ്പെടുന്ന റബ്ബർ മരങ്ങൾ ഉപയോഗിച്ച് ഒട്ടനവധിപേർക്ക് ജോലി സാധ്യതയുള്ള ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സാധ്യത ഈ പഞ്ചായത്തിലുണ്ട്. റബ്ബർ തടി കൂടാതെ മറ്റു ധാരാളം മരങ്ങൾ സുലഭമായി ലഭിക്കുന്ന ഈ പഞ്ചായത്തിൽ ഫർണീച്ചർ വ്യവസായത്തിന് അസംസ്കൃത പദാർത്ഥമായ മരം വളരെ എളുപ്പത്തിൽ സംഭരിക്കാവുന്നതാണ്. ഇപ്പോൾ ഈ പ്രദേശത്തെ മരങ്ങളെല്ലാം നിസാരവിലക്ക് കൃഷിക്കാരിൽ നിന്നും വാങ്ങി പഞ്ചായത്തിനു പുറത്തുള്ള വിവിധമില്ലുകളിലേക്കും ഫാക്ടറികളിലേക്കുമാണ് കൊണ്ടു പോകുന്നത്.

3. മെറ്റൽ ക്രഷിംങ്ങ് യൂണിറ്റ്:

ഒട്ടനവധി പാറക്കെട്ടുകൾ സ്ഥിതിചെയ്യുന്ന ഒരു പഞ്ചായത്തായതിനാൽ കരിങ്കല്ല്, മെറ്റൽ തുടങ്ങിയ സാധനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് പഞ്ചായത്തിൽ പാറക്കെട്ടുകൾ ധാരാളമുള്ള പ്രദേശങ്ങളിൽ ഒന്നോ രണ്ടോ മെറ്റൽ ക്രഷിംങ്ങ് യൂണിറ്റുകൾ ആരംഭിക്കുകയാണെങ്കിൽ അതുവഴി കുറെയേറെ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതും കെട്ടിടനിർമ്മാണത്തിന് ഉപയോഗിക്കുന്ന കരിങ്കൽ, മെറ്റൽ, ചിപ്സ്, ഹോളോബ്രിക്സ് മുതലായവയുടെ ലഭ്യത സുഗമമാക്കുവാനും സാധിക്കും.

പഞ്ചായത്ത് പ്രദേശത്ത് ഒട്ടനവധി ഇഷ്ടിക നിർമ്മാണ കളങ്ങളുണ്ട്. ഇഷ്ടിക നിർമ്മാണത്തിന് അനുയോജ്യമായ മണ്ണ് ലഭ്യമായതിനാൽ ഈ വ്യവസായത്തിന് സാധ്യതകൾ ഒട്ടേറെയാണ്.

അതോടൊപ്പം തന്നെ മെറ്റലും ചിപ്സും ഉപയോഗിച്ചുകൊണ്ട് ഒട്ടേറെയാളുകൾ പരീക്ഷണാടിസ്ഥാനത്തിൽ ഹോളോബ്രിക്സ് ഉണ്ടാക്കിവരുന്നുണ്ട്. അത് ലാഭകരവും മണൽ ഉപയോഗിച്ചുണ്ടാക്കുന്ന കട്ടയെക്കാൾ ഉറപ്പുള്ളതുമാണ് എന്ന് തെളിഞ്ഞിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് ഇതിന് ധാരാളം സാധ്യതകൾ കാണുന്നുണ്ട്.

4. സ്പെഷലൈസ്ഡ് ഗാർമെന്റ് മേക്കിംങ്ങ്

ഒട്ടേറെ തയ്യൽപരിശീലനം നേടിയ യുവതീ യുവാക്കൾ തൊഴിൽരഹിതരായുള്ള നമ്മുടെ പഞ്ചായത്തിൽ റെഡിമെയ്ഡ് ഡ്രസ്സുകൾ ഉത്പാദിപ്പിക്കുന്ന ഒന്നോരണ്ടോ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങി ആയതിന്റെ മാർക്കറ്റിംങ്ങിനുവേണ്ട ശ്രദ്ധ ചെലുത്തുവാൻ സാധിച്ചാൽ വളരെയധികം തൊഴിൽരഹിതർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. ചുരിദാർ, മിഡ്, നൈറ്റി, മുതലായ വസ്ത്രങ്ങളുണ്ടാക്കുവാൻ വനിതകളുടെ സഹകരണസംഘങ്ങൾ ആരംഭിക്കാവുന്നതാണ്.

5. ഇലക്ട്രോണിക്സ് – മിനി ഇലക്ട്രോണിക്സ് എസ്റ്റേറ്റ്

നമ്മുടെ നാട്ടിൽ അനുദിനം പ്രചാരമേറി കൊണ്ടിരിക്കുന്ന നിത്യോപയോഗ സാധനങ്ങളിൽ ഇലക്ട്രോണിക്സ് ഭൂരിഭാഗവും അന്യരാജ്യങ്ങളിൽ നിന്നും, സംസ്ഥാനങ്ങളിൽ നിന്നും അമിതവില കൊടുത്ത് വാങ്ങിക്കുകയാണ് ചെയ്യുന്നത്. എന്നാൽ മിക്ക ഉപകരണങ്ങളും ഒന്നൊന്നായി എടുത്ത് പരിശോധിച്ചാൽ അവയുടെയെല്ലാം നിർമ്മാണചെലവ് വളരെ കുറവാണ് എന്ന കാര്യം നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ഇലക്ട്രോണിക്സ് ഉപകരണങ്ങളെല്ലാം തന്നെ ഉണ്ടാക്കുന്നത് ചെറിയ ചെറിയ പാർട്ട്സുകൾ ഉപയോഗിച്ചാണ്. ആയത് വൻതോതിൽ സംഭരിച്ച് തൊഴിൽ വൈദഗ്ദ്യമുള്ള ഏതൊരാൾക്കുവേണമെങ്കിലും വലിയ മുതൽമുടക്കുകൂടാതെ തന്നെ ആരംഭിക്കാവുന്നതാണ് ഈ ഉപകരണങ്ങളുടെ നിർമ്മാണം. നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ഇലക്ട്രോണിക്സ് മേഖലയിൽ പ്രവർത്തിക്കുന്നത് വിരലിലെണ്ണാവുന്ന കുറെ സർവ്വീസ് സെൻറുകളും ഒന്നുരണ്ടു വൈൻഡിംങ്ങ് (S.S.I യൂണിറ്റ്) സെൻറുകളുമാണ്. ഒട്ടനവധി ഇലക്ട്രോണിക്സ് ഡിപ്ലോമയും ബിരുദവും നേടിയ തൊഴിൽവൈദഗ്ദ്യമുള്ള ധാരാളം യുവതീ യുവാക്കളുള്ള നമ്മുടെ പഞ്ചായത്തിൽ പഞ്ചായത്തടിസ്ഥാനത്തിലോ, സഹകരണാടിസ്ഥാനത്തിലോ, സ്വകാര്യ വ്യക്തികളുടെ പങ്കാളിത്തത്തോടുകൂടിയോ വിവിധ ഉപകരണങ്ങൾ നിർമ്മിക്കാവുന്ന വിപുലമായ ഒരു അസംബ്ലിംങ്ങ് യൂണിറ്റിനുമുള്ള സാധ്യത വളരെയേറെയാണ്. ഏറ്റവും കൂടുതൽ ആവശ്യകതയുള്ള ചില പ്രധാന ഉപകരണങ്ങൾ താഴെ പറയുന്നവയാണ്.

1. ടാപ്പിംങ്ങ് ലൈറ്റുകൾ - റീചാർജ്ജബിൾ
2. പവർകട്ട് സമയത്ത് ഉപയോഗിക്കാവുന്ന എമർജൻസി ലൈറ്റുകൾ.
3. വിവിധ ആവശ്യങ്ങൾക്കുപയോഗിക്കുന്ന ട്രാൻസ്ഫോർമറുകൾ.
4. സ്റ്റെപ് അപ്പ് ട്രാൻസ് ഫോർമറുകളും, സ്റ്റെബിലൈസറുകളും.
5. ഇലക്ട്രോണിക് ചോക്ക് (tube light application)
6. ടി വിയുടെ ആൻറിന
7. ബൂസ്റ്ററുകൾ
8. റീ ചാർജ്ജബിൾ ഫ്ലാഷ്ലൈറ്റ്.
9. കൊതുകു നിവാരിണി.
10. മാസ്റ്റർ ടെസ്റ്റർ (Multi purpuse -all in one tester)
11. റേഡിയോ
12. ആബ്ലിഫയർ, സ്റ്റീരിയോ മുതലായവ.

മേൽ വിവരിച്ച സാധനങ്ങൾ എല്ലാം തന്നെ വലിയ മുതൽമുടക്ക് കൂടാതെ നിർമ്മിക്കുവാൻ സാധിക്കുന്നതാണ്. ഇവക്കാവശ്യമായ ഇലക്ട്രോണിക്സ് പാർട്ട്സുകൾ ബാംഗ്ലൂർ, മദ്രാസ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വളരെ ചുരുങ്ങിയ നിരക്കിൽ ലഭ്യമാണ്. ഈ അനുകൂല സാഹചര്യങ്ങളെല്ലാം കണക്കിലെടുക്കുകയാണെങ്കിൽ മുകളിൽ വിവരിച്ച ഉപകരണങ്ങളെല്ലാം കൂടിയുള്ള ഒരു നിർമ്മാണ യൂണിറ്റ് അനിവാര്യമാണെന്ന കാര്യം തർക്കമില്ലാത്ത സംഗതിയാണ്. ആയതിനാൽ ഒരു മിനി ഇലക്ട്രോണിക്സ് എസ്റ്റേറ്റ് എന്ന ആശയം ഉൾകൊണ്ടുകാണ്ട് എല്ലാ ഉപകരണങ്ങളും കൂടി വിവിധ സെക്ഷനുകളിലായി ഏക മേൽക്കുരക്ക് കീഴിൽ ഉണ്ടാക്കാവുന്ന ഒരു നിർമ്മാണയൂണിറ്റ് ആരംഭിക്കുകയാണെങ്കിൽ അതിന്റെ വിജയ സാധ്യതയും കാര്യക്ഷമതയും വളരെ അധികമാണെന്ന മനസ്സിലാക്കാവുന്നതാണ്. ഒരു കേന്ദ്രീകൃത മാനേജ്മെൻറിന്റെ കീഴിലാകുമ്പോൾ മാർക്കറ്റിംങ്ങ് കൂടി ശ്രദ്ധിക്കുവാനും കേരളത്തിനകത്തും പുറത്തും സഹകരണ സംഘങ്ങൾ വഴിയും മറ്റും വിവിധ നിർമ്മാണ യൂണിറ്റുകൾക്ക് നൽകാവുന്നതുമാണ്. വിവിധ സ്റ്റെബിലൈസർ നിർമ്മാതാക്കൾ മഹിളാ സംഘടനകളേയും മറ്റും കമ്മീഷൻ വ്യവസ്ഥയിൽ നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ എത്തിച്ച് കൊടുത്ത് അവരെകൊണ്ട് ഉൽപന്നങ്ങൾ ഉണ്ടാക്കിപ്പിച്ചിട്ട് കമ്പനിയുടെ ബ്രാൻറും മുദ്രയും പതിച്ച് മാർക്കറ്റിലെത്തിക്കുകയാണ് ചെയ്യുന്നത്. അതായത് ഒട്ടനവധി ആളുകൾ ദിവസേന കുറെയേറെ കുത്തക കമ്പനികൾക്ക് വേണ്ടി നിസ്സാരവേതനത്തിന് പണിയെടുത്ത് കൊണ്ടിരിക്കുന്നു എന്ന വസ്തുത മുകളിൽ സൂചിപ്പിച്ച ആശയത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നതാണ്. ഇലക്ട്രോണിക്സ് മേഖലയിലുള്ള കുതിച്ചുകയറ്റം ശ്രദ്ധിച്ചാൽ ഈ മേഖലയിലേക്കുള്ള കാൽ വെയ്പ് യാതൊരു കാരണവശാലും പാഴായിപോകില്ലായെന്ന് മനസ്സിലാക്കാം.

ഊർജ്ജം

പഴയന്നൂർ പഞ്ചായത്തിൽ പുരാതന കാലം മുതൽ ഊർജ്ജമേഖലയിൽ ലഭ്യമായിരുന്നത് വിറകായിരുന്നു. വെണ്ണീർ ധാരാളം ലഭിച്ചിരുന്നതും വിറകു വിൽപ്പന തൊഴിലാക്കിയവരും ധാരാളമായിരുന്നു. കവലകളിൽ വിളക്കുമാടങ്ങൾ സ്ഥാപിച്ചിരുന്നു. ഇന്നും ഇതിന്റെ പ്രതീകം എന്നോണം ഒരു വിളക്കുകാൽ കല്ലേപ്പാടം കവലയിൽ നിലനിൽക്കുന്നു. ചാണകവറളിയും മറ്റും പാചകാവശ്യത്തിന് ഉപയോഗിച്ചു പോന്നിരുന്നു.

പട്ടിക 1

പഴയന്നൂർ ഗ്രാമപഞ്ചായത്ത്.
വൈദ്യുതി ഉപയോഗം സംബന്ധിച്ച വിവരങ്ങൾ

മൊത്തം ട്രാൻസ്ഫോർമറുകളുടെഎണ്ണം	ഉപഭോക്താക്കളുടെ വിവരം				ആകെ	പൊതുവിളക്കുകളുടെ വിവരം				ആകെ
	ഗാർഹിക	വ്യാപാരം	വ്യവസായ	കാർഷീക		വേഷർലാമ്പ്	ഫ്ലൂട്യൂബ്	ബൾബ്	മറ്റുള്ളവ	
23	2246	400	64	320	3030	4	32	335	-	371

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

പട്ടിക 2

ക്രമ നമ്പർ	ഹരിജൻകോളനികളുടെപേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം)	സൗജന്യസ്സാബിൽ വൈദ്യുതിഉപ:എണ്ണം	പണം നൽകി വൈദ്യുതി കണ:ലഭിക്കുന്ന കുടും. എണ്ണം
1.	കല്ലം പറമ്പ്	25	13	12
2.	കുറുപ്പത്തുകുന്ന്	5	2	3
3.	നീർണമുക്ക്	8	8	
4.	കൊടവം പാടം	5	5	
5.	കല്ലേപ്പാടം	4	4	
6.	തേവടികുന്ന്	4	4	
7.	പൊററ	2	2	
8.	ആച്ചാട്ടുപടി	10	9	1
9.	കുമ്പളടക്കാട്(മലയം)	8	8	
10	കല്ലംകുളം	8	8	8

2246 ഗൃഹങ്ങൾ വൈദ്യുതീകരിച്ചതാണ്. ഇതിൽ തന്നെ 73 പട്ടികജാതി കുടുംബങ്ങളാണ്. വ്യവസായിക ആവശ്യത്തിനായി 64 കണക്ഷനും,കാർഷീക ആവശ്യത്തിനായി 320 കണക്ഷനുകളുമാണുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ അതിർത്തിയിൽ 371 തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 4 സോഡിയം വേപ്പർ ലാമ്പുകളും 32 ഫ്ളൂ ട്യൂബ് വിളക്കുകളും പെടുന്നു. കൃഷി ആവശ്യത്തിനായി ഇന്ന് മോട്ടോറുകൾ ഉപയോഗിക്കുന്നു. വൈദ്യുതി മോട്ടോറുകളും മണ്ണെണ്ണ എൻജിനുകളുമാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ ഇന്ന് പാചകാവശ്യത്തിനായി വിറകാണ് പ്രധാനമായും ഉപയോഗിക്കുന്നത്. പണ്ടുകാലങ്ങളിൽ വ്യാപകമായും അശാസ്ത്രീയമായും വനസമ്പത്ത് ഉപയോഗിച്ചതിനാൽ വിറകിന്റെ ലഭ്യത കുറഞ്ഞുവരുന്നു. പാചകാവശ്യത്തിനു ഉയോഗിച്ചിരുന്നചാണക വറളിയുടെ നിർമ്മാണം ചാണക ക്ഷാമം മൂലം കുറഞ്ഞു പോയിരിക്കുന്നു. ഏതാണ്ട് 3,96,075 ലിറ്റർ മണ്ണെണ്ണയാണ് റേഷൻ കടകളിലൂടെ ഗാർഹിക ആവശ്യത്തിനായി വിതരണം ചെയ്യുന്നത്. ഇതിൽ തന്നെ കാർഷിക ആവശ്യത്തിനായി 6075 ലിറ്റർ മണ്ണെണ്ണക്കുള്ള പെർമിറ്റും നിലവിലുണ്ട്. ഇതിനോടൊപ്പം തന്നെ സ്വകാര്യ സ്ഥാപനങ്ങളിലൂടെ 24000 ലിറ്റർ മണ്ണെണ്ണയും പഴയന്നൂരിൽ ഉപയോഗിക്കുന്നു. മണ്ണെണ്ണയുടെ വിലയിലുണ്ടായ വർദ്ധനവ് വലിയൊരു പ്രശ്നം തന്നെയാണ്.

ഇന്ന് വ്യാപകമായി പാചകവാതകം ഉപയോഗിക്കുന്നു. ഒറ്റപ്പാലത്തു നിന്നുള്ള ഭാരത് പെട്രോളിയം ഏജൻസിയും പഴയന്നൂരിലുള്ള സ്വകാര്യ പാചകവാതക ഏജൻസിയും ഈ രംഗത്ത് പ്രവർത്തിക്കുന്നു.പഴയന്നൂരിൽ ഒരു പെട്രോൾ പമ്പ് പ്രവർത്തിക്കുന്നുണ്ട്. 8,24,000 ലിറ്റർ പെട്രോളും, ഡീസലും പ്രതിവർഷം വിൽക്കപ്പെടുന്നു. അപ്രഖ്യാപിത പവർകട്ടുകൾ, വോൾട്ടേജു ക്ഷാമം, വൃക്ഷകൊമ്പുകൾ വൈദ്യുതി ലൈനിൽ തട്ടിയുണ്ടാകുന്ന ഊർജ്ജ നഷ്ടവും, ആസൂത്രിതമല്ലാതെയുള്ള ലൈൻ വലിക്കലും, ട്രാൻസ്ഫോർമറുകളുടെ അപര്യാപ്തതയും മറ്റുമാണ് പ്രധാനമായുള്ള പ്രശ്നങ്ങൾ

വൈദ്യുതിയുടെ മേഖലയിൽ ഉണ്ടാകുന്ന വളർച്ചയ്ക്കനുസൃതമായി മാത്രമേ വ്യവസായിക വളർച്ച ഉറപ്പാക്കാ ൻ സാധിക്കുകയുള്ളൂ.

◆ പഴയന്നൂരിൽ വൈദ്യുതബില്ലിങ് സൗകര്യം ഏർപ്പെടുത്തിയാൽ പഴയന്നൂരിൽ നിന്നും, പ്ലാഴിയിൽ നിന്നും, ഇളനാടുനിന്നുമുള്ള ഏതാണ്ട് 3030 കൺസ്യൂമർമാർക്ക് ഗുണകരമായിരിക്കുകയും ഇതിലൂടെ ഉപഭോക്താക്കളുടെ ദുരിതം കുറക്കാവുന്നതുമാണ്.

◆പഴയന്നൂരിൽ പണിനടന്നുകൊണ്ടിരിക്കുന്ന 110 kv സബ്സ്റ്റേഷന്റെ പ്രവർത്തനം പൂർത്തീകരിച്ചാൽ വലിയൊരളവുവരെ വോൾട്ടേജുക്ഷാമം പരിഹരിക്കാനാവും.

എളനാട് ഭാഗത്തേക്ക് പഴയന്നൂർ മേപ്പാടം വഴിയാണ് വൈദ്യുതിലൈയിൻ എടുത്തിരിക്കുന്നത്. ഫീഡറിൽ നിന്നും ഏകദേശം 48 KM സഞ്ചരിച്ചാണ് വൈദ്യുതി എളനാട് എത്തുന്നത്. ഇപ്പോൾ എളനാട് വഴിയുള്ള ലൈയിൻ വെന്നൂർ വരെയും പഴയന്നൂരിൽ നിന്നുള്ള ലൈയിൻ പൊട്ടൻകോട് വരെയും എത്തി നിൽക്കുന്നുണ്ട്. 1 1/2 കീലോമീറ്ററോളം വരുന്ന ഈ ഭാഗം തമ്മിൽ യോജിപ്പിച്ചാൽ 48 കിലോമീറ്റർ സഞ്ചരിച്ചാലുണ്ടാകുന്ന പ്രസരണ നഷ്ടം ഒഴിവാക്കാവുന്നതും 110 kv സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്താലുണ്ടാകുന്ന ഗുണം ഇളനാട് നിവാസികൾക്കു ലഭ്യമാക്കാവുന്നതുമാണ്.

◆നിലവിലുള്ളട്രാൻസ്ഫോർമറുകളിൽ പലതും അതിന്റെ പരിധിയുടെ ഇരട്ടിയിലധികം കണക്ഷനുകൾ ഉള്ളവയാണ്.ഇതിനു പരിഹാരമായിഉചിതമായ ഇടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്.

◆ സമയാസമയങ്ങളിൽ മരച്ചില്ലകൾ വെട്ടി പ്രസരണ നഷ്ടം ഒഴിവാക്കാൻ കഴിയേണ്ടതാണ്.

◆ആവശ്യമായ സ്ഥലങ്ങളിൽ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കാവുന്നതും ഇതിനായി പരീക്ഷണാടിസ്ഥാനത്തിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കാവുന്നതുമാണ്.

◆പഴയന്നൂരിലെ കാർഷികമേഖലയായ വെള്ളപ്പാറയിൽ വൈദ്യുതി എത്തിക്കേണ്ടതും ഇതിനായി ഗുണഭോക്താക്കളുടെ സഹായം ഉപയുക്തമാക്കാവുന്നതുമാണ്.

◆പ്രസരണ നഷ്ടം ഒഴിവാക്കാൻ നിലവിലുള്ള പല കണക്ഷനുകളും വിശദമായ പഠനത്തിലൂടെ നേരിട്ടു നൽകാൻ സാധിക്കുന്നതാണ്. പഴയന്നൂർ സെൻററിലെ ട്രാൻസ്ഫോർമറിൽ നിന്ന് നേരിട്ട് കുട്ടാടൻ തോടിൻ കരയിലൂടെ കൈമളാം കുന്ന് കോളനിയിൽ വൈദ്യുതി എത്തിക്കാവുന്നതാണ് നിലവിലിത് വളഞ്ഞ് തെക്കേതറവഴിയാണ് വലിച്ചിട്ടുള്ളത് എന്നതൊരു ഉദാഹരണം മാത്രമാണ്.

◆ പഴയന്നൂർ, തിരുവിലാമല, ചേലക്കര, കൊണ്ടാഴി എന്നീ പഞ്ചായത്തുകളുടെ പൊതു ആവശ്യത്തിനായി ഒരു ഗ്യാസ് ഏജൻസി പഴയന്നൂരിൽ ലഭ്യമാക്കാവുന്നതാണ്. ഗോബർ ഗ്യാസ് ഏജൻസികളുടെ പ്രവർത്തനത്തെ കുറിച്ച് ബോധവൽകരിക്കുകയും വേണ്ട സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്താൽ കന്നുകാലി വളർത്തൽ തൊഴിലാക്കിയവർ ഇതു പ്രാബല്യത്തിൽ വരുത്താൻ ശ്രമിക്കും. പുകയില്ലാത്ത ദക്ഷതകൂടിയ അടുപ്പുകളുടെ പ്രചാരം വർദ്ധി പ്പിക്കുകയും ഇതിലൂടെ മലിനീകരണം പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കാവുന്നതുമാണ്

◆ പഞ്ചായത്ത് പൊതു ശ്മശാനത്തിൽ ഇലക്ട്രിക്കൽ ക്രമീകരണ സൗകര്യം ഏർപ്പെടുത്തുക. നിശ്ചിതസംഖ്യ ഫീസ് നിശ്ചയിച്ചാൽ ഇതിന്റെ

മേൽനോട്ടവും ഇതിലൂടെ വിറകിന്റെ അമിത ഉപയോഗവും പരിസര മലിനീകരണവും ഒഴിവാക്കാൻ കഴിയും.

◆ വൈദ്യുതിയുടെ ഗുണം എല്ലാവർക്കും ലഭ്യമാക്കുന്നതിനോടൊപ്പം ഊർജ്ജസംരക്ഷണ ബോധവത്കരണ പരിപാടികളും ആസൂത്രണം ചെയ്യപ്പെട്ടാൽ മാത്രമേ ഈ മേഖലയിലെ ഇടപെടൽ പൂർണ്ണമാകുകയുള്ളൂ.

പഞ്ചായത്ത് തല നിർദ്ദേശങ്ങൾ

110 KV. സബ് സ്റ്റേഷൻ എത്രയും വേഗം കമ്മീഷൻ ചെയ്യേണ്ടതാണ്. ആവശ്യമായ തൊഴിലാളികളെ നിയമിക്കേണ്ടതും സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കേണ്ടതുമാണ്. ആവശ്യമായ സ്ഥല ങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ് .പ്രസരണനഷ്ടം ഒഴിവാക്കുന്നതിനു വേണ്ടി പൊട്ടൻ കോട്, വെന്നൂർ വഴി എളനാട്ടിലേക്ക് വൈദ്യുതിലൈയിൻ വലിക്കുക.

ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1 ാം വാർഡ്

കോഴിക്കാട്,പൊനം, കിഴക്കേക്കരക്കുന്ന്,കല്ലംകുളം ഗിരിജൻകോളനി, പെരുവംപ്പാറ കോളനി, കൊളമ്പ്, പുത്തിരിത്തറ, കൂടാംകുന്ന് എന്നീ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കേണ്ടതാണ്.

2 ാം വാർഡ്.

കോളനികൾ വൈദ്യുതീകരിക്കേണ്ടതാണ്. വോൾട്ടേജ് ക്ഷാമം പരിഹരി ക്കേണ്ടതാണ് .ചീരക്കുഴി, മുതലിമാർത്തറ, കാക്കരകുന്ന്, കുണ്ടിൽദേശം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കേണ്ടതാണ്. വഴിവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

3 ാം വാർഡ്

ലക്ഷം വീട് കോളനി, ചീരക്കുഴി മിച്ചഭൂമി പ്രദേശം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. സർക്കാർ ആശുപത്രിക്ക് സമീപം ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

4 ാം വാർഡ്

കുന്നത്തറയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതാണ്. കോടത്തൂർ, പമ്പ്രോട്ട് പറമ്പ് പ്രദേശം, ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കേണ്ടതുമാണ്.ആവശ്യമായ വഴി വിളക്കുകാൽ സ്ഥാപിക്കേണ്ടതുമാണ്.

5 ാംവാർഡ്

വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. തെക്കെത്തറ മേഖലയിൽ വെള്ളപ്പാറ ഭാഗത്തും, കൈമളാംകുന്ന് കോളനി പരിസരത്തും ഓരോ ട്രാൻസ്ഫോർമർ സ്ഥാപിക്കുക. വെള്ളപ്പാറ മേഖലയിൽ കാർഷിക ആവശ്യത്തിന് വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി എത്തിക്കുവാൻ സ്വകാര്യ വ്യക്തികളുടെ സഹായം ലഭ്യമാണ്.

6 ാം വാർഡ്

കുന്നത്തറയിലും ചെറുകരയിലും ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

7 ാം വാർഡ്

കുണ്ടംകുളം, എലമണ്ണിൽ പറമ്പ് കോളനി, ചെട്ടികുന്ന് കോളനി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുക, സമയാസമയങ്ങളിൽ മരക്കൊമ്പുകൾ മുറിച്ചുമാറ്റുക.

8 ാം വാർഡ്

മാട്ടിൻമ്മുകൾ, കുമ്പളക്കോട് ഗിരിജൻ കോളനി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം

9 ാം വാർഡ്

പൊട്ടൻകോട് കോളനി, പൊറ്റ കോളനി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം

10 ാം വാർഡ്

LP സ്കൂളിനു സമീപമുള്ള ട്രാൻസ്ഫോർമർ നന്നാക്കണം.

11 ാം വാർഡ്

10 KV സബ്സ്റ്റേഷനിൽ നിന്ന് നേരിട്ട് എളനാട്ടിലേക്ക് ലെയിൻ വലിച്ചാൽ ചേലക്കര വഴി വരുമ്പോഴുള്ള പ്രസരണ നഷ്ടം ഒഴിവാക്കാവുന്നതാണ്.

മുത്തലാംകോട് കോളനി ചൂലിപ്പാടം കോളനി കോങ്ങോട്ടുപാടം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം

12ാം വാർഡ്

അമലൂർ, വാകൃപ്പാടം, ഉറവുമട, നമ്പത്തൊടി കോള നി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം

13ാം വാർഡ്

വെള്ളടി, വേലംകോട് എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം

ഗതാഗതം

പണ്ട് കാലങ്ങളിൽ നിലനിന്നിരുന്ന യാത്രാമാർഗ്ഗം പ്രധാനമായും ചെമ്മൺപാതകൾ മാത്രമായിരുന്നു. വില്ലുവെച്ച വണ്ടികളും കാളവണ്ടികളും മറ്റുമാണ് സവാരിക്ക് ഉപയോഗിച്ചിരുന്നത്.കിഴക്കുഭാഗത്തായി പഴയന്നൂരിനെ ആലത്തൂർ താലൂക്കുമായി ബന്ധിപ്പിക്കുന്ന ഒരു ചെമ്മൺപാതയും വടക്കുഭാഗത്ത് തിരുവില്വാമല പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന മറ്റൊരു ചെമ്മൺ പാതയുമാണ് നിലനിന്നിരുന്നത്. ഈ വീഥികൾ പിന്നീട് കല്ല് വിരിച്ച പാതകളാക്കിമാറ്റി.

ചീരക്കുഴി പുഴയിൽ നിർമ്മിച്ച കേരളവർമ്മയുടെ പേരിലുള്ള കൊച്ചി പാലമാണ് പഴയന്നൂരിന്റെ ഗതാഗത രംഗത്ത് പ്രകടമായ മാറ്റം ഉണ്ടാക്കിയത്. പിന്നീട് റോഡുകൾ ടാർചെയ്യുകയും, കുഴിച്ചപുള്ളി കളത്തിലേക്കും മറ്റുമായി ജൻമികൾ നടത്തിയ ശ്രമഫലമായിപഴയന്നൂരിനെഎളനാടുമായി ബന്ധിപ്പിക്കുന്നകല്ലുവിരിച്ചപാതയുംഉണ്ടാക്കപ്പെട്ടു. പ്ലാഴിയിൽ നിർമ്മിച്ച കോൺക്രീറ്റു പാലം തലപ്പിള്ളി താലൂക്കിനെ ആലത്തൂർ താലൂക്കുമായി ബന്ധിപ്പിക്കുന്നു.

പഴയന്നൂർ ഗ്രാമ പഞ്ചായത്ത്

ഗതാഗതം റോഡുകളുടെ വിവരം

വാർഡ്	റോഡിന്റെ ആകെ നീളം	ടാർ ചെയ്തത്	ടാർ ചെയ്യാത്തത്
1	12 കി. മീ.	3 കി. മീ.	9 കി. മീ.
2	30 കി. മീ.	3 കി. മീ.	27 കി. മീ.
3	21 കി. മീ.	2 കി. മീ.	19 കി. മീ.
4	20 കി. മീ.	.80 കി. മീ.	19.2 കി. മീ.
5	35 കി. മീ.	5 കി. മീ.	30 കി. മീ.
6	25 കി. മീ.	.50 കി. മീ.	24.5കി. മീ.
7	10 കി. മീ.	4 കി. മീ.	6 കി. മീ.
8	10 കി. മീ.	3 കി. മീ.	7 കി. മീ.
9	15 കി. മീ.	ഇല്ല	15 കി. മീ.
10	12 കി. മീ.	4 കി. മീ.	8 കി. മീ.
11	30 കി. മീ.	3 കി. മീ.	27 കി. മീ.
12	11.5 കി. മീ.	.200 കി. മീ.	11.3 കി. മീ.
13	13 കി. മീ.	5 കി. മീ.	8 കി. മീ.
ആകെ	244.5 കി. മീ.	33.5 കി. മീ.	211 കി. മീ.

പഞ്ചായത്തിലെ PWD, ഇറിഗേഷൻ റോഡ്,നടവഴികൾ പഞ്ചായത്തു റോഡുകൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു.

പഴയന്നൂർ പഞ്ചായത്തിൽ ആകെ 244.5കി.മീ.റോഡാണുള്ളത്. ഇതിൽ33.5 കി.മീ. മാത്രമേ ടാർ ചെയ്തിട്ടുള്ളൂ.

ഇന്ന് യാത്രക്കായി യഥേഷ്ടം ബസ്സുകൾ ഉപയോഗപ്രദമാണ്. എങ്കിലും ചരക്ക് കടത്തിനായി ഇന്നും കാളവണ്ടികൾ ഉപയോഗിക്കുന്നുണ്ട്. ടാർ ചെയ്ത റോഡുകളിലൂടെയുള്ള യാത്ര ഏറെറവും ദുരിതം നിറഞ്ഞതായി തന്നെനിലനിൽക്കുന്നു. റോഡപകടങ്ങൾ കൂടാനുള്ള ഒരു പ്രധാന കാരണവും ഇതു തന്നെയാണ്. പഞ്ചായത്തിലെ റോഡുകളുടെ വശങ്ങളിൽ കാനകൾ ഇല്ലാത്തതും ഉള്ളവ ഉപയോഗ ശൂന്യമായിരിക്കുന്നതും വലിയൊരു പ്രശ്നമാണ്. പഴയന്നൂരിൽ ഇന്ന് 55 ഓളം ബസ്സുകൾ 220 ഓളം സർവ്വീസുകൾ നടത്തുന്നുണ്ട്. പഴയന്നൂരിൽ ഏതാണ്ട് 65 ടാക്സികളും 105 ഓട്ടോകളും ഉണ്ട്.

പഴയന്നൂരിന്റെ ഗതാഗത മേഖലയിൽ ഒരു ബസ്റ്റാൻറ് ഇല്ലാത്തത് വലിയൊരു പ്രശ്നമായി തന്നെ അവശേഷിക്കുന്നു. ഇതിനു വേണ്ടപ്രവർത്തനങ്ങൾ സജീവമായി നടക്കുന്നുണ്ട്.

പഴയന്നൂർ സെന്ററിലെ ഗതാഗത കുരുക്ക് ഒഴിവാക്കാൻ ടാക്സി വാഹനങ്ങൾക്കും ഓട്ടോറിക്ഷകൾക്കും പൊതുവായ ഒരു പാർക്കിംഗ് സൗകര്യവും അത്യാവശ്യമാണ്.

ഗതാഗത സൗകര്യങ്ങൾ പരമാവധി വർദ്ധിപ്പിക്കുന്നതോടൊപ്പം അത് യഥാർത്ഥമായ രൂപത്തിൽ ഉപയോഗിക്കാനും കഴിയേണ്ടതാണ്. ഇതിന് താഴെ പറയുന്ന സാധ്യതകളാണ് പൊതുവിൽ ഉരുത്തിരിഞ്ഞുവരുന്നത്.

പഞ്ചായത്തുതല നിർദ്ദേശങ്ങൾ

◆ ബസ് സ്റ്റാൻഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പും നിർമ്മാണവും വേഗത്തിൽ പൂർത്തിയാക്കുക.

◆പഴയന്നൂർ പഞ്ചായത്തിനെ ഇതര പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിന് മുൻഗണന നൽകുക.

◆ പഞ്ചായത്തിലുള്ള പഴയന്നൂർ ഇളനാട് പി.ഡ ബ്ല്യൂ.ഡി. റോഡ് ടാർ ചെയ്ത് ഗതാഗത സൗകര്യം മെച്ച പ്പെടുത്തുക.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

◆എല്ലാവിധ റോഡുകളും സമയാസമയങ്ങളിൽ അറകുറപണികൾ നടത്തി സംരക്ഷിക്കപ്പെടേണ്ടതാണ്. ഇതിനായി സന്നദ്ധസംഘടനകളുടെ പ്രവർത്തനം ഉപ യോഗിക്കാവുന്നതാണ്.

◆ഒന്നാം വാർഡിൽ വെള്ളാർക്കുളം, കുളമ്പ്, പുളിങ്കൂട്ടം, പറക്കുളം, മലമ്പതികുന്ന്, കിഴക്കെകരകുന്ന് കോളനി,അത്താണിപറമ്പ്, പുത്തിരിത്തറ, കിളിനിക്കടവ് പുഴയിലേക്കുള്ളറോഡ്എന്നിവനിർമ്മിച്ച്സഞ്ചാരയോഗ്യ മാക്കേണ്ടതാണ്.

◆രണ്ടാം വാർഡിൽ പൊതു ശ്മശാനറോഡ് ടാർചെയ്ത് സംരക്ഷിക്കണം. കൊണ്ടാഴി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതരത്തിൽ കാക്കരകുന്ന് കിളിനിക്കടവ് റോഡു നിർമ്മിക്കാവുന്നതാണ്.

◆ മൂന്നാം വാർഡിൽ കോടത്തൂർ വടക്കെത്തറ, കല്ലംപറമ്പ്. കോടത്തൂർ റോഡ് നല്ല രീതിയിൽ സംരക്ഷിച്ച് ടാർചെയ്ത് ഉപയോഗയോഗ്യമാക്കാവുന്നതാണ്.

◆നാലാം വാർഡിൽ പെരുമ്പാല പറമ്പ്റോഡ്,ലക്ഷം വീട്, കോളനി റോഡ്, കനാൽറോഡ്,കോടത്തൂർ റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കേണ്ടതാണ്.

പഴയന്നൂർ പഞ്ചായത്തിനെ പാലക്കാട് ജില്ലയുമായി ബന്ധിപ്പിക്കാവുന്നരീതിയിൽ കോട ത്തൂർ കുട്ടിലമുക്കിൽ ഗായത്രിപ്പുഴയിൽ ഒരു ബ്രിഡ്ജ്.കം.റെഗുലേറർ നിർമ്മിക്കാവുന്നതാണ്. ഇതിലൂടെ പഴയന്നൂരിൽ നിന്ന് 30 KM വളഞ്ഞ് പഴമ്പാലക്കോടിൽ പോയി വരുന്നവർക്ക് വെറും 5 KM കൊണ്ട് പഴമ്പാലക്കോട് എത്താൻ കഴിയും. കാർഷിക മേഖലയിൽകനാൽജലം യഥാർത്ഥ അർത്ഥത്തിൽ ഉപയുക്തമാക്കാനും കഴിയും

◆അഞ്ചാം വാർഡിൽ കൈമളാംകുന്ന്.വെള്ളപ്പാറ റോഡ് നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കാൻകഴിയും ഗാന്ധിമാർക്കറിനു മുന്നിലുള്ള കാന പടിഞ്ഞാറോട്ട് നീട്ടി നിർമ്മിച്ച് നിലവിലുള്ള കാനയുമായി ബന്ധിച്ച് തൃശ്ശൂർ റോഡിലുള്ള ആദ്യ കൽവർട്ടിലൂടെ കുട്ടാടൻ തോടിൽ എത്തിക്കുകയും, പഴയന്നൂർ സെൻറിൽടാക്സിപാർക്കിങ്ങിനു മുന്നിൽ കാനതീർത്ത ഭഗവതി ക്ഷേത്രത്തിനു മുൻപിലൂടെ പടിഞ്ഞാറോട്ട് നീട്ടി കുട്ടാടൻ തോടിൽ എത്തിക്കാവുന്നതും ഇതിലൂടെ പഴയന്നൂർ സെൻറിൽ വർഷകാലത്തുണ്ടാകുന്ന ജലനിർഗമന പ്രശ്നം പരിഹരിക്കാവുന്നതുമാണ്. വെള്ളപ്പാറ റോഡിൽ ഈർച്ചമില്ലിന്റെ മുൻപിൽ കലുങ്ക് നിർമ്മിച്ച് ജല നിർഗമനം സുഗമമാക്കാവുന്നതാണ്.

◆ആറാം വാർഡിൽ ഹൈസ്കൂൾ റോഡിനുവശത്ത് കാന നിർമ്മിച്ച് ടാർചെയ്ത് സഞ്ചാരയോഗ്യമാക്കണം. പറക്കുളം മിച്ചഭൂമി മേപ്പാടത്ത്പറമ്പ് എന്നിവിടങ്ങളിൽ റോഡ് നിർമ്മിക്കാവുന്നതാണ്.

◆ഏഴാം വാർഡിൽ ITC, വീരൻഭദ്രൻകാവ്, എലമണ്ണിൽ പറമ്പ്,ആലംകുന്ന്റോഡ് എന്നിവ ഗതാഗത യോഗ്യ മാക്കാവുന്നതാണ്.

◆എട്ടാം വാർഡിൽ പൊട്ടൻകോട്ട് കുമ്പളക്കോട് റോഡ്,വടക്കേകര കോളനി റോഡ് പുഞ്ചപ്പാടം കോളനി, വെള്ളപ്പാറഭജനമഠം റോഡ് എന്നിവ വീതികൂട്ടി സഞ്ചാരയോഗ്യമാക്കാവുന്നതാണ്.

◆ഒൻപതാം വാർഡിൽ പൊററ സ്കൂൾറോഡ് വീതികൂട്ടുകയും പൊട്ടൻകോട് പൊററ മസ്ജിദ് റോഡ്, നിർമ്മിക്കുകയും ചെയ്യാവുന്നതാണ്.

◆പത്താം വാർഡിൽ വട്ടപ്പാറ തോടിനു മുകളിൽ പാലം നിർമ്മിക്കുകയും , നിലികുളം റോഡ്,മാഞ്ചാടി റോഡ്, വെന്നൂർ പുലാക്കോട് റോഡ് എന്നിവ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കാവു ന്നതാണ്.

◆പതിനൊന്നാം വാർഡിൽ ചേപ്പറോഡ് സഞ്ചാര യോഗ്യമാക്കേണ്ടതും, റിസർവ്വേ നടത്തി ഫോറസ്സു ഡിപ്പാർട്ടുമെൻറിൻെറ കൈവശം കിടക്കുന്ന റോഡ് തിരിച്ചെടുത്ത് സഞ്ചാരയോഗ്യമാക്കേണ്ടതുമാണ്. കുട്ടാടൻറോഡ്, പരുത്തിപ്രപ്പാലം റോഡ്, കോങ്ങോട്ടു പാടം റോഡ്, അടിച്ചറ – ചൂലിപ്പാടം റോഡും സഞ്ചാര യോഗ്യമാക്കണം.

◆പന്ത്രണ്ടാം വാർഡിൽ അമലൂർ, തെണ്ടങ്കാവ് കോളനി, നമ്പത്തൊടി കോളനി, അമ്പക്കാട് കൂപ്പ് റോഡ് എന്നിവ പണി കഴിച്ച് സഞ്ചാര യോഗ്യമാക്കണം.

◆പതിമൂന്നാം വാർഡിൽ തൃക്കണായ കോളനി, കരിയാറക്കോട് കോളനി, ചക്കത്തു കുന്ന് പൂളകുണ്ട്, നീളംപള്ളിയാൽ കോളനി, എന്നീറോഡുകൾ സഞ്ചാര യോഗ്യമാക്കാവുന്നതാണ്.

എല്ലാ റോഡുകളുടേയും വശങ്ങളിൽ കാനകീറി റോഡ് സംരക്ഷിക്കാവുന്നതും റോഡരികിൽ വൃക്ഷങ്ങൾവെച്ചു പിടിപ്പിക്കാവുന്നതുമാണ്.കാനകളുടെ സമയാസമയങ്ങളിലുള്ളസംരക്ഷണവും ശുചിയാക്കലും നടത്താനുള്ള ശ്രമങ്ങൾ ഉണ്ടാക്കാവുന്നതും ഇതിനായി പഞ്ചായത്തു തലത്തിൽ റോഡുസംരക്ഷണസമിതികൾ സ്ഥാപിക്കാവുന്നതും ഇവയിലൂടെ റോഡ് ടാർ ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനുമായി സ്പോൺസർമാരെ സംഘടിപ്പിക്കാവുന്നതുമാണ്.

◆പഴയന്നൂർ പഞ്ചായത്തിൽ ഒരു ബസ്റ്റാൻറ് ആവശ്യമാണെന്ന മുറവിളിയുടെ ഭാഗമായി മുൻ പഞ്ചായത്തു ഭരണസമിതിയുടെ പ്രവർത്തനഫലമായി അംഗീകരിച്ച ബസ്റ്റാൻറ് നിർദ്ദിഷ്ട സ്ഥലത്ത് നിർമ്മിക്കുകയും അതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തി നിയമകുരുക്കുകളിൽ നിന്ന് മോചിപ്പിക്കേണ്ടതും ആവശ്യമാണ്.

◆പഴയന്നൂർ സെൻററിലെ കാലാവധി ആയുസ്സെത്തിയ ഷോപ്പിംഗ് കോംപ്ലെക്സ് പുനസംവിധാനം ചെയ്ത് ബെൽ മൗത്ത് ആകൃതിയിൽ നിർമ്മിച്ചു അതിനുമുൻവശത്തായി വാഹനം പാർക്ക് ചെയ്യുവാനുള്ള സംവിധാനം ഉറപ്പാക്കണം. ഷോപ്പിംഗ് കോംപ്ലെക്സ് പുനർസംവിധാനം ചെയ്യുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്. ഇതിലൂടെ ഗതാഗത കുരുക്കും ഒഴിവാക്കാം.

പഴയന്നൂർ സെൻറിൽ ഓട്ടോറിക്ഷകൾക്ക് തിരുവില്വാമല റോട്ടിലും, ഇളനാട് റോഡിലും, ടെമ്പിൾ റോഡിലുമായി മൂന്നു സ്ഥലത്ത് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താവുന്നതുമാണ്.

◆കാനകളുടെ സംരക്ഷണത്തിനായി വാണിജ്യ സ്ഥാപനങ്ങളുടെ സഹകരണംഅഭ്യർത്ഥിക്കാവുന്നതാണ് .വാണിജ്യ വ്യവസായിക, സാമൂഹ്യ രംഗങ്ങളിലെ പുരോഗതിക്ക് അവശ്യം ഗതാഗത സൗകര്യമാണെന്നതിൽ തർക്കമില്ല. അതിനാൽ ഗതാഗതസൗകര്യങ്ങൾ കഴിയാവുന്നതും പരിസ്ഥിതിക്ക് അനുയോജ്യമായ വിധത്തിൽ വികസിപ്പിച്ച് നാടിൻെറ സർവ്വവിധ മണ്ഡലങ്ങളിലും വികസനത്തിനുള്ള പാതയൊരുക്കാൻ കഴിയും.



പുതിയ വീട് പുതിയ നാട്

സമഗ്ര വികസനത്തിനുവേണ്ടി ജനപങ്കാളിത്തത്തോടെ ജവഹർ തൊഴിൽദാന പദ്ധതിയിൻ കീഴിൽ പഴയന്നൂർ പഞ്ചായത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്ന പൈലറ്റ് പരിപാടി.

സാങ്കേതിക സഹായം : ഭാരതസർക്കാരിന്റെ ഗ്രാമവികസന വകുപ്പും, ശാസ്ത്ര സാങ്കേതിക വകുപ്പും

നിർവഹണ മേൽനോട്ടം : ജില്ലാ ഗ്രാമവികസന ഏജൻസി, തൃശൂർ

നിർവഹണം : സെന്റർ ഓഫ് സയൻസ് ആന്റ് ടെക്നോളജി ഫോർ റൂറൽ ഡവലപ്മെന്റ്, (കോസ്റ്റ്ഫോർഡ്)

നാൽപതു ദശലക്ഷത്തിലധികം ഭവനരഹിതർ ഇപ്പോൾ ഭാരതത്തിലുണ്ടെന്ന് കണക്കാക്കുന്നു. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഒരു ജനകീയ പ്രസ്ഥാനം വളർത്തിയെടുക്കേണ്ടതുണ്ട്. ജനപങ്കാളിത്തത്തോടെ പ്രാദേശികമായി ലഭ്യമായ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതിനും സാങ്കേതികവിദ്യയും സാമഗ്രികളും പ്രചരിപ്പിക്കുവാനും ആവശ്യമായ നടപടികൾ രാജ്യവ്യാപകമായി ആരംഭിക്കണം. കേന്ദ്ര - സംസ്ഥാന സർക്കാറുകളുടെ വിവിധ വകുപ്പുകൾ, ശാസ്ത്ര - സാങ്കേതിക ഗവേഷണ സ്ഥാപനങ്ങൾ, സ്വകാര്യ - പൊതുമേഖല വ്യവസായശാലകൾ, സന്നദ്ധസംഘടപ്പനകൾ, തൊഴിലാളി പ്രസ്ഥാനങ്ങൾ, കർഷകതൊഴിലാളി, മഹിള, യുവജന, വിദ്യാർത്ഥി സംഘടനകൾ തുടങ്ങി സമസ്തമേഖലകളിലും പ്രവർത്തിക്കുന്നവരുടെ ഏകോപിതമായ യത്നങ്ങളിലൂടെ മാത്രമേ അതി രൂക്ഷമായ ഈ പ്രശ്നം പരിഹരിക്കാനാകൂ. സിമന്റ്, ഉരുക്ക്, മരം മുതലായ ദുർലഭവും ചെലവേറിയതുമായ പദാർത്ഥങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കേണ്ടതുണ്ട്. രാജ്യവ്യാപകമായി കുത്തക നയങ്ങൾ അടിച്ചേൽപ്പിക്കുന്നതിനു പകരം പ്രാദേശിക പ്രത്യേകതകളും സാംസ്കാരിക സവിശേഷതകളും ഇണക്കിച്ചേർക്കുന്ന സങ്കേതങ്ങളും പരമ്പരാഗത - ആധുനിക ശാസ്ത്ര സത്യങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ജനകീയ സാങ്കേതിക വിദ്യയും പാർപ്പിട പ്രശ്നപരിഹാരത്തിന് വികസിപ്പിച്ചെടുക്കണം. പ്രാദേശികമായി സുലഭമായ പദാർത്ഥങ്ങൾ ഗുണനിലവാരം കുറവാണെന്ന് വരുത്തി ഉപയോഗിക്കാതിരിക്കുന്നതിനു പകരം അവയുടെ കുറവുകൾ ലഘൂകരിക്കുന്നതിന് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ എങ്ങനെ വിനിയോഗിക്കാമെന്നും ചിന്തിയ്ക്കണം.

ഭവനങ്ങൾ രൂപകൽപന ചെയ്യുമ്പോൾ അതിൽ പാർക്കേണ്ട അംഗങ്ങളുടെ അഭിപ്രായങ്ങളും അഭിരുചികളും ആവശ്യങ്ങളും കണക്കിലെടുക്കുന്ന പഴയരീതി ഇന്ന് ഇല്ലാതായിരിയ്ക്കുന്നു. എൻജിനീയറോ വാസ്തുശിൽപിയോ സർക്കാർ വകുപ്പുകളോ അടിച്ചേൽപിക്കുന്ന പ്ലാനുകൾ അംഗീകരിയ്ക്കേണ്ട നിയോഗമാണ് പാവപ്പെട്ട ഗുണഭോക്താക്കൾക്ക് ഇന്നുള്ളത് തങ്ങളുടെ ആവശ്യാഭിലാഷങ്ങളുടെ സഫലീകരണവും തനിമയും നിലനിർത്തുന്ന ഭവനങ്ങൾ ദുർബലവിഭാഗങ്ങളെ സംബന്ധിച്ച് സ്വപ്നം മാത്രമാണിന്ന്.

പുതിയ ഒരു പാർപ്പിട സംസ്കാരവും തദനുസരണമായ സാങ്കേതികവിദ്യകളും സാമഗ്രികളും വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കണം. സമൂഹത്തിന്റെ ഭാഗമായി പാർപ്പിട നിർമ്മാണം കണക്കാക്കുകയും ഏറ്റവുമേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള മേഖലയായി മാറ്റുകയും വേണം. പാർപ്പിടത്തിന്റെ അനുപേക്ഷണീയ ഘടകമായി പരിസര ശുചീകരണവും കോർത്തിണക്കണം. ഈ ദിശയിലുള്ള പ്രവർത്തനം ഗ്രാമപ്രദേശങ്ങളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വഴിയൊ


രുക്കും. മാവന സൃഷ്ടി വിഭവ വികസനത്തിന് ഇത് പുതിയ ദിശാബോധം നൽകുകയും ചെയ്യും. അതുകൊണ്ടാണ് ഭാരത സർക്കാറിന്റെ ഗ്രാമവികസന വകുപ്പ് പരീക്ഷണമെന്ന നിലയിൽ തൃശൂർജില്ലയിലെ തെരഞ്ഞെടുക്കപ്പെടുന്ന ഒരു പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും ചെലവുകുറഞ്ഞ സങ്കേതങ്ങളും സാമഗ്രികളും ഉപയോഗിച്ചുകൊണ്ട് മാതൃകാ ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിപാടികൾക്ക് അനുവാദം നൽകിയിട്ടുള്ളത്. ജവഹർതൊഴിൽദാന പരിപാടി പ്രകാരമാണ് ഈ പരിപാടി നടപ്പാക്കുന്നത്.


ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ, പട്ടിക ജാതി - പട്ടികവർഗ്ഗ ജനസംഖ്യ, പാർപ്പിടമില്ലാത്ത കുടുംബങ്ങൾ, കാർഷികതൊഴിലാളികളുടെ കേന്ദ്രീകരണം തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് പരിശോധിച്ചപ്പോൾ പഴയന്നൂർ പഞ്ചായത്താണ് പരിപാടി നടപ്പാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടത്.


കോസ്റ്റ്ഫോർഡിന്റെ സഹകരണത്തോടെ നടത്തിയ പ്രവർത്തനങ്ങൾ

1992 ആഗസ്ത് 25 ലെ ഗ്രാമവികസന മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം പഴയന്നൂർ പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെകഴിയുന്ന 300 കുടുംബങ്ങൾക്ക് വീടു നിർമ്മിച്ച് നൽകുവാനും അടിസ്ഥാന ശുചീകരണ സൗകര്യങ്ങൾ ഇല്ലാത്ത 300 കുടുംബങ്ങൾക്ക് സമഗ്രശുചീകരണ രീതി നടപ്പിലാക്കുന്നതിനുമായി 46.17 ലക്ഷം രൂപയുടെ പദ്ധതി അനുവദിച്ചു.


1992 സെപ്തംബർ 28 ന് ബഹു: ഉപരാഷ്ട്രപതി ശ്രീ. കെ.ആർ.നാരായണൻ ഈ പദ്ധതി ഔപചാരികമായി ഉൽഘാടനം ചെയ്തു. പ്രശസ്ത വാസതുശിൽപി പത്മശ്രീ. ലാറി ബേക്കർ ആണ് പുതിയ പദ്ധതിക്കുള്ള വീടുകൾ രൂപകൽപന ചെയ്തത്.







5·300 × 5·300 = 28·09
Verandah/entrance = 6·48
Remaining living area = 21·61



4·100 × 6·700 = 27·47
Verandah area = 3·47
Remaining Living area = 24·00 m²

'പുതിയ വീട് പുതിയ നാട്' പദ്ധതിപ്രകാരമുള്ള നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനുമുമ്പായി വികസന പ്രവർത്തനങ്ങളിൽ ജനങ്ങളെ പങ്കാളികളാക്കുന്നതിനുവേണ്ടിയുള്ള ചില പ്രവർത്തനങ്ങൾ കോസ്റ്റ്ഫോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടു. 1992 മെയ് 1 ാം തിയ്യതി 9 ാം വാർഡിലെ പൊറ്റയെന്ന സ്ഥലത്ത് "നെല്ലുകുത്താം" കുളം വൃത്തിയാക്കുന്നതിന് ആ പ്രദേശത്തെ 200 ഓളം ആളുകളെ പങ്കെടുപ്പിച്ചു. തുടർന്ന് 13 ാം വാർഡിലെ "മൂച്ചിക്കുളം" 150 ഓളം ആളുകളുടെ ശ്രമഫലമായി വൃത്തിയാക്കപ്പെട്ടു. എടുത്തു പറയേണ്ട പ്രത്യേകത ഈ പ്രവർത്തനങ്ങളിലൊക്കെ സ്ത്രീ പങ്കാളിത്തം വളരെ കൂടുതലായിരുന്നു എന്നതാണ്. ഇതു ജനപങ്കാളിത്തത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി തുടങ്ങുന്നതിനുള്ള അടിത്തറയുണ്ടാക്കി.

ശ്രീരാമാ പോളിടെക്നിക്കിലെ NSS യൂണിറ്റ് ഇവിടെ 10 ദിവസം ക്യാമ്പ്ചെയ്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും കോളനികളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തു. അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എം.പി.വർഗ്ഗീസ്, പഞ്ചായത്ത് മെമ്പർമാർ, സാംസ്കാരിക നായകന്മാർ, നാട്ടുകാർ എന്നിവരുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെയാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്.

ഒന്നാം ഘട്ടമായി അനുവദിച്ച 11,54,250 രൂപകൊണ്ട് 12 വാർഡുകളിലുമായി 120 വീടുകളുടെ പണി ആരംഭിച്ചു. പദ്ധതിക്ക് അനുവദിച്ച 46.17 ലക്ഷം രൂപകൊണ്ട് 300 വീടും 300 കക്കൂസും നിർമ്മിച്ച് കൊടുക്കേണ്ടിയിരുന്നത്, 1992 - 94 കാലയളവിലായിരുന്നു. എന്നാൽ പദ്ധതിയുടെ ഒന്നാം ഘട്ടമായി 11,54,250 രൂപ 1992 ആഗസ്ത് 25 ന് കേരള സംസ്ഥാന ഗവർമെണ്ടിന്റിന് കേന്ദ്ര ഗ്രാമവികസന വകുപ്പ് നൽകിയെങ്കിലും പ്രസ്തുത സംഖ്യ തൃശൂർ DRDA ക്ക് കൈമാറുന്നത് 1994 ൽ മാത്രമാണ്. തന്മൂലം ഒന്നാംഘട്ടമായി അനുവദിച്ച സംഖ്യക്ക് 12 വാർഡുകളിലുമായി 120 വീടുകളുടെ പണിയാരംഭിച്ചുവെങ്കിലും രണ്ടാം ഗഡു സംഖ്യ കേന്ദ്ര ഗ്രാമവികസന വകുപ്പിൽനിന്നും കിട്ടാൻ താമസിച്ചതുകൊണ്ട് പണി പൂർത്തീകരിക്കാൻ കഴിയാതെ വന്നു. ശ്രീ. ശിവരാമൻ MP യുടെയും കോസ്റ്റ്ഫോർഡ് ഡയറക്ടർ ശ്രീ. ടി.ആർ.ചന്ദ്രദത്തിന്റെയും നിരന്തരമായ ശ്രമഫലമായി പദ്ധതി പുനരാരംഭിക്കുന്നതിനുവേണ്ടി 1995 നവംബർ 25 ാം തിയ്യതി കേന്ദ്ര ഗ്രാമ വികസന വകുപ്പിൽ നിന്നും അനുമതി ലഭിക്കുകയും 11,54,250 രൂപ രണ്ടാംഗഡു കിട്ടുകയും ചെയ്തു. പ്രസ്തുത സംഖ്യകൊണ്ട് ഒന്നാം ഘട്ടത്തിൽ പൂർത്തീകരിക്കാത്ത വീടുകളുടെ പണി പൂർത്തീകരിക്കുകയും പുതുതായി 60 വീടുകളുടെ പണിയാരംഭിക്കുകയും ചെയ്തു. മൂന്നാംഗഡു സംഖ്യ ലഭിക്കുന്നതിന് വേണ്ടിയുള്ള ശ്രമം നടത്തികൊണ്ടിരിക്കുകയാണ്.

* പഴയന്നൂർ പഞ്ചായത്തിൽ ഭവന രഹിതരായ കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിച്ചു.

* പഴയന്നൂർ പഞ്ചായത്തിൽ വാസയോഗ്യമായ വീടുകളുള്ളവരും എന്നാൽ അടിസ്ഥാന ശുചീകരണ സൗകര്യങ്ങൾ ഇല്ലാത്തവരുമായ കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിച്ചു.

* പാർപ്പിട നിർമ്മാണത്തിന് ഉപയോഗിക്കാവുന്ന പ്രാദേശികമായി ലഭ്യമായ പദാർത്ഥങ്ങളും സാമഗ്രികളും കണ്ടെത്തുകയും പ്രചരിപ്പിക്കുകയും ചെയ്തു.

* പാർപ്പിട നിർമ്മാണത്തിന് ചെലവുകുറഞ്ഞ സങ്കേതങ്ങൾ പ്രചരിപ്പിക്കുകയും ആ സങ്കേതങ്ങൾ പരമ്പരാഗത നിർമ്മാണ തൊഴിലാളികൾക്ക് നൽകുകയും ചെയ്തു.

* പഞ്ചായത്തിൽ ലഭ്യമായ വിഭവശേഷി പരമാവധി ഉപയോഗിച്ചുകൊണ്ടുള്ള സമഗ്ര വികസന പരിപാടികൾക്ക് രൂപം നൽകുകയും അത് നടപ്പിലാക്കുന്നതിന് ജനപങ്കാളിത്തം ഉറപ്പാക്കുകയും ചെയതു.

* സർക്കാറിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജനപങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

* ഗ്രാമതല ആസൂത്രണത്തിന് മറ്റിടങ്ങളിൽ ഉപയോഗിക്കാവുന്ന മാതൃകകൾ വികസിപ്പിച്ചു.

* ആവാസയോഗ്യമായ ഭവനങ്ങളില്ലാത്ത ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ചെലവുകുറഞ്ഞ നിർമ്മാണ രീതികളും പ്രാദേശികമായി ലഭ്യമായ സാമഗ്രികളും ഉപയോഗിച്ച് 14,500 രൂപയിൽ കൂടുതൽ ചെലവുവരാത്ത ഭവനങ്ങൾ ഗുണഭോക്താക്കളുടെ പരിപൂർണ പങ്കാളിത്തത്തോടെ നിർമ്മിക്കുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

* പരിസ്ഥിതി ശുചീകരണത്തിന് യുക്തമായ മാർഗ്ഗങ്ങളും രീതികളും പ്രചരിപ്പിക്കുകയും മാതൃകകൾ നിർമ്മിക്കുകയും ചെയ്തു.

ഗുണഭോക്താക്കൾ

ഭാരത സർക്കാർ നിശ്ചയിക്കുന്ന നിബന്ധനകളനുസരിച്ച് ദാരിദ്ര്യരേഖക്ക് താഴെവരുന്ന തൃശൂർ ജില്ലയിലെ പഴയന്നൂർ പഞ്ചായത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ള കുടുംബങ്ങളാണു ഈ പരിപാടിയുടെ ഗുണഭോക്താക്കൾ.

നിബന്ധനകൾ

1. ഗുണഭോക്താവിന് പഴയന്നൂർ പഞ്ചായത്തിൽ രണ്ട് സെന്റ് ഭൂമിയെങ്കിലും ഉണ്ടായിരിക്കണം.

2. വീടൊന്നിന് മൊത്തം ചിലവ് 14,500 രൂപയായിരിക്കും. അതിന്റെ പത്തിലൊന്നായ 1,450 രൂപ ഗുണഭോക്താവിന്റെ വിഹിതമായി നൽകേണ്ടതാണ്.

3. വീടിന്റെ പ്ലാനും മറ്റു സാങ്കേതിക വിശദാംശങ്ങളും ഗുണഭോക്താവിന്റെ പങ്കാളിത്തത്തോടുകൂടി 'കോസ്റ്റ്ഫോർഡ്' തയ്യാറാക്കി.

4. നിർമ്മാണത്തിനാവശ്യമായ സാമഗ്രികളും പദാർത്ഥങ്ങളും 'കോസ്റ്റ്ഫോർഡ്' എൻജിനീയർമാർ നിർദ്ദേശിക്കുന്ന അളവിൽ ഭവനങ്ങൾ പണിയുന്ന സ്ഥലത്ത് എത്തിക്കേണ്ട ചുമതല ഗുണഭോക്താവിനാണ്.

5. സാങ്കേതിക കാര്യങ്ങളിൽ അവസാന തീരുമാനമെടുക്കുന്നതിനുള്ള അധികാരം കോസ്റ്റ് ഫോർഡിനാണ്.

6. അടിസ്ഥാന പരിസ്ഥിതി ശുചീകരണ സംവിധാനം ഇല്ലാത്ത വീടുകളിൽ 2,500 രൂപ മൊത്തം ചെലവാക്കി പ്രസ്തുത സംവിധാനമുണ്ടാക്കി. ഈ ചെലവിന്റെ പത്തിലൊന്ന് ഗുണഭോക്താവിന്റെ വിഹിതമാണ്.

കർമ്മപരിപാടി

1. വാസയോഗ്യങ്ങളായ ഭവനങ്ങളില്ലാത്ത ദാരിദ്ര്യരേഖക്ക് താഴെ വരുമാനമുള്ള കുടുംബങ്ങൾക്ക് ചെലവുകുറഞ്ഞ നിർമ്മാണ രീതികളുപയോഗിച്ച് 250 ചതുരശ്രഅടി എങ്കിലും വിസ്തീർണമുള്ള പാർപ്പിടങ്ങളാണ് നിർമ്മിച്ചത്. ഈ വീടുകളിൽ താഴെ പറയുന്ന സൗകര്യങ്ങളാണ് ഉള്ളത്.

* ഒരു കിടപ്പുമുറി
* ഒരു വിവിധോദ്ദേശ തളം
* പുകയേൽക്കാത്ത അടുപ്പോടുകൂടിയ അടുക്കള
* ഒരു ഇരട്ടക്കുഴി കക്കൂസ്
* മലിനവസ്തുക്കളും പാഴ്ജലവും നിർമ്മാർജനം ചെയ്യുന്നതിനുള്ള സംവിധാനം
* കുടിവെള്ളം ശുദ്ധീകരിക്കുന്നതിനുള്ള ചെലവുകുറഞ്ഞ ഉപകരണം

2. അടിസ്ഥാന ശുചീകരണ സൗകര്യമില്ലാത്ത വീടുകളിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്ന സമഗ്ര ശുചീകരണരീതിയാണ് നടപ്പിലാക്കുന്നത്.

* ഇരട്ടക്കുഴി കക്കൂസ്
* പുകയേൽക്കാത്ത അടുപ്പ്
* മലിനവസ്തു - പാഴ്ജല നിർമ്മാർജനം
* കുടിവെള്ളം ശുദ്ധീകരിക്കൽ

(മൊത്തം ചെലവ് 2,500 രൂപ)

3. ചെലവുകുറഞ്ഞ പാർപ്പിട നിർമ്മാണ രീതികളിൽ പരമ്പാരഗത തൊഴിലാളികൾക്ക് പരിശീലനം നൽകുകയും ആ രീതികൾ പ്രചരിപ്പിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

4. പ്രാദേശികമായി ലഭിക്കുന്ന നിർമ്മാണ സാമഗ്രികളും പദാർത്ഥങ്ങളും കണ്ടെത്തി അവയുടെ ദോഷഫലങ്ങൾ ദൂരീകരിക്കുന്നതിനുള്ള ശാസ്ത്രീയ രീതികൾ പ്രചരിപ്പിച്ചു. അത്തരം സാമഗ്രികളും പദാർത്ഥങ്ങളും ഉപയോഗിക്കുന്നതിന് ഗ്രാമീണജനതയെ പ്രോത്സാഹിപ്പിച്ചു.

5. ഗ്രാമീണ ദരിദ്രവിഭാഗക്കാർക്ക് പുതിയ തൊഴിൽതുറകൾ കണ്ടെത്താൻ സഹായിച്ചു.

6. പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങളുടെ പരമാവധി ഉപയോഗത്തിലൂടെ ഗ്രാമത്തിന്റെ സമഗ്ര വികസനത്തിനുള്ള പരിപാടികൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.



പട്ടിക 1

വീടുകളെ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	ആകെ വീടുകൾ				1993 - 96
	സ്വന്തം	വാടക	ഓട്/ വാർപ്പ്	ഓല	വിവിധ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ എണ്ണം
1	711	23	465	269	18
2	679	23	638	64	36
3	375	11	340	46	19
4	321	12	298	35	12
5	877	18	865	30	15
6	693	20	596	117	17
7	512	4	428	88	17
8	601	7	458	150	21
9	475	4	382	97	16
10	654	4	467	191	22
11	507	1	395	113	22
12	587	9	473	123	31
13	1020	10	687	343	29
ആകെ	8012	146	6492	1666	275

പട്ടിക 2


കക്കൂസുകളെ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	നാടൻ കക്കൂസ്	ശാസ്ത്രീയമായവ	ആകെ	കക്കൂസ് ഇല്ലാത്തവർ
1	201	86	287	447
2	298	58	356	346
3	186	105	191	195
4	57	64	121	272
5	52	543	595	300
6	310	102	412	301
7	140	25	165	351
8	199	24	223	385
9	160	15	175	304
10	112	54	166	492
11	159	25	184	324
12	115	23	138	458
13	190	70	260	770
ആകെ	2079	1194	3273	4885

എല്ലാ വീട്ടിലും കക്കൂസ്

സാധാരണകാർക്കുണ്ടാകുന്ന രോഗങ്ങളിൽ എൺപത് ശതമാനവും അപര്യാപ്ത മായ പരിസര ശുചീകരണം മൂലമുണ്ടാകുന്നതായി കണക്കാക്കിയിരിക്കുന്നു. ജല ത്തിൽ കൂടിയും, മനുഷ്യമലത്തിൽകൂടിയും പകരാനിടയുള്ള രോഗങ്ങളുടെ പ്രതി രോധത്തിന് ഏറ്റവും അനുയോജ്യവും, ചിലവ് കുറഞ്ഞതുമായ മാർഗ്ഗം പരിസര ശുചീകരണം തന്നെയാണ്. ഫലപ്രദമായ ഒരു മനുഷ്യമല സംസ്കരണ പരിപാടി ഇത്തരം രോഗങ്ങളെ നിയന്ത്രിക്കുന്നതിനു പുറമെ, രാജ്യത്തിന്റെ പൊതുവായ ശുചീ കരണ നിലവാരം ഉയർത്താനും സഹായിക്കും.

'പുതിയ നാട് പുതിയ വീട്' പദ്ധതിയുടെ ഭാഗമായി ഈ പഞ്ചായത്തിൽ COSTFORD സാങ്കേതിക സഹായത്തോടെ നിർമ്മിച്ചു കൊണ്ടിരിക്കുന്ന ചിലവ് കുറഞ്ഞ സാങ്കേ തികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള കക്കൂസിന്റെ രേഖാചിത്രം.




കക്കൂസും ഈറുകുഴിയും

പട്ടിക 3

അടിസ്ഥാന സൗകര്യങ്ങൾ

സർവ്വേ	കക്കൂസില്ലാത്ത വീടുകൾ	കക്കൂസുള്ള വീടുകൾ	സ്വന്തമായി കുടിവെള്ള സൗകര്യമുള്ള വീടുകൾ	കുടിവെള്ളത്തിന് മറ്റുള്ളവരെ ആശ്രയിക്കുന്ന വീടുകൾ	കിണറുള്ള വീടുകൾ	വൈദ്യുതി കണക്ഷനുള്ള വീടുകൾ	സ്വന്തം കിണറുള്ള വീടുകൾ	വൈദ്യുതി കണക്ഷനില്ലാത്ത വീടുകൾ
1	20	714	213	521	256	478	29	705
2	4	698	490	212	231	471	202	500
3	80	306	140	246	163	223	90	290
4	19	314	85	248	90	243	11	322
5	-	895	382	513	577	318	25	870
6	227	486	213	500	420	293	30	683
7	50	466	25	491	150	366	150	366
8	-	608	200	408	162	446	350	258
9	10	469	89	390	210	269	88	391
10	38	620	201	457	140	518	226	432
11	24	484	258	250	121	387	67	441
12	14	582	137	459	114	482	380	216
13	30	1000	180	850	250	780	600	430
ആകെ	516	7642	2613	5545	2884	5274	2248	5910



80

തൃതീയ മേഖല

വിദ്യാഭ്യാസം
ആരോഗ്യം
സാമൂഹ്യക്ഷേമം
പട്ടികജാതി-പട്ടികവർഗം
വനിത
സംസ്കാരം
ധനകാര്യം വിഭവസമാഹരണം
സഹകരണം

വിദ്യാഭ്യാസം

1912ലാണ് ആദ്യമായി പഴയന്നൂർ പ്രദേശത്ത് ഒരു വിദ്യാലയം ആരംഭിച്ചത്. ഈ സ്ഥാപനമാണ് ഇന്ന് കുന്നത്തറയിൽ സ്ഥിതി ചെയ്യുന്ന ALP സ്കൂൾ. രണ്ടു ഡിവിഷനുകളോടെ ആരംഭിച്ച ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ ഈ വിദ്യാലയത്തിലെ തന്നെ അദ്ധ്യാപകനായിരുന്ന ശ്രീ. പി.പി. നാരായണൻ നായരായിരുന്നു.

1947 ആയപ്പോഴേക്കും വടക്കേത്തറയിൽ സ്വകാര്യമേഖലയിൽ ഒരു സ്കൂൾ സ്ഥാപിതമായി. ശ്രീ.A.R. ഗോപാലകൃഷ്ണഅയ്യർ ആയിരുന്നു ഹെഡ്മാസ്റ്റർ. ഇപ്പോഴത്തെ ഗോപാൽ റൈസ്മിൽ കെട്ടിടത്തിലായിരുന്നു ഇത് പ്രവർത്തിച്ചുവന്നത്. 1948ഓടെ ഇത് സർക്കാർ സ്ഥാപനമാകുകയും ഹൈസ്കൂൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ഗോപാൻ റൈസ്മിൽ കെട്ടിടത്തിലും ഇപ്പോഴത്തെ വടക്കേത്തറ GUPS ലുമായിരുന്നു ഹൈസ്കൂൾ പ്രവർത്തിച്ചതായിരുന്നത്.

ഗവ.ഹൈസ്കൂൾ പഴയന്നൂർ

1948ൽ ഈ വിദ്യാലയം സ്ഥാപിതമായി. 1956 ജനുവരി മാസം 25-ാം തിയതി അന്നത്തെ തിരുവിതാംകൂർ കൊച്ചി മുഖ്യമന്ത്രി ശ്രീ പനമ്പിള്ളി ഗോവിന്ദ മേനോൻ പുതിയ കെട്ടിടത്തിന്ന് ശിലാസ്ഥാപനം ചെയ്തു.

പഴയന്നൂർ കുന്നത്തറ ഭാഗത്ത് നാല് ഏക്കർ സ്ഥലത്ത് മനോഹരമായ ഒരു പ്രധാന കെട്ടിടവും അഞ്ച് ഉപകെട്ടിടങ്ങളുമാണ് ക്ലാസ് മുറികളുടെ ആവശ്യത്തിനായി ഒരുക്കിയിട്ടുള്ളത്. കൂടാതെ ഒരു ഡ്രിൽ ഷെഡ് മൂന്ന് ചെറിയ കെട്ടിടങ്ങളും ഇതിനോടനുബന്ധിച്ച് നിർമ്മിച്ചിട്ടുണ്ട്. സ്കൂളിനോടനുബന്ധിച്ച് ഒരു സ്റ്റേജും ഒന്നര ഏക്കറോളം വിസ്തൃതിയുള്ള കളിസ്ഥലവുമുണ്ട്. വിദ്യാലയത്തിന്റെ പടിഞ്ഞാറു ഭാഗത്തായി ഒരു കുളവും സ്ഥിതി ചെയ്യുന്നു.

ഗ്രാമ പഞ്ചായത്തിലെ ഒന്നു മുതൽ ഒമ്പതുവരെയുള്ള വാർഡുകളിലെ കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ആശ്രയിക്കുന്നത് ഈ സ്കൂളിനെയാണ്. എളനാട് ഭാഗത്ത് MLKAM ഹൈസ്കൂൾ സ്ഥാപിതമാകുന്നതുവരെ ആ പ്രദേശങ്ങളിലെ കുട്ടികൾ ഈ സ്കൂളിനെയാണ് ആശ്രയിച്ചിരുന്നത്.

ഈ വിദ്യാലയത്തിൽ അഞ്ചുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലായി മൊത്തം 2587 വിദ്യാർത്ഥികളുണ്ട്. ഇതിൽ 1367 ആൺകുട്ടികളും 1220 പെൺകുട്ടികളുമാണ്. മൊത്തം 67 അദ്ധ്യാപകരുള്ളതിൽ 53 സ്ത്രീകളും 14 പുരുഷന്മാരുമാണുള്ളത്

ഈ വിദ്യാലയം സ്ഥാപിതമായിട്ട് ഏകദേശം മൂന്ന് ദശാബ്ദക്കാലം അക്കാദമിക് രംഗത്തും കായികരംഗത്തും ഉന്നത നിലവാരം നിലനിർത്തുവാൻ ഈ സരസ്വതീ ക്ഷേത്രത്തിന് സാധിച്ചിട്ടുണ്ട് എന്നത് പ്രസ്താവ്യമാണ്. കായികരംഗത്ത് പ്രത്യേകിച്ചും ഫുഡ്ബോൾ, ഖൊഖൊ, ബാസ്ക്കറ്റ് ബോൾ എന്നീ ഇനങ്ങളിൽ ജില്ലാ വിദ്യാഭ്യാസ രംഗത്ത് മുഖ്യമായ സ്ഥാനം പഴയന്നൂർ ഹൈസ്കൂളിനുണ്ടായിരുന്നു

അക്കാദമിക് രംഗത്ത് നിരവധി സ്കോളർഷിപ്പുകളും അവാർഡുകളും മറ്റ് പ്രോത്സാഹന സമ്മാനം വിദ്യാർത്ഥികൾ നേടിയെടുത്തിരുന്നു.

ഇത്തരത്തിലുള്ള ചരിത്ര പശ്ചാത്തലമുള്ള ഈ സരസ്വതീ ക്ഷേത്രത്തിന്റെ ഇന്നത്തെ അവസ്ഥ തീർത്തും ആശാവഹമല്ല. വർഷാവർഷം വിവിധ ഡിവിഷനുകളിൽ

വിദ്യാർത്ഥികളുടെ എണ്ണം ക്രിയാതീതമായി വർദ്ധിപ്പിക്കുന്നതിനനുസരിച്ച് അക്കാദമിക് നിലവാരവും S.S.L.C. വിജയശതമാനവും വർദ്ധിക്കുന്നില്ല. എന്നുമാത്രവുമല്ല ഓരോ വർഷവും കുറഞ്ഞു കുറഞ്ഞു വരുന്നതായാണ് കാണുന്നത്.

പഴയന്നൂർ ഗ്രാമപഞ്ചായത്ത്.

പഴയന്നൂർ ഗവഹൈസ്കൂളിലെ

S.S.L.C. വിജയശതമാനം വിവിധ വർഷങ്ങളിൽ

1991–92	1992–93	1993–4	1994–195	1995–96
24%	23%	23%	22%	21%

കഴിഞ്ഞ അഞ്ചുവർഷത്തെ വിജയശതമാനം പരിശോധിക്കുവാൻ വളരെ ശോചനീയമായ ഒരവസ്ഥയാണ് കാണാൻ കഴിയുന്നത്.1991–92ൽ വിജയ ശതമാനം 24 ആയിരുന്നുവെങ്കിൽ 1992–93ൽ ഒരു ശതമാനം കുറഞ്ഞ് 23%ത്തിൽ എത്തി. 1993–94ൽ ഇതേ നിലവാരം നിർത്തിയെങ്കിൽ 1994–95 വീണ്ടുംമ 1% കുറഞ്ഞ് 22% എത്തി. 1995–96 1%വീണ്ടും കുറഞ്ഞത് 21% ത്തിൽ എത്തിയിരിക്കയാണ്. ഓരോ വർഷവും എസ്.എസ്.ൽ.സി. വിജയശതമാനം കുറഞ്ഞുവരുന്നത്. ഒരു പ്രക്രിയയായി മാറിയിരിയ്ക്കുന്നു. ഏതൊരു വിദ്യാഭ്യാസ സ്നേഹിയേയും വേദനിപ്പിക്കുന്നതാണ് പഴയന്നൂർ ഹൈസ്കൂളിന്റ ഇന്നത്തെ അവസ്ഥ ഈ വിദ്യാലയത്തിന്റെ ദുരവസ്ഥ മാറ്റിയെടുക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത് പഴയന്നൂർ ഗ്രാമപഞ്ചായത്ത് നിവാസികളുടെ പ്രഥമമായ കടമയാണ് PTA കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലവുമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇന്ന് നിലനില്ക്കുന്ന വിദ്യാലയ അന്തരീക്ഷത്തിന് സമൂലമായ മാറ്റം വരുത്തുന്നതിന്ന് അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളുമെല്ലാം ഒരുമയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വിവിധ കമ്മറ്റികളുടെ പ്രവർത്തനം വിദ്യാലയത്തിലെ അക്കാദമിക് കായിക രംഗത്ത് ഉന്നതിക്ക് വഴി തുറക്കുന്നതിനാകേണ്ടിയിരിക്കുന്നു.

പഴയന്നൂർ ഗ്രാമ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഈ വിദ്യാലയത്തിന്റെ നിലവാര തകർച്ചക്ക് നിരവധി കാരണങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.

അദ്ധ്യാപകരുടെ എണ്ണത്തിലുള്ള കുറവാണ്. ഏറ്റവും വലിയ പ്രശ്നം. അദ്ധ്യാപക–വിദ്യാർത്ഥി അനുപാതം ശാസത്രീയ രീതിയിലാക്കേണ്ടതാണ്. വിദ്യാലയത്തിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപിക അദ്ധ്യാപകർ താല്ക്കാലിക അടിസ്ഥാനത്തിലാണെന്നത് മറ്റൊരു പ്രശ്നമാണ്. അദ്ധ്യയന വർഷം ആരംഭ സമയത്ത് ആവശ്യമായ ടീ.ച്ചിങ്ങ് സ്റ്റാഫിനെ ലഭിക്കാത്തതുകൊണ്ട് സിലബസ് അനുസരിച്ചുള്ള അദ്ധ്യയനം അസാദ്ധ്യമാക്കുന്നു. ജില്ലയ്ക്ക് പുറത്തുള്ളവരാണ് കൂടുതലും ഇവിടെ നിയമിക്കപ്പെടുന്നത്. ഇങ്ങിനെ നിയമിക്കപ്പെടുന്നവർ ദീർഘകാല അവധിയിൽ ഏർപ്പെടുകയോ സ്ഥലമാറ്റം വാങ്ങിപ്പോവുകയോ ചെയ്യുന്നു. ഇങ്ങിനെ വരുന്ന ഒഴിവുകൾ നികത്തപ്പെടുന്നില്ല. വിദ്യാലയത്തിൽ കെട്ടിട സൗകര്യം അപര്യാപ്തമാണെങ്കിലും നിലവിലുള്ളവ തന്നെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ ഒരു പരിധിവരെയെങ്കിലും ഇതിന്ന് പരിഹാരമാകുന്നതാണ്. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തിയാൽ ഇവയെല്ലാം ഉപയോഗപ്പെടുത്താവുന്നതാണ്.

ഈ വിദ്യാലയം ഇന്നനുഭവിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം ആവശ്യമായ ഫർണിച്ചറുകൾ ഇല്ലാത്തതാണ്. ആവശ്യമായ ഫർണിച്ചറുകൾ ഇല്ലാത്തതിനാൽ ഇന്നുള്ള കെട്ടിടങ്ങൾ മുഴുവനായും ഉപയോഗപ്പെടുത്തുവാനാകുന്നില്ല.

സ്കൂൾ പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിൽ വളരെ പുറകിലാണ്. കുട്ടികൾക്ക് ശുദ്ധജലം ലഭിക്കുന്നതിന് മതിയായ സൗകര്യങ്ങൾ ഇല്ല., നിലവിലുള്ള കിണർ വേനൽക്കാലമാവുമ്പോഴേക്കും വറ്റിപ്പോകുന്നു. വാട്ടർ ടാങ്കും, ടാപ്പുകളും സ്ഥാപിച്ചെങ്കിലും ഇപ്പോഴത് ഉപയോഗശൂന്യമായിരിക്കയാണ്. വിദ്യാലയത്തിന് സ്വന്തമായ ഒരു കുളം ഉണ്ടെങ്കിലും അത് മണ്ണുവന്ന് തൂർന്ന് കാടുപിടിച്ചു കിടക്കുകയാണ്. ഭക്ഷണം കഴിഞ്ഞ് പാത്രം കഴുകുന്നതിനും മറ്റും ഉപയോഗിച്ചുവന്നിരുന്നത് ഈ കുളമായിരുന്നു.

സ്കൂളിനു ചുറ്റും കെട്ടിയിരുന്ന കമ്പിവേലി മുഴുവനായും നശിച്ചുപോയിരിക്കുന്നു. സ്കൂൾ അദ്ധ്യയന സമയത്തിനുശേഷം ഗേയ്റ്റ് അടക്കാത്തതുകാരണം. സാമൂഹ്യ വിരുദ്ധരുടെ ശല്യം അനുഭവപ്പെടുന്നു.

ഈ വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ ഉയർച്ചക്ക് പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ടതാണ്.

ആവശ്യമായ തോതിൽ ടീച്ചിങ്ങ് സ്റ്റാഫിനെയും ഓഫീസ്സ് സ്റ്റാഫിനേയും നിയമിക്കപ്പെടേണ്ടതാണ്.

P.T.A.യുടെ പ്രവർത്തനം കാര്യക്ഷമവും ഊർജ്ജസ്വലവും ദീർഘവീക്ഷണത്തോടു കൂടിയതുമാകേണ്ടിയിരിക്കുന്നു.

അക്കാദമിക് നിലവാരം ഉയർത്തുന്നതിന് വേണ്ട പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

പത്താം ക്ലാസ്സുകാർക്ക് സ്പെഷൽ ട്യൂഷൻ ഏർപ്പാട് ചെയ്യേണ്ടതാണ്.

ആവശ്യമായ ഫർണിച്ചറുകൾ ലഭിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ കാലാകാലങ്ങളിൽ ചെയ്ത് എല്ലാ കെട്ടിടങ്ങളും ഉപയോഗയോഗ്യമാക്കേണ്ടതാണ്.

ശുദ്ധജലവിതരണത്തിന് സ്ഥിരം സംവിധാനം ഉണ്ടാ

ക്കേണ്ടതാണ്.

ചുറ്റും മതിൽ നിർമ്മിക്കേണ്ടതാണ്.

വിദ്യാലയത്തിന്റെ വടക്കും തെക്കുമുള്ള ഗേയ്റ്റുകൾ അദ്ധ്യയന സമയത്തിനു ശേഷം അടച്ചിടേണ്ടതാണ്.

അദ്ധ്യയന സമയത്തിനു ശേഷം എല്ലാ ക്ലാസ്സ് മുറികളും പൂട്ടിയിടേണ്ടതാണ്. കളിസ്ഥലം ഉപയോഗയോഗ്യമാക്കേണ്ടതാണ്.

84 നിലവിൽ നശിച്ചുകിടക്കുന്ന കുളം ചേറുകോരി ചുറ്റും കെട്ടിയുയർത്തി സംരക്ഷിക്കേണ്ടതാണ്.

വിദ്യാലയത്തിലെ സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. സഹകരണ സംഘത്തിലൂടെ കുട്ടികൾക്ക് യൂണിഫോമിനുവേണ്ട തുണികൾ വിതരണം ചെയ്യുവാനുള്ള ഏർപ്പാടുണ്ടാക്കണം. കായിക രംഗത്തെ മുൻകാല ചരിത്രം നിലനിർത്തുന്നതിനും പുതിയ മേഖലകൾ കണ്ടെത്തുന്നതിനും അനുസൃതമായ രീതിയിൽ കായിക പരിശീലനം നല്കേണ്ടതാണ്.

മൂന്നു മാസത്തിലൊരിക്കലെങ്കിലും PTA കൂടി അക്കാദമിക് നിലവാരം പരിശോധിക്കുകയും വേണ്ടതായ പരിഷ്ക്കാരങ്ങൾ വരുത്തുകയും വേണം.

സ്കൂൾ ഗേയ്റ്റ് വരെ എത്തി നില്ക്കുന്ന പൈപ്പ് ലൈൻ സ്കൂൾ കോമ്പൗണ്ടിലേക്ക് നീട്ടി ആവശ്യമായ ടാപ്പുകൾ സ്ഥാപിക്കുക

ഹൈസ്കൂൾ റോഡ് ഇരുഭാഗവും കാനകീറി കെട്ടിയുയർത്തി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്.

നിലവാരം പുലർത്തിയിരുന്ന ഒരു ലബോറട്ടറി സ്വന്തമായി ഉണ്ടായിരുന്ന ഈ വിദ്യാലയത്തിൽ ആയതിന്റെ പ്രവർത്തനം നിർജ്ജീവമാണ്. പല ഉപകരണങ്ങളും കേടുവന്ന് കിടക്കുന്നു. ഇവയെല്ലാം ചിട്ടപ്പെടുത്തിയെടുത്ത് വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാക്കേണ്ടതാണ്.

നല്ല രീതിയിൽ പ്രവർത്തിച്ചുപോന്നിരുന്ന ലൈബ്രറിയുടെ പ്രവർത്തനവും നിലച്ചമട്ടാണ്. പുസ്തകങ്ങൾ സംരക്ഷിക്കപ്പെട്ടും പുതിയ പുസ്തകങ്ങൾ ശേഖരിച്ചും വിദ്യാർത്ഥികളുടെ വായനാ ശീലം വളർത്തേണ്ടതാണ്.

MLKAMHS എളനാട്. 1975ൽ സ്വകാര്യമേഖലയിൽ ആരംഭിച്ച വിദ്യാലയമാണിത്. പ്രധാനമായും പഴയന്നൂർ പഞ്ചായത്തിലെ എളനാട് മേഖലയിലെ വിദ്യാർത്ഥികൾക്കും ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ആശ്രയിക്കുന്നത് ഈ വിദ്യാഭ്യാസ സ്ഥാപനത്തെയാണ്. 8 മുതൽ 10 വരെയുള്ള ക്ലാസുകളിലായി 258 ആൺകുട്ടികളും 300 പെൺകുട്ടികളും ഉൾപ്പെടെ 558 വിദ്യാർത്ഥികൾ പഠിക്കുന്നു. 28 അദ്ധ്യാപകർ ഇവിടെ ജോലി ചെയ്യുന്നു.

3 ഏക്കർ വിസ്തൃതിയുള്ള കോമ്പൗണ്ടിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഒരു ഏക്കർ വിസ്തൃതിയുള്ള കളിസ്ഥലം ഉണ്ട്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി PTA സഹകരണത്തോടെ പ്രവർത്തനം മെച്ചപ്പെട്ട നിലയിൽ നടക്കുന്നു. പാഠ്യാനുബന്ധപ്രവർത്തനങ്ങളും, പാഠ്യേതര പ്രവർത്തനങ്ങളും കാര്യക്ഷമമായി നടക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഴയന്നൂർ ഗ്രാമപഞ്ചായത്ത്
MLKAM ഹൈസ്കൂൾ എളനാട്
S.S.L.C. വിജയശതമാനം

91-92	92-93	93-94	94-95	95-96
26%	36%	24%	20%	30%

ആവശ്യത്തിന് അദ്ധ്യാപകരും ക്ലാസ് മുറികളും, ഫർണിച്ചറും, ഉണ്ടായിട്ടും വിദ്യാഭ്യാസഗുണനിലവാരം ഇതനുസരിച്ച് പ്രതിഫലിച്ചു കാണുന്നില്ല.

വിദ്യാഭ്യാസ നിലവാരം ഉയർത്തികൊണ്ടുവരുന്നതിനു വേണ്ടി ലാബറട്ടറി, ലൈബ്രറി സൗകര്യങ്ങൾ ഏർപ്പെടുത്തുക. ഗ്രാമീണ മേഖലയിലെ കുട്ടികളിൽ കലാകായിക രംഗത്തെ കഴിവുകളെ വളർത്തി എടുക്കുന്നതിന് വേണ്ട പരിശീലനം നൽകുക. ബഹുഭൂരിപക്ഷം സാധാരണക്കാരുടേയും, പാവപ്പെട്ടവരുടേയും കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൽ, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുന്നതിനുള്ള സംവിധാനം എർപ്പെടുത്തുക.

ഇന്നുള്ളതിനേക്കാൾ കുറേകൂടി കാര്യക്ഷമമായ പ്രവർത്തനം, അദ്ധ്യാപകരുടെ ഭാഗത്തുനിന്ന് ഉണ്ടാകുകയും രക്ഷിതാക്കളുടെ സജീവമായ സഹകരണം ഉറപ്പുവരുത്തുകയും ചെയ്തുകൊണ്ടും ഈ സ്ഥാപനത്തിന്റെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തികൊണ്ടുവരാവുന്നതാണ്.

GUPS തൃക്കണ്ണായ എളനാട്

പഴയന്നൂർ പഞ്ചായത്തിലെ 13-ാംവാർഡിൽ സ്ഥിതിചെയ്യുന്ന ഈ സർക്കാർ UPസ്കൂളിൽ 5 മുതൽ 7 വരെയുള്ള ക്ലാസുകളിലായി 327 ആൺകുട്ടികളും 329 പെൺകുട്ടികളും ഉൾപ്പെടെ 686 വിദ്യാർത്ഥികൾ പഠിക്കുന്നു. 16 അദ്ധ്യാപകർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.

ഒരു ഏക്കർ സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത് ആവശ്യത്തിനുള്ള ക്ലാസ് മുറികളും ഫർണിച്ചറുകളും ഈ സ്കൂളിൽ ഇല്ല എന്നതാണ് വാസ്തവം. അദ്ധ്യാപക വിദ്യാർത്ഥി അനുപാദം മാനേജ്മെന്റ് സ്കൂളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലാണ്. പഠന നിലവാരം ഉയർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

അദ്ധ്യാപക വിദ്യാർത്ഥി അനുബാധം 1:30 ആക്കുക

ജൂൺ മാസത്തിൽ തന്നെ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കുക

ക്ലാസ് റൂമുകളുടെയും ഫർണിച്ചറുകളുടേയും കുറവ് നികത്തുക

P.T.A. കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

ഗ്രാമപഞ്ചായത്തിന്റേയും രക്ഷിതാക്കളുടേയും അദ്ധ്യാപകരുടേയും കൂട്ടായ ശ്രമമുണ്ടായാൽ ഈ സർക്കാർ സ്ഥാപനത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തികൊണ്ടുവരുന്നതിനും മറ്റും ഭൗതിക സൗകര്യം ഉണ്ടാക്കുവാനും കഴിയും.

ALPS വടക്കേതറ

പഴയന്നൂർ പഞ്ചായത്തിൽ രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു പ്രാഥമിക വിദ്യാലയമാകുന്നു ഈ സ്ഥാപനം. 95 ആൺകുട്ടികളും, 97 പെൺകുട്ടികളും ഉൾപ്പെടെ ആകെ 192 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. 4 പുരുഷ അദ്ധ്യാപകരും 2 വനിത അദ്ധ്യാപകരും ഇവിടെ ജോലി ചെയ്യുന്നു.

കേവലം 30 സെന്റ് സ്ഥലത്ത് ഈ സ്ഥാപനം നിലനിക്കുന്നു. ആവശ്യമായ മറ്റു ഭൗതിക സാഹചര്യങ്ങൾ ഒന്നും തന്നെ ഇല്ല. വിദ്യാർത്ഥികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞു വരുന്നതായി കാണുന്നു. ഡിവിഷൻ നിലനിർത്തുന്നതിനുവേണ്ടി പാടുപെടുന്നു. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി, P.T.A കമ്മറ്റിയുടെ സജീവ ശ്രദ്ധ ആവശ്യമാണ്.

GLPS പഴയന്നൂർ

പഴയന്നൂർ പഞ്ചായത്തിലെ 3-ാം വാർഡിൽ സ്ഥിതി ചെയ്യുന്നതും 1950ൽ ആരംഭിച്ചതുമായ സർക്കാർ പ്രൈമറി സ്കൂൾ ആണ് ഈ സ്ഥാപനം. 1 മുതൽ 5 വരെ ക്ലാസുകളിലായി 219 ആൺകുട്ടികളും 188 പെൺകുട്ടികളും ഉൾപ്പെടെ 407 വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ പഠിക്കുന്നു. 11 അദ്ധ്യാപകർ ഈ സ്കൂളിൽ ജോലി ചെയ്യുന്നു.

41സെന്റ് സ്ഥലത്താണ് സ്കൂൾ ക്യാമ്പസ് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിന് കൈമാറിയിട്ടുള്ള പഞ്ചായത്തിലെ ഏകവിദ്യാഭ്യാസസ്ഥാപനമാണിത്. സ്ഥാപനത്തിന്റെ പ്രവർത്തനം തൃപ്തികരമായി മുന്നോട്ട് പോകുന്നു. അക്കാദമിക് നിലവാരം ഉയർത്തുന്നതിന് കൂട്ടായ ശ്രമങ്ങൾ നടത്തേണ്ടതാണ്.

ALPS കുന്നത്തറ

പഴയന്നൂർ പഞ്ചായത്തിലെ 4-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാഭ്യാസ സ്ഥാപന്മാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം 1 മുതൽ 4 വരെ ക്ലാസുകളിലായി 445 ആൺകുട്ടികളും 333 പെൺകുട്ടികളും ഉൾപ്പെടെ 778 വിദ്യാർത്ഥികൾ പഠിക്കുന്നു. 2 പുരുഷ അദ്ധ്യാപകരും 18 സ്ത്രീ അദ്ധ്യാപകരും ഇവിടെ ജോലി ചെയ്യുന്നു.

ഒരു ഏക്കർ 19 സെന്റ് സ്ഥലമാണ് സ്കൂൾ ക്യാമ്പസിന്റെ ആകെ വിസ്തീർണ്ണം. താരതമ്യേന മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന PTA കമ്മറ്റി നിലനിൽക്കുന്നു. സ്കൂൾ പ്രവർത്തനം കൂടുതൽ തൃപ്തികരമാക്കാൻ കൂടുതൽ ശ്രമങ്ങൾ നടത്തേണ്ടതാണ്. സ്കൂളിൽ കളിസ്ഥലത്തിന്റെ കുറവ് പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്.

ALPS കല്ലേപ്പാടം

പഴയന്നൂർ പഞ്ചായത്തിലെ 7-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാഭ്യാസ സ്ഥാപനത്തിൽ 1മുതൽ4 വരെ ക്ലാസുകളിലായി 115 ആൺകുട്ടികളും 116 പെൺകുട്ടികളും ഉൾപ്പെടെ 231 കുട്ടികൾ പഠിക്കുന്നു. 9 അദ്ധ്യാപകർ ജോലി ചെയ്യുന്നു. 10 മുറികൾ ഉള്ള രണ്ടു കെട്ടിടങ്ങളിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. സ്കൂൾ ക്യാമ്പസിന്ന് 1 ഏക്കർ 30 സെന്റ് വിസ്തീർണ്ണമാണ്. PTA കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി വിദ്യാഭ്യാസ നിലവാരം ഉയർത്തികൊണ്ടുവരേണ്ടതാണ്. കുടിവെള്ളം തുടങ്ങിയ മറ്റു ഭൗതിക സൗകര്യം സ്കൂളിൽ ആവശ്യമാണ്.

S.K.L.P.S.പൊറ്റ

പഴയന്നൂർ പഞ്ചായത്തിലെ 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ 156 ആൺകുട്ടികളും 159 പെൺകുട്ടികളും ഉൾപ്പെടെ 315 വിദ്യാർത്ഥികൾ പഠിക്കുന്നു. 10 അദ്ധ്യാപകർ ജോലി ചെയ്യുന്നു. 65 സെന്റ് സ്ഥലമാണ് സ്കൂൾ ക്യാമ്പസിന് ഉള്ളത്. 8,9, വാർഡുകൾ ഉൾപ്പെടുന്ന പ്രദേശത്തുള്ള ഏക സ്ഥാപനം എന്ന നിലയിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് കാണേണ്ടതാണ്. എന്നാൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണുന്നു. ഇത് ചൂണ്ടിക്കാണിക്കുന്നത് വിദ്യാഭ്യാസനിലവാരത്തിന്റെയും മറ്റു ഭൗതിക സൗകര്യങ്ങളുടേയും കുറവു മൂലം വിദ്യാർത്ഥികൾ സ്വകാര്യ അൺ എയിഡഡ് വിദ്യാലയങ്ങളെ ശരണം പ്രാപിക്കാൻ നിർബന്ധിതരായിതീരുന്നു എന്നാണ്. PTA കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ ബോധപൂർവ്വമായ ശ്രമം അത്യാവശ്യമാണ്.

ALPS വെന്നൂർ

പഴയന്നൂർ പഞ്ചായത്തിലെ 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്നതാണീ വിദ്യാലയം. 102 ആൺകുട്ടികളും 106 പെൺകുട്ടികളും ഉൾപ്പെടെ 208 വിദ്യാർത്ഥികൾ 1 മുതൽ 4 വരെ ഇവിടെ പഠിക്കുന്നു. 7 അദ്ധ്യാപകർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. 31 സെന്റ് സ്ഥലത്താണ് സ്കൂൾ ക്യാമ്പസ് സ്ഥിതി ചെയ്യുന്നത്. PTA യുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. കാര്യക്ഷമമായി സ്കൂൾ

പ്രവർത്തിക്കേണ്ടതിന് ആവശ്യമായ ക്ലാസ് മുറികളും, ഫർണിച്ചറുകളും, മറ്റു ഭൗതിക സൗകര്യങ്ങളും ലഭ്യമാക്കേണ്ടതാണ്.

സ്കൂളിലേക്ക് എത്തി ചേരുന്നതിന് ആവശ്യമായ റോഡു സൗകര്യങ്ങൾ ഒന്നുമില്ല. വിദ്യാഭ്യാസനിലവാരം വേണ്ടത്ര മെച്ചപ്പെട്ടതല്ല. സ്കൂളിന്റെ ഈ പരിതാപകരമായ അവസ്ഥമൂലം ഇപ്പോൾ ഭൂരിഭാഗം വിദ്യാർത്ഥികളും 4KM അകലെയുള്ള അൺ എയിഡഡ് സ്കൂളിൽ പോകുന്ന പ്രവണത വർദ്ധിച്ചുവരുന്നു. മാനേജ്മെന്റിന്റേയും PTA യുടേയും കാര്യക്ഷമമായ പ്രവർത്തനം കൊണ്ട് വിദ്യാഭ്യാസ നിലവാരം ഉയർത്തുകയും മറ്റു ഭൗതിക സാഹചര്യം ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

86

ALPS തൃക്കണ്ണായ എളനാട്

പഴയന്നൂർ പഞ്ചായത്തിലെ 13-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു ഈ വിദ്യാലയം. 1 മുതൽ 4 വരെ ക്ലാസ്സുകളിലായി 142 ആൺകുട്ടികളും 139 പെൺകുട്ടികളും കൂടി 281 പേർ പഠിക്കുന്നു. 10 അദ്ധ്യാപകർ ഈ വിദ്യാലയത്തിൽ ജോലി ചെയ്യുന്നു. 30 സെന്റ് സ്ഥലമാണ് സ്കൂൾ കൃാമ്പസിന്റെ വിസ്തീർണ്ണം ആവശ്യമായ ഫർണിച്ചറുകളുടേയും, മറ്റു ഭൗതിക സാഹചര്യങ്ങളുടേയും കുറവ് നിലനിൽക്കുന്നു.

എളനാട്ടിലെ ആദ്യത്തെ പ്രൈമറി വിദ്യാലയമാണ് ഈ സ്ഥാപനം 11 ,12,13. വാർഡുകളിലെ ജനങ്ങളുടെ പ്രൈമറി വിദ്യാഭ്യാസത്തിന് പൂർണ്ണമായും ആശ്രയിച്ചിരുന്നത് ഈ സ്ഥാപനത്തെയായിരുന്നു. എന്നാൽ ഇപ്പോൾ ഈ സ്ഥാപനത്തിന്റെ സ്ഥിതിപരമ ശോചനീയമാണ്. വിദ്യാഭ്യാസ ഗുണനിലവാരം താഴുന്നതിന്റെ ഭാഗമായി ബഹുഭൂരിപക്ഷം രക്ഷിതാക്കളും കുട്ടികളെ അടുത്തുള്ള അമിത ഫീസ് ഈടാക്കുന്ന അൺ എയിഡഡ് സ്കൂളിലേക്ക് പറഞ്ഞയക്കുന്നു.

സ്വകാര്യമേഖല

പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ 4 അൺഎയിഡഡ് അൺറെക്കൈനെസിഡ് പ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നു. 1. NSS ഇംഗ്ലീഷ് മീഡിയം സ്കൂൾ വടക്കേത്ര 2.സെന്റ് തോമസ് LPസ്കൂൾ പഴയന്നൂർ 3. MGM LP സ്കൂൾ പൊട്ടൻകോട് സാൻജോസ് LP സ്കൂൾ എളനാട് എന്നിവയാണ്. നേഴ്സറി മുതൽ 4-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസമാണ് ഈ സ്ഥാപനങ്ങളിൽ നടക്കുന്നത്.

സങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

7-ാം വാർഡിൽ കല്ലേപാടത്ത് സ്ഥിതിചെയ്യുന്ന ഒരു സ്വകാര്യ ITC യും 4 സ്വകാര്യ കമ്പ്യൂട്ടർ സ്ഥാപനങ്ങളും 2 ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളുമാണ് പഞ്ചായത്തിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പഴയന്നൂർ പ്രവർത്തിക്കുന്ന നളന്ദ ട്യൂട്ടോറിയൽ, തക്ഷശില എളനാട് പ്രവർത്തിക്കുന്ന സെന്റ് ജോസഫ് കോളേജ് എന്നിവയാണ് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഈ സ്ഥാപനങ്ങളിൽ സ്കൂൾ, കോളേജ് ട്യൂഷനുകളും S.S.L.C., Failed ബാച്ചും പ്രീ ഡിഗ്രി ക്ലാസ്സുകളും നടക്കുന്നു.

പഞ്ചായത്ത് തല നിർദ്ദേശങ്ങൾ

പഞ്ചായത്ത് അതിർത്തിയിലെ വിദ്യാർത്ഥികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കോളേജ് വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും ആലത്തൂർ ഒറ്റപ്പാലം വടക്കാഞ്ചേരി, തൃശൂർ എന്നീ പ്രദേശത്തെ വിദ്യാലയങ്ങളെയാണ് ആശ്രയിക്കുന്നത്. ഉന്നതവിദ്യാഭ്യാസത്തിന് ഒരു കോളേജോ സാങ്കേതിക വിദ്യാഭ്യാസത്തിന് ഒരു സാങ്കേതിക സ്ഥാപനമോ ഇല്ലാത്തതാണ് ഈ രംഗത്തെ പിന്നോക്കാവസ്ഥക്കു കാരണം.

ഉന്നത വിദ്യാഭ്യാസത്തിന് ഒരു കോളേജും സാങ്കേതിക പരിജ്ഞാനം ലഭിക്കുന്നതിന് ഇൻഡസ്ട്രിയൽ ട്രെയ്നിങ്ങ് സെന്ററും പഴയന്നൂർ പഞ്ചായത്ത് അതിർത്തിയിൽ സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പഴയന്നൂർ ഹൈസ്കൂൾ അപ്ഗ്രേയ്ഡ് ചെയ്ത് പ്ലസ് ടു ആക്കേണ്ടതാണ്.

പഞ്ചായത്തിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് ലഭിക്കേണ്ടതാണ്.

എയ്ഡഡ് സ്കൂളുകളിൽ ഡിവിഷൻ നിർണ്ണയം നടത്തുന്നത് നിർബന്ധമായും ഗ്രാമപഞ്ചായത്തിന്റെ അനുമതിയോട് കൂടിയായിരിക്കണം അൺ എയിഡഡ് സ്കൂളുകളുടെ പ്രവർത്തനത്തിന് നിയന്ത്രണം ഏർപ്പെടുത്തുക.

പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനതയാണ് ഒരു നാടിന്റെ സമ്പത്ത് എന്ന തിരിച്ചറിവിന്റെ ഭാഗമായിട്ടായിരിക്കണം. ഇനിയുള്ള കാലഘട്ടങ്ങളിൽ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളും സംഘടിപ്പിക്കപ്പെടേണ്ടത്. ഇന്നലെകളിൽ ആരോഗ്യരംഗത്തുണ്ടായിരുന്ന പല പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇനിയും ഒരുപാട് പ്രശ്നങ്ങൾ അവശേഷിക്കുന്നു. ആദ്യകാലങ്ങളിൽ ആയുർവേദവും നാട്ടുചികിത്സയുമായിരുന്നു. പ്രധാന ചികിത്സാരീതികൾ. ഗർഭകാലമരണവും ശിശുമരണങ്ങളും സംഭവിക്കാറുണ്ടായിരുന്നു. വസൂരി പോലെയുള്ള മാരകമായ പകർച്ച വ്യാധികളും സർവ്വ സാധാരണമായിരുന്നു. വീടുകളിൽ വച്ചായിരുന്നു പ്രസവങ്ങൾ നടന്നിരുന്നത്. എന്നാൽ 70 ഓളം വർഷങ്ങൾക്കുമുമ്പ് ചികിത്സാ സമ്പ്രദായത്തിൽ ദിശാമാറ്റം സംഭവിച്ചുവെന്ന് കാണപ്പെടുന്നു. ഏകദേശം 50 വർഷം മുമ്പ് സർക്കാർ മേഖലയിൽ ആരംഭിച്ച ആശുപത്രിയുടെ പ്രവർത്തനത്തോടെ ആരോഗ്യരംഗത്ത് കാര്യമായ മാറ്റങ്ങൾ ദൃശ്യമായി. ഗർഭകാലമരണങ്ങൾ കുറഞ്ഞു തുടങ്ങി. ശിശുമരണനിരക്ക് ശരാശരിയേക്കാളും വളരെ കുറവാണ്. പകർച്ച വ്യാധിയുടെ കാര്യത്തിൽ വസൂരിപോലെയുള്ളവ പൂർണ്ണമായും നിയന്ത്രിതമായിരിക്കുന്നു. ശരാശരി ആയുർദൈർഘ്യം പഴയന്നൂരിനു അവകാശപ്പെടാം.

ഇന്ന് ആരോഗ്യ മേഖലയിൽ സർക്കാർ തലത്തിൽ രണ്ട് അലോപ്പതി ആശുപത്രികളും ഒരു ആയുർവേദ ആശുപത്രിയും ഒരു ഹോമിയോ ആശുപത്രിയും രണ്ട് മാതൃശിശു സംരക്ഷണ കേന്ദ്രവുമുണ്ട്. രണ്ട് അലോപ്പതി ആശുപത്രികളും പതിനഞ്ച് രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണർമാരും ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ സ്വകാര്യ മേഖലയിലുണ്ട്.

പഞ്ചായത്ത് അതിർത്തിയിൽ പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിലേക്കായി കഴിഞ്ഞ കാലങ്ങളിൽ നടപ്പാക്കിയ പദ്ധതികളുടെ ഫലമായി ഒരു ശ്മശാനവും ഒരു കംഫർട്ട് സ്റ്റേഷനും 176 പൊതുടാപ്പുകളും അറുപത് പൊതുകിണറുകളും സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 36460 ആണ്. സേവന സജ്ജരായി 1500 പേർക്ക് ഒരാൾ എന്ന നിലയിൽ ആരോഗ്യപ്രവർത്തകരാണ് ഈ പഞ്ചായത്തിലുള്ളത്. ഇത് ശരാശരി നിലവാരത്തിൽനിന്നും വളരെ താഴെയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കുട്ടികളുടെ പോഷകാഹാരക്കുറവ് വലിയൊരു പ്രശ്നമായിത്തന്നെ നിലനിൽക്കുകയാണ്. ഫീഡിംങ്ങ് സെന്ററുകളുടെ പ്രവർത്തനം ശരിയായ രീതിയിൽ നടക്കുന്നില്ല. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം നഗരങ്ങളിലേതുപോലെ തീരെ താഴ്ന്ന അളവിൽ അല്ല എന്നത് ആശ്വാസമേകുമ്പോൾ തന്നെ ഇത് കുറഞ്ഞുവരുന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഒരു ഗൈനക്കോളജിസ്റ്റിന്റെ അഭാവം ഇവിടത്തെ സർക്കാർ ആശുപത്രിയിലെ വലിയൊരു ന്യൂനതയാണ്. ആയതുമൂലം ഇവിടത്തെ സ്ത്രീകൾ സ്വകാര്യ നഴ്സിംഗ് ഹോമുകളെയാണ് ആശ്രയിക്കുന്നത്.

ശരാശരി മരണനിരക്ക് 5.9% ആയിരിക്കുമ്പോഴും രോഗാതുരത ഉയർന്നു തന്നെയിരിക്കുന്നു. വസൂരിപോലെയുള്ള പകർച്ചവ്യാധികൾ നിയന്ത്രണാധീതമായിരിക്കുമ്പോഴും കോളറ, ചെങ്കണ്ണ്, വൈറൽ ഫീവർ എന്നിങ്ങനെ

യുള്ള പകർച്ച വ്യാധികൾ വ്യാപകമാകാറുണ്ട്. കർഷകരും കർഷകതൊഴിലാളികളുമാണ്. ജനസംഖ്യയിൽ ഭൂരിഭാഗവും എന്നതിനാൽ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളുടെയും രോഗ നിവാരണ പ്രവർത്തനങ്ങളുടേയും പ്രഥമ ശുശ്രൂഷയുടെയും ബോധവത്ക്കരണം ആവശ്യമായി വരുന്നു.

പൊതുകക്കൂസുകളുടേയും മൂത്രപ്പുരകളുടേയും എണ്ണം തുലോം കുറവാണ്, ഇനിയും ചുരുങ്ങിയത് ആയിരം പേർക്ക് ഒന്ന് എന്ന നിലവാരത്തിൽ എത്താനുള്ള ശ്രമം പൊതുമേഖലയിൽ ആവശ്യമാണ്. വീടുകളിലെ കക്കൂസുകളുടെ ടാങ്കിനുമുകളിൽ കൊതുകുവല കെട്ടാത്തതുമൂലവും, കാനകൾ നിർമ്മിക്കാതെ കൃഷി സ്ഥലം മണ്ണിട്ടു നികത്തിയതിനാലും ജല നിർഗ്ഗമന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ വെള്ളം കെട്ടികിടന്നു കൊതുകുകൾ പെരുകുന്നത് ആരോഗ്യമേഖലയിലെ വലിയൊരു പ്രശ്നമാണ്. പൊതുമാർക്കറ്റുകളുടെ അഭാവം മൂലം വ്യാപാരികൾ ജൈവാവശിഷ്ടം റോഡിന്റെ വശങ്ങളിൽ നിക്ഷേപിക്കുന്നതും അറവുശാലകളുടെ അഭാവവും ആരോഗ്യ രംഗത്ത് പ്രതികൂല സാഹചര്യം സൃഷ്ടിക്കപ്പെടാൻ കാരണമാകുന്നു. ഹോട്ടലുകളിലും റോഡരികിലത്തെ കച്ചവട സ്ഥാപനങ്ങളിലും ഭക്ഷണ സാധനങ്ങളും പാനീയങ്ങളും തുറന്ന് വച്ച് വില്പന നടത്തുന്നത് തടയുന്നതിനും ഇതേക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം ആവശ്യമാണ്. പഴയന്നൂർ ഗവൺമെന്റ് ആശുപത്രിയിൽ വേണ്ടത്ര ഡോക്ടർമാരില്ലാത്തതും കട്ടിൽ, കിടക്ക എന്തിനേറെ വൈദ്യുതിപോലും ലഭ്യമല്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. അവശ്യമരുന്നുകൾ സമീപത്തുള്ള മെഡിക്കൽ സ്റ്റോറുകളിൽനിന്നും അധികവിലയ്ക്ക് വാങ്ങേണ്ടിവരുന്നു. നിലവിലുള്ള എക്സ്റേ യൂണിറ്റ് പ്രവർത്തനക്ഷമമല്ലാത്തതും ലാബ് ടെക്നീഷ്യന്റെ അഭാവവും വലിയൊരു പ്രശ്നമാണ്.

പഴയന്നൂരിനും സമീപപഞ്ചായത്തുകളായ തിരുവിലാമല, കാവശ്ശേരി, തരൂർ, പുതുക്കോട്, കൊണ്ടാഴി, എന്നീ വിടങ്ങളിൽ നിന്നും വരുന്ന അസ്വഭാവിക മരണങ്ങളുടെ പോസ്റ്റ് മോർട്ടം നടത്തിയിരുന്നത്, ഇവിടത്തെ സർക്കാർ ആശുപത്രിയിലാണ്. ഇന്ന് ഇവിടെ ഒരു സർജനില്ലാത്തതും ആംബുലൻസില്ലാത്തതും ജനങ്ങളെ വളരെയധികം ബുദ്ധിമുട്ടിക്കുന്നു. ഏതാണ്ട് പഞ്ചായത്തിലെ നാലു വാർഡുകൾക്കായിട്ടുള്ള പ്രാഥമികാരോഗ്യ കേന്ദ്രമാണ് ഇളുനാട് പ്രൈമറി ഹെൽത്ത് സെന്റർ. ഇവിടെ ഒരു ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമല്ലാത്തതും കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തിന്റെ കുറവും വലിയൊരളവുവരെ ഇന്നും ജനത്തെ ബുദ്ധിമുട്ടിക്കുന്നു. പലപ്പോഴും സമീപ പഞ്ചായത്തുകളിലേയ്ക്ക് ഇവിടുത്തുകാർക്ക് ചികിത്സാർത്ഥം പോകേണ്ടിവരുന്നു.

പഴയന്നൂർ ഗവ: ആയുർവേദ ആശുപത്രിയുടെ നിലശോചനീയമാണ്. സ്വന്തമായ ഒരു കെട്ടിടമോ പത്തു മണിക്കൂർ സേവനത്തിനായി ഒരു ഡോക്ടറോ, ആവശ്യത്തിന് മരുന്നുകളോ ലഭ്യമല്ല. ഇതുമൂലം ജനങ്ങൾ സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ഇത് സാധാരണക്കാരന്റെ ചികിത്സാ ചെലവ് പതിന്മടങ്ങ് വർദ്ധിക്കാൻ ഇടയാകുന്നു. നിരന്തരമായ ജനകീയ ഇടപെടലുകളിലൂടെ മാത്രമേ ആരോഗ്യ രംഗത്ത് കാര്യമാത്ര പ്രസക്തമായ ഒരു ദിശാമാറ്റവും വികാസവും ഉറപ്പാക്കാൻ കഴിയുകയുള്ളൂ.

നിർദ്ദേശങ്ങൾ

1. പഴയന്നൂർ ഗവ. ആശുപത്രിയിൽ മൂന്ന് ഡോക്ടർമാരെ നിയമിക്കുക. അതിലൊരാൾ ഗൈനക്കോളജിസ്റ്റായിരിക്കണം.
2. ലാബ് ടെക്നീഷ്യനെ നിയമിക്കുക
3. എക്സ്റേ സൗകര്യങ്ങൾ ഉപയോഗയോഗ്യമാക്കണം
4. കട്ടിൽ, കിടക്ക എന്നിവ നവീകരിക്കുക
5. വൈദ്യുതി പുന:സംവിധാനം ചെയ്യുക. ഇതിനായി സ്പോൺസർഷിപ്പ് ഉപയോഗപ്പെടുത്താവുന്നതാണ്.
6. എളനാട് PHCയിൽ സ്ഥിരമായി ഒരു ഡോക്ടറെ നിയമിക്കുക. ഇരുപത് കിടക്കകളോട് കൂടിയ ആശുപത്രി സൗകര്യങ്ങൾ ഏർപ്പെടുത്തുക. ഡോക്ടർമാർക്ക് താമസ സൗകര്യത്തിനുള്ള ക്വാർട്ടേഴ്സ് നിർമ്മിക്കുക
7. ഡോക്ടർമാർക്ക് ഗ്രാമീണ മേഖലയിലെ സേവനം നിർബന്ധമാക്കണം.
8. കോടത്തൂർ മാതൃ-ശിശു സംരക്ഷണകേന്ദ്രംPHC ആയി ഉയർത്തുക
9. ഫീഡിംങ്ങ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുക.
10. പഴയന്നൂർ ഗവ.ആയൂർവ്വേദ ആശുപത്രിക്ക് സ്വന്തമായ ഒരു കെട്ടിടം നിർമ്മിച്ച് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൽ ഉണ്ടാക്കുക
11. കുടുംബാസൂത്രണ മാർഗ്ഗങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുക.

12. പഞ്ചായത്തടിസ്ഥാനത്തിൽ ജൈവ അവശിഷ്ടങ്ങൾ ശേഖരിച്ച് വ്യാവസായിക അടിസ്ഥാനത്തിൽ ഒരു കമ്പോസ്റ്റ് നിർമാണ യൂണിറ്റ് നടത്താവുന്നതാണ്.

13. കോളനികളിൽ ആവാസയോഗ്യമായ വീട്, ശുദ്ധ ജലം, കക്കൂസ് എന്നിവ ലഭ്യമാക്കണം. സർക്കാർ സഹായത്തോടെയുള്ള എല്ലാ വീടുകളിലും ഇത് നടപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

14. പഞ്ചായത്തിൽ 3675.78 ഏക്കർ റിസർവ് വനഭൂമിയുള്ളതുകൊണ്ട് ഇവിടങ്ങളിൽ ധാരാളമായി ഔഷധ ഗുണമുള്ള സസ്യങ്ങൾ വളരുന്നുണ്ട്. ഇതുപയോഗിച്ച് ഒരു ആയൂർവ്വേദ മരുന്നുല്പാദന യൂണിറ്റ് തുടങ്ങാവുന്നതാണ്.

സാമൂഹ്യ വനവല്ക്കരണത്തിന്റെ ഭാഗമായി പഞ്ചായത്തിൽ ഔഷധസസ്യങ്ങൾ കൃഷി ചെയ്ത് മരുന്നു നിർമ്മാണ കേന്ദ്രവും പ്രോസസിങ്ങ് യൂണിറ്റും സ്ഥാപിച്ച് ചെറുപ്പക്കാർക്ക് തൊഴിൽ ഉറപ്പാക്കാവുന്നതാണ്.

15. പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ സ്കൂളുകളിലും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കണം. ഇതിനായി PTA മുൻകൈയെടുക്കണം.

ആശുപത്രി മാതൃശിശു സംരക്ഷണ കേന്ദ്രം ഡിസ്പെൻസറി	മേഖല	വാർഡ്	ആശുപത്രികളുടെ ഭൗതികസാഹചര്യങ്ങൾ					മെഡിക്കൽ സ്റ്റോറുകൾ		റിമാർക്സ്
			ആധുനിക സൗകര്യം	ഡോക്ടർമാരുടെ എണ്ണം	മറ്റുദ്യോഗസ്ഥന്മാരുടെ എണ്ണം	കിടക്കകളുടെ എണ്ണം	ശരാശരി രോഗികൾ സന്ദർശകർ	സ്വകാര്യം	സർക്കാർ സഹകരണം	
പഴയന്നൂർ ഗവ. ആശുപത്രി	സർക്കാർ	3	ഇല്ല	2	16	25	45	1	–	–
ശാന്തി നഴ്സിംഗ് ഹോം	സ്വകാര്യം	5	എക്സ് റേ	2	25	30	85	5	–	–
പി.വി.ജെ നഴ്സിംഗ് ഹോം	സ്വകാര്യം	7	എക്സ് റേ ഇ.സി.ജി	2	15	20	30	1	–	–
മാതൃശിശു സംരക്ഷണ കേന്ദ്രം	സർക്കാർ	4	ഇല്ല	ഇല്ല	1	ഇല്ല	5	–	–	–
ഗവ. ആയുർവേദ ഡിസ്പെൻസറി	സർക്കാർ	5	ഇല്ല	1	3	ഇല്ല	25	–	–	–
ഗവ. ഹോമിയോപതി ഡിസ്പെൻസറി	സർക്കാർ	13	ഇല്ല	1	3	ഇല്ല	20	1	–	–
പി.എച്ച്.സി എളനാട്	സർക്കാർ	11	ഇല്ല	1	6	ഇല്ല	50	–	–	–

90

കുടിവെള്ളം

തൃശൂർ ജില്ലയുടെ കിഴക്കെ അറ്റത്ത് പാലക്കാട് ജില്ലയുമായി തൊട്ടുരുമ്മി കിടക്കുന്ന പഴയന്നൂർ പഞ്ചായത്ത് താരതമ്യേന ഉയരം കൂടിയതും, കാലവർഷത്തോത് കുറവുമായ ഒരു ഭൂപ്രദേശമാണ്. തന്മൂലം പഞ്ചായത്തിന്റെ ഒട്ടുമിക്ക പ്രദേശങ്ങളിലും വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടാറുണ്ട്.

ശുദ്ധജലവിതരണത്തിനുവേണ്ടി ഇപ്പോൾ പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ നാല് ജലവിതരണ പദ്ധതികളാണ് നിലവിലുള്ളത്.

പഴയന്നൂർ സെന്ററിലുള്ള കുഴൽ കിണറിൽനിന്നും വടക്കേത്തറയിലുള്ള ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്താണ് പഴയന്നൂർ പ്രദേശത്ത് ജലവിതരണം നടത്തുന്നത്. ടാങ്കിന്റെ കപ്പാസിറ്റി കുറവും ഉയരക്കുറവും മൂലം പൈപ്പ് ലൈൻ ഉള്ള മുഴുവൻ പ്രദേശത്ത് ഇപ്പോൾ വെള്ളം എത്തുന്നില്ല. കഴിഞ്ഞ പഞ്ചായത്ത് ഭരണസമിതിയുടെ നിരന്തരമായ ശ്രമഫലമായി വെള്ളപ്പാറ മുത്തൻ കുന്നിൽ 5 ലക്ഷം ലിറ്റർ കപ്പാസിറ്റി ഉള്ള പുതിയ വാട്ടർ ടാങ്ക് പണിയുന്നതിനുള്ള അനുമതി നേടിയെടുക്കുന്നതിനും പണി ആരംഭിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഈ ടാങ്കിന്റെ പണി പൂർത്തീകരിച്ച് പൈപ്പ് ലൈൻ ഇട്ടുകൊണ്ടിരിക്കുകയാണ്. ഈ വേനൽ കാലത്ത് ഇത് കമ്മീഷൻ ചെയ്യുന്നതിനും പഴയന്നൂർ പഞ്ചായത്തിലെ 1 മുതൽ 9 വരെയുള്ള വാർഡുകളിൽ മിക്കവാറും പ്രദേശത്ത്, ശുദ്ധജലം എത്തിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനം പഞ്ചായത്ത് ഭരണസമിതി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നു.

9-ാം വാർഡിൽ, പൊറ്റ കോളനിയിൽ കേരള വാട്ടർ അതോറിറ്റിയുടെ ഒരു ചെറിയ ശുദ്ധജല വിതരണ പദ്ധതി നിലവിൽ ഉണ്ട്. ഇതിന് ടാങ്കില്ലാത്തതുമൂലം പൈപ്പ് ലൈനിൽ നേരിട്ട് വെള്ളം പമ്പ് ചെയ്യുകയാണ്. തന്മൂലം പൈപ്പ് ലൈൻ ഉള്ള എല്ലാ പ്രദേശത്തും വെള്ളം എത്തുന്നില്ല.

13-ാം വാർഡിൽ എളനാട് സ്ഥിതി ചെയ്യുന്ന കുഴൽ കിണറിൽ നിന്ന് 25000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിലേക്ക് വെള്ളം പമ്പ്ചെയ്ത് വിതരണം ചെയ്യുന്ന വാട്ടർ അതോറിറ്റിയുടെ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയും പഞ്ചായത്തിൽ നിലവിലുണ്ട്. ഈ പദ്ധതിയിൽനിന്ന് പ്രധാനമായും 13-ാം വാർഡിലെ പട്ടികജാതി കോളനികളിലേക്കും, 12-ാം വാർഡിലെ തേക്കിൻകാട് കോളനിയിലേക്കുമാണ് ശുദ്ധജല വിതരണം നടക്കുന്നത്.

1-ാം വാർഡിലെ മാങ്കുളമ്പ് കോളനിയിൽ ചെറിയ ഒരു ശുദ്ധജലവിതരണപദ്ധതി നിലവിൽ ഉണ്ട്. എന്നാൽ വേനൽക്കാലത്ത് കിണറിലെ വെള്ളം വറ്റുന്നതുമൂലം കാര്യമായ പ്രയോജനം ലഭിക്കുന്നില്ല.

ഈ നാല് പദ്ധതികളിൽനിന്നായി 176 പബ്ലിക് ടാപ്പുകളാണ് ശുദ്ധജല വിതരണത്തിനായി പഞ്ചായത്തിൽ ആകെ ഉള്ളത്. ഇതിൽ പല ടാപ്പുകളും വെള്ളം ലഭിക്കുന്നവയല്ല എന്ന പോരായ്മ നിലനിൽക്കുന്നു. ഒരു ടാപ്പിന് പ്രതിവർഷം 875 രൂപ എന്ന തോതിൽ കേരള വാട്ടർ അതോറിറ്റിയിലേക്ക് പഞ്ചായത്ത് അടച്ചുകൊണ്ടിരിക്കുന്നു.

കൊടിയ സാമ്പത്തിക പരാധീനതക്കുള്ളിൽനിന്നുകൊണ്ടും ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വം പഞ്ചായത്ത് ഭരണസമിതി നിറവേറ്റുന്നു എന്നാണിത് കാണിക്കുന്നത്.

പഞ്ചായത്ത് തല നിർദ്ദേശങ്ങൾ:

പഴയന്നൂർ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന ഭൂഗർഭജലം പരമാവധി ഉപയോഗപ്പെടുത്തികൊണ്ടും പഞ്ചായത്തിലുള്ള കുളങ്ങൾ ആഴം കൂടികെട്ടി സംരക്ഷിച്ച് വെള്ളം സംഭരിച്ചുകൊണ്ടും ചെറുകിട ശുദ്ധജല വിതരണപദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

1. 12-ാം വാർഡിലെ തെണ്ടൻകാവ് കോളനിയിലുള്ള

കുഴൽ കിണറിന് 50000 ലിറ്റർ കപ്പാസിറ്റിയുള്ള ഒരു ഹെഡ് ടാങ്കുണ്ടാക്കി വെള്ളം പമ്പ്ചെയ്ത് ഇതിന്റെ ചുറ്റുപാടുമുള്ള പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

2. വെന്നൂർ ഉള്ള കുഴൽ കിണറിന് ഓവർ ഹെഡ് ടാങ്കുണ്ടാക്കി വെള്ളം പമ്പ് ചെയ്ത് ആ പ്രദേശത്ത് കുടിവെള്ളം എത്തിക്കാവുന്നതാണ്.

3. കുമ്പളക്കോട് കാക്കരക്കുന്ന് കോളനിയിലുള്ള കുഴൽ കിണറിന് ഓവർ ഹെഡ് ടാങ്കുണ്ടാക്കി വെള്ളം പമ്പ് ചെയ്ത് കുടിവെള്ളം എത്തിക്കാവുന്നതാണ്.

4. ചീരക്കുഴി പുഴയിൽ പുതിയ ഒരു ഫിൽട്ടർ കിണർ സ്ഥാപിച്ച് ഇപ്പോൾ വടക്കേത്തറയിലുള്ള ടാങ്കിലേക്ക് വെള്ളം പമ്പ്ചെയ്ത് 2,3,4 എന്നീ വാർഡുകളിൽ ശുദ്ധജല വിതരണം നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കാവുന്നതാണ്.

5. പൊറ്റ കോളനിയിലെ കുഴൽ കിണറിന് ടാങ്ക് നിർമ്മിച്ച് ഇപ്പോഴുള്ള ശുദ്ധജല വിതരണം പദ്ധതി കാര്യക്ഷമമാക്കണം.

ഗ്രാമസഭ നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിലെ മാങ്കുളമ്പ് ജലവിതരണ പദ്ധതിയിലേക്ക് പഴയന്നൂർ ശുദ്ധജല വിതരണ പദ്ധതി ബന്ധിപ്പിക്കുക

2. 2,3,4,5,6,7, എന്നീ വാർഡുകളിൽ പഴയന്നൂർ ശുദ്ധജല വിതരണ പദ്ധതിയിൽനിന്നുള്ള പൈപ്പ് ലൈൻ ഇല്ലാത്ത സ്ഥലങ്ങളിലേക്ക് എത്തിക്കുകയും ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക

3. എളനാട് ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ പൈപ്പ് ലൈൻ 11-ാം വാർഡിലെ രാമൻച്ചെട്ടിവരെ നീട്ടുകയും ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക

പഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകൾ

വാർഡ്	പൊതുകിണർ	കുഴൽകിണർ	പൊതുടാപ്പുകൾ
1	7	2	13
2	8	–	14
3	3	–	12
4	4	–	13
5	6	1	17
6	10	–	7
7	10	2	10
8	3	1	–
9	4	1	16
10	8	1	–
11	2	2	–
12	10	6	5
13	4	7	12

കുടിവെള്ളം ലഭിക്കുന്നത് മാത്രമാണ് പട്ടികയിൽ ഉൽപ്പെടുത്തിയിട്ടുള്ളത്

സാമൂഹ്യക്ഷേമം

1995-96ലെ IRDP സർവ്വേപ്രകാരം ഈ പഞ്ചായത്തിൽ ആകെ കുടുംബങ്ങളുടെ എണ്ണം 4134 അണ്. ഇതിൽ 661 എണ്ണം പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണ്. ഇതിൽ 4035 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെ സ്ഥിതി ചെയ്യുന്നു. ഈ കണക്കുകൾ വച്ചുനോക്കിയാൽ ഇവിടത്തെ ജനസംഖ്യയുടെ പകുതിയിലധികവും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് എന്ന് മനസ്സിലാക്കാം. പട്ടിക കാണുക

പഞ്ചായത്തിൽ നിലനിൽക്കുന്ന വ്യാപകമായ ദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി പഞ്ചായത്തിൽ പല പദ്ധതികളും നടപ്പിലാക്കി വരുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകന്ന് നിൽക്കുന്ന പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. സംയോജിത ഗ്രാമവികസന പരിപാടി (IRDP) ഇത്തരത്തിലുള്ള ഒരു പരിപാടിയാണ്. 1995-96 വർഷങ്ങളിൽ

പട്ടിക 1
ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരങ്ങൾ

വാർഡ് നമ്പർ	സർവ്വേപ്രകാരം കണ്ടെത്തിയ മൊത്തം കുടുംബങ്ങൾ	ഇതിൽ SC/ST കുടുബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽSC/ST	സഹായം വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബാംഗങ്ങൾ	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
I	381	61	25	13	5	376
II	267	52	28	13	6	261
I	143	46	21	11	4	139
IV	170	45	23	12	5	165
V	166	41	15	9	3	163
VI	427	50	30	16	10	417
VII	348	48	26	14	9	339
VIII	329	81	21	11	8	321
IX	309	38	13	7	5	304
X	424	27	42	22	7	417
xI	312	31	43	22	7	305
XII	337	91	51	27	13	324
XIII	521	50	48	25	17	504

ഈ പദ്ധതി പ്രകാരം 90 കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാനുള്ള ധനസഹായം നല്കാനും കഴിഞ്ഞു.

ഇവിടെ നിലനിൽക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അതുവഴി ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സഹായകമായ ട്രൈസം തൊഴിൽ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 1995-96 വർഷങ്ങളിൽ ടൈലറിംഗ്, വീവിംങ്ങ്, വെൽഡിംങ്ങ് മുതലായ മേഖലകളിലായി 59 പേർക്ക് പരിശീലനം നൽകാൻ കഴിഞ്ഞു. ഇതിൽ 39 പേർ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. കൂടാതെ 20 പേർ ഇതര തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നു. വരും വർഷങ്ങളിൽ ഈ പദ്ധതിയിലൂടെ കൂടുതൽ പേർക്ക് തൊഴിൽ പരിശീലനം നൽകുകയും അതുവഴി അവരുടെ ജീവിതനിലവാരം ഉയർത്തുകയും ദാരിദ്ര്യത്തിന്റെ നിരക്ക് കുറക്കാൻ കഴിയുമെന്നും പ്രത്യാശിക്കുന്നു. ഈ വിവരങ്ങൾ ഉൾക്കൊള്ളുന്ന പട്ടിക താഴെ ചേർക്കുന്നു.

ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും വേണ്ടിയുള്ള ശ്രമങ്ങൾ പഞ്ചായത്ത് നടത്തിവരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തിലെ വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് നൽകുക എന്ന ലക്ഷ്യത്തോടുകൂടി ഭവന നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകി വരുന്നു. ഈ പദ്ധതി പ്രകാരം 1995-96ൽ പഞ്ചായത്ത് 100 വീടുകൾ അനുവദിക്കുകയുണ്ടായി. ഇതിൽ 39 വീടുകളുടെ പണി പൂർത്തീകരിച്ചു. ബാക്കിയുള്ളവയുടെ പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. എന്നിരുന്നാലും, വീടില്ലാത്തവരുടെ സംഖ്യ ഇവിടെ വളരെ കൂടുതലാണ്. IRDP സർവ്വേ.പ്രകാരം ഈ പഞ്ചായത്തിൽ വീടുകൾ ഇല്ലാത്തവരുടെ എണ്ണം 1448 ആണ്.

ശുചിത്വത്തിന്റെ കാര്യത്തിൽ ഈ പഞ്ചായത്തിന്റെ അവസ്ഥ പരിതാപകരമാണ്. പല വീടുകളിലും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ പോലു

പട്ടിക 2

വാർഡ് നമ്പർ	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ
1	ടൈലറിങ്ങ്	4	4	-
	മെക്കാനിക്ക്	2	2	-
2	ടൈലറിങ്ങ്	5	5	-
	വീവിങ്ങ്	1	-	1
	മെക്കാനിക്ക്	3	-	3
3	ടൈലറിങ്ങ്	3	2	1
	മെക്കാനിക്ക്	2	1	1
4	ടൈലറിങ്ങ്	2	1	1
	ബാംബൂ ഹാന്റി ക്രാഫ്റ്റ്	7	7	-
			2	-
5	ടൈലറിങ്ങ്	2	2	-
	കമ്പോസിങ്ങ്	1	1	-
6	ടൈലറിങ്ങ്	2	2	-
7	ടൈലറിങ്ങ്	2	2	-
	മെക്കാനിക്ക്	1	-	1
8	കമ്പോസിങ്ങ്	1	1	-
	ടൈലറിങ്ങ്	2	2	-
9	കുടനിർമ്മാണം	1	-	1
10	സൈക്കിൾ റിപ്പയറിംഗ്	2	-	2
11	മെക്കാനിക്ക് വെൽഡിങ്ങ്	1	-	1
12	ഖാദി വീവിങ്ങ്	3	1	2
	സ്കൂട്ടർ മെക്കാനിക്ക്	1	1	-
				1
13	ഖാദി വീവിംങ്ങ്	5	3	2
	കോറാ ക്രോസ്	1	-	1
	വെൽഡിങ്ങ്	2	1	1
	മെക്കാനിക്ക്	2	1	1

മില്ല. ഈ സ്ഥിതി കണക്കിലെടുത്തുകൊണ്ട് പഞ്ചായത്തിൽനിന്നും കക്കൂസുകൾ നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം നൽകി വരുന്നു. വിവിധ പദ്ധതികളിലായി ഇതുവരെ 88 കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ 82 എണ്ണം പൂർത്തീകരിച്ചു. എന്നാൽ കക്കൂസ് ഇല്ലാത്ത വീടുകളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ അപര്യാപ്തമാണെന്ന് മനസ്സിലാകും. ഈ പഞ്ചായത്തിൽ ഇനിയും കക്കൂസുകൾ ആവശ്യമായ വീടുകളുടെ എണ്ണം 4009 ആണ്. പട്ടിക താഴെ ചേർക്കുന്നു.

വാർഡ്	സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവേപ്രകാരം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനിയും കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
1	295	15	9	280
2	205	5	5	200
3	210	5	5	205
4	240	5	5	235
5	80	2	2	78
6	313	7	7	306
7	298	6	6	292
8	350	9	9	341
9	300	3	3	297
10	400	4	4	396
11	305	8	8	297
12	500	9	9	491
13	600	10	10	590
	ആകെ	88	82	4009

ഈ പഞ്ചായത്തിൽ നിലനിൽക്കുന്ന വ്യാപകമായ ദാരിദ്ര്യത്തിന്റെ ഒരു പ്രധാന കാരണം തൊഴിലില്ലായ്മയാണ്. ആധുനിക വ്യവസായങ്ങൾ വളർന്നു വന്നതോടുകൂടി പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ച തടസ്സപ്പെട്ടു പരമ്പരാഗത കരകൗശല തൊഴിലാളികൾക്കും തൊഴിലവസരങ്ങൾ കുറഞ്ഞുവന്നു. കാലാഹരണപ്പെട്ട ഉപകരണങ്ങൾ ഉപയോഗിച്ച് ഇവർ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വില യന്ത്രങ്ങളുപയോഗിച്ച് നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിലയേക്കാൾ കൂടുതലായിരുന്നു. ഈ ന്യൂനത പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി ഈ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിച്ച ഉപഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

മേൽപ്പറഞ്ഞ ക്ഷേമ പദ്ധതികൾക്കു പുറമേ നിരവധി പെൻഷൻ പദ്ധതികളും നടപ്പിലാക്കി വരുന്നു. വിധവാ പെൻഷൻ, വാർധക്യപെൻഷൻ അവശകലാകാര സാഹിത്യപെൻഷൻ, തൊഴിലില്ലായ്മ വേതനം, കുഷ്ഠരോഗ പെൻഷൻ, കർഷകത്തൊഴിലാളിപെൻഷൻ എന്നിവ ഇതിൽ ഉൾപ്പെടുന്നു. വിവിധ പെൻഷൻ പദ്ധതികൾ മുഖേന സഹായം ലഭിക്കുന്നവരുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ പ്രതിപാദിക്കുന്നു

വനിതകളുടെ പദവി

പഴയന്നൂർ പഞ്ചായത്തിലെ സ്ത്രീകളുടെ പദവിയെക്കുറിച്ച് പഠനം നടത്തുമ്പോൾ എല്ലാ രംഗങ്ങളിലും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് പുരുഷന്മാരോടൊപ്പം സ്ത്രീകൾ എത്തിച്ചേർന്നിട്ടില്ല. എന്നാണ് കാണാൻ കഴിയുന്നത്. 65% സ്ത്രീകൾ മാത്രമാണ് സക്ഷരരായിട്ടുള്ളത്. തൊഴിൽരംഗത്തും സ്ത്രീകൾ പുരുഷന്മാരേക്കാൾ പിന്നിലാണ്. കർഷകതൊഴിലാളികൾ കാറി തൊഴിലാളികൾ, ബീഡി തൊഴിലാളികൾ, അദ്ധ്യാപകർ തുടങ്ങിയ മേഖലകളിലാണ് സ്ത്രീകൾ ഉയർന്നു വന്നിട്ടുള്ളത്.

വാർഡ് നമ്പർ	IRDP സർവ്വേ പ്രകാരംഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം
1	34	17	17
2	31	3	28
3	8	4	4
4.	9	3	6
5	7	2	5
6	20	4	16
7	19	3	16
8	9	2	7
9	20	4	16
10.	11	2	9
11	8	1	7
12	20	2	18
13	20	2	18

പഞ്ചായത്തിരാജ് സംവിധാനം നിലവിൽ വന്നതോടെ ഒട്ടനവധി സ്ത്രീകൾ പൊതുരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. വനിതാ വ്യവസായ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തിൽ 36 അംഗൻ വാടികളാണ് ഉള്ളത്

പ്രശ്നങ്ങൾ

1.. തൊഴിൽരംഗത്ത് വേണ്ടത്ര അവസരങ്ങളില്ല

2. വനിതകളുടെ പുരോഗതിക്കു വേണ്ട സംഘടനകളില്ല.

3. വനിതാ തൊഴിൽ യൂണിറ്റുകളില്ല.

4.. സ്ത്രീ പീഡനം, ബഹുഭാര്യാത്വം, വിവാഹമോചനങ്ങൾ വാർദ്ധക്യകാലപ്രശ്നങ്ങൾ

5.. ഉന്നതവിദ്യാഭ്യാസത്തിലുള്ള പിന്നോക്കാവസ്ഥ, പൊതു രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തത്തിന്റെ അഭാവം

6.. മോശമായ ജീവിത സാഹചര്യങ്ങൾ (ഉദാ: വീട്, ശുദ്ധജലം)

പരിഹാരം

1. ബഹുജന സംഘടനകളിലും സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലും സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തണം.
2. വിധവകൾക്കും വികലാംഗർക്കും നിരാലംബരായ സ്ത്രീകൾക്കും അവരുടെ ക്ഷേമത്തിനാവശ്യമായ സഹായങ്ങൾ ഉണ്ടാകണം
3. സ്ത്രീകളുടെ വിവാഹം, വിദ്യാഭ്യാസം, തൊഴിൽ എന്നിവക്ക് വേണ്ട സാമ്പത്തിക സഹായം നൽകേണ്ടതാണ്.
4. സ്ത്രീധന പീഡനങ്ങൾ, വിവാഹ മോചനങ്ങൾ എന്നിവ അവസാനിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക
5. ഈ പഞ്ചായത്തിൽ നിലനിൽക്കുന്ന വർദ്ധിച്ച തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഈ പ്രദേശത്ത് സുലഭമായി ലഭിക്കുന്ന റബ്ബർ, പുളിങ്കുരു, ചകിരി മുതലായ അസംസ്കൃത പദാർത്ഥങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ സ്ഥാപിക്കുക
6. സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ടൈലറിങ്ങ്. കുടനിർമ്മാണം മുതലായവയിൽ അവർക്ക് പരിശീലനം നൽകുകയും ഇവയുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും ചെയ്യുക
7. അംഗൻവാടികളിൽ ശിശുക്ഷേമത്തിനായി ഫീഡിങ്ങ് സെന്ററുകൾ അരംഭിക്കണം. മാതൃശിശു സംരക്ഷണ കേന്ദ്രം അത്യാവശ്യമാണ്.
8. സാനിറ്റേഷൻ സൗകര്യങ്ങൾ ഊർജ്ജിതപ്പെടുത്തണം.
9. പൊതുകിണറുകൾ ശുചി.യാക്കുക, കൂടിവെള്ളക്ഷാമവും ജലമലിനീകരണം മൂലമുള്ള രോഗങ്ങളും തടയുക
10. കലാകായിക സംഘടനകളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗം

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ 5945 ആണ്. മൊത്തം ജനസംഖ്യയുടെ 16.8% ത്തോളം വരും ഈ ജനവിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം. 44 പട്ടികജാതി കോളനികളിലും 3 പട്ടികവർഗ്ഗ കോളനികളിലുമായി ഇവർ താമസിച്ചുപോരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വാർഡ് തിരിച്ചുള്ള കണക്കു പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

മലകളുടെയും കുന്നുകളുടെയും ചെരിവുകളിലും മുകളിലുമായാണ് ഇവരുടെ കോളനികൾ സ്ഥിതി ചെയ്യുന്നത്. സമതല പ്രദേശത്ത് സ്ഥിതി ചെയ്യുന്ന രണ്ടു മൂന്നു കോളനികൾ മാത്രമാണ് ഇതിന്നപവാദം. പണ്ട് മുതല്ക്കേ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും അകറ്റി നിർത്തപ്പെട്ട ഇവർക്ക് വീടുവെക്കാനും മറ്റും അനുവദിക്കപ്പെട്ടത് മറ്റാരും കടന്നുചെല്ലാൻ മടിക്കുന്ന ഭൂപ്രദേശങ്ങളായിരുന്നു എന്നതിന്റെ ഉത്തമദൃഷ്ടാന്തമാണ് കോളനികൾ സ്ഥിതി ചെയ്യുന്ന ഭൂസ്ഥിതി വെച്ചുനോക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. സാധാരണ ജനങ്ങളിൽ നിന്നും അകന്ന് വെള്ളവും വെളിച്ചവും മറ്റ് പാശ്ചാത്തല സൗകര്യങ്ങളും

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ആകെ ജനസംഖ്യ

വാർഡ്	കോളനികളുടെ എണ്ണം		ഒറ്റപ്പെട്ട വീടുകൾ		ആകെവീടുകൾ		ജനസംഖ്യ	
	പ..ജാതി	പ.വർഗം	പ..ജാതി	പ.വർഗം	പ..ജാതി	പ.വർഗം	പ..ജാതി	പ.വർഗം
I	5	1	3	ഇല്ല	96	8	479	29
II	4	ഇല്ല	8	ഇല്ല	99	ഇല്ല	493	ഇല്ല
III	2	ഇല്ല	ഇല്ല	ഇല്ല	65	ഇല്ല	480	ഇല്ല
IV	4	ഇല്ല	12	ഇല്ല	80	ഇല്ല	400	ഇല്ല
V	3	ഇല്ല	14	ഇല്ല	65	ഇല്ല	480	ഇല്ല
VI	3	ഇല്ല	7	ഇല്ല	48	ഇല്ല	315	ഇല്ല
VII	3	ഇല്ല	8	ഇല്ല	80	ഇല്ല	450	ഇല്ല
VIII	3	1	3	ഇല്ല	115	12	450	60
IX	3	ഇല്ല	11	ഇല്ല	69	ഇല്ല	358	ഇല്ല
X	1	ഇല്ല	20	ഇല്ല	32	ഇല്ല	160	ഇല്ല
XI	2	ഇല്ല	15	ഇല്ല	43	ഇല്ല	200	ഇല്ല
XI	5	1	16	ഇല്ല	144	22	515	110
XIII	6	ഇല്ല	20	ഇല്ല	186	ഇല്ല	966	ഇല്ല
ആകെ	44	3	137	ഇല്ല	1122	20	5746	199

എത്തിച്ചേരുവാൻ വളരെ പരിമിതികളുള്ള ചുറ്റു പാടിലാണ് കോളനികളത്രയും സ്ഥിതി ചെയ്യുന്നത്. ഇക്കാരണത്താൽ നാട്ടിൽ നടക്കുന്ന വികസന പ്രക്രിയയുടെ ഗുണഭോക്താക്കളാകുവാൻ ഇവർക്ക് കഴിയാതെ വരുന്നു.

മേൽ പറഞ്ഞ 44 പട്ടികജാതി കോളനികളുടെയും 3 പട്ടികവർഗ്ഗകോളനികളുടേയും അവസ്ഥ ഇന്നും ശോചനീയം തന്നെയാണ്. കോളനികളിലെല്ലാം അടിസ്ഥാന പാശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തത വളരെ പ്രകടമാണ്. നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ ഈ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിന്ന് വളരെ പരിമിതമായ സംഭാവനകളേ നല്കിയിട്ടുള്ളൂ. ഗുണഭോക്താവിന്റെ പരിജ്ഞാനക്കുറവും ഇടനിലക്കാരുടെ ചൂഷണവുമാണ് ഇതിന്ന് പ്രധാന കാരണം. പദ്ധതികൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കുമ്പോൾ നിരവധി കാരണങ്ങൾ കൊണ്ടു പ്രതീക്ഷിക്കുന്ന വിധത്തിലുള്ളതും സ്ഥായിയുമായ ഗുണഫലങ്ങൾ ലഭിക്കാതെ പോകുന്നു.

കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ വളരെ പരിമിതങ്ങളാണ്.

മിക്കകോളനികളിലും ശുദ്ധജലവിതരണത്തിനുള്ള സംവിധാനം ഇല്ലാത്ത സ്ഥിതിയും ഉള്ളവതന്നെ അപര്യാപ്തവുമാണ്. ദൂരെയുള്ള കുളങ്ങളിൽ നിന്നും ജലം ശേഖരിക്കുന്ന അവസ്ഥ പല കോളനികളിലും നിലനില്ക്കുന്നു. അതുപോലെ തന്നെ സാനിറ്റേഷൻ സൗകര്യങ്ങൾ ഒന്നും തന്നെയില്ല. പലകോളനികളിലേക്കും നിർമ്മിച്ച റോഡുകളുടെ അവസ്ഥ വളരെ മോശമാണ്. ഉള്ള റോഡുകൾ ഭാഗികമായി തകർന്ന നിലയിലാണ്. റോഡിന്റെ വശങ്ങൾ കെട്ടാത്തതുകൊണ്ടും മെറ്റൽ വിരിക്കാത്തതുകൊണ്ടും വർഷകാലങ്ങളിൽ മണ്ണൊലിച്ച് റോഡുകൾ നിശ്ശേഷം നാമാവശേഷമായികൊണ്ടിരിക്കുന്നു.

ഇത്തരത്തിലുള്ള റോഡുകൾ നന്നാക്കുക എന്നത് അത്യന്താപേക്ഷിതമായ കാര്യമാണ്. ഈ പ്രദേശങ്ങളുടെ വികസനങ്ങൾക്കു ഇതു വളരെ പ്രധാനപ്പെട്ടവയാണ്.

കുടിവെള്ളത്തിന്റെ കാര്യത്തിലുള്ള അപര്യാപ്തത കാരണം ജലജന്യരോഗങ്ങൾ സാധാരണയായിട്ടുണ്ട്. സർക്കാർ പദ്ധതി പ്രകാരം നിർമ്മിച്ച കിണറുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുകാരണം കിണറിന്റെ ചുറ്റും വരുന്ന മലിനജലം കിണറ്റിലേക്ക് തന്നെ ഒലിച്ചുവീണ് കുടിവെള്ളം മലിനപ്പെടുന്നു. ഇത്തരം പ്രദേശങ്ങളിൽ അയൽക്കാരുടെ കിണറുകളിൽനിന്നോ പരമ്പരാഗത ജലസ്രോതസ്സുകളിൽ നിന്നോ ആണ് വെള്ളം ശേഖരിക്കുന്നത്.

കുന്നിൻ പ്രദേശങ്ങളിലാണ് കോളനികൾ മിക്കവാറും സ്ഥിതി ചെയ്യുന്നത്, എന്നതിനാൽ കോളനിക്ക് താഴെ മിക്കവാറും നെൽവയലുകളാണ് സ്ഥിതി ചെയ്യുന്നത്. സ്വകാര്യവ്യക്തികളുടെ ഇത്തരം സ്ഥലങ്ങളിലൂടെ ഗതാഗത സൗകര്യത്തിനായി റോഡ് നിർമ്മിക്കാൻ സ്ഥലം സറണ്ടർ ലഭിച്ചെങ്കിൽ മാത്രമെ അത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ കഴിയൂ. കോളനിയിലേക്ക് ഒരു റോഡ് നിർമ്മിച്ചുകഴിഞ്ഞാൽ പൈപ്പ്ലൈൻ, വൈദ്യുതി ലൈൻ എന്നിവ എത്തിക്കുന്നതിന് ഏറ്റവും എളുപ്പമാകും.

മിക്കവാറും കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി എത്തിയ കോളനികളിൽ തന്നെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം കുറവാണ്. ചില കോളനികളിൽ വൈദ്യുതി എത്തി എന്നതിന്റെ പ്രതീകമായി ഏതാനും വഴിവിളക്കുകൾ മാത്രം കാണാവുന്നതാണ്. എന്നാൽ ഇത്തരം കോളനികളും വൈദ്യുതീകരിക്കപ്പെട്ട കോളനികൾ എന്ന പേരിലാണ് അറിയപ്പെടുന്നത്.

മിക്കവാറും എല്ലാ കോളനികളിലുംസാനിറ്റേഷൻ സൗകര്യം നിലവിലില്ല. നാടൻ സാനിറ്റേഷൻ സൗകര്യം പോലുമില്ലാത്ത ഇത്തരം കോളനികൾ വെളിപ്രദേശങ്ങളും മറ്റുമാണ് ഇതിനായി ഉപയോഗപ്പെടുത്തുന്നത്. അപൂർവ്വം ചില കോളനികളിൽ പൊതുകക്കൂസുകളും മറ്റ് സാനിറ്റേഷൻ സൗകര്യങ്ങളും ഇല്ലാതില്ല. സാനിറ്റേഷൻ സൗകര്യങ്ങൾ ഇല്ലാത്ത പ്രദേശത്തെ കോളനികളിൽ പല രോഗങ്ങളും കണ്ടുവരുന്നുണ്ട്. മുതിർന്നവരുടേയും വിശിഷ്യാ കുട്ടികളുടെയും ആരോഗ്യപൂർണ്ണമായ ജീവിതത്തിനും വളർച്ചക്കും ഇത്തരത്തിലുള്ള സാഹചര്യങ്ങൾ വിഘാതമായി നില്ക്കുന്നു.

കോളനികളിൽ അഴുക്കുചാലുകൾ ഇല്ലാത്ത അവസ്ഥ ഈ പ്രദേശങ്ങളിലെ മലിനീകരണ പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുന്നു. ഒന്നോ രണ്ടോ ഏക്കർ സ്ഥലത്ത് മുപ്പതിനും നാല്പതിനും അതിനുമീതെയും വീടുകൾ കാണാം ചില കോളനികളിൽ തീരെ അടുക്കും ചിട്ടയുമില്ലാതെ ഇടതിങ്ങിയിട്ടാണ് ഇവരുടെ ഭവനങ്ങൾ നിർമ്മിച്ചിട്ടുള്ളത്. ആവശ്യമായ സൂര്യതാപവും ആവശ്യാനുസരണം കാറ്റ് വീശുന്നതിനും ഇടമില്ലാത്ത അവസ്ഥ. ഇത്തരം വീടുകളിൽ നിന്നുമുള്ള അഴുക്കുവെള്ളം ഒഴുകിപോകാനുള്ള വഴിയില്ലാതെ അവിടവിടം കെട്ടികിടന്ന് പരിസരം വൃത്തികേടാവുന്നു. വായു മലിനീകരിക്കപ്പെടുന്നു.പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ വസ്ത്രധാരണം മറ്റുള്ളവരുമായുള്ള ഇടപഴകൽ എന്നിവയിൽ ചില വ്യത്യാസങ്ങൾ കാണാമെങ്കിലും പൊതുവെ ഇവരുടെ അവസ്ഥ പരിതാപകരമെന്നേ പറയാനാവൂ. ഈ പിന്നോക്കാവസ്ഥക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് വിദ്യാഭ്യാസത്തിന്റെ കുറവാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇന്നും പിന്നോക്കാവസ്ഥയാണുള്ളത്. സർക്കാരിൽനിന്നും ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉപയോഗിച്ച് പരമാവധി വിദ്യാഭ്യാസം നേടാൻ ഇവർക്കാവുന്നില്ല. അതിനുള്ള ത്യാഗമനോഭാവം, സന്നദ്ധത ഏറെ കുറവാണ് ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക്. അതുകൊണ്ടുതന്നെ ഇടക്ക് വെച്ച് പഠിത്തം മതിയാക്കി ഇവർ മറ്റ് പല കൂലിപ്പണികളിൽ ഏർപ്പെടുന്നു. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാക്ഷരതനിരക്ക് 79%ത്തോളം വരുമെങ്കിലും പത്താം തരം പാസ്സായവരുടേയും അവിടന്നങ്ങോട്ട് പ്രീ.ഡിഗ്രി. പാസ്സായവരുടേയും ഉന്നതവിദ്യാഭ്യാസം നേടിയവരുടേയും എണ്ണം തുലോം വിരലിലെണ്ണാവുന്നതാണ്. 80-85% വിദ്യാർത്ഥികളും SSLC പൂർത്തിയാക്കുന്നതോടെ പഠിത്തം മതിയാക്കി പോവുന്നു. ബാക്കിവരുന്ന 15% വിദ്യാർത്ഥികളിൽ വിരലിലെണ്ണാവുന്നവർ മാത്രമേ പ്രീ-ഡിഗ്രി വിദ്യാഭ്യാസം പൂർത്തീകരിച്ച് ഗ്രാജ്വേഷനും പോസ്റ്റ് ഗ്രാജ്വേഷനും സമ്പാദിക്കുന്നുള്ളൂ.

വിദ്യാഭ്യാസ രംഗത്തെ ഈ കൊഴിഞ്ഞുപോക്കിനും, തുടർവിദ്യാഭ്യാസമില്ലായ്മയ്ക്കും പല കാരണങ്ങളാണ്

ചൂണ്ടിക്കാണിക്കപ്പെടുന്നത്. കലുഷിതമായ ഗൃഹാന്തരീക്ഷം കുടുംബാംഗങ്ങളുടെ പ്രോത്സാഹനക്കുറവ്, ആവശ്യമായ പഠനോപകരണങ്ങളുടെ അപര്യാപ്തത, സാമ്പത്തിക പരാധീനത മൂലം സ്കൂളിലേക്ക് അയക്കപ്പെടുന്ന കുട്ടിയെ കുലിപ്പണിക്ക് അയക്കുവാൻ നിർബന്ധിക്കപ്പെടുന്ന അവസ്ഥ, വസ്ത്രക്കുറവ്, ബോധവൽക്കരണത്തിന്റെ കുറവ് എന്നിവ ചിലതുമാത്രമാണ്. ഗിരിവർഗ്ഗ കുടുംബങ്ങളിലെ അവസ്ഥ ഇതിലും പരിതാപകരമാണ്. ചെറുപ്പത്തിൽ തന്നെ പലതരത്തിലുള്ള കൈവേലകൾ ചെയ്യുവാൻ നിർബന്ധിതരാവുന്നു കുഞ്ഞുങ്ങൾ.

അന്ധവിശ്വാസത്തിന്റേയും അനാചാരത്തിന്റെയും പിടിയിൽനിന്നും ഇവർ ഇനിയും മോചിതരാകേണ്ടിയിരിക്കുന്നു.

പക്ഷെ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പുറമേ ഒന്നും അത്ര അറിയാത്ത രീതിയിൽ പണ്ടത്തെ മാമൂലുകളും അനാചാരങ്ങളും മുറുകെ പിടിക്കുന്നവരാണ് മിക്കവരും. വിദ്യാസമ്പന്നർപോലും ഇതിൽനിന്നും വിമുക്തരല്ല. ഇത്തരത്തിലുള്ള മാമൂലുകളും അനാചാരങ്ങളും ഇതരവിഭാഗങ്ങളുമായി അടുപ്പിക്കുന്നതിൽ ഏറെ വിഘാതം സൃഷ്ടിക്കുന്നു. ഇതുമൂലം മറ്റ് ജനവിഭാഗങ്ങളുമായി ഇഴുകിചേരുന്നതിനുള്ള മാനസിക വികാസം ഇവർക്ക് നഷ്ടമാകുന്നു. സ്വന്തം സമൂഹത്തിന്റേയും കോളനിയുടേയും കാര്യങ്ങളൊഴിച്ച് ചിന്തിക്കുവാനോ പ്രവർത്തിക്കുവാനോ ഇവർക്ക് കഴിയാതെ വരുന്നു. ഇതുമൂലം ബഹുജനസംഘടനാ രംഗത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാന്നിദ്ധ്യവും നേതൃത്വവും തുലോം വിരളമാണ്. വിദ്യാഭ്യാസത്തിലൂടേയും ബഹുജനസമ്പർക്കത്തിലൂടെയും ലഭ്യമാകുന്ന അറിവിന്റേയും ആത്മവിശ്വാസത്തിന്റേയും പാതയിലൂടെ സഞ്ചരിച്ച് സ്വന്തം ജീവിതം ചിട്ടപ്പെടുത്തുവാനും ആനുകൂല്യങ്ങൾ വേണ്ടവണ്ണം വിനിയോഗിക്കാൻ കഴിയാതെ ഇടനിലക്കാർ തട്ടിയെടുക്കുന്ന അവസ്ഥ ഇല്ലാതാക്കി അവ സ്ഥായിയാക്കുവാൻ കഴിയാതെയും വരുന്നു.

പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കുള്ള ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ആയതിന്റെ ഗുണഫലങ്ങൾ ആർക്കുവേണ്ടിയാണോ പദ്ധതി ആവിഷ്ക്കരിക്കുന്നത് അവർക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

ഇടത്തട്ടുകാരേയും കരാറുകാരേയും മുഴുവനും ഒഴിവാക്കി അതാത് ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിലുള്ള ടാസ്ക് ഫോഴ്സുകൽ പദ്ധതികൾ ഏറ്റെടുത്ത് പൂർത്തിയാക്കുക

പദ്ധതികളുടെ എണ്ണം ചുരുങ്ങി പോയാൽപോലും ഓരോ പദ്ധതിക്കും ആവശ്യമായ വിഭവങ്ങൾ കണ്ടെത്തുക.

ആവർത്തന ചിലവുകൾ ഒഴിവാക്കിക്കൊണ്ട് ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക

വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിന് മുന്തിയ പരിഗണന നല്കുക

ടാസ്ക് ഫോഴ്സുകൾ കോളനിയുടെ കാര്യത്തിൽ സ്ഥിരം വിദ്യാഭ്യാസം, ഗതാഗതം സാനിറ്റേഷൻ, കുടിവെള്ളം, വൈദ്യുതി എന്നീ നാനാ വിഷയങ്ങളിലും ഇടപെടുന്നതിനും പരിഹാരം കാണുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക. കോളനികളിൽ വർഷത്തിൽ നാലു തവണയെങ്കിലും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

കോളനികളിൽ വായനശാലക്കുള്ള സൗകര്യമുണ്ടെങ്കിൽ അതിനുവേണ്ട സഹായങ്ങൾ നല്കാവുന്നതാണ്.

എല്ലാ കോളനികളിലും സൗജന്യമായി പത്രം നല്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

സാനിറ്റേഷൻ, കുടിവെള്ളം, വൈദ്യുതി, ഗതാഗത സൗകര്യം എല്ലാ കോളനികളിലും എത്തിക്കുക

എല്ലാ കോളനികളിലും ടി.വി.സെറ്റ് നല്കുകയും വിദ്യാർത്ഥികളുടെ പഠിത്തം നഷ്ടപ്പെടാത്ത രീതിയിൽ ടി.വി. സെറ്റിന്റെ പ്രവർത്തന സമയം നിഷ്ക്കർഷിക്കുകയും ചെയ്യുക.

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യുക. മാതാപിതാക്കൾക്ക് ബോധവൽക്കരണം നൽകുക

കോളനികളിൽ സ്ഥല പരിമിതിമൂലം കഷ്ടപ്പെടുന്നവർക്ക് പുറമെ സ്ഥലമെടുത്ത് വീടുവെക്കാനുള്ള പദ്ധതികൾക്ക് കൂടുതൽ പ്രാമുഖ്യം നല്കുക.

കോളനികളിൽ അഴുക്കുചാൽ നിർമ്മിക്കുക. പട്ടയം ലഭിക്കാത്ത പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് പട്ടയം നല്കുക.

കോളനികൾക്കു സമീപം അംഗൻ വാടികൾസ്ഥാപിക്കുക. വായ്പാ സൗകര്യങ്ങൾ വിപുലീകരിക്കുകയും ശരിയായ രീതിയിൽ വിനിയോഗം നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക

തൊഴിലില്ലാത്ത യുവാക്കൾക്ക് തൊഴിൽ പരിശീലനം നല്കുകയും ആവശ്യമായി വരുന്ന പക്ഷം സഹകരണ സംഘങ്ങൾ സ്ഥാപിച്ച് തൊഴിൽ സ്ഥിരത ഉറപ്പുവരുത്തുകയും ചെയ്യുക

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വീട്ടമ്മമാരുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്ക്കരിക്കുക, ICDS ഉദ്യോഗസ്ഥരുടെ കോളനി സന്ദർശനം നിർബന്ധമാക്കുക.

പട്ടികജാതി വികസന വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ പ്രാദേശികതല നിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കുവാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

പട്ടികജാതി വികസന കോർപ്പറേഷൻ ഭൂമി വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി നൂതനമാക്കുകയും പദ്ധതി തുക, അടവ് തവണകൾ, വരുമാന പരിധി എന്നിവയിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതുമാണ്. ആവശ്യത്തിനായി വരുന്ന തുക മുഴുവൻ നല്കിയാലേ ഇതു ഗുണപ്രദമാകൂ.

സഹകരണ സ്ഥാപനങ്ങളിൽ സംവരണതത്വം പാലിക്കപ്പെടുന്നുണ്ടോ എന്നത് ഉറപ്പുവരുത്തേണ്ടതും അതില്ലാത്ത സ്ഥാപനങ്ങളിൽ SC/STക്ക് അവകാശപ്പെട്ട ഉദ്യോഗ സംവരണം നേടിയെടുക്കുന്നതിനുവേണ്ട ഇടപെടലുകൾ നടത്തേണ്ടതാണ്. അനർഹമായി ജോലി സമ്പാദിച്ചവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടതു ചെയ്യേണ്ടതാണ്.

1-ാം വാർഡിൽ കല്ലുംകുളം ഗിരിജൻകോളനിയിൽ വൈദ്യുതി എത്തിച്ച് വഴിവിളക്കുകൾ സ്ഥാപിക്കേണ്ടതും വീടുകൾ വൈദ്യുതീകരിക്കേണ്ടതും ശുദ്ധജലമെത്തിക്കേണ്ടതുമാണ്.

1-ാം വാർഡിൽ കിഴക്കേക്കര കുന്നി കോളനി, കല്ലുംകുളം കോളനി, പെരുവം പാറ കോളനി, എന്നിവിടങ്ങളിൽ ഗതാഗത സൗകര്യം ഇല്ല. വൈദ്യുതി എത്തിയിട്ടില്ല. സാനിറ്റേഷൻ സൗകര്യങ്ങൾ ഇല്ല. മേൽ പറഞ്ഞവ എത്തിച്ചുകൊടുക്കേണ്ടതാണ്.

1-ാംവാർഡിൽ അച്ചാട്ടുപടി കോളനിയിലും പൂണത്തുതൊടി കോളനിയും ഭാഗികമായി മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ. വീടുകൾ മുഴുവൻ വൈദ്യുതീകരിക്കേണ്ടതും തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതും ശുദ്ധജലവിതരണത്തിനായി സ്ഥാപിച്ചിട്ടുള്ള ടാപ്പുകൾ കോളനിയുള്ളിലേക്ക് എത്തിക്കേണ്ടതുമാണ്

1-ാം വാർഡിൽ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതിക്കാർക്ക് കോളനികളിൽ നല്കുന്ന സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്.

2-ാം വാർഡിലെ കാക്കരക്കുന്ന കോളനി, ഇക്കാളംകുണ്ട് കോളനി, കൊടവംപാടം കോളനി, മുല്ലയ്ക്കൽ കോളനി എന്നിവിടങ്ങളിൽ കുടിവെള്ളവും വൈദ്യുതിയും എത്തിക്കേണ്ടതാണ്.

3-ാം വാർഡ് IHDP കോളനിക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ മറ്റ് കോളനികൾക്കും ലഭ്യമാക്കണം.

4-ാം വാർഡിലെ പെരുമ്പാലപറമ്പ് കോളനി കോടന്നൂർ ലക്ഷം വീട് കോളനി, കോടന്നൂർപമ്പ്രോട്ട് പറമ്പ് ലക്ഷം വീട് കോളനി എന്നിവീടങ്ങളിലെ പാശ്ചാത്തലസൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്.

പെരുമ്പാല പറമ്പ് റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കേണ്ടതാണ്. കുടിവെള്ളം വൈദ്യുതി എന്നിവ എത്തിക്കാവുന്നതാണ്. സാനിറ്റേഷൻ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്.

കോടന്നൂർ ലക്ഷം വീട് കോളനി റോഡ് വീതികൂട്ടി സൈഡ് കെട്ടി മെറ്റൽ ചെയ്ത് ഗതാഗതയോഗ്യമാക്കുകയും വഴിവിളക്കുകൾ സ്ഥാപിക്കുകയും വേണം.

സാംബവ കോളനിയിലെ പാശ്ചാത്തല സൗകര്യങ്ങൾ മെചച്ചപ്പെടുത്താവുന്നതാണ്.

ലക്ഷം വീട് കോളനി നിവാസികൾക്ക് പട്ടയം നല്കേണ്ടതാണ്.

5-ാം വാർഡിലെ കൈവളാംകുന്ന് കോളനിയിലെ പാശ്ചാതല സൗകര്യങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്. 5-ാം വാർഡിലെ ചാമക്കുന്ന് കോളനി, കുഴിച്ചപ്പുള്ളി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

6-ാം വാർഡിൽ കുന്നത്തറയിലെ സാംബവ കോളനിയിൽ വായന ശാലക്കുവേണ്ടി നീക്കിവെച്ചിരിക്കുന്ന സ്ഥലത്ത് ഒരു വായന ശാല നിർമ്മിക്കേണ്ടതാണ്. പുരാതനമായി കോളനി നിവാസികൾ ഉപയോഗിച്ചു വന്ന കിണർ അറ്റകുറ്റ പണികൾ ചെയ്താൽ അതിനു ചുറ്റിലും താമസിക്കുന്ന പൊതുജനങ്ങൾക്കും കോളനി നിവാസികൾക്കും ഉപകാരപ്രദമാകും. കിണർ നില്ക്കുന്ന സ്ഥലം കൃഷിക്കാർ കയ്യേറ്റം ചെയ്തിരിക്കയാണ്. സ്ഥലം റീ സർവ്വേ ചെയ്ത് സംരക്ഷിക്കേണ്ടതാണ്. കോളനിയിൽനിന്നും കിണറിന്റെ സമീപത്തേക്കുള്ള വഴി വീതികൂട്ടി പണിയേണ്ടതാണ്. വഴിവിളക്കുകൾ കത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും കോളനിക്കുള്ളിൽ ഒരു വിളക്ക് സ്ഥാപിക്കേണ്ടതുമാണ്.

7-ാം വാർഡിലെ ആലംകുന്ന് കോളനി, എലമണ്ണിൽ പറമ്പ് കോളനി, ചെട്ടിക്കുന്ന് കോളനി, എന്നിവിടങ്ങളിൽ പാശ്ചാത്തല സൗകര്യം ഒരുക്കേണ്ടതാണ്.

8-ാം വാർഡിലെ മാട്ടിൻമുകളിൽ ഗിരിജൻ കോളനി മുതൽ മൊട്ടച്ചിക്കുന്ന് കുഞ്ഞയ്യപ്പൻ ചോല ഭാഗത്തേക്ക് റോഡ് നിർമ്മിക്കേണ്ടതാണ്. ജലസേചന സൗകര്യവും വിദ്യുച്ഛക്തിയും എത്തിക്കേണ്ടതാണ്.

8-ാം വാർഡിലെ പുഞ്ചപ്പാടം കോളനിയിൽ ഒരു വായനശാല സ്ഥാപിക്കേണ്ടതാണ്.

9-ാം വാർഡിൽ പൊട്ടൻകോട കോളനി, പൊറ്റകോളനി, പട്ടിയത്ത് കുന്ന് എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കേണ്ടതാണ്. സാനിറ്റേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.

10-ാം വാർഡിലെ വടക്കേക്കര കോളനിയിൽ പാശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്.

11-ാം വാർഡിൽ മുന്തലാംതോട് കോളനി ചൂലിപ്പാടം കോളനി എന്നീ കോളനികളിൽ ഗതാഗതസൗകര്യം, വൈദ്യുതി, ശുദ്ധജലസൗകര്യം എന്നിവ ഏർപ്പെടുത്തേണ്ടതാണ്.

12-ാം വാർഡിൽ തിരുമണി കോളനിറോഡ് ഗതാഗതയോഗ്യമാക്കണം. സാനിറ്റേഷൻ സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്. തെണ്ടൻകാവ് കോളനി, തിരുമണി കോളനി, തേക്കിൻകാട് കോളനി പുത്തൻകാട് കോളനി, നമ്പത്തൊടി കോളനി, കാനാശ്ശേരികോളനി, ഉറവുമട കോളനി എന്നിവിടങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

വനിത

പുരാതനകാലം തൊട്ട് സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും വനിതകൾ അകറ്റി നിർത്തപ്പെട്ടിരുന്നു. സാമൂഹിക-രാഷ്ട്രീയ രംഗപ്രവർത്തനങ്ങളിൽ കാഴ്ചക്കാരായി നില്ക്കേണ്ടി വന്ന ഈ വിഭാഗത്തിന് വിദ്യാഭ്യാസം നിഷിദ്ധമായിരുന്നു.

രാജ്യവാഴ്ചക്കാലത്തിന്റെ അവസാനഘട്ടങ്ങളിൽ പലയിടങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചുവെങ്കിലും ഇത് സാമൂഹിക പരിവർത്തനത്തിന് ഉതകുന്നതായിരുന്നില്ല.

1912ലാണ് പഴയന്നൂർ പ്രദേശത്ത് ആദ്യമായി ഒരു വിദ്യാലയം ആരംഭിച്ചതുതന്നെ. ഒരു വിഭാഗം സമ്പന്നകുടുംബങ്ങളിലെ പെൺകുട്ടികളെ വിദ്യാഭ്യാസത്തിനായി അയച്ചു തുടങ്ങി. എങ്കിലും പട്ടികജാതി പട്ടികവർഗ്ഗത്തിലേയും മറ്റ് അവശജനവിഭാഗങ്ങളിലേയും പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിച്ചു പോന്നു. വീട്ടുജോലികൾ ചെയ്യുവാനും ഇളയകുഞ്ഞിനെ നോക്കുവാനുമാണ് ഇത്തരം കുട്ടികൾ നിയോഗിക്കപ്പെട്ടത്. പെണ്ണ് പഠിച്ചതുകൊണ്ട് എന്തുനേടാൻ എന്നതായിരുന്നു ഈ കുടുംബങ്ങളിലെ മാതാപിതാക്കളുടെ മനോഭാവം, സ്വാതന്ത്ര്യ സമരം ശക്തിപ്പെട്ടതോടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും ആക്കം കൂടി. വളരെ പരിമിതമാണെങ്കിലും സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിക്കുവാൻ തുടങ്ങി. എന്നിരുന്നാലും വിദ്യാഭ്യാസ രംഗത്തും സാമൂഹിക-രാഷ്ട്രീയ രംഗത്തും ഉന്നതനിലവാരം പുലർത്തുന്നവരുടെ എണ്ണം തുലോം വിരളമായിരുന്നു. ഇതിൽനിന്നും വിഭിന്നമായി കലാ സാംസ്കാരിക രംഗത്ത് ശോഭിച്ചിരുന്ന ശ്രീമതി തോട്ടശ്ശേരി ചിന്നമ്മു അമ്മയും ആദ്യകാല പഞ്ചായത്ത് സമിതികളിൽ പ്രവർത്തിച്ചിരുന്ന ശ്രീമതി ഈശ്വരി അമ്മാളും പഴയന്നൂരിന്റെ യശസ്സ് ഉയർത്തിയവരാണ്.

പ്രസിദ്ധ എഴുത്തുകാരി അഷിത, ബാലനടി കുമാരി പ്രസീത, എന്നിവർ പഴയന്നൂരിന്റെ സംഭാവനകളാണ്. പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നതോടെ നമ്മുടെ ഗ്രാമപഞ്ചായത്തിലും വനിതാ മെമ്പർമാർ പ്രവർത്തനനിരതരായിട്ടുണ്ട്. ഏഴാം വാർഡിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി. ഇ. ഉഷാദേവി നമ്മുടെ പഞ്ചായത്തിന്റെ വൈസ് പ്രസിഡണ്ടായി പ്രവർത്തിച്ചുവരുന്നു. ശ്രീമതിമാർ ശോഭനാരാജൻ, നീലിക്കുട്ടി, വത്സല, സുശീലടീച്ചർ, എന്നിവരാണ് മറ്റ് വനിതാ അംഗങ്ങൾ.

ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 36460 ആണ്. ഇതിൽ 17092 പുരുഷന്മാരും 18452 സ്ത്രീകളുമാണ്. സ്ത്രീകളിൽ ഏകദേശം 3418 പേർ മാത്രമാണ് അഭ്യസ്തവിദ്യരായിട്ടുള്ളൂ. ഏകദേശം30% പേർ വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നു. 15%പേർ മാത്രമാണ് സർക്കാർ- അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നത്.

പഞ്ചായത്തിലെ സ്ത്രീകളിൽ ബഹുഭൂരിഭാഗവും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. എന്നാൽ കൃഷിപ്പണിക്ക് കിട്ടുന്നതിനേക്കാൾ കൂടുതൽ കൂലി കെട്ടിട നിർമ്മാണം, ഇഷ്ടിക നിർമ്മാണം തുടങ്ങിയവക്ക് ലഭിക്കുന്നതിനാൽ ബഹുഭൂരിഭാഗം സ്ത്രീ തൊഴിലാളികളും അത്തരത്തിലുള്ള പണിയിലേക്ക് ആകർഷിക്കപ്പെട്ടിരിക്കുകയാണ്. എങ്കിലും ഈ രംഗത്തും പുരുഷന്മാർക്കു ലഭിക്കുന്ന തുല്യവേതനം ഇവർക്ക് ലഭിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 36 അംഗൻവാടികൾ പ്രവർത്തി

ച്ചുവരുന്നുണ്ട്. 1320 കുട്ടികളും 264 അമ്മമാരും ഇവയുടെ ഗുണഭോക്താക്കളായി തീർന്നിട്ടുണ്ട്.ഇതിനു പുറമെ നാല്പതോളം മഹിളാ സമാജങ്ങളും പഞ്ചായത്ത് പ്രദേശത്തു പ്രവർത്തിച്ചുവരുന്നു. എന്നിരുന്നാലും സാമൂഹിക സാംസ്കാരിക നിലവാരം ഉയർത്തുന്നതിനുള്ള സജ്ജീകരണങ്ങളോ സംവിധാനങ്ങളോ ഒന്നും തന്നെയില്ല.

വനിതകളുടെ ഇന്നത്തെ മറ്റൊരു പ്രധാന പ്രശ്നം തൊഴിൽ ഇല്ലാത്തതും ഉള്ളതൊഴിലുതന്നെ പുരുഷനോടൊപ്പം കൂലി ലഭിക്കുന്നില്ല എന്നതാണ്. വിവിധ തൊഴിൽ പദ്ധതികളെക്കുറിച്ചുള്ള അജ്ഞതയും അവ പ്രോത്സാഹിപ്പിക്കാൻ നിയോഗിക്കപ്പെട്ട സ്ഥാപനങ്ങളുടെ സഹകരണമില്ലായ്മയും ഈ രംഗത്ത് വനിതകളെ പിറകോട്ടാണ് നയിക്കുന്നത്.

സ്ത്രീധനത്തിനെതിരെയുള്ള പ്രചണ്ഡപ്രചരങ്ങളും പ്രവർത്തനങ്ങളും നാട്ടിൽ നടക്കുന്നുണ്ടെങ്കിലും സ്ത്രീധനം നല്കുകയും വാങ്ങുകയും ചെയ്യുക എന്നത് സർവ്വസാധാരണമായിതീർന്നിരിക്കുകയാണ്. സ്ത്രീധനം നല്കാൻ കഴിയാതെ വിവാഹം കഴിക്കാതെയുള്ള നിരവധി പെൺകുട്ടികളെ നമുക്ക് കാണാൻ കഴിയുന്നു. നല്കിയ സ്ത്രീധനം തന്നെ പോരാഞ്ഞ് നടക്കുന്ന സ്ത്രീ പീഢനങ്ങൾ നിരവധിയാണ്. സാംസ്കാരിക രംഗത്തുള്ള പാശ്ചാത്യവൽക്കരണവും, കേബിൾ ടി.വി.യുടെ ബാഹുല്യവും, ലൈംഗിക അരാജകത്വം വർദ്ധിപ്പിക്കുകയും, സ്ത്രീയെ വില്പന ചരക്കാക്കി ചിത്രീകരിക്കുകയും ചെയ്യുന്നു. ഈ അവസ്ഥ മാറ്റിയെടുക്കുന്നതിനും സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം പ്രഥമവും പ്രാധാന്യവും അന്തസ്സുറ്റതുമാക്കിതീർക്കുന്നതിന് അവരുടെ അസ്ഥിത്വം അംഗീകരിക്കും വിധമുള്ള പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു.

ഗ്രാമസഭ നിർദ്ദേശങ്ങൾ

1. സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുന്നതിന് പര്യാപ്തമായ പദ്ധതികൾ ആവിഷ്ക്കരിക്കുക
2. സ്ത്രീകൾക്ക് സാമ്പത്തിക വരുമാനം ഉണ്ടാക്കികൊടുക്കുന്നതിന് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക
3. അടുക്കളത്തോട്ടം, കൂൺകൃഷി, കുറ്റിമുല്ലകൃഷി എന്നിവ ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ച് സാമ്പത്തിക സഹായം നല്കുക
4. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത് കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക
5. റെഡിമെയ്ഡ് ഗാർമെന്റ് നിർമ്മാണം നൂൽനൂൽപ്പ് എന്നിവ പ്രോത്സാഹിപ്പിക്കുക
6. സർക്കാർ ആശുപത്രിയുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഒരു ലേഡീ ഡോക്ടറേയും ഗൈനക്കോളജിസ്റ്റിനെയും നിയമിക്കുക
7. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുക
8. വിദ്യാഭ്യാസ നിലവാരം ഉയർത്തുകയും കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്നതിനും വേണ്ടതു ചെയ്യുക
9. അനുപൂരക പോഷകാഹാര വിതരണം ഫലപ്രദമാക്കേണ്ടതാണ്.
10. അനൗപചാരിക വിദ്യാഭ്യാസം നല്കേണ്ടതാണ്. സ്ത്രീധന നിരോധന നിയമത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്. വനിതാ വികസന സമിതി രൂപീകരിക്കുക.

സാംസ്കാരം

ചരിത്രത്തിന്റെ താളുകളിൽ നിറമേറിയ ലിപികളിൽ വിരചിതമായ ഒരു കലാസാംസ്കാരിക പശ്ചാത്തലമാണ് പഴയന്നൂരിനുള്ളത്. തച്ചാവൂരിന്റെ ദ്രാവിഡസംസ്കാരവും കൊച്ചിയുടെ ആദിസംസ്കാരവും ഒത്തുചേർന്ന്, തികഞ്ഞ വള്ളുവനാടൻ ഛായയും ചാലിച്ച് ഈ മണ്ണിന് പടയോട്ടങ്ങളുടെയും കൂടിയാട്ടങ്ങളുടെയും ചരിത്രപരത ഒരുപോലെ അവകാശപ്പെടാനാവും. ടിപ്പുവിന്റെ പടയോട്ടകാലത്ത് സമീപഗ്രാമങ്ങളെല്ലാം ടിപ്പുവിന്റെ വാളിനുകീഴിൽ അമർന്നു നിന്നപ്പോഴും തന്റെ പടയോട്ടം തൃത്തംകാളി ക്ഷേത്രഗ്രാമത്തിൽനിന്ന് (കൊണ്ടാഴി) പഴയന്നൂരിലേക്ക് തിരിച്ചപ്പോൾ കൂട്ടാടൻ തോടിന്റെ കരയിൽ വെച്ച് പഴയന്നൂരിലെ സ്ത്രീകൾ ചൂലും മുറവും ഉലക്കയുമേന്തി എതിർത്തുവെന്നും ഇവയേതോ നവീനയുദ്ധോപകരണങ്ങളാണെന്നു കരുതി ടിപ്പു മടങ്ങിയെന്നും പഴമൊഴി പറയുമ്പോൾ പടയോട്ടം പഴയന്നൂരിനെ ബാധിച്ചില്ലായെന്നതും, അന്നുകാലത്തെ യുദ്ധോപകരണങ്ങൾ കൂട്ടാടൻ തോട്ടിൽനിന്നും ലഭിച്ചതും ചരിത്ര സത്യമായി അവശേഷിക്കുന്നു.

കൊച്ചി രാജവംശത്തിലെ ശനിബാധ തീരാൻ പരദേവതയായ പഴയന്നൂർ ഭഗവതിക്കു നങ്ങ്യാർകൂത്ത് നേർച്ചയായി നടത്തിയിരുന്നതായി രാജവംശപരമ്പരകളുടെ ആചാരമായി പറയപ്പെടുമ്പോൾ ഒരു പതിറ്റാണ്ടു മുൻപുവരെ ക്ഷേത്രത്തിലെ കൂത്തരങ്ങിൽ കൂത്ത് നടന്നിരുന്നതായി നമുക്കറിയാം. ഏതായാലും, രാജകൊട്ടാരവും ഭഗവതിക്ഷേത്രവും കലയേയും കലാകാരൻമാരേയും പോഷിപ്പിച്ചിരുന്നുവെന്നത് പൂർണ സത്യം തന്നെയാണ്.

ഈ നൂറ്റാണ്ടിന്റെ സംഗീത ചക്രവർത്തി ചെമ്പൈ വൈദ്യനാഥഭാഗവതരുടെ സന്തതസഹചാരിയും മൃദംഗവാദനത്തിൽ പ്രഥമഗണനീയനുമായ സംഗീത വിശാരദൻ പാലക്കാട് മണി അയ്യർ ജൻമം കൊണ്ട് പഴയന്നൂരിന്റെ മകനാണ്. ഇന്നും ആ വേരുകൾ പഴയന്നൂരിൽ അവശേഷിക്കുന്നു. രാഷ്ട്രത്തിന്റെ മുഴുവൻ അഭിമാനവും, രാഷ്ട്രപതിയുടെ അംഗീകാരവും നേടിയ പ്രശസ്ത മോഹിനിയാട്ട കലാകാരി കലാമണ്ഡലം തോട്ടശ്ശേരി ചിന്നമ്മു അമ്മ പഴയന്നൂരിൽ ജനിച്ച് വളർന്ന് ഈ മണ്ണിൽ തന്നെ ലയിച്ചു ചേർന്നവളാണ്. പ്രശസ്ത തിരുവാതിരക്കളി ആശാൻ കളമൊഴി കൃഷ്ണൻ നായരും നൃത്തനിപുണ കുന്നത്ത് പാറുകുട്ടിയമ്മയും, സംഗീത കോകില തോട്ടശ്ശേരി അമ്മിണിയമ്മയും ഈ മണ്ണിനെ അനുഗ്രഹീതരാക്കിയവരാണ്.

പ്രശസ്ത സാഹിത്യകാരനും ഗ്രന്ഥകാരനും വാഗ്മിയും ആയിരുന്ന പി.രാമകൃഷ്ണപിഷാരടി പഴയന്നൂരിൽ ജനിച്ചുവളർന്നതാണ്. ഐക്യകേരള സങ്കൽപ്പത്തിന് കൊച്ചി മഹാരാജാവ് കുമാരകേരള വർമ്മ തമ്പുരാന് ഐക്യ ദാർഢ്യം പ്രഖ്യാപിച്ചത് പഴയന്നൂർ ഭഗവതിയെ സാക്ഷിയാക്കിയാണ്.

കേരള മണ്ണിൽ വിമോചനത്തിന്റെ സമരകാഹളം മുഴങ്ങിയപ്പോൾ പഴയന്നൂരും അതിൽനിന്നും വേറിട്ടുനിന്നിട്ടില്ല. താഴത്തേകുളം രാധാകൃഷ്ണൻനായരും റാവുബഹദൂർ, ടി.കെ.നായരും, അച്ചാട്ടിൽ നാരായണൻ കുട്ടിമേനോനും, മറ്റും ഇന്ത്യൻ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ആഹ്വാനം ഗാന്ധിജിയിൽ നിന്ന് ചെവികൊണ്ടവരും പ്രയത്നിച്ചവരുമാകുന്നു. പഴയന്നൂരിനെ ദേശീയതയുടെ മുഖ്യധാരയിലേക്ക് ക്ഷണിക്കാൻ ശ്രീ മന്നത്തു പത്മനാഭനും, ശ്രീ കേളപ്പജിയും, ശ്രീ. ഇ.എം.എസ്സ് നമ്പൂതിരിപ്പാടും, എ.കെ.ഗോപാലനും, ഫാദർ വടക്കനും മറ്റും പഴയന്നൂരിൽ വന്നു പ്രസംഗിച്ചവരാണ്.

അടിസ്ഥാന ജനതയുടെ വിമോചനത്തിനായി രക്ത സാക്ഷിത്വം വഹിച്ച രക്തസാക്ഷികളുടെ സ്മരണയിൽ ഇന്നും ഇവിടം അഭിമാനം കൊള്ളുന്നു. ഇളനാടും, കുമ്പളക്കോടും,വെണ്ണൂരും ഈ നാടിന്റെ കർഷകതൊഴിലാളി പ്രസ്ഥാനങ്ങളുടെയും സമരങ്ങളുടെയും ഈറ്റില്ലമായിരുന്നു.

എന്നാൽ ഇന്ന്, പഴയ രാജകൊട്ടാരത്തിന്റേതുപോലെ നിർജ്ജീവമായ ഒരു സാംസ്കാരിക അന്തരീക്ഷമാണ് സാംസ്കാരിക തലസ്ഥാനമെന്ന് പേർ കേട്ട തൃശ്ശിവപേരൂരിന്റെ ഭാഗമായ ഈ പഞ്ചായത്തിന്നുള്ളത്. ആശാകിരണങ്ങളായി വിരലിലെണ്ണാവുന്നവർ ഇന്നും ഈ മണ്ണിന്റെ മഹിമയോതാൻ പ്രാപ്തരായിട്ടുണ്ട് എന്നുള്ളത് ആശാവഹം തന്നെയാണ്. പ്രശസ്ത ചെറു കഥാകൃത്ത് ശ്രീമതി അഷിത (പഴയന്നൂരിലെ പൊറ്റ വാർഡിൽ ജനിച്ച എഴുത്തുകാരി) പഴയന്നൂർ പരമേശ്വരൻ, സി.അനിൽകുമാർ, പഴയന്നൂർ മഹാദേവൻ... എന്നിവർ ഇന്ന് സാഹിത്യ ലോകത്ത് ശ്രദ്ധേയരാണ്. അന്താരാഷ്ട്ര സിനിമാ ലോകത്ത് ശ്രദ്ധിക്കപ്പെട്ട സംസ്ഥാന അവാർഡു നേടിയ ബാലനടി കുമാരി പ്രസീത, പ്രശസ്ത ഛായാഗ്രാഹകൻ വിപിൻദാസ്, ഓട്ടൻതുള്ളൽ വിദ്വാൻ കലാമണ്ഡലം പരമേശ്വരൻ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഓട്ടൻ തുള്ളൽ സമ്മാന ജേതാവായ ശ്രീ മനോജ് എന്നിവർ കലാരംഗങ്ങളിൽ ശോഭിക്കുന്നു. പ്രശസ്ത സിനിമാ പിന്നണി ഗായിക രാധാ പി. വിശ്വനാഥൻ പ്രശസ്ത ഗായകൻ ഗായകരത്നം പഴയന്നൂർ പരശുരാമയ്യർ കഥകളി വിദ്വാൻ പൊതുവാൾ എന്നിവരീ മണ്ണിന്റെ മഹത്തായ മക്കളാണ്. ഇത് ഏറെയൊന്നുമല്ലെങ്കിലും ചെറുതായിട്ടെങ്കിലും കലാസാഹിത്യ സംഗീതരംഗത്ത് ആശ്വാസമേകുമ്പോൾ കായിക രംഗങ്ങളിലെ സ്ഥിതി പരമശോചനീയമാണ്. പഴയന്നൂർ പഞ്ചായത്തിൽ ജനസംഖ്യയിൽ ഹിന്ദു മതത്തിലും മുസ്ലിം മതത്തിലും ക്രൈസ്തീയ മതത്തിലും വിശ്വസിക്കുന്നവരാണധികവും.

പഴയന്നൂരിൽ പ്രധാനമായും ക്ഷേത്രങ്ങളാണുള്ളത്. ക്രൈസ്തൃൻ പള്ളികളും മുസ്ലിം പള്ളികളുമുണ്ട്. പഴയന്നൂർ ഭഗവതിക്ഷേത്രം പഞ്ചായത്തിലെ 5- ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. മീനമാസത്തിലെ ആറാട്ടാണ് പ്രധാന ഉത്സവം. പ്രധാന പ്രതിഷ്ഠകൾ പള്ളിപ്പുറത്തപ്പനും പഴയന്നൂർ ഭഗവതിയുമാണ്. ശിവൻ, ഗണപതി എന്നിങ്ങനെ ഉപദേവതകളും ഉണ്ട്.

പഴയന്നൂർ പാട്ടുകൊട്ടുകാവ്:- പാട്ടുകൊട്ടുവേലയാണ് പ്രധാന ഉത്സവം. കാള, കുതിര എന്നീ കോലങ്ങൾ വിവിധ മേഖലകളിൽ നിന്നായി കൊണ്ടുവന്ന് വൈവിധ്യമാർന്ന പരിപാടികളോടെ ആഘോഷിക്കുന്നു. വെടിക്കെട്ടും പ്രധാനമാണ്. ദുർഗ്ഗാദേവിയാണ് പ്രതിഷ്ഠ. താത്കാലിക ക്ഷേത്രം പണിതാണ് ഉത്സവം നടത്തുന്നത്. രണ്ടാം വാർഡിൽ സ്ഥിതിചെയ്യുന്നു.

വെള്ളാർകുളം പള്ളി: ഈ മേഖലയിലെ മുഴുവൻ ഇസ്ലാം മതവിശ്വാസികളുടേയും ആരാധനാലയം. മദ്രസ്സയും ഇതിനോട് ചേർന്ന് പ്രവർത്തിക്കുന്നു. വാർഡ് ഒന്നിലാണ് ഇത് സ്ഥിതി ചെയ്യുന്നത്.

മന്ദത്ത് ഭഗവതി ക്ഷേത്രം:- പഴയന്നൂർ പഞ്ചായത്തിൽ നാലാം വാർഡിൽ സ്ഥിതി ചെയ്യുന്നു. ഭഗവതിയാണിവിടുത്തെ പ്രധാന പ്രതിഷ്ഠ. മേട മാസത്തിലെ വിഷുവേലയാണ് പ്രധാന ഉത്സവം.

ഇല മണ്ണിൽ ഭഗവതി ക്ഷേത്രം:- പഴയന്നൂർ പഞ്ചായത്തിൽ വാർഡ് ഏഴിൽ സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ അന്നപൂർണ്ണേശ്വരിയാണ്. പഴയന്നൂർ ഭഗവതി ആദ്യം കുടികൊണ്ടത് ഇവിടെയാണെന്നാണ് വിശ്വാസം. നവരാത്രിയും നിറമാലയുമാണ് പ്രധാന ഉത്സവങ്ങൾ.

പുലിഭൈരവൻ കാവ്: എട്ടാം വാർഡിലെ ഈ ക്ഷേത്രത്തിൽ പ്രധാന ഉത്സവം മേടമാസത്തിലെ വിഷുവേലയാണ്.

പൊറ്റപള്ളി:- ഒൻപതാം വാർഡിൽ സ്ഥിതിചെയ്യുന്നു. പുരാതനമായ ഈ പള്ളിയിൽ ഇസ്ലാം മതവിശ്വാസികളാണുള്ളത്. പഴയന്നൂരിന്റെ ചരിത്രത്തിൽ പ്രധാനപ്പെട്ട ഒരു സ്ഥാനമാണ് ഈ പള്ളിക്കുള്ളത്. ഒരു മദ്രസ്സയും ഇതോടൊപ്പം പ്രവർത്തിക്കുന്നു.

മുണ്ടിയൻകാവ്:- പത്താംവാർഡിൽ സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രത്തിൽ ദുർഗ്ഗയാണ് പ്രതിഷ്ഠ. മകരമാസത്തിലെ താലപ്പൊലിയാണ് പ്രധാന ഉത്സവം

രാമൻ ചെട്ടി പള്ളി: പതിനൊന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ പള്ളിക്കു കീഴിൽ ഇസ്ലാം മതവിശ്വാസികളാണുള്ളത്. ഒരു മദ്രസ്സയും ഇതോടൊപ്പം പ്രവർത്തിച്ചു വരുന്നു.

തെണ്ടൻകാവ് ഭഗവതിക്ഷേത്രം:- പന്ത്രണ്ടാം വാർഡിൽ സ്ഥിതിചെയ്യുന്നു. മകരമാസത്തിലെ താലപ്പൊലിയാണ് പ്രധാന ഉത്സവം.

പുലിപ്പുറത്ത് അയ്യപ്പൻ കാവ്: പതിമൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ ശ്രീധർമ്മശാസ്താവാണ്. മണ്ഡലകാലമാണ് പ്രധാനമായ ഉത്സവകാലം.

കലാകായിക സമിതികൾ:

പഴയന്നൂർ പഞ്ചായത്തിലെ നാലാം വാർഡായ കോടന്നൂരിൽ ഒരു കലാസഹകരണ സംഘം പ്രവർത്തിക്കുന്നു. പാരമ്പര്യ വാദ്യോപകരണങ്ങൾ അഭ്യസിപ്പിക്കുകയാണ്. പ്രധാനമായും ചെയ്യുന്നത്. സ്വന്തമായി കെട്ടിടസൗകര്യമുണ്ടെങ്കിലും മറ്റ് ഭൗതിക സാഹചര്യങ്ങൾ പരിമിതമാണ്.

വാദ്യോപകരണങ്ങൾ നിർമ്മാണവും, സംരക്ഷണവും വൈവിധ്യമാർന്ന നവീന വാദ്യോപകരണങ്ങളുടെ ലഭ്യത കുറവും, പരിശീലനകുറവുമാണ് പ്രധാന പ്രശ്നങ്ങൾ. ഒന്നാം വാർഡിലെ പുത്തിരിത്തറയിലുള്ള ബാൻഡ് വാദ്യ പരിശീലനം നടത്തുന്ന ശ്രുതിക്ലബ് സർക്കാർ സഹായം ലഭിച്ച സ്വന്തം മന്ദിരമുള്ള ഒന്നാണ്. ഇവിടെ അദ്ധ്യാപനത്തിന് പരിശീലകരില്ലാത്തതാണ് പ്രധാന പ്രശ്നം. അകലെനിന്ന് വരുന്ന അദ്ധ്യാപകരാണ് പ്രധാന ആശ്രയമെന്നത് വലിയൊരു അപാകതയാണ്.

പഴയന്നൂരിലെ കായിക സമിതികളുടെ തന്നെ പ്രധാന പ്രശ്നം ഒരു പൊതുകളിസ്ഥലം.ഇല്ലെന്നതു തന്നെയാണ്. ഇപ്പോൾ പ്രധാനമായും സ്കൂൾ ഗ്രൗണ്ടുകളെയാണ് ആശ്രയിക്കുന്നത്. ഇതുതന്നെ വേണ്ട രീതിയിൽ ഉപയോഗിക്കാനും കഴിയുന്നില്ല. കായികരംഗത്ത് വേണ്ടത്ര പരിശീലനം ലഭിക്കാത്തതും വലിയൊരു പ്രശ്നമാണ്. ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങളിൽ പങ്കെടുത്ത പലരും ഈ പഞ്ചായത്തിലുണ്ട്. അവർക്ക് വേണ്ടത്ര പരിശീലനവും പരിഗണനയും അത്യന്താപേക്ഷിതമാണ്.

പഞ്ചായത്തിൽ രണ്ടു ലൈബ്രറിയും ഒരു വായന ശാലയുമാണുള്ളത്. പഴയന്നൂർ മേജർ റൂറൽ ലൈബ്രറി, പഞ്ചായത്ത് ലൈബ്രറി, ഇളനാട് ഗ്രാമീണ വായനശാല എന്നിവ അംഗീകരിക്കപ്പെട്ടതാണ്.

അംഗീകാരം ലഭിച്ചിട്ടില്ലാത്ത കല്ലംപറമ്പ് യുണൈറ്റഡ് റലൈബ്രറിയും പഞ്ചായത്തിലെ മൂന്നാം വാർഡിലുണ്ട്.

പഴയന്നൂരിലെ ആദ്യകാല വായനശാലയും ഏതാണ്ട് 45 കൊല്ലത്തെ പഴക്കമുള്ളതുമായ മേജർ റൂറൽ ലൈബ്രറിക്ക് ഇന്നും സ്വന്തമായിട്ടൊരു കെട്ടിടമില്ലാത്താണ് പ്രധാന പ്രശ്നം. യുണൈറ്റഡ് ലൈബ്രറിക്ക് സ്വന്തമായി മന്ദിരവുമുണ്ട്. പഞ്ചായത്ത് സാംസ്കാരിക നിലയത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ലൈബ്രറിയാണ് മറ്റൊന്ന്. ഇവിടെ പുസ്തകങ്ങളും പത്രങ്ങളും വാരികകളും, മാസികകളും ലഭ്യമാണ്.

ഇളനാട് ഗ്രാമീണ വായനശാലക്ക് സ്വന്തമായി മന്ദിരവും പൊതു ടെലിവിഷനും ഉണ്ട്. യുവാക്കളുടെ പ്രധാന ആകർഷണ കേന്ദ്രമാണ് ഈ വായനശാല പത്രങ്ങളുടെയും മാസികകളുടെയും മറ്റും വർധിച്ചുവരുന്ന വില വലിയൊരു പ്രശ്നമാണ്.

ഒരു സാംസ്കാരിക കൂട്ടായ്മ കഴിഞ്ഞ കുറച്ച് മാസങ്ങളായി പഴയന്നൂർ ജയവിദ്യാഭവനിൽ നടന്നു വരുന്നുണ്ട്. പഴയന്നൂരിലെ സാഹിത്യ സാംസ്കാരിക രംഗങ്ങളിലെ പ്രവർത്തകർ ഇവിടെ ഒത്തു ചേരുന്നു. ഇതോടനുബന്ധിച്ച് ജയ അക്ഷരശ്ലോക സമിതിയും പ്രവർത്തിച്ചുവരുന്നു.

പഞ്ചായത്തിൽ ഏതാണ്ട് ടി.വി. സെറ്റുകളും കേബിൾ ശൃംഖലയും വ്യാപകമാണ്.

പഞ്ചായത്തിൽ പ്രധാനമായും മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി, മാധ്യമം, എക്സ്പ്രസ്, കേരളകൗമുദി, മംഗളം, ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ് എന്നീ പത്രങ്ങളും, മാതൃഭൂമി ആഴ്ചപതിപ്പ്, ഭാഷാപോഷിണി, കലാകൗമുദി, ഇന്ത്യാടുഡേ, ചിന്ത എസൈഡ്, മംഗളം, മനോരമ, കേരള ശബ്ദം എന്നീ വാരികകളുമാണ് വായിക്കപ്പെടുന്നത്. പഞ്ചായത്തിലെ സർക്കുലേഷനിൽ മുൻപന്തിയിൽ നിൽക്കുന്നത് മാതൃഭൂമിയും മനോരമയുമാണ്.

സാധ്യതകൾ

1. കലാകായിക സാംസ്കാരിക സമിതികൾക്ക് പ്രോത്സാഹനം നൽകണം.

2. പഴയന്നൂർ മേജർ റൂറൽ ലൈബ്രറിക്ക് സ്വന്തമായി കെട്ടിടം പണിയണം.

3. കോടത്തൂർ കലാസംഘത്തിന് വേണ്ടത്ര പ്രോത്സാഹനം നൽകുകയും പഞ്ചായത്തിലെ മറ്റു മേഖലകളിലെ പാരമ്പര്യ വാദ്യവിദഗ്ദ്ധരെ ഇതുപോലുള്ള സഹകരണ സംഘങ്ങളിൽ അഗത്വം നൽകി വൈദഗ്ദ്ധ്യം നൽകാവുന്നതാണ്.

4. പഞ്ചായത്തിന് പൊതുവായിട്ടൊരു കളിസ്ഥലം കണ്ടെത്തി കായികരംഗത്ത് പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാവുന്നതും, ഇതിനായി കേരളോത്സവം പോലെയുള്ള അവസരം ശരിയായി വിനിയോഗിക്കാവുന്നതാണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള പടിഞ്ഞാറെ ചിറയിൽ ചേറു കോരി ശുദ്ധമാക്കി നീന്തൽ പ്രതിഭകളെ വാർത്തെടുക്കാനും ഒരു പക്ഷെ അവരെ ദേശീയതലത്തിൽവരെ പ്രഗത്ഭരാക്കാനും കഴിയും.

മറ്റെല്ലാതരത്തിലുമുള്ള പ്രോത്സാഹനങ്ങളും പരിഗണനയും ലഭിച്ചാൽ മാത്രമേ നഷ്ടമാകുന്ന സാംസ്കാരിക പൈതൃകം ഇനിയെങ്കിലും സംരക്ഷിക്കാനും സാംസ്കാരിക തലസ്ഥാനത്തിന്റെ ഭാഗമായ പഴയന്നൂരിന് പഴയതിന്റെ വീര്യവും ആർഭാടവും ഇനിയും നാളെകളിൽ ഉയർത്തിപിടിക്കാനും അഭിമാനിക്കാനും കഴിയുകയുള്ളൂ.

ധനകാര്യം വിഭവസമാഹരണം

ഒരു പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കണമെങ്കിൽ സമ്പത്ത് അനിവാര്യമാണ്. സമ്പത്ത് സമാഹരിക്കാൻ ആശ്രയിക്കുന്നത് പ്രാദേശികവും അല്ലാത്തതുമായ രീതിയിൽ ലഭ്യമാകുന്ന വിഭവങ്ങളാണ്. സമാഹരണത്തിന്റെ സാധ്യതകൾക്കനുസൃതമായി മാത്രമേ പദ്ധതി രൂപീകരണം പ്രാപ്തമാകൂ. ആയതിനാൽ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ധനാഗമന മാർഗ്ഗങ്ങൾ എന്തെല്ലാമെന്നറിയുക മാത്രമല്ല അതിന്റെ വിതരണം നീതിപൂർവ്വകമാണോ എന്നു കൂടി മനസ്സിലാക്കണം. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുത്തൻ സ്രോതസ്സുകൾ ആരായുന്നതിനോടൊപ്പം പ്രത്യുല്പാദന പരമായ മേഖലകളിൽ സമ്പത്ത് വിതരണം നടത്തുവാൻ കൂടി ശ്രദ്ധിക്കണം. ഇതിനായി പഞ്ചായത്തിന്റെ വരവ് ചെലവുകൾ വ്യക്തമായി മനസ്സിലാക്കേണ്ടതാണ്.

പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ വരവിനങ്ങൾ താഴെക്കൊടുത്തിരിക്കുന്ന പട്ടിക (1) ിൽ കാണിച്ചിരിക്കുന്നു.

പഞ്ചായത്തിന്റെ വരുമാനത്തിന്റെ പ്രധാന സ്രോതസ്സ് കെട്ടിടനികുതിയാണ്. 1991-92ൽ കെട്ടിട നികുതിയിൽനിന്നുള്ള വരുമാനം മൊത്തം വരുമാനത്തിന്റെ 12.41% ആയിരുന്നു 1992-93, 1993-94, 1994-95, 1995-96 എന്നീ വർഷങ്ങളിൽ ഇത് യഥാക്രമം 10.66% 15.61%, 11.98% ആയിരുന്നു. ലൈസൻസ് ഫീ തൊഴിൽ നികുതി എന്നിവയും പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങളാണ്. വളരെക്കാലമായി തുടർന്നുപോരുന്ന പുതുക്കാത്ത ബൈലോ നിലവിലുണ്ടായിരുന്നതുകൊണ്ട് ലൈസൻസ് ഫീയിൽ കാര്യമായ വർദ്ധനവുണ്ടായിട്ടില്ല. പ്രധാനമായും സർക്കാർ ഗ്രാന്റുകളെ ആശ്രയിച്ചിട്ടു തന്നെയാണ് ധനസ്ഥിതി നിലനിൽക്കുന്നത്. പഞ്ചായത്തിന്റെ സാധാരണ വരുമാനം മൊത്ത വരുമാനത്തിന്റെ മാത്രമേ വരൂ. സ്ഥിരവരുമാനങ്ങളല്ലാത്ത ലേലങ്ങളിൽ നിന്നുള്ള വരുമാനം നേരിയ തോതിൽ ഉയർന്നിട്ടുണ്ട്.

പട്ടിക2

വാർഷികവർദ്ധനവ് നിരക്ക് 1991-92നെ അപേക്ഷിച്ച്

വർഷം	വരുമാനം	വർദ്ധനവ്
1991-92	924590	
1992-93	1036355	10.78%
1993-94	962789	3.76%
1994-95	1517172	39.05%

ക്രമാനുഗതമായ വർദ്ധനവ് വരുമാനത്തിലനുഭവപ്പെടുന്നില്ല. ചില വർഷങ്ങളിൽ മുഴുവൻ നികുതിയും ഫീസും പിരിച്ചെടുക്കാനാവാത്ത അവസ്ഥ വരുന്നത് ഇതിനൊരു കാരണമാണ് ഈ സ്ഥിതി ഒഴിവാക്കി ക്രമാനുഗതമായ വർദ്ധനവ് ഉണ്ടാക്കാൻ നടപടികൾ വേണ്ടതാണ്. പഞ്ചായത്തിന്റെ ചെലവിനെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

ചെലവ് കണക്കാക്കുമ്പോൾ മൊത്തം ചെലവിന്റെ ഏകദേശം 25% ഭരണച്ചെലവാണ്. ഇത് ഒരു പരിധിയിൽ കവിഞ്ഞ് കുറക്കാനാവില്ല. പൊതുമരാമത്ത് പണികൾക്കായി 16% ത്തോളവും ആരോഗ്യം ജലവിതരണം

പട്ടിക 3
ചെലവ് വിവരങ്ങൾ

ഇനം	ചെലവ് വർഷാടിസ്ഥാനത്തിനത്തിൽ				ശതമാനാടിസ്ഥാനത്തിൽ			
	1992-93	1993-94	1994-95	1995-96	1992-93	1993—94	199—95	1995-96
ഭരണം	287519.40	288320.40	414439.50	402844	38.95	36.32	22.76	27.53
പൊതുമരാ മത്ത്	52207	125029	384477	242054	7.07	15.75	21.11	16.59
വിദ്യാഭ്യാസം	9970	16337.95	34003	19900	1.35	2.06	1.86	1.36
ജലവിതരണം പൊതുജനാരോഗ്യം	24073	20364	39752	108419	3.25	2.56	1.74	7.41
തെരുവ് വിളക്ക്	64426	62388	67978	66756	8.72	7.86	3.73	4.56
മറ്റുള്ളവ	299908	281192.10	88502.50	623129	40.63	35.43	48.61	42.59
ആകെ	738043	793632.15	1820674	1462836				

എന്നിവക്കും തെരുവ് വിളക്കുകൾക്കുമായി 6% എന്നിങ്ങനെ ചെലവാക്കുന്നു. പൊതുമരാമത്ത് പണികളിലെ ചെലവുകൾ അധികവും റോഡുകൾക്കാണ് ചെലവാകുന്നത്. ചെലവിൽ, ഭരണച്ചെലവ്, പൊതുമരാമത്ത് പണികൾ തെരുവ് വിളക്ക്, ജലവിതരണം എന്നിവയടക്കമുള്ള സർവ്വീസ് മേഖലകളിൽ ചെലവാക്കുന്നതൊഴിച്ചാൽ ഉല്പാദന മേഖലകളിൽ ചെലവ് തീരെയില്ല

പഞ്ചായത്തിന്റെ തനത് വരുമാനം കൂടാതെ സർക്കാർ ഗ്രാന്റിനത്തിൽ ലഭിക്കുന്ന സംഖ്യയാണ് ഉപാധിരഹിത ഫണ്ട്. ഈ പഞ്ചായത്തിനു ലഭിച്ച ഉപാധിരഹിത ഫണ്ടിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു

പ്രാദേശിക നിരക്കിലുള്ള കൂലി, വസ്തുക്കളുടെ വില വർദ്ധന എന്നിവ കണക്കാക്കി പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഉപാധിരഹിതഫണ്ടിൽ നിന്നും ലഭിക്കുന്ന തുക മതിയാകാതെ വരുന്നു. ഏകദേശം 30% അധികച്ചെലവ് വരുന്നു. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നാണ് ചെലവഴിക്കുന്നത്. ഉപാധിഹരിതഫണ്ട് പഞ്ചായത്തിന് യഥേഷ്ടം ചെലവാക്കാവുന്നതാണെന്നതിനാൽ ഈ ഇനത്തിൽ കൂടുതൽ തുക ലഭിക്കേണ്ടതും അവ പ്രത്യുല്പാദനപരമായ മേഖലകളിൽ ചെലവഴിക്കേണ്ടതുമാണ്.

പട്ടിക4

വർഷം	പൊതുഫണ്ട്	പ്രത്യേക ഘടകപദ്ധതി	ഗിരിവർഗ്ഗ ഉപപദ്ധതി	ആകെതുക	വർദ്ധനവ്
1990-91	1400000	75000	30000	245000	
1991-92	150000	76000	36000	262000	6.93
1992-93	154500	83000	4000	277500	13.26
1993-94	147300	103750	49800	300850	8.4
1994-95	218100	175601	54750	388450	29
1995-96	196300	159500	54750	410550	5.6

JRY ഫണ്ട്

പഞ്ചായത്തിന് കേന്ദ്രസഹായത്തോടെ ലഭ്യമാകുന്ന ഒരു ധനസഹായമാണ്. JRY പദ്ധതി. ഈ പദ്ധതി പ്രാദേശിക അടിസ്ഥാനത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പൊതു ആസ്തികൾ വർദ്ധിപ്പിക്കുന്നതിനുമുള്ള മാർഗ്ഗമാണ് 1991–92 മുതൽ ലഭ്യമായ സംഖ്യകളുടെ വിവരം താഴെ ചേർക്കുന്നു.

പട്ടിക5

വർഷം	സംഖ്യ	ജനറൽ	സ്പെഷൽ
1991–92	909608	764008	145600
1992–93	710294	665494	44500
1993–94	826760	5113160	313600
1994–95	556154	556154	–
1995–96	504401	437200	7200

JRY പദ്ധതി പ്രകാരം ആകെ 78 വീടുകൾ നിർധന ഹരിജൻ കുടുംബങ്ങൾക്ക് പണിത് നൽകിയിട്ടുണ്ട്. പൊതു വിഭാഗത്തിൽ ജലസേചന പ്രവർത്തികളിൽ ഒരു തോടിന്റെ വശം കെട്ടി സംരക്ഷിക്കുകയും മൂന്ന് കിണറുകൾ കുഴിക്കുകയും ചെയ്തു. ബാക്കി ജനറൽ വിഭാഗത്തിൽ കൂടുതലും റോഡു പണികൾ തന്നെയാണ് നടത്തിയിട്ടുള്ളത്. പഞ്ചായത്ത് വക ഒരു കംഫർട്ട് സ്റ്റേഷനും ഈ പദ്ധതിയിൽ പണിതിട്ടുണ്ട്. ഇത് പ്രത്യുല്പാദന പരമായ ഒരു പ്രവർത്തിയാണ് ഇത്തരത്തിൽസാമൂഹ്യ ആസ്തികൾ കൂടുതൽ ഉണ്ടാകുന്ന പ്രവർത്തികൾ ചെയ്യേണ്ടതാണ്.

ഗ്രാന്റ് ഇനം.

പഞ്ചായത്തിന് വിവിധ ഇനത്തിൽ ലഭിച്ച ഗ്രാന്റിനങ്ങൾ താഴെ ചേർക്കുന്നു.

ഇനം	തുക വാർഷികാടിസ്ഥാനത്തിൽ		
	1993–94	1994–95	1995–96
വി.റ്റി.സി.	23000	150471	135355
വി.ആർ.എം.	21148	20993	20713
മൈനർ ഇറിഗേഷൻ	25000	25000	25000

ഗ്രാന്റിന്റെ ലഭ്യതയിൽ കാര്യമായ വർദ്ധനവില്ല. വി.ടി.വി. ഗ്രാന്റിനും വി.ആർ.എം. ഗ്രാന്റിനും റോഡിന്റെ നീളം അനുസരിച്ച് തരുന്ന ഗ്രാന്റിൽ വർദ്ധനവ് ഉണ്ടാകേണ്ടതാണ്. മൈനർ ഇറിഗേഷൻ ഗ്രാന്റിലും ഈ വർദ്ധന പദ്ധതി പ്രദേശത്തെ ഏരിയ അനുസരിച്ച് വ്യത്യാസപ്പെടുത്തേണ്ടതാണ്.

ഇന്ദിരാ വികാസ് പത്ര ഗ്രാന്റ്

ഇനം	തുക വാർഷികാടിസ്ഥാനത്തിൽ	
IVP	1994–95	1995–96
	33400	79000

ഈ ഗ്രാന്റ് പഞ്ചായത്തു പ്രദേശത്ത് സമാഹരിക്കപ്പെടുന്ന ഇന്ദിര വികാസ് പത്രികയുടെ 25% തോതിൽ നൽകുന്നതാണ്. ഈ പഞ്ചായത്തിന് ലഭിച്ചു ഈ വിഭാഗത്തിലെ സംഖ്യകൊണ്ട് ലക്ഷംവീട് കോളനിയിലെ 20 വീടുകൾ അറ്റകുറ്റ പ്പണികൾ നടത്തുകയും ഈ വർഷം ഏഴ് അംഗൻവാടികളുടെ പണികൾ നടത്തി വരികയും ചെയ്യുന്നു. പഞ്ചായത്ത് കമ്മിറ്റിയുടേയും മറ്റു സന്നദ്ധ പ്രവർത്തകരുടേയും കൂടുതൽ ഊർജ്ജസ്വലമായ പ്രവർത്തനം ഈ രംഗത്ത് പതിഞ്ഞാൽ ഈ ഇനത്തിൽ കൂടുതൽ സംഖ്യകൾ നേടുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ കഴിയുന്നതുമാണ്.

പ്രശ്നങ്ങൾ സാദ്ധ്യതകൾ

പഞ്ചായത്തിന്റെ തനത് വരുമാനം പ്രധാനമായും കെട്ടിട നികുതി. തൊഴിൽനികുതി എന്നിവയെ ആശ്രയിച്ചിരിക്കുന്നു. വിനോദ നികുതിയിനത്തിലുള്ള വരവ് പല പ്പോഴും ഏറ്റക്കുറച്ചിലുകൾ കാണിക്കുന്ന രീതിയിലാണ്. സർക്കാർ ഗ്രാന്റുകൾ കൃത്യമായി എത്രയാണെന്ന് അറിയുകയോ ലഭിക്കുകയോ ചെയ്യുന്നില്ല. പ്രത്യുല്പാദനപരമായ മേഖലകളിൽ ചെലവ് കൂടുതൽ ചെയ്യേണ്ടതാണ്. മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് മുതലായവ നിർമ്മിക്കണം. കെട്ടിട നികുതി നിരക്ക് വർദ്ധിപ്പിക്കുകയും 5 ലക്ഷത്തിൽ കൂടുതൽ ചെലവോ 2000 ച.അ.ടിക്കു മുകളിൽ വിസ്തീർണ്ണമോ വരുന്ന വീടുകൾക്ക് പ്രത്യേക നികുതി ഈടാക്കേണ്ടതാണ്. ഇത്തരം നികുതി പാവപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. തൊഴിൽനികുതി ചെറുകിട വ്യാപാരികൾ, തൊഴിൽ സംരംഭകർ എന്നിവരെ ഉൾപ്പെടുത്തി പിരിക്കേണ്ടതാണ് വിനോദ നികുതി നിരക്ക് വർദ്ധിപ്പിക്കുകയും വിനോദ നികുതിയിലെ ക്രമക്കേടുകൾ കണ്ടെത്തി ശരിയായ വരുമാനം പഞ്ചായത്തിന് ഉറപ്പുവരുത്തേണ്ടതാണ്. പഞ്ചായത്ത് അതിർത്തിയിലെ കേബിൾ ടി.വി. ശൃംഖലയെ ലൈസൻസിന് വിധേയമാക്കി വിനോദ നികുതി ഏർപ്പെടുത്തണം. പരസ്യ നികുതി സാദ്ധ്യതകൾ ആരായണം. ഓരോ കാർട്ടറിലേക്കുമുള്ള വസ്തു കൈമാറ്റ നികുതി അതാതു സമയം ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കണം. പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക സ്ഥാപനങ്ങൾ നടത്തുന്നവർക്ക് പ്രത്യേക ലൈസൻസ് അനുവദിക്കാനും അതിലൂടെ നികുതി വരവുണ്ടാക്കാനും കഴിയണം.

നിലവിലുള്ള സേവന മേഖലകളിലെ ചെലവ് നിയന്ത്രി

ക്കുന്നതിനും ആ മേകലകളിലെ പ്രവർത്തനത്തിനാവശ്യമായ വരവുണ്ടാക്കുന്നതിനുമായി പഞ്ചായത്ത് നേരിട്ടു തന്നെ ചെറുകിട പദ്ധതികളിലൂടെ ജലവിതരണം, വൈദ്യുത വിളക്ക് കത്തിക്കൽ എന്നിവ നടത്തി ഗുണഭോക്താക്കളിൽ നിന്നും നേരിയ സർവ്വീസ് ചാർജ്ജ് ഈടാക്കി വരുമാനം വർദ്ധിപ്പിക്കണം.

പഞ്ചായത്ത് പണികൾക്ക് കോൺട്രാക്ടറെ ആശ്രയിക്കുന്ന അവസ്ഥ മാറണം. ചെലവഴിക്കുന്ന പണം ഇടത്തട്ടിൽ ചോർന്നുപോകാതിരിക്കാൻ വേണ്ടി ജനകീയ കമ്മറ്റികൾ ഇത്തരം പ്രവർത്തനങ്ങൾ പ്രാദേശികമായി നടത്തണം.

പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ

സൗത്ത് ഇൻഡ്യൻ ബാങ്ക്

നെടുങ്ങാടി ബാങ്ക്

ലോഡ് കൃഷ്ണ ബാങ്ക്

ധനലക്ഷ്മി ബാങ്ക്

ജില്ലാ സഹകരണ ബാങ്കിന്റെ ശാഖ

കർഷകബാങ്ക്

മയൂര ഫിനാൻസ്

പഴയന്നൂർ കൂറീസ് ആന്റ് ലോൺസ്

സബർബൻ ചിറ്റി ഫണ്ട്സ്

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ സഹായിക്കേണ്ട പ്രധാന സ്ഥാപനങ്ങളായി മേൽപ്പറഞ്ഞ ധനകാര്യസ്ഥാപനങ്ങൾ മാറണം.

സഹകരണം

വികേന്ദ്രീകരണ ആസൂത്രണത്തിന്റെ ഫലമായി പഞ്ചായത്തുകളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളിൽ സുപ്രധാനമായ സ്ഥാനമാണ് സഹകരണ മേഖലക്കുള്ളത്. പ്രാഥമിക ദ്വീതീയ മേഖലകളുടെ വളർച്ചക്ക് സഹകരണ സ്ഥാപനങ്ങളെ പുതിയ ദിശാബോധത്തോടെ പ്രവർത്തന സജ്ജമാക്കേണ്ടതുണ്ട്. പാടശേഖരങ്ങളെ ദത്തെടുക്കുക, ഇതര കാർഷിക മേഖലകളിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നല്കുക, കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിന് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയൊക്കെ കർഷക സഹകരണ ബാങ്കിന് ചെയ്യാവുന്നതാണ്. കൂടുതൽ കർഷകരെ അംഗങ്ങളാക്കേണ്ടതുണ്ട്. കർഷകർക്കാവശ്യമായിട്ടുള്ള വളം, വിത്ത്, മറ്റ് കാർഷിക ഉപകരണങ്ങൾ എന്നിവ സംഭരിക്കുവാനും വിതരണവും ചെയ്യുവാനും സഹകരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതാണ്. പഞ്ചായത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് സാമ്പത്തിക സഹായം നല്കാൻ കഴിയുമാറ് ഇന്നുതന്നെ ഈ ബാങ്കുകൾ വളർന്നിട്ടുണ്ട്. അങ്ങിനെ വരുമ്പോൾ പ്രാദേശികമായി തന്നെ സഹകരണ ബാങ്കുകളുടെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുവാനും അതുവഴി വികസന പ്രക്രിയയിൽ മുതൽ മുടക്കുവാനും ബോധപൂർവ്വമായ പ്രവർത്തനം ഉണ്ടാവേണ്ടതാണ്.

പഞ്ചായത്തിൽ സഹകരണ മേഖലയിൽ പ്രധാനമായും ഒരു കർഷക സഹകരണ ബാങ്കാണ് പ്രവർത്തിച്ചുവരുന്നത്.

1977 ജനുവരി മാസം ഒന്നാം തിയ്യതിയാണ് കർഷക സഹകരമ ബാങ്ക് പ്രവർത്തനമാരംഭിച്ചത്. ഈ സ്ഥാപനത്തിൽ 5254 അംഗങ്ങളാണ് ഇപ്പോൾ ഉള്ളത്. ഇത് പഴയന്നൂരിലെ ആകെ ജനസംഖ്യയുടെ ആറിൽ ഒന്നുപോലും വരുന്നില്ല. കർഷക-കർഷകതൊഴിലാളികൾ മഹാഭൂരിപക്ഷമുള്ള ഈ പ്രദേശത്തെ ജനസംഖ്യയുടെ പ്രതിഫലനം ഈ സ്ഥാപനത്തിൽ പ്രകടമാകുന്നില്ല എന്നതാണ് വാസ്തവം.

കർഷക സഹകരണ ബാങ്കിൽനിന്നും നല്കിയിട്ടുള്ള വായ്പകൾ

കാർഷിക വായ്പകൾ		മറ്റ് വായ്പകൾ		പ്രത്യേക വായ്പകൾ	
ഇനം	തുക	ഇനം	തുക	ഇനം	തുക
ST Rs	160788.00	IRDP B	527346.00	OL	Rs. 839957
MT Rs	157046.00	HC B	56357.00	OD	Rs. 51675
LT Rs	910488.00	Self Empnt	66845.00	G.L.	Rs.7915005
				FIDL	Rs.704650

കർഷക സഹകരണ ബാങ്ക് കൂടാതെ തൃശൂർ ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയും നാല് ക്ഷീരവ്യവസായ സംഘങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ പഴയന്നൂർ പട്ടികജാതി ഹാന്റിക്രാഫ്റ്റ് വർക്കേഴ്സ് ഇന്റസ്ട്രിയൽ കോ ഓപറേറ്റീവ് സൊസൈറ്റിയും, ഡോ.അംബേഡ്കർ മെമ്മോറിയൽ പട്ടിക കലാസഹകരണസംഘവും പ്രവർത്തിച്ചുവരുന്നു.

ഈ സഹകരണ സ്ഥാപനങ്ങളുടെ ഇന്നത്തെ പ്രവർത്തനം കൂടുതൽ മികവാർന്നതാക്കാവുന്നതാണ്. അംഗത്വം ലഭിക്കുന്നതിന്ന് ഇന്ന് നിലവിലുള്ള വ്യവസ്ഥകൾ കൂടുതൽ ലഘൂകരിക്കുകയും ആവശ്യത്തിന് ഉതകും വിധം വായ്പാ സൗകര്യം ഉണ്ടാവുകയും ചെയ്താൽ പഴയന്നൂർ നിവാസികളുടെ കാർഷിക-കാർഷികേതക ആവശ്യങ്ങൾ നിറവേറ്റി ഈ രംഗം പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാക്കാവുന്നതാണ്.

വിപണനകേന്ദ്രം

പഴയന്നൂർ പഞ്ചായത്തു നേരിടുന്ന ഒരു പ്രധാന പ്രശ്നം പൊതുവായ വിപണന കേന്ദ്രങ്ങളില്ലായ്മയാണ്.

പ്രധാനമായും കാർഷികമേഖലയിലെ ഒരു ചന്ത പഴയന്നൂർകാർക്ക് മാത്രമല്ല അയൽഗ്രാമങ്ങളിലേക്കുകൂടി വളരേയധികം പ്രയോജനപ്പെടുന്നതും,, പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചക്ക് അത്യന്താപേക്ഷിതവുമാണ്. മത്സ്യ മാംസ കച്ചവടത്തിനും മറ്റും ശുചിത്വ പൂർണ്ണമായ ഒരു സ്ഥലം അനിവാര്യമാണ് എന്നതും എടുത്തുപറയേണ്ട ഒന്നാണ്.

110

59.03 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് ചന്തയുടെ അഭാവം നിരവധി കാർഷിക ഉത്പന്നങ്ങളും പച്ചക്കറിയും ഉത്പാദിപ്പിക്കുന്ന ഈ പ്രദേശത്തിന് ഒരു വ്യാപാരകേന്ദ്രമായി വളരുവാനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ട് കൂടാതെ പ്രതിവർഷം 346 മെട്രിക് ടൺ റബ്ബർ ഇപ്പോൾതന്നെ പഞ്ചായത്തിൽ വിപണനം നടക്കുന്നു. മാത്രമല്ല പഴയന്നൂരിൽ ഉൽപാദിപ്പിക്കുന്ന റബ്ബർ ഗുണമേന്മയിൽ മുന്നിട്ടു നിൽക്കുന്നു. ഈ സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിനെ ഒരു പ്രധാന വിപണന കേന്ദ്രമായി വളർത്തുവാനുള്ള ഒരു സമഗ്ര പദ്ധതിക്ക് പഞ്ചായത്ത് രൂപം നൽകി വരുകയാണ്. ഈ പരിപാടി അനുസരിച്ച് പഞ്ചായത്ത് ഒരു പ്രധാന വിപണന കേന്ദ്രവും പ്രധാനപ്പെട്ട പ്രദേശങ്ങളിൽ ഉപ വിപണന കേന്ദ്രങ്ങളും സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ചിലവു കുറഞ്ഞ നിർമ്മാണ സങ്കേതങ്ങൾ ഉപയോഗിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ ചന്തകൾക്കുള്ള ഡിസൈനുകൾ തയ്യാറാക്കിക്കഴിഞ്ഞു. ഇത് പഞ്ചായത്തിന് പ്രധാന വരുമാനമാർഗ്ഗമാക്കാൻ കഴിയുമാറുള്ള രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. 320Sq. ഏരിയയും, 460 Sq feet മേൽക്കൂരയുമുള്ള മാർക്കറ്റ് സമുച്ചയത്തിൽ നിർമ്മിക്കുന്നതിന് 15000 രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത് ഇതിൽ പത്ത് വിപണന കൗണ്ടറുകൾ ഉണ്ടാവും, ഒരു ... പ്രദിദിനം പത്ത് രൂപ വാടക ഇനത്തിൽ നൽകുന്നതാണ് പത്ത് കൗണ്ടറിൽ

നന്നും പ്രതിദിനം നൂറു രൂപ വാടക ലഭിക്കും സമുച്ചയത്തിന്റെ നിർമ്മാണനത്തിന് ചിലവാക്കുന്ന മൊത്തം കതുകയും 150 ദിവസം കൊണ്ട് തിരിച്ചു ലഭിക്കുന്നതാണ്.



എല്ലാം നശിച്ചുപോയിട്ടില്ല, പോകില്ല
വല്ലതും ശേഷിക്കുമെന്നു വിചാരിക്കേ
എന്തെന്തിതെൻ കരളിലാനന്ദവും
മിഴിയിൽ വിശ്വാസവും